Vol. 11 വാല്യം – 11
Issue - 3 ലക്കം – 3

# ക്ഷാത്രസ്പന്ദനം

# KSHATRA SPANDANAM

ക്ഷത്രിയ ക്ഷേമസഭയുടെ ത്രൈമാസ വാർത്താപത്രിക

TRIMONTHLY NEWS MAGAZINE OF KSHATRIYA KSHEMA SABHA

July 2025 ജൂലൈ 2025
1200 Karkkidakam 1200 കർക്കിടകം



## രാഷ്ട്രീയ ധാർമ്മികതയുടെ രാജസപ്രഭാവം

# 50–ാം
# വിവാഹ
# വാർഷികം
## 19-06-2025



**എം.ആർ.വേണുഗോപാൽ**
ചിറക്കൽ കോവിലകം
ചെങ്ങളം സൗത്ത് പി.ഒ., കോട്ടയം–22

**എ.പ്രഭാവതിദേവി**
കാട്ടുങ്കൽ കോവിലകം
വാരനാട്, ചേർത്തല

**ആശംസകളോടെ**

മക്കൾ : സരിത, കവിത, മഹിമ, അണിമ

മരുമക്കൾ :
മാധവ്‌രാജ്, മോഹൻരാജ്, സുധീർ എം. വർമ്മ, ഡോ. യു. രവിവർമ്മ

കൊച്ചുമക്കൾ : വൈഷ്ണവി, നകുൽ, നവനീത്, പൃഥ്വി, പവൻ, ആഹ്ലാദ്

Kshatraspandanam
News Magazine of Kshatriya Kshema Sabha
July 2025
M.E.1200 Karkkidakam
Volume 11 Issue 3

ക്ഷാത്രസ്പന്ദനം
ക്ഷത്രിയ ക്ഷേമസഭയുടെ വാർത്താപത്രിക
ജൂലൈ 2025
കൊ.വ.1200 കർക്കിടകം
വാല്യം 11 ലക്കം 3

"ക്ഷതാൽ ത്രായതേ ഇതി ക്ഷത്രിയഃ"
(നാശത്തിൽ നിന്ന് രക്ഷിക്കുന്നവൻ ക്ഷത്രിയൻ)



# വിഷയവിവരം

**REACT** ........ 05
**പത്രാധിപക്കുറിപ്പ്** ........ 08
**കേന്ദ്രസഭാ വാർത്തകൾ** ........ 09
**ഓൾ കേരള വനിതാവിഭാഗം** ........ 10
**ജി. രവീന്ദ്രവർമ്മ ജന്മശതാബ്ദി ആഘോഷം** ........ 14
**തുമ്പമലർ (കവിത)** ........ 15
കൃഷ്ണകുമാരി. കെ
**ക്ഷത്രിയ പ്രതിഭകൾ – ഡോ. ഹരികൃഷ്ണ വർമ്മ** ........ 16
കെ.എൽ. ശ്രീകൃഷ്ണദാസ്
**പ്ലാസ്റ്റിക് മിത്രമോ ശത്രുവോ?** ........ 18
ഡോ. ആർ. അജയകുമാർ വർമ്മ
**മത്സ്യത്തിന്റെ മനോരാജ്യം (കവിത)** ........ 22
ഇ. രാമവർമ്മ രാജ
**മഹാത്മാഗാന്ധിയും സർദാർ പട്ടേലും** ........ 23
രമേശ്ചന്ദ്രവർമ്മ. ആർ
**ഉപ്പുമാങ്ങ ഭരണികൾ** ........ 25
ആര്യ സജീവ്
**കാഞ്ചീപുരം കൈലാസനാഥർ കോവിൽ** ........ 29
വിനോദ് വർമ്മ
**ഗതികേട്** ........ 30
ജയശ്രീ വർമ്മ
**പൂക്കാരി** ........ 31
കുമാരി വർമ്മ
**വരൂ ശാരികേ** ........ 33
മഞ്ജുളാ ഭായി
**മഹാകുംഭമേള – ഭാഗം 2** ........ 34
പി.സി. സുധീരൻ
**വേദാന്തചിന്താമണികൾ** ........ 37
കെ.സി. രാമവർമ്മ രാജ
**അയ്യോ! എനിക്ക് വിശക്കുന്നു** ........ 39
സതീഷ്കുമാർ ടി.എൻ.
**ആനന്ദകരവും ക്ലേശരഹിതവുമായ വാർദ്ധക്യം** ........ 40
പി.വി.ആർ. തിരുമുൽപ്പാട്
**Kedarnath** ........ 42
Sreedevi Ram Pandalai
**ചക്രവാതച്ചുഴിയും കൊറിയോലിസ് ബലവും** ........ 45
ഡോ. കെ. കേരള വർമ്മ
**Women Empowerment & their Social Status** ........ 49
E. Ravi Varma Raja
**ഒരു നിമിഷത്തിന്റെ ആമോദവല്ലരി** ........ 51
ജ്യോതി വർമ്മ
**ഗോപീകൃഷ്ണൻ തിരക്കിലാണ്** ........ 52
ജയക്കുട്ടൻ അവിട്ടത്തൂർ
**വിദ്യാഭ്യാസരംഗത്തെ മൂല്യശോഷണം** ........ 53
ടി.എൻ. ആദിത്യ വർമ്മ
**ക്ഷേത്രഭരണവും സർക്കാരും** ........ 63
രാജരാജ വർമ്മ
**ചെറുകുന്നിലമ്മ** ........ 65
ദേവനന്ദൻ
**സംഭാവന (കവിത)** ........ 66
ഗായത്രി വർമ്മ
**മഞ്ചിയിലെ പുതുമുഖം** ........ 67
ശ്രീകാന്ത് വർമ്മ
**കൊട്ടാരമുറ്റത്തെ ഗണപതി** ........ 70
രാജലക്ഷ്മി
**അമർനാഥ് യാത്ര** ........ 73
രാജലക്ഷ്മി
**ശ്രീരാമഗീതയിലൂടെ** ........ 77
രവീന്ദ്രവർമ്മ അംബാനിലയം
**കന്യാകുമാരി – ഖാർഡുങ് ല –**
**ഒരു ഉപഭൂഖണ്ഡ യാത്ര – 3** ........ 80
അരുൺ വർമ്മ
**സ്വരരാഗസുധാരസ.... ഓ മനസാ** ........ 84
ഹൈമവതി വർമ്മ
**ആരണ്യ വിലാപം (കവിത)** ........ 88
അഖിലേഷ് വർമ്മ
**കാട്ടുങ്കൽ കോവിലകത്തെ പ്രകാശ് വർമ്മ...** ........ 89
ആത്മജ വർമ്മ തമ്പുരാൻ
**യാത്രകൾ – രാജസ്ഥാൻ – 3** ........ 91
കെ. ഹരികൃഷ്ണ വർമ്മ
**പുസ്തകജാലകം –**
**ഒരു ഭിഷഗ്വരന്റെ ഓർമ്മക്കുറിപ്പുകൾ** ........ 94
**ബാലവേദി/വളരുന്ന പ്രതിഭകൾ** ........ 95
**യൂണിറ്റ് വാർത്തകൾ – വിശേഷങ്ങൾ** ........ 100
**ശ്രദ്ധാഞ്ജലി** ........ 109
**വൈവാഹികം** ........ 112

*മുഖ്യ പത്രാധിപർ:* ഡോ. എം. ലളിതാംബിക
*എഡിറ്റോറിയൽ അഡ്വൈസർ:* കെ.എൽ. ശ്രീകൃഷ്ണദാസ്
അസ്സോസിയേറ്റ് എഡിറ്റർ: അജയകുമാർ വർമ്മ.എസ്
*പത്രാധിപസമിതി: റ്റി.എൻ. ആദിത്യവർമ്മ, ആർ. രാമവർമ്മ, പി.കെ. ജയചന്ദ്രവർമ്മ, കെ. രാഘവവർമ്മ*
*എക്സ്. ഒഫിഷ്യോ അംഗങ്ങൾ* : പ്രസിഡന്റ്/ ജനറൽ സെക്രട്ടറി/ ട്രഷറർ *ക്ഷത്രിയക്ഷേമസഭ*

**മുഖചിത്രം: പ്രമുഖ ഗാന്ധിയനും മുൻ കേന്ദ്ര മന്ത്രിയുമായ മാവേലിക്കര കൊട്ടാരത്തിലെ ജി. രവീന്ദ്ര വർമ്മ**

ഇതിൽവരുന്ന വാർത്തകൾ/അഭിപ്രായങ്ങൾ ക്ഷത്രിയക്ഷേമസഭയുടേതോ ക്ഷാത്രസ്പന്ദനം പത്രാധിപസമിതിയുടെയോ ആയിക്കൊള്ളണമെന്നില്ല. - ചീഫ് എഡിറ്റർ



## വായനക്കാരുടെ കത്തുകൾ



**ന ബ്രൂയാത് സത്യം അപ്രിയം!**

പ്രിയപ്പെട്ടവരെ,

ഇന്റർനെറ്റിലൂടെ നിലവാരമില്ലാത്ത കാര്യങ്ങൾ സ്ഥിരമായി വായിക്കുകയും കാണുകയും ചെയ്യുന്നവർക്ക് കിട്ടുന്ന ബ്രെയിൻ റോട്ട് മാറ്റാൻ നല്ലതൊക്കെ വായിക്കണം. 'ക്ഷാത്രസ്പന്ദനം' നല്ല നിലവാരം പുലർത്തുന്നു എന്നറിയിക്കട്ടെ. (റോട്ട് മാറുമോ എന്തോ!!) "ന ബ്രൂയാത് സത്യം അപ്രിയം" – യാത്രാവിവരണങ്ങൾ ഒത്തിരിയാകുന്നു. ഒരു ലക്കത്തിൽ ഒതുങ്ങുന്ന യാത്രാവിവരണം ഉത്തമം – (Brevity is the soul of wit). ജി. രവീന്ദ്രവർമ്മയെക്കുറിച്ചുള്ള ലേഖനം, എം.ടി. കഥകളുടെ പുനർവായന, The Lover, ജീവിതം: ഒരു അത്ഭുത നിർമ്മിതി, ഓർമ്മകളിൽ സുഗന്ധം, To my daughter, കുറ്റിലഞ്ഞിക്കൂടൽ, അംലിഗോല.... നല്ല വായനാനുഭവമായിരുന്നു. Astro-adventures എന്ന ലേഖനത്തിന്റെ തലക്കെട്ടിനു താഴെ ".... സ്ഥാപനത്തിലെ ശാസ്ത്രജ്ഞന്റെ ലഡാക്കിലെ ജ്യോതിശ്ശാസ്ത്ര നക്ഷത്രബംഗ്ലാവ് സന്ദർശനം" എന്നോ മറ്റോ മലയാളത്തിൽ എഴുതാമായിരുന്നു. കവർ സ്റ്റോറി വാരനാട്ടുത്സവത്തിന് അച്ഛനോടൊപ്പം പോയ ഓർമ്മകളിലേക്ക് കൊണ്ടുപോയി. ഭക്തിസ്തുതികളേക്കാളും ഭാവനയിൽ കടഞ്ഞെടുത്ത കവിതകളെ ഇന്നത്തെ വായനക്കാർ ഇഷ്ടപ്പെടുന്നു എന്ന് മനസ്സിലാക്കുന്നു. എന്തായാലും ഒറ്റവാക്യം.... മാഗസിൻ ഗംഭീരം.

**ആർ. കിഷോർ കുമാർ**
തിരുവനന്തപുരം

---

**തിരുത്ത്**: കഴിഞ്ഞ ലക്കത്തിലെ (ഏപ്രിൽ) 'പാദാദികേശം' എന്ന ശകുന്തളാവർമ്മയുടെ കവിതയിലെ (പേജ് 69) 9, 10 വരികൾ "കാഞ്ചനമാല്യവും കൗസ്തുഭരത്നവും കുണ്ഡലശോഭയും ഗണ്ഡങ്ങളും..." എന്നു തിരുത്തി വായിക്കാനപേക്ഷ. – പത്രാധിപസമിതി –

## മാന്യവായനക്കാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

'ക്ഷാത്രസ്പന്ദനം' ത്രൈമാസിക വാർഷിക വരിസംഖ്യ (200 രൂപ) കുടിശ്ശികയുള്ളവർ എത്രയും വേഗം അടച്ചുതീർക്കാൻ എല്ലാ ബന്ധുക്കളും സഹകരിക്കണമെന്ന് താൽപര്യപ്പെടുന്നു. തുക ക്ഷത്രിയക്ഷേമസഭയുടെ പേരിൽ ക്രോസ്സ് ചെയ്ത ചെക്കായോ താഴെക്കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് **Google Pay/ Bank transfer** ആയോ അയയ്ക്കാവുന്നതാണ്.

**Kshathriya Kshema Sabha**
**A/c. No. 40052010052603, IFSC: CNRB0014005**
**CANARA BANK, Fort, Thiruvananthapuram**
**(for more details pl. see p. 102)**

## ക്ഷാത്രസ്പന്ദനം പരസ്യ നിരക്കുകൾ

| | | | | | |
|---|---|---|---|---|---|
| പുറം കവർ (കളർ) | : ₹ 3500/– | | ബ്ലാക്ക് ആന്റ് വൈറ്റ് (ഫുൾ) | : | ₹ 1250/– |
| കളർ പേജ് (ഫുൾ) | : ₹ 2500/– | | ബ്ലാക്ക് ആന്റ് വൈറ്റ് (ഹാഫ്) | : | ₹ 750/– |
| കളർ പേജ് (ഹാഫ്) | : ₹ 1500/– | | വിവാഹ പരസ്യം (Matrimonial) | : | ₹ 500/– |

# റോയൽ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് (REACT)

2008-ൽ പ്രവർത്തനമാരംഭിച്ച REACT (ക്ഷത്രിയ ക്ഷേമസഭയുടെ സർവീസ് വിങ്) ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായി ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മുടെ ബന്ധുജനങ്ങൾക്കും സ്നേഹിതർക്കും അഭ്യുദയകാംക്ഷികൾക്കും ഇതിന്റെ പ്രാധാന്യം മനസ്സിലാകുകയും ഉൾക്കൊള്ളുകയും ചെയ്യുന്നതുകൊണ്ടാണ് REACT ന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നത്. വിഷമതകൾ അനുഭവിക്കുന്നവരെ സഹായിക്കുന്നത് നമ്മുടെ ധർമ്മമാണ്... കടമയാണ് എന്ന് നാം എപ്പോഴും ഓർമ്മിക്കണം.

'താമസിക്കാൻ സ്വന്തമായൊരിടം' എന്ന നമ്മുടെ സ്വപ്നം സാക്ഷാത്കരിക്കുവാനും സ്വയം തൊഴിൽ കണ്ടെത്താനും വിദ്യാഭ്യാസം മുന്നോട്ടു കൊണ്ടുപോകാനും രോഗചികിത്സയ്ക്ക് സഹായമാകാനും REACT നു കഴിയുന്നു എന്നത് ആശ്വാസകരമാണ്.

2025 ഏപ്രിൽ മുതൽ ജൂൺ വരെ REACT നു ലഭിച്ച സംഭാവനകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

## DONATIONS RECEIVED DURING APRIL TO JUNE 2025

| Sl. No. | Name of the Donor | Amount (Rs.) |
|---|---|---|
| 1 | A Well wisher | 100,000.00 |
| 2 | Krishnadasan C K, Thiruvananthapuram | 50,000.00 |
| 3 | R. Sasikumar Varma, Thiruvananthapuram | 30,000.00 |
| 4 | Cdr. (Retd.) Kishen Chandar Varma, Kochi | 30,000.00 |
| 5 | Valsala Ravi Varma Raja, Thiruvananthapuram | 30,000.00 |
| 6 | V N Amba Thampuratty, Pandalam | 25,000.00 |
| 7 | A Well wisher | 25,000.00 |
| 8 | Santhakumari P K, Malappuram | 25,000.00 |
| 9 | P R Nandakumar Varma, Thiruvananthapuram | 20,000.00 |
| 10 | K A Thampuran, Thiruvananthapuram | 10,000.00 |
| 11 | Ramani Varma, Kochi | 10,000.00 |
| 12 | Goda Varma, C.K., Chazhoor Kovilakam | 10,000.00 |
| 13 | K Divakara Varma, Kilimanoor Palace | 9,000.00 |
| 14 | Vasudeva Varma Raja, Kozhikode | 6,000.00 |
| 15 | Pramod K, Bangalore | 5,001.00 |
| 16 | Jayakumar M K, Thiruvananthapuram | 5,000.00 |
| 17 | Ravi Varma, Vaikom | 5,000.00 |
| 18 | Rajeev R, Budhanoor | 4,000.00 |
| 19 | Sreedevi R Varma, Keezhvaipur | 3,000.00 |
| 20 | P.K. Ravi Varma Raja, Cherthala | 3,000.00 |
| 21 | Valsala Varma, Alappuzha | 3,000.00 |
| 22 | Ravi Varma Thampuran, Pandalam | 2,250.00 |
| 23 | Janardhana Raja, Thrissur | 2,000.00 |
| 24 | Geetha Kochukoical, Kozhikode | 2,000.00 |
| 25 | Suria Kumar M.K., Thiruvalla | 1,500.00 |
| 26 | Gopi Krishnan, Kozhikode | 1,008.00 |
| | **Total** | **4,16,759.00** |

**(Rupees Four lakhs Sixteen thousand Seven hundred and Fifty nine only)**

## FINANCIAL ASSISTANCE DURING APRIL TO JUNE 2025

| Sl. No. | Payments | Amount (Rs.) |
|---|---|---|
| 1 | Medical aid, Educational aid - Monthly | 1,12,500.00 |
| 2 | Financial aid to Poor/ Medical Aid/Educational aid | 2,48,600.00 |
| 3 | House Construction - Kozhikode | 3,00,000.00 |
| | **Total** | **6,61,100.00** |

**(Rupees Six lakhs Sixtyone thousand One hundred only)**

ഇതുവരെ (18-07-2008 മുതൽ 30-06-2025 വരെ) ₹ 2,33,78,592/- (രണ്ടു കോടി മുപ്പത്തിമൂന്ന് ലക്ഷത്തി എഴുപത്തി എണ്ണായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി രണ്ടു രൂപ) വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

**പണം അടയ്ക്കേണ്ട അക്കൗണ്ട് വിവരങ്ങൾ**

A/c No: 40052210014950

IFS Code CNRB 0014005

Canara Bank, Fort Branch, Thiruvananthapuram - 695023

**അറിയിപ്പ്**

**Those who wish to donate to REACT may please send the following details also.**

**Name in Full, Full address, PAN or Aadhaar No.**

**(This is required as per the amendment to Income Tax Act, 1961 with effect from 01.04.2021)**

***(റിയാക്ട് സഹായത്തിന്റെ ചിത്രങ്ങൾക്ക് 7, 90 പേജുകൾ കാണുക)***

**എല്ലാവർക്കും REACT ന്റെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.**

**ലേഖകരുടെ ശ്രദ്ധയ്ക്ക്**

ക്ഷാത്രസ്പന്ദനത്തിലേക്ക് അയയ്ക്കുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ തുടങ്ങിയവ കഴിവതും ഇ-മെയിൽ ആയോ വാട്സ്ആപ്പിലോ അയയ്ക്കുവാൻ അപേക്ഷ.

ഇ-മെയിൽ: **akv2512@gmail.com**

**lalithambika43@gmail.com**

**kshathraspandanam@gmail.com**

വാട്സ്ആപ്പ് നമ്പർ: **9895043300, 9446509414**

എഴുതി അയയ്ക്കുന്നവർ കടലാസിന്റെ ഒരു വശത്തുമാത്രം വ്യക്തമായി എഴുതി അയയ്ക്കുക.

*വിലാസം:* **ക്ഷത്രിയ ക്ഷേമ സഭ**

**സുന്ദരവിലാസം കൊട്ടാരം**

**കോട്ടയ്ക്കകം, തിരുവനന്തപുരം - 695 023**

# റിയാക്ടിന്... സ്നേഹപൂർവ്വം



പന്തളം പന്തപ്ലാവ് കൊട്ടാരത്തിലെ വി.എൻ. അംബ തമ്പുരാട്ടി (ഭാനുമതിച്ചേച്ചി) തന്റെ നവതി ദിനത്തിൽ റിയാക്ടിലേക്ക് സംഭാവനയായി നൽകിയ 25000 രൂപയുടെ ചെക്ക് സെക്രട്ടറി പി. കെ. രഘു വർമ്മ സ്വീകരിക്കുന്നു.



ക്ഷത്രിയ ക്ഷേമസഭ എറണാകുളം യൂണിറ്റ് സെക്രട്ടറി സതീശ് വർമ്മയുടെ മാതാവ് (പരേതനായ രാജരാജവർമ്മ തമ്പാന്റെ സഹധർമ്മിണി) എറണാകുളം മംഗള മഠത്തിലെ രമണി വർമ്മ തന്റെ ശതാഭിഷേകത്തോടനുബന്ധിച്ച് റിയാക്ടിലേക്ക് നൽകിയ സംഭാവന സെക്രട്ടറി പി.കെ. രഘു വർമ്മ സ്വീകരിക്കുന്നു.



പരേതനായ കെ. ശരത്ചന്ദ്ര വർമ്മ (സേനൻ ചേട്ടൻ, പടിഞ്ഞാറെ കാട്ടുങ്കൽ, വാരനാട്, ചേർത്തല) യുടെ പത്നി വൈക്കം പ്ലാത്താനത്ത് കോവിലകത്ത് ശാന്താ വർമ്മ ('ശ്രീനിവാസ്', കോർട്ട് റോഡ്, മഞ്ചേരി), തന്റെ പിതാവ് പുല്ലൂർ മാധവൻ നമ്പൂതിരിയുടെ സ്മരണാർത്ഥം റിയാക്ടിലേക്ക് നൽകിയ 25000/- രൂപയുടെ ചെക്ക് സംസ്ഥാന ജന. സെക്രട്ടറി മധുകുമാർ വർമ്മ സ്വീകരിക്കുന്നു.






# 2025-ലെ രണ്ടു തീരാനഷ്ടങ്ങൾ

## ജയന്ത് വിഷ്ണു നാർലിക്കറും മാലൂർ രാമസ്വാമി ശ്രീനിവാസനും

പത്മവിഭൂഷൺ ഡോ. ജയന്ത് വിഷ്ണു നാർലിക്കർ (1938–2025) ഇൻഡ്യയിലെ പ്രശസ്തനായ ജ്യോതിശാസ്ത്രജ്ഞൻ (അസ്ട്രോഫിസിസിസ്റ്റ്) ആയിരുന്നു. പ്രപഞ്ചോൽപ്പത്തിയേയും ഗുരുത്വാകർഷണത്തെപ്പറ്റിയുമുള്ള പഠനങ്ങളാണ് അദ്ദേഹത്തെ ശ്രദ്ധേയനാക്കിയത്.

പ്രപഞ്ചോൽപ്പത്തിയെപ്പറ്റി ഇന്ന് രണ്ടു വാദമുഖങ്ങൾ നിലനിൽക്കുന്നുണ്ട്. ഒന്നാമത്തേത് 'Big bang Theory'. രണ്ടാമത്തേത് 'Steady State Theory'.

സാന്ദ്രതയും ചൂടും ഊർജ്ജവുമേറിയ ഒരു ഏകബിന്ദുവിന്റെ (Cosmic egg) മഹാവിസ്ഫോടനത്തിനുശേഷം വികസിച്ചുണ്ടായതാണ് ഈ പ്രപഞ്ചം എന്ന് Big bang Theory പറയുന്നു. സമയവും സ്ഥലവും ഊർജ്ജവുമെല്ലാം അതിനോടൊപ്പം നിലവിൽ വന്നു. ഹൈഡ്രജൻ, ഹീലിയം തുടങ്ങിയ വാതകങ്ങളുണ്ടായി. ആകർഷണശക്തിയുടെ പ്രഭാവത്തിൽ വാതകങ്ങൾ ഒത്തുചേർന്നു നക്ഷത്രങ്ങളും ഗാലക്സികളുമുണ്ടായി.

Steady State Theory യിൽ ആദിയും അന്തവുമില്ലാത്ത പ്രപഞ്ചം എന്നും നിലനിന്നിരുന്നെന്നും പ്രപഞ്ചം വികസിക്കുമ്പോഴുണ്ടാകുന്ന സാന്ദ്രതയുടെ കുറവ് പുതിയ ദ്രവ്യമുണ്ടായി നികത്തപ്പെടുമെന്നും അങ്ങനെ പ്രപഞ്ചത്തിന് ഒരു സ്ഥിരസ്ഥിതിയാണ് എന്ന ആശയമാണ് നാർലിക്കർ മുന്നോട്ടുവച്ചത്.

Big bang Theory യ്ക്കു പ്രപഞ്ചത്തിലെ back ground radiation, dark energy (ഗുരുത്വാകർഷണത്തിന് എതിരായി പ്രവർത്തിക്കുന്ന ശക്തി), negative energy എന്നിവയ്ക്ക് വിശദീകരണം കൊടുക്കാൻ പറ്റുന്നു എന്നതുകൊണ്ട് ശാസ്ത്രലോകം Big bang Theory യിൽ കൂടുതൽ വിശ്വാസമർപ്പിക്കുന്നു. എങ്കിലും ജ്യോതിശാസ്ത്രപഠനത്തിൽ Steady State Theory യ്ക്കും അതിന്റേതായ സ്ഥാനമുണ്ട്.

നാർലിക്കറും അദ്ദേഹത്തിന്റെ റിസർച്ച് ഗൈഡായിരുന്ന Fred Hoyle ഉം ചേർന്ന് മുന്നോട്ടുവച്ച Hoyle-Narlikar ഗ്രാവിറ്റേഷൻ സിദ്ധാന്തം ജ്യോതിശാസ്ത്രത്തിനു കിട്ടിയ ഒരു പുതിയ ഉണർവു തന്നെയായിരുന്നു.

മികച്ച ശാസ്ത്രപ്രചാരകനായിരുന്നു നാർലിക്കർ; അദ്ദേഹം തുടങ്ങിയ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ അസ്ട്രോണമി ആൻഡ് അസ്ട്രോഫിസിക്സ് (IUCAA) എന്ന പൂനെയിലെ ഗവേഷണ സ്ഥാപനം അന്താരാഷ്ട്ര നിലവാരം പുലർത്തുന്നു. കേരളത്തിന്റെ പുത്രനായ ജ്യോതിശാസ്ത്രജ്ഞൻ ഡോ. താണുപത്മനാഭൻ നാർക്കിലറുടെ ശിഷ്യനായിരുന്നു.

പത്മവിഭൂഷൺ ഡോ. എം.ആർ. ശ്രീനിവാസൻ (1930–2025) മെക്കാനിക്കൽ എഞ്ചിനീയറിങ്ങിൽ ഡിഗ്രി കഴിഞ്ഞ് ഉപരിപഠനം കാനഡയിലെ മക്ഗിൽ യൂണിവേഴ്സിറ്റിയിൽ. 1955-ൽ അദ്ദേഹം ആണവോർജ്ജ വകുപ്പിൽ ഉദ്യോഗസ്ഥനായി. ഹോമി ജഹാംഗീർ ഭാഭയുമായി ചേർന്നു പ്രവർത്തിച്ച് ഇൻഡ്യയിലെ ആദ്യ റിസർച്ച് റിയാക്ടറായ 'അപ്സര' വികസിപ്പിച്ചു. ഇത് ഭാഭ അറ്റോമിക് റിസർച്ച് സെന്ററിന്റെ (BARC) അടുത്ത് സ്ഥിതി ചെയ്യുന്നു. ഇൻഡ്യയിലെ ആണവ വൈദ്യുത നിലയങ്ങളായ താരാപ്പൂർ, നറോറ, കാക്രപാർ, കൈഗ, കൽപ്പാക്കം, റാവത്ഭട്ട തുടങ്ങിയവയുടെ രൂപകൽപ്പനയിൽ അദ്ദേഹം നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്. ഇൻഡ്യൻ അറ്റോമിക് എനർജി കമ്മീഷൻ ചെയർമാനായും ന്യൂക്ലിയർ പവർ കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ സ്ഥാപക ചെയർമാനായും പ്രവർത്തിച്ചിട്ടുണ്ട്.

ഭാരതീയർ എന്നും ഇവരോട് കടപ്പെട്ടിരിക്കുന്നു.

# കേന്ദ്ര സഭാ വാർത്തകൾ

## സംസ്ഥാന ജനറൽ സെക്രട്ടറിയുടെ തൂലികയിൽ നിന്ന് ...



മദ്ധ്യവേനലവധി കഴിഞ്ഞ് കേരളത്തിലെ വിദ്യാലയങ്ങൾ തുറന്നുവല്ലോ, പതിവുപോലെ കാലവർഷവും. എല്ലാ കുടുംബാംഗങ്ങളും ഈ മഴക്കാലത്തെ ഏറെ ശ്രദ്ധയോടെ നേരിട്ട് മുമ്പോട്ട് പോവും എന്ന് വിശ്വസിക്കുകയും അതി നായി ജഗദീശ്വരനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ജൂൺ 14-ാം തീയതി ഓൺലൈനായി സംസ്ഥാന കമ്മറ്റി യോഗം ചേരുകയുണ്ടായി. മീറ്റിംഗിലെടുത്ത തീരുമാനപ്രകാരം ആഗസ്റ്റ് മൂന്നാം തീയതി തിരുവനന്തപുരം രംഗ വിലാസം ആഡിറ്റോറിയത്തിൽ വച്ച് അടുത്ത സംസ്ഥാന കമ്മറ്റി യോഗം നടത്താനായി തീരുമാനിച്ചു.

### 1. പൊളിറ്റിക്കൽ & ഫാമിലി പെൻഷൻ

ഹൈക്കോടതി വിധി പ്രകാരമുള്ള പെൻഷൻ കുടിശ്ശിക (2011-2017) ട്രഷറിയിൽ നിന്നും ലഭിച്ചു തുടങ്ങി. ഇപ്പോൾ 76 വയസ്സിനു മുകളിൽ പ്രായമുള്ള പെൻഷൻ ഗുണഭോക്താക്കൾ ഇത് ഒരനുഗ്രഹമായി എന്ന് അറിയിക്കുകയുണ്ടായി. ഇത് കൂട്ടായ്മയുടെ വിജയം തന്നെയാണ്.

### 2. KKS വനിതാ വിഭാഗം

KKS വനിതാവിഭാഗം ഒരിടവേളയ്ക്കു ശേഷം വീണ്ടും ഒരു തിരിച്ചുവരവ് നടത്തി. കുറ്റിലഞ്ഞിയിൽ വച്ച് നടന്ന സഭയുടെ സംസ്ഥാന സമ്മേളനത്തിൽ പുതിയ ഭാരവാഹികളെ വേദിയിൽ നിർത്തി സദസ്സിന് പരിചയപ്പെടുത്തുകയും ചെയ്തു. പുതിയ പല കർമ്മപരിപാടികളുമായി അവർ ഉത്സാഹത്തോടെ മുന്നേറുന്നു.

### 3. KKS യൂത്ത് ഫോറം

ക്ഷത്രിയ യൂത്ത് ഫോറത്തിന്റെ നേതൃത്വത്തിൽ ഏപ്രിൽ 19, 20 തീയതികളിൽ ഒരു ക്രിക്കറ്റ് ടൂർണമെന്റ് നടത്തി. എട്ടു ടീമുകളിലായി നൂറോളം ചുണക്കുട്ടികൾ മത്സരങ്ങളിൽ പങ്കെടുത്തു. മത്സരങ്ങൾ കാണുവാനായി പല യൂണിറ്റുകളിൽ നിന്നായി നിരവധി കുടുംബാംഗങ്ങളും എത്തിയിരുന്നു. സഭയുടെ കേന്ദ്ര, പ്രാദേശിക ഭാരവാഹികളും മത്സര വേദിയിൽ എത്തിയിരുന്നു. നന്നായി നടത്തിയ ഒരു മത്സരം തന്നെയായിരുന്നു അത്.

### 4. ക്ഷാത്രസ്പന്ദനം

'ക്ഷാത്രസ്പന്ദനം' നല്ല രീതിയിൽ കൃത്യസമയത്തുതന്നെ വരിക്കാരിലെത്തിക്കാനാവുന്നുണ്ട്. അംഗങ്ങൾ നൽകുന്ന സാഹിത്യകൃതികൾ ഉയർന്ന നിലവാരം പുലർത്തുന്നുണ്ട്. 'ടീം ക്ഷാത്രസ്പന്ദന'ത്തിന് അനുമോദനങ്ങൾ നേരുന്നു.

### 5. റിയാക്ട്

റിയാക്ടിന്റെ സേവന പ്രവർത്തനങ്ങൾ ഭംഗിയായി നടന്നു പോവുന്നു. സാമ്പത്തിക സഹായങ്ങൾ കൃത്യമായ രീതിയിൽ ആവശ്യമനുസരിച്ച് നൽകി വരുന്നു. ടീം റിയാക്ടിന് അനുമോദനങ്ങൾ.

### 6. യൂണിറ്റുകളിലെ വിശേഷങ്ങൾ/ കുടുംബ സംഗമം

സഭയുടെ വിവിധ യൂണിറ്റുകളിൽ നടക്കുന്ന വിശേഷങ്ങൾ/ കുടുംബ സംഗമങ്ങൾ എന്നിവകളിൽ കേന്ദ്രഭാരവാഹികൾ പങ്കെടുക്കുകയും, ഗൃഹസന്ദർശനം നടത്തുകയും ചെയ്തുവരുന്നു. നിലവിൽ ക്ഷത്രിയ ക്ഷേമസഭയുടെ യൂണിറ്റുകളില്ലാത്ത പ്രദേശങ്ങളിൽ പുതിയ യൂണിറ്റുകൾ തുടങ്ങുവാനുള്ള ശ്രമങ്ങൾ കാര്യമായി നടക്കുന്നുണ്ട്.

യൂണിറ്റുകളുടെ വിവിധങ്ങളായ പ്രവർത്തനങ്ങൾ ശരിയായ ദിശയിൽ കൃത്യമായി നടക്കുവാനും, ആവശ്യങ്ങൾ കൃത്യമായി മനസ്സിലാക്കി കൂടെ നിന്ന് പ്രവർത്തിക്കുവാനും അംഗങ്ങളോടൊപ്പം എപ്പോഴും ഉണ്ടാവും എന്നറിയിച്ചുകൊണ്ട്

സ്നേഹപൂർവം

**മധുകുമാർ വർമ്മ വി.കെ.**
സംസ്ഥാന ജനറൽ സെക്രട്ടറി

# ഓൾ കേരള വനിതാവിഭാഗം

## പ്രവർത്തന റിപ്പോർട്ട്



ഇക്കഴിഞ്ഞ മാർച്ച് 2-ാം തീയതി ഞായറാഴ്ച (02/03/2025) കുറ്റിലഞ്ഞിയിൽവച്ച് നടന്ന ക്ഷത്രിയ ക്ഷേമസഭ 42-ാം സംസ്ഥാന സമ്മേളനത്തിൽവച്ച് ഓൾ കേരളാ ക്ഷത്രിയ ക്ഷേമസഭ വനിതാ വിഭാഗം ചുമതലയേറ്റു.

പ്രസിഡന്റ് ഡോ. കെ. സുജാത, സെക്രട്ടറി രാധികാ വർമ്മ, ട്രഷറർ സുപ്രിയാ സുരേഷ് എന്നിവരുടെ നേതൃത്വത്തിലാണ് 16 അംഗ ഭരണസമിതി ചുമതലയേറ്റത്. അതിനുശേഷം, 7 ഗൂഗിൾ മീറ്റിംഗ് നടത്തുകയും പല പ്രധാന കാര്യങ്ങളും ചർച്ച ചെയ്യുകയുമുണ്ടായി.

വനിതാവിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി നടത്തുവാനായി ഓരോ യൂണിറ്റിലും പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ എന്നിവരടങ്ങുന്ന 10 അംഗ ഭരണസമിതിയെ തിരഞ്ഞെടുക്കുവാനുള്ള നിർദ്ദേശം നൽകുകയും, അതനുസരിച്ച് യൂണിറ്റുകൾ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു. വനിതാവിഭാഗത്തിന്റെ പ്രതിനിധികൾ പല യൂണിറ്റുകളിലും സന്ദർശനം നടത്തുകയും വനിതകളുമായി ആശയവിനിമയം നടത്തുകയും ചെയ്തു. പല മേഖലകളിലും കഴിവുള്ള വനിതകൾ നമ്മുടെ വിവിധ യൂണിറ്റുകളിൽ ഉണ്ടെന്നും, അവരുടെ കഴിവുകളെ തിരിച്ചറിഞ്ഞ് അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവന്ന് നമ്മുടെ സഭയുടെ പ്രവർത്തനങ്ങൾക്ക് ഒരു മുതൽക്കൂട്ടാക്കണമെന്നുള്ള ലക്ഷ്യത്തോടെയാണ് വനിതാവിഭാഗം പ്രവർത്തിക്കുന്നത്. നല്ല രീതിയിലുള്ള പ്രതികരണമാണ് യൂണിറ്റുകളിലെ വനിതകളിൽ നിന്നും ലഭിക്കുന്നത്.

എങ്ങനെ പ്രവർത്തനം തുടങ്ങണം, എന്താണ് ചെയ്യേണ്ടത് എന്നറിയാതെ വിഷമിക്കുന്ന ക്ഷത്രിയ വനിതാ സമൂഹത്തിന് ഒരു വഴികാട്ടിയായി മാറുവാൻ ഓൾ കേരളാ ക്ഷത്രിയ ക്ഷേമസഭ വനിതാ വിഭാഗത്തിന്റെ ഭരണസമിതിക്ക് സാധിക്കുന്നുണ്ട്.

യൂണിറ്റടിസ്ഥാനത്തിൽ ചെറുകിട വ്യവസായങ്ങൾ തുടങ്ങുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അതാതു മേഖലകളിൽ പരിചയസമ്പന്നരായ വ്യക്തികളുടെ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് പ്രവർത്തിക്കുകയെന്നതാണ് ലക്ഷ്യം.

ഓൾ കേരളാ വനിതാവിഭാഗം ഒരു അക്കൗണ്ട് തുടങ്ങി പ്രവർത്തനഫണ്ട് സ്വരൂപിച്ചുകൊണ്ടിരിക്കുന്നു. നല്ല ഒരു സാമ്പത്തിക അടിത്തറയില്ലാതെ പ്രവർത്തനമേഖല സജീവമാക്കുവാൻ സാധ്യമല്ല എന്നത് ഒരു വസ്തുതയാണ്. യൂണിറ്റുകൾക്ക് പ്രവർത്തനഫണ്ട് സ്വരൂപിക്കുവാനായി പല യൂണിറ്റുകളും ചിട്ടി തുടങ്ങുകയും ചെയ്തു

യൂണിറ്റടിസ്ഥാനത്തിലുള്ള വനിതാവിഭാഗം സെൻസസ് നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നതിലൂടെ ഒരു കുടുംബത്തിന്റെ വരുമാന സ്രോതസ് എന്തെന്നും, തൊഴിലില്ലാത്ത വനിതകൾ ആരൊക്കെയെന്നും കണ്ടെത്തി അവർക്ക് ഒരു തൊഴിൽ നൽകി സ്ഥിരവരുമാനക്കാരാക്കുകയെന്ന ലക്ഷ്യമാണ് നടപ്പാകുന്നത്. കൂടാതെ, ആരോഗ്യ സ്ഥിതിയെപ്പറ്റിക്കൂടി വിവരങ്ങൾ ശേഖരിക്കുന്നു.

ക്ഷത്രിയ ക്ഷേമസഭയുടെ വനിതാവിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന്റെ ഭാഗമായി, വനിതാവിഭാഗത്തിന് ഒരു ബൈലോ ഉണ്ടാക്കുകയും, അത് കേന്ദ്രസഭാ പ്രസിഡന്റിന് കൈമാറുകയും ചെയ്തു. പ്രസിഡന്റിന്റെ നിർദ്ദേശപ്രകാരം അതിന്റെ pdf ക്ഷത്രിയ ക്ഷേമസഭയുടെ സംസ്ഥാന കമ്മിറ്റി ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്. ഓൾ കേരള വനിതാവിഭാഗത്തിന്റെ ലക്ഷ്യം സ്ത്രീശാക്തീകരണത്തിലൂടെ നമ്മുടെ

*ശേഷം പേജ് 13-ൽ*

# സംസ്ഥാന സ്കോളർഷിപ്പുകൾ / അവാർഡുകൾ

## മഹാറാണി സേതുപാർവ്വതിബായി സ്മാരക സ്കോളർഷിപ്പ്

മെഡിസിൻ, എൻജിനീയറിംഗ്, ഡിഗ്രി, ഫൈൻ ആർട്സ് എന്നീ വിഭാഗങ്ങളിൽ 2025-ൽ പ്രവേശനം ലഭിച്ച ക്ഷത്രിയ ക്ഷേമസഭ യൂണിറ്റുകളിലെ അംഗങ്ങളുടെ മക്കൾക്ക് നൽകുന്ന മഹാറാണി സേതു പാർവതിബായി സ്മാരക സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.

പത്താം ക്ലാസ്, പ്ലസ് ടു പരീക്ഷകളിൽ ലഭിച്ച മാർക്കുകളും രക്ഷകർത്താക്കളുടെ സാമ്പത്തികസ്ഥിതിയും ആണ് ഈ സ്കോളർഷിപ്പിനുള്ള യോഗ്യതാ മാനദണ്ഡം.

അപേക്ഷകൾ പത്താം ക്ലാസ്, പ്ലസ് ടു പരീക്ഷകളിൽ ലഭിച്ച മാർക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിസിൻ/ എൻജിനീയറിങ്/ ഡിഗ്രി/ ഫൈൻ ആർട്സ് ക്ലാസ്സുകളിലേക്ക് പ്രവേശനം ലഭിച്ചതിന്റെ രേഖ എന്നിവ സഹിതം നിർദ്ദിഷ്ട ഫോറത്തിൽ സഭയുടെ പ്രാദേശിക യൂണിറ്റുകൾ സാക്ഷ്യപ്പെടുത്തി **2025 നവംബർ 30** ന് മുൻപ് ലഭിക്കത്തക്കവണ്ണം **സെക്രട്ടറി, ക്ഷത്രിയ ക്ഷേമസഭ, സുന്ദര വിലാസം കൊട്ടാരം, തിരുവനന്തപുരം - 695023** എന്ന വിലാസത്തിലോ **R. Rama Varma, TC 53/ 2106, Shanti Niketan, Kuzhivila Lane, Pappanamcode, Thiruvananthapuram 695018** എന്ന വിലാസത്തിലോ അയയ്ക്കുവാൻ താല്പര്യപ്പെടുന്നു.

**ബന്ധപ്പെടേണ്ട നമ്പർ:** 9496040055 (R. Rama Varma)
9847017105 (Madhukumar Varma V.K.)

മതിയായ രേഖകൾ ഇല്ലാതെ അയയ്ക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. വിദ്യാർത്ഥിയുടെ മാതാപിതാക്കൾ ജോലി ഉള്ളവരാണെങ്കിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റോ, സ്ഥിരവരുമാനം ഇല്ലാത്തവരാണെങ്കിൽ വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റോ നിർബന്ധമായും സമർപ്പിച്ചിരിക്കണം. അതാത് യൂണിറ്റിന്റെ പ്രസിഡന്റും സെക്രട്ടറിയും രേഖകൾ പരിശോധിച്ച് മെമ്പർഷിപ്പിന്റേയും വരുമാനത്തിന്റേയും ഉൾപ്പെടെയുള്ള കാര്യങ്ങളുടെ നിജസ്ഥിതി ബോധ്യപ്പെട്ടതായി ഉറപ്പുനൽകി ഒപ്പിട്ട അപേക്ഷകളാണ് സമർപ്പിക്കേണ്ടത്.

## സരസിജ തമ്പുരാൻ മെമ്മോറിയൽ അവാർഡ്

കൊച്ചി രാജകുടുംബാംഗം സരസിജ തമ്പുരാന്റെ സ്മരണാർത്ഥം പുത്രി ഡോ. ആശാലത തമ്പുരാൻ ക്ഷത്രിയ വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയ മെറിറ്റ് അവാർഡിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. കേരള എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയിൽ (KEAM) ഏറ്റവും ഉയർന്ന റാങ്ക് കരസ്ഥമാക്കുന്ന വിദ്യാർത്ഥിക്കാണ് അവാർഡ്. 5000 രൂപയുടെ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ആണ് നൽകുക. വെള്ള പേപ്പറിൽ എഴുതിയ അപേക്ഷാഫോറം റാങ്ക് ലഭിച്ചതിന്റെ proof സഹിതം സഭയുടെ യൂണിറ്റ് പ്രസിഡന്റ്/സെക്രട്ടറി മുഖാന്തിരം **ജന. സെക്രട്ടറി, ക്ഷത്രിയ ക്ഷേമസഭ, സുന്ദരവിലാസം പാലസ്, ഫോർട്ട്, തിരുവനന്തപുരം - 695023** എന്ന വിലാസത്തിൽ അയച്ചുതരിക. **ജനറൽ സെക്രട്ടറിക്ക് വാട്ട്സാപ്പ് മുഖേനയും അയയ്ക്കാം. മൊ. 9847017105.**

**അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 30 നവംബർ 2025**

## അഭിനന്ദനങ്ങൾ




കേരള മാനേജ്മെന്റ് അസോസിയേഷന്റെ (കെഎംഎ) പുതിയ ഓണററി സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട **കെ. അനിൽ വർമ്മ**. കോൺഫെഡറേഷൻ ഓഫ് റീയൽ എസ്റ്റേറ്റ് ഡെവലപ്പേഴ്സ് അസ്സോസിയേഷൻ ഓഫ് ഇൻഡ്യ (CREDAI) കൊച്ചി ചാപ്റ്ററിന്റെ സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടു. കേരളത്തിലെ പ്രസിദ്ധ റീയൽ എസ്റ്റേറ്റ് ഡെവലപ്പർമാരും ഫ്ളാറ്റ് സമുച്ചയ നിർമ്മാതാക്കളുമായ കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന **വർമ്മാ ഹോംസ്** എന്ന സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറാണ്. തൃപ്പൂണിത്തുറ വടക്കേ മാളിയേക്കൽ മഠം കുടുംബാംഗമാണ്. ഭാര്യ: കായംകുളം അറത്താലിൽ കോവിലകാംഗം ഡോ. മിനി വർമ്മ. മകൾ ആതിര വർമ്മയും മരുമകൻ വൈശാഖ് വർമ്മയും വർമ്മ ഹോംസിന്റെ വൈസ് പ്രസിഡന്റുമാരാണ്.

## കുമാര കേരളവർമ്മയ്ക്ക് സംഗീത പുരസ്കാരം



ഈ വർഷത്തെ വയലാർ രാമവർമ്മ സാംസ്കാരിക വേദിയുടെ 'ഗാനരത്ന' പുരസ്കാരം **കുമാര കേരളവർമ്മ**യ്ക്ക് സമർപ്പിച്ചു. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ സംസ്ഥാന ഭക്ഷ്യവകുപ്പ് മന്ത്രി ജി.ആർ. അനിൽ പുരസ്കാരം നൽകി ആദരിച്ചു. സംഗീതലോകത്ത് വിലമതിക്കാനാകാത്ത സംഭാവന നൽകിയ കുമാര കേരളവർമ്മ സംഗീത ലോകത്തെ മഹാത്ഭുതമാണെന്ന് അദ്ദേഹം പറഞ്ഞു. വയലാർ രാമവർമ്മ സാംസ്കാരികവേദി പ്രസിഡന്റ് ജി. രാജ്മോഹൻ അധ്യക്ഷത വഹിച്ചു. പ്രസിദ്ധ സംഗീതജ്ഞനും സ്വാതി തിരുനാൾ സംഗീത കോളേജ് മുൻ പ്രിൻസിപ്പലും പള്ളം കൊട്ടാര അംഗവുമാണ് കുമാര കേരളവർമ്മ.




## അന്തർദ്ദേശീയ മാധ്യമ പുരസ്കാരം

മികച്ച മാധ്യമ പ്രവർത്തകനുള്ള മാസ്റ്റർ വിഷൻ ഇന്റർനാഷണൽ പുരസ്കാരം **മനോഹരവർമ്മ** രാജയ്ക്ക് ലഭിച്ചു. ജൂൺ 22-ന് ദുബായിൽ വച്ച് നടന്ന ചടങ്ങിൽ എലൈറ്റ് ഗ്രൂപ്പ് എംഡി ഹരികുമാർ പുരസ്കാരം നൽകി. വൈക്കം വടക്കുംകൂർ കോവിലകം രമാദേവീ ആർ. വർമ്മയുടേയും ആറന്മുള ചെമ്പകശ്ശേരി കൊട്ടാരം രവിവർമ്മ രാജയുടേയും (റിട്ട. മിലിട്ടറി ഉദ്യോഗസ്ഥൻ) മകനാണ് മനോഹരവർമ്മ രാജ. ക്ഷത്രിയ ക്ഷേമസഭയുടെ യു എ ഇ ആസ്പദമാക്കി പ്രവർത്തിക്കുന്ന VAU വിലെ അംഗം കൂടിയാണ്.

# പാലസ് ആർട്സ് & സ്പോർട്സ് ക്ലബ്, പന്തളം

## അറിയിപ്പ്

പന്തളം പാലസ് ആർട്സ് & സ്പോർട്സ് ക്ലബ്ബിന്റെ അറുപതാമത് വാർഷിക ആഘോഷം 2025 സെപ്റ്റംബർ 5, 6 എന്നീ തീയതികളിൽ നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. അറുപത് വർഷത്തെ കാലയളവിനുള്ളിൽ കലാ-സാംസ്കാരിക-സ്പോർട്സ് രംഗങ്ങളിലും അതുപോലെ 'സൗഹൃദം' എന്ന കുടുംബ മാസികയുടെ പ്രസിദ്ധീകരണത്തിലും അഭിമാനകരമായ പ്രവർത്തനങ്ങൾ നടത്താൻ പന്തളം പാലസ് ക്ലബ്ബിന് സാധിച്ചിട്ടുണ്ട്. ക്ലബ്ബിന്റെ രജത ജൂബിലി, സുവർണ്ണ ജൂബിലി ആഘോഷങ്ങളിലേതുപോലെ ഈ അറുപതാം വാർഷികത്തിലും സംസ്ഥാനത്തെ വിവിധ ക്ഷത്രിയ കുടുംബങ്ങളിൽ നിന്നുള്ള കലാകാരന്മാരുടെ കലാപ്രകടനങ്ങൾ ക്ലബ്ബിന്റെ അരങ്ങിന് നിറവേകണമെന്ന് ആഗ്രഹിക്കുന്നു. 10 മിനിറ്റിൽ അധികം ദൈർഘ്യം വരാത്ത നൃത്തം, ഗാനം, വാദ്യ മേളം, മോണോആക്ട്, മിമിക്രി ഉൾപ്പെടെയുള്ള കലാപരിപാടികൾ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്ന വിവിധ യൂണിറ്റുകളിലെ അംഗങ്ങളെ, പ്രത്യേകിച്ച് യുവജനങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. പന്തളത്തുവച്ച് നടക്കുന്ന പ്രസ്തുത ആഘോഷത്തിൽ 2025 സെപ്റ്റംബർ മാസം ആറാം തീയതി ശനിയാഴ്ച അതായത് ചിങ്ങമാസത്തിലെ അവിട്ടം ദിനത്തിൽ ഉച്ചയ്ക്കുശേഷം 3 മണി മുതൽ 5 വരെയും രാത്രി 7 മുതൽ 11 മണി വരെയുമാണ് മേൽപ്പറഞ്ഞ രീതിയിൽ വിവിധ ക്ഷത്രിയ കുടുംബങ്ങളിൽ നിന്നുള്ളവർ പരിപാടികൾ നടത്തണമെന്ന് നിശ്ചയിച്ചിരിക്കുന്നത്. ചുരുങ്ങിയ ചെലവിൽ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഈ ആഘോഷത്തിൽ ഉന്നതനിലവാരത്തിൽ കലാപരിപാടികൾ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന ക്ഷത്രിയ സമുദായാംഗങ്ങളെ ക്ഷണിച്ചുകൊള്ളുന്നു. മിനിമം യാത്രാ ചെലവുകൾക്കുള്ള തുക മാത്രമേ നൽകാൻ സാധിക്കുകയുള്ളൂ. വിവിധ സ്റ്റേജുകളിൽ പ്രോഗ്രാം ചെയ്തിട്ടുള്ളതും മികച്ച നിലവാരമുള്ളതുമായ ഇനങ്ങളാണ് പ്രതീക്ഷിക്കുന്നത്.

മേൽപ്പറഞ്ഞ പ്രകാരം കലാപരിപാടി നടത്താൻ ആഗ്രഹിക്കുന്നവർ താഴെ പറയുന്ന ഫോൺ നമ്പരിൽ കോൺടാക്ട് ചെയ്യണമെന്ന് താൽപ്പര്യപ്പെടുന്നു. പേരുവിവരം ലഭിക്കുന്നവരുമായി നേരിട്ട് സംസാരിച്ച് തീരുമാനമെടുക്കണമെന്നാണ് ക്ലബ്ബിന്റെ കമ്മിറ്റി നിശ്ചയിച്ചിരിക്കുന്നത്.

**ജയകുമാരവർമ്മ ആർ.കെ.**
സെക്രട്ടറി, മൊ. 8921113535

*പേജ് 10 തുടർച്ച*

സഭയെ ശക്തിപ്പെടുത്തുകയെന്നതാണ്. ആ ലക്ഷ്യം നിറവേറേണ്ടത് നമ്മുടെ എല്ലാപേരുടേയും ആവശ്യമാണ്.

ഓൾ കേരള വനിതാവിഭാഗം വൈസ് പ്രസിഡന്റ് കോമളവല്ലി, സെക്രട്ടറി രാധികാ വർമ്മ എന്നിവർ കടന്നമണ്ണ, മങ്കട, മഞ്ചേരി, കൊടുങ്ങല്ലൂർ, തളി-വടക്കാഞ്ചേരി ഭാഗങ്ങളിലെ ക്ഷത്രിയ കുടുംബങ്ങളിൽ സന്ദർശനം നടത്തുകയും അവിടങ്ങളിൽ പുതിയ യൂണിറ്റുകൾ തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചാൽ നന്നായിരുന്നു എന്ന് ക്ഷത്രിയ ക്ഷേമസഭ ജന. സെക്രട്ടറി മധുകുമാർ വർമ്മയോട് അഭ്യർത്ഥിക്കുകയും ചെയ്തു. ഈ മേഖലകളിലെല്ലാം ഞങ്ങളെ കൊണ്ടുപോകാൻ സന്മനസ്സ് കാണിച്ച കൃഷ്ണവർമ്മ (ചാലക്കുടി യൂണിറ്റ്) യോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

പല യൂണിറ്റുകളിലും വനിതകൾ cultural activities ഉം നടത്തുന്നുണ്ട്. ഭജന, തിരുവാതിര, ഡാൻസ് ഗ്രൂപ്പുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങളെയെല്ലാം ഓൾ കേരള ക്ഷത്രിയ ക്ഷേമസഭ വനിതാവിഭാഗം ഭരണസമിതി പ്രോത്സാഹിപ്പിക്കുന്നുണ്ട്, നിർദ്ദേശങ്ങൾ നൽകുന്നുമുണ്ട്.

വനിതാ വിഭാഗത്തിന്റെ പ്രവർത്തനം നമ്മുടെ സഭയുടെ മുൻപോട്ടുള്ള പ്രയാണത്തിന് മുതൽക്കൂട്ടാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

*ലോകാ... സമസ്താ...... സുഖിനോ.... ഭവന്തു:*

**രാധികാ വർമ്മ**
സെക്രട്ടറി

# ജി. രവീന്ദ്രവർമ്മ ജന്മശതാബ്ദി ആഘോഷം



ക്ഷത്രിയ സമുദായത്തിന്റെ അഭിമാനമായ, മാവേലിക്കര രാജകുടുംബാംഗമായിരുന്ന കേന്ദ്ര തൊഴിൽ, പാർലമെന്ററികാര്യ മന്ത്രിയായിരുന്ന ജി. രവീന്ദ്രവർമ്മയുടെ ജന്മശതാബ്ദി ആഘോഷം കേരള ഗാന്ധിസ്മാരകനിധിയുടെ ആഭിമുഖ്യത്തിൽ 2025 ഏപ്രിൽ 18-ന് തിരുവനന്തപുരം തൈക്കാട് ഗാന്ധിഭവനിൽ നടന്നു.




കൃഷ്ണകുമാർ വർമ്മയുടെ പ്രാർത്ഥനാ ഗാനാലാപനത്തോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്. കേരള ഗാന്ധിസ്മാരകനിധി ചെയർമാൻ ഡോ. എൻ. രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ച അനുസ്മരണ സമ്മേളനം മുൻ മന്ത്രിയും മുൻ സ്പീക്കറും മുൻ പാർലമെന്റംഗവുമായ വി.എം. സുധീരൻ ഉദ്ഘാടനം ചെയ്തു. കേന്ദ്ര പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോയുടെ മുൻ ഡയറക്ടറും രവീന്ദ്രവർമ്മ കേന്ദ്രമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയുമായിരുന്ന കെ.എൽ. ശ്രീകൃഷ്ണദാസ് അനുസ്മരണപ്രഭാഷണം നടത്തി. രവീന്ദ്രവർമ്മയുടെ സഹോദരിയും പ്രശസ്ത ഇംഗ്ലീഷ് സാഹിത്യകാരിയുമായ ശ്രീമതി സുജാതാറാവു, തിരുവനന്തപുരം ക്ഷത്രിയക്ഷേമസഭാ പ്രസിഡന്റ് കിഷോർ കുമാർ വർമ്മ, സെക്രട്ടറി പി.കെ. ജയചന്ദ്ര വർമ്മ, ടി. ബാലകൃഷ്ണൻ, അഡ്വ: ജയചന്ദ്രൻ, ടി.ആർ. സദാശിവൻ നായർ എന്നിവർ സംസാരിച്ചു. ക്ഷത്രിയസഭയിലെ മുതിർന്ന അംഗങ്ങളായ ബ്രിഗേഡിയർ നന്ദകുമാരവർമ്മ വി.എം. സുധീരനെയും ഡോ. ആർ.പി. രാജാ ഡോ. എൻ. രാധാകൃഷ്ണനെയും ഡോ. എൻ. രാധാകൃഷ്ണൻ ശ്രീമതി സുജാതാറാവുവിനെയും പൊന്നാട അണിയിച്ചു. യോഗത്തിൽ ക്ഷത്രിയ ക്ഷേമസഭയുടെ സംസ്ഥാന പ്രസിഡന്റ് ഡോ. എം. ലളിതാംബിക ഉൾപ്പടെ ഒട്ടേറെ ക്ഷത്രിയസമുദായാംഗങ്ങൾ ആദ്യവസാനം പങ്കെടുത്തു.

*തയ്യാറാക്കിയത്:* **പി.കെ. ജയചന്ദ്രവർമ്മ**

മാവേലിക്കര രാജകുടുംബാംഗവും കേന്ദ്ര തൊഴിൽ പാർലമെന്ററികാര്യ മന്ത്രിയുമായിരുന്ന ജി. രവീന്ദ്രവർമ്മയുടെ ജന്മശതാബ്ദി 2025 മെയ് 25 ഞായറാഴ്ച മാവേലിക്കര ടൗൺ ഹാളിൽ സമുചിതമായി ആഘോഷിച്ചു.

കുമാരി നിരഞ്ജനാവർമ്മയുടെ ഈശ്വര പ്രാർഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ മാവേലിക്കര വലിയ കൊട്ടാരം ട്രസ്റ്റ് സെക്രട്ടറി ആർ. കൃഷ്ണകുമാർ വർമ്മ സ്വാഗതം ആശംസിച്ചു. കേരള ഗാന്ധിസ്മാരകനിധി ചെയർമാൻ ഡോ. എൻ. രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. മാവേലിക്കര എം.എൽ.എ. എം.എസ്. അരുൺ



കുമാർ സമ്മേളനം ഉദ്ഘാടനം ചെയ്തു. കേന്ദ്ര പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോയുടെ മുൻ ഡയറക്ടറും ജി. രവീന്ദ്രവർമ്മ കേന്ദ്ര മന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയുമായിരുന്ന കെ.എൽ. ശ്രീകൃഷ്ണദാസ് അനുസ്മരണപ്രഭാഷണം നടത്തി. മാവേലിക്കര വലിയകൊട്ടാരം ട്രസ്റ്റ് പ്രസിഡന്റ് ഡോ. എ. സുകുമാരവർമ്മ ഭ്രാതൃസ്മരണപ്രഭാഷണം നടത്തി. മാവേലിക്കര മുനിസിപ്പൽ ചെയർമാൻ നൈനാൻ സി. കുറ്റിശ്ശേരിൽ, മാവേലിക്കര വലിയകൊട്ടാരം ട്രസ്റ്റ് വൈസ് പ്രസിഡന്റ് കെ. ലക്ഷ്മൺ വർമ്മ, ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന പ്രസിഡന്റ് ഡോ. എം. ലളിതാംബിക, കെ. രാഘവ വർമ്മ (അനന്തപുരം), പി. രാഘവവർമ്മ (പന്തളം), ഋഷികേശ് വർമ്മ(തിരുവല്ല), രാമവർമ്മരാജാ (കാരാഴ്മ) എന്നിവർ ആശംസകളർപ്പിച്ചു. ഡോ. രാധാരാമാനുജൻ മാതുലസ്മരണപ്രഭാഷണം നടത്തി.

കേരള ഗാന്ധിസ്മാരകനിധി തയ്യാറാക്കിയ 'ജി. രവീന്ദ്രവർമ്മ ഒരു ആമുഖം' എന്ന ലഘു ജീവചരിത്രം എം.എസ്. അരുൺ കുമാർ കൊട്ടാരം ട്രസ്റ്റ് രക്ഷാധികാരി ബ്രിഗേഡിയർ (റിട്ട.) നന്ദകുമാർ വർമ്മയ്ക്ക് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. സംഘാടകസമിതി ചെയർമാൻ ഡോ. വർഗീസ്പോത്തൻ കൃതജ്ഞത പ്രകാശിപ്പിച്ചു. ഒട്ടേറെ ക്ഷത്രിയസമുദായാംഗങ്ങൾ ഉൾപ്പെടെ വലിയൊരു സദസ്സ് സമ്മേളനത്തെ സജീവവും സമ്പന്നവുമാക്കി.

'കേരള ഗാന്ധിസ്മാരകനിധി'യും മാവേലിക്കര വലിയകൊട്ടാരം ശ്രീ ഗുരുവായൂരപ്പൻ ചാരിറ്റബിൾ ട്രസ്റ്റും സംയുക്തമായാണ് സമ്മേളനം സംഘടിപ്പിച്ചത്.

*തയ്യാറാക്കിയത്:* **ആർ. കൃഷ്ണകുമാർ വർമ്മ**

കവിത

# തുമ്പമലർ



**കൃഷ്ണകുമാരി. കെ**
കിളിമാനൂർ പാലസ്
മൊ. 9497107778




മണ്ണിലെ മേട്ടിലെ തുമ്പപ്പൂപെണ്ണിന്
വിണ്ണിലെ രാജനോടിഷ്ടം തോന്നി
വാത്സല്യം കാംക്ഷിക്കും നിർമ്മല മിഴിയാലെ
ദിനകരദേവനെ കാത്തിരുന്നു അവൾ
ദിനകരദേവനെ കാത്തിരുന്നു

പരിമളമില്ലേലും പരിശുദ്ധയാകയാൽ
പകലോന്റെ വത്സലപുത്രി തന്നെ
ഉദയകിരണത്തിൻ തപത്തിനാലെ
ചെറുമലരിതളുകൾ വാടാതിരിക്കുവാൻ
ഉള്ളിൽ വിതുമ്പുന്ന നോവോടെയെങ്കിലും
ദിനകരൻ അകലേക്ക് മാറിനിന്നു

നാളുകളേറെ കടന്നുപോയ് എന്നിട്ടും
അർക്കന്റെ രശ്മികൾ അരികിലെത്തി തഴുകീല
മാനസപുത്രിതൻ തളിർമേനി നോവാതെ
മാനത്തു നിന്നൊരാ സൂര്യദേവൻ
വാത്സല്യമൂറും മിഴികളാൽ പുത്രിയെ
വാരിപ്പുണർന്നു മനസ്സിനുള്ളിൽ!
നക്ഷത്രദേവന്റെ നിസ്വാർത്ഥ സ്നേഹത്തെ
വാഴ്ത്തുന്നു വിശ്വപ്രകൃതി നിത്യം. ●

## എം.കെ. രവിവർമ്മയ്ക്ക് പുരസ്കാരം



നാടക സിനിമ സീരിയൽ നടനും ഏകാഭിനയ അധ്യാപകനും കേരള സംഗീതനാടക അക്കാദമി അവാർഡ് ജേതാവുമായ മുരുകേഷ് കാക്കൂരിന്റെ സ്മരണാർത്ഥം ഏർപ്പെടുത്തിയ പുരസ്കാരത്തിന് (10,001 രൂപ) നാടക രചയിതാവ് **എം.കെ. രവിവർമ്മ** അർഹനായി. കോഴിക്കോട്ട് ടൗൺഹാളിൽ നടന്ന മുരുകേഷ് കാക്കൂർ അനുസ്മരണ പരിപാടിയിൽ 'ഓർമ്മകളിൽ കുട്ടേട്ടൻ' പുരസ്കാരം നൽകി.

## ക്ഷത്രിയ പ്രതിഭകൾ

# ഡോ. ഹരികൃഷ്ണവർമ്മ പി.ആർ.

മൊ. 9446454427

*(ജീവിതത്തിന്റെ വിവിധ മേഖലകളിൽ നിസ്തുലവും നിശ്ശബ്ദവുമായി സേവന മനുഷ്ഠിക്കുന്ന പ്രതിഭാധനരായ ക്ഷത്രിയ സമുദായാംഗങ്ങളെക്കുറിച്ചുള്ള പംക്തി)*

ആതുരശുശ്രൂഷാരംഗത്തെ അന്തർദ്ദേശീയ പ്രസ്തിയാർജ്ജിച്ച തിരുവനന്തപുരത്തെ ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയുടെ ബയോമെഡിക്കൽ ടെക്നോളജി വിഭാഗത്തിന്റെ മേധാവിയാണ് ഡോ. പി.ആർ. ഹരികൃഷ്ണവർമ്മ. ആർജ്ജവവും അർപ്പണ ബോധവും കൊണ്ട് ആതുരശുശ്രൂഷാ ഗവേഷണ രംഗത്ത് മഹത്തായ സംഭാവനകൾ നൽകി സമുന്നത പദവിയിലെത്തിയ അദ്ദേഹത്തിന്റെ ജീവിതരേഖയിലേക്ക് ഒരു വിഹഗവീക്ഷണം നടത്താം. ഹരി കൃഷ്ണവർമ്മ 1963 മെയ് 18-ന് ചേർത്തല തിരുനല്ലൂർ പരിമണത്തു കോവിലകത്ത് ജനിച്ചു. അച്ഛൻ കണ്ണൂർ അയിരൂർ കോവിലകത്ത് രാമവർമ്മ തിരുമുൽപ്പാട്. അമ്മ നളിനി രാമവർമ്മ. സഹോദരങ്ങൾ വിജയവർമ്മ, മുരളീധരൻ, രമാദേവി, മായാദേവി, ഇന്ദിരാ വർമ്മ എന്നിവർ. പ്രാഥമിക വിദ്യാഭ്യാസം നേടിയ തിരുനെല്ലൂർ സ്കൂളിൽ പഠിച്ചു പാസ്സായവരിൽ ആദ്യമായി ഗവേഷണ ബിരുദം നേടിയ വ്യക്തി കൂടിയാണ് ഹരികൃഷ്ണവർമ്മ. കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയത് ചേർത്തല എൻ.എസ്.എസ്. കോളേജിലാണ്. തിരുവനന്തപുരത്തെ റീജിയണൽ റിസർച്ച് ലാബറട്ടറി (സി.എസ്.ഐ.ആർ) യിൽ നിന്നു പി.എച്ച്.ഡി നേടി. ലോകപ്രസിദ്ധമായ തിരുവനന്തപുരത്തെ ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിയുടെ ബയോമെഡിക്കൽ ടെക്നോളജി വിംഗിൽ സയന്റിസ്റ്റായി ഔദ്യോഗികജീവിതം ആരംഭിച്ചു. ആർജ്ജവവും ആത്മാർത്ഥതയും അർപ്പണബോധവും കൊണ്ട് ഔദ്യോഗികരംഗത്ത് പടിപടിയായി ഉയർന്ന് ഇന്ന് ഹരികൃഷ്ണവർമ്മ ആ വിംഗിന്റെ മേധാവിയായി പ്രവർത്തിക്കുന്നു. ആതുരശുശ്രൂഷാ രംഗത്തെ അസാമാന്യ പ്രതിഭയായിരുന്ന ഡോ. വല്യത്താനാണ് ഈ രംഗത്തെ ഗവേഷണപ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചത്.



ഭാരതത്തിൽ ആദ്യമായി വികസിപ്പിച്ചെടുത്ത, ഒന്നരലക്ഷത്തിലധികം പേർ ഉപയോഗിച്ച ഹൃദയവാൽവും അഞ്ചു കോടിയിലധികം പേർക്ക് പ്രയോജനപ്രദമായ ബ്ലഡ് ബാഗും വികസിപ്പിച്ചെടുത്ത ഗവേഷണത്തിൽ ഡോ. വർമ്മ സജീവമായി പങ്കെടുത്തിരുന്നു. ഇന്ന് തദ്ദേശീയമായ മെഡിക്കൽ ഡിവൈസുകളുടെയും ബയോമെഡിക്കൽ ഉപകരണങ്ങളുടെയും വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള ഗവേഷണത്തിന് നേതൃത്വം നൽകുന്നു.

കഴിഞ്ഞ രണ്ടര ദശാബ്ദമായി ഡോ. വർമ്മ ഗവേഷണം നടത്തുന്ന ബയോ സെറാമിക്ക് ലബോറട്ടറി വിവിധ തരത്തിലുള്ള ബയോ ആക്ടീവ് സെറാമിക്സുകളുടെ ഗവേഷണത്തിലും വികസനത്തിലുമാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഇവയെല്ലാം കൃത്രിമമായ പല്ലിന്റെയും എല്ലിന്റെയും ട്രാൻസ്പ്ലാന്റേഷന് സഹായകമായവയാണ്. കൂടാതെ ബയോസെറാമിക്സ് അടിസ്ഥാനമാക്കിയുള്ള ബോൺ ഇംപ്ലാന്റുകളുടെ സാങ്കേതികവിദ്യ വിജയ കരമായി വികസിപ്പിച്ചെടുത്ത് അവ നാല് പ്രമുഖ വ്യവസായ സ്ഥാപനങ്ങൾക്ക് കൈമാറിയതിലും പ്രമുഖ പങ്കുവഹിച്ചത് ഡോ. വർമ്മയാണ്. വിവിധ വാണിജ്യനാമങ്ങളിൽ അവ ഇന്ന് വിപണിയിൽ ലഭ്യമാണ്.

ഡോ. വർമ്മ 1997-98 കാലയളവിൽ രണ്ടു വർഷം ജപ്പാനിൽ പോസ്റ്റ് ഡോക്ടറൽ ഗവേഷണം നടത്തുകയും തിരിച്ചെത്തി ജർമ്മനി, ഡെൻമാർക്ക്, ബ്രിട്ടൻ തുടങ്ങിയ രാഷ്ട്രങ്ങളിലെ സർവ്വകലാശാലകളുമായി സഹകരിച്ചു ഗവേഷണം തുടരുന്നു.

മെറ്റീരിയൽസ് റിസർച്ച് സൊസൈറ്റി ഓഫ് ഇന്ത്യയുടെ 2010-ലെ പ്രശസ്തമായ MRSI മെഡലിന് വർമ്മ അർഹനായി. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സെറാമിക്സ്, സൊസൈറ്റി ഫോർ ബയോമെറ്റീരിയൽസ് ആൻഡ് ആർട്ടിഫിഷ്യൽ ഓർഗൻസ് എന്നീ സ്ഥാപനങ്ങളിലെ ഫെലോ ആണ് ഡോ. വർമ്മ. കൂടാതെ ഈ സൊസൈറ്റിയുടെ നിലവിലെ അദ്ധ്യക്ഷനുമാണ്. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ നിരവധി പ്രോജക്ടുകൾക്കും ഡോ. വർമ്മ നേതൃത്വം നൽകുന്നു.

ബയോമെഡിക്കൽ ടെക്നോളജി വിംഗിന്റെ മേധാവി എന്ന ചുമതലയ്ക്കു പുറമെ സയന്റിസ്റ്റ് ജി എന്ന നിലയിൽ സ്വന്തം ഗവേഷണങ്ങൾക്കും തന്റെ കീഴിൽ പി.എച്ച്.ഡി. ക്കു പഠിക്കുന്ന ഗവേഷകർക്ക് ആവശ്യമായ മാർഗ്ഗനിർദേശങ്ങൾ നൽകുന്നതിനും ഡോ. വർമ്മ സമയം കണ്ടെത്തുന്നു. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് ശ്രീ ചിത്രയ്ക്ക് അനുവദിച്ച ടെക്നിക്കൽ റിസർച്ച് സെന്റർ ഫോർ ബയോമെഡിക്കൽ ഡിവൈസസ് എന്ന പ്രോജക്ടിന്റെ കീഴിലുള്ള നിരവധി ഗവേഷണങ്ങളുടെ ഏകോപനം നിർവ്വഹിക്കുന്നതും ഡോ. വർമ്മയാണ്. ഡോ. വർമ്മയുടെ നേതൃത്വത്തിൽ ചലന വൈകല്യ പരിഹാരമാർഗ്ഗങ്ങളുടെ മേഖലയിൽ കൈവരിച്ച മഹത്തായ നേട്ടങ്ങളെക്കുറിച്ച് 'മാതൃഭൂമി' യും 'ടൈംസ് ഓഫ് ഇൻഡ്യ'യും ഉൾപ്പെടെയുള്ള പ്രമുഖ പത്രങ്ങളിൽ ജൂൺ ആദ്യവാരത്തിൽ വിശദമായ വാർത്തകൾ വന്നിരുന്നു. ശ്രീ ചിത്ര ഇൻസ്റ്റിറ്റ്യൂട്ടിലെ പബ്ലിക്ക് ഗ്രീവൻസ് സെല്ലിന്റെ മേധാവി കൂടിയാണ് ഡോ. വർമ്മ.

നിലമ്പൂർ കോവിലകത്തെ ഡോ. പ്രഭാ വർമ്മയാണ് സഹധർമ്മിണി. രണ്ടു പെൺമക്കൾ. മൂത്ത മകൾ പാർവതി എച്ച്. വർമ്മ ന്യൂയോർക്ക് മെഡിക്കൽ കോളേജിൽ ഇന്റേണൽ മെഡിസിനിൽ എം.ഡി.യ്ക്കു പഠിക്കുന്നു. ഇളയ മകൾ ലക്ഷ്മി എച്ച്. വർമ്മ ഡിസൈനിംഗിൽ ബിരുദ പഠനം നടത്തുന്നു.

മേലധികാരികൾക്കും സഹപ്രവർത്തകർക്കും കീഴ്ജീവനക്കാർക്കും പ്രിയങ്കരനായ ഡോ. ഹരികൃഷ്ണവർമ്മ ചേർത്തലയിലെ മുതിർന്ന ക്ഷത്രിയ സമുദായാംഗങ്ങൾക്ക് പ്രിയപ്പെട്ട 'ഓമനക്കുട്ട' നാണ് (വീട്ടിലെ വിളിപ്പേര്). ഇപ്പോൾ അദ്ദേഹം ഭാരത ത്തിലെ ആതുരഗവേഷണ രംഗത്തെ ഓമനക്കുട്ടനാണ്. ഇനിയും ഈ മേഖലയിൽ ഏറെ ഉയരങ്ങൾ കീഴടക്കാൻ ഡോ. ഹരികൃഷ്ണ വർമ്മയ്ക്ക് കഴിയട്ടെ എന്നു ഹൃദയപൂർവ്വം ആശംസിക്കുന്നു.

**കെ.എൽ. ശ്രീകൃഷ്ണദാസ്**
തിരുവനന്തപുരം, മൊ. 9447390709

## ഡിസ്റ്റിംഗ്ഷൻ കരസ്ഥമാക്കി



ഇക്കഴിഞ്ഞ മാർച്ച് മാസത്തിൽ ട്രിനിറ്റി കോളജ് (ലണ്ടൻ) നടത്തിയ ഇലക്ട്രോണിക് കീ ബോർഡ് ഗ്രേഡ് 8 പരീക്ഷ ഡിസ്റ്റിംഗ്ഷനോടെ പാസ്സായ ഗോകുൽനാഥ് എ. ഇപ്പോൾ മ്യൂസിക് പ്രൊഡക്ഷനിൽ സ്പെഷ്യലൈസ് ചെയ്തിട്ടുള്ള ഒരു ഓഡിയോ എൻജിനീയറായി പ്രവർത്തിക്കുന്നു. വിവിധ വെബ് സീരീസ്, സംഗീത ആൽബങ്ങൾ ഇവയിൽ ശബ്ദപശ്ചാത്തലം ഒരുക്കുന്നു. അതിനോടൊപ്പം കൊച്ചിയിലും ചുറ്റുവട്ടത്തുമുള്ള വിവിധ സ്കൂളുകളിൽ കീബോർഡ് അദ്ധ്യാപകനായിട്ടും പ്രവർത്തിച്ചു വരുന്നു. ഓഫ് ലൈൻ ക്ലാസ്സുകളോടൊപ്പം ഓൺലൈൻ ക്ലാസ്സുകളും നടത്തി വരുന്നുണ്ട്. വെള്ളാരപ്പിള്ളി കോയിക്കൽ മഠത്തിലെ അനിൽകുമാർ വർമ്മയുടേയും തൃശൂർ തിരുത്തൂർ മഠത്തിലെ നിഷാ വർമ്മയുടേയും മകനാണ്. തൃപ്പൂണിത്തുറ കണ്ണൻകുളങ്ങര തിരുത്തൂർ മഠം 'ശങ്കരാഭരണ'ത്തിലാണ് താമസം.

ലേഖനം




# ലോക പരിസ്ഥിതി ദിനം

# പ്ലാസ്റ്റിക് മിത്രമോ ശത്രുവോ?

**ഡോ. ആർ. അജയകുമാർ വർമ്മ**
മൊ. 9447048526

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന ഘട്ടത്തിൽ യാദൃച്ഛികമായി കണ്ടുപിടിക്കപ്പെട്ട പ്ലാസ്റ്റിക് ഇന്ന് മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലകളിലും സർവസാധാരണമായ ഒരു വസ്തുവായി മാറിയിരിക്കുന്നു. ഉപയോഗ വൈവിധ്യത്തിന്റെ കാര്യത്തിൽ ഇരുമ്പുൾപ്പെടെ മറ്റേതൊരു വസ്തുവിനേക്കാളും മുൻപിലെത്തിയിരിക്കുന്നു പ്ലാസ്റ്റിക്. പാൽകവർ, പാത്രങ്ങൾ, ഹൃദയവാൽവ്, കൃത്രിമ അവയവങ്ങൾ, വസ്ത്രങ്ങൾ, കസേരകൾ, പെട്ടികൾ, ഫോൺ, ചെരുപ്പ്, വളകൾ, പൈപ്പുകൾ, സഞ്ചികൾ, യന്ത്രങ്ങളുടെ ഭാഗങ്ങൾ തുടങ്ങി എണ്ണിയാൽ തീരാത്ത പ്ലാസ്റ്റിക് വസ്തുക്കളാണ് നാം നിത്യേന കാണുകയും ഉപയോഗിക്കുകയും ചെയ്യുന്നത്. മനുഷ്യ സംസ്കൃതി ശിലായുഗവും വെങ്കലയുഗവും അയോയുഗവും (Iron age) താണ്ടി ഇന്ന് പ്ലാസ്റ്റിക് യുഗത്തിലെത്തിയിരിക്കുന്നു.



## എന്താണ് പ്ലാസ്റ്റിക്?

പ്ലാസ്റ്റികത പ്രകടിപ്പിക്കുന്ന വസ്തുക്കളാണ് പ്ലാസ്റ്റിക്കുകൾ. ചൂടും മർദ്ദവും കൊടുത്ത് അടിച്ചു പരത്താനും, വലിച്ചുനീട്ടാനും ദ്രവരൂപത്തിലാക്കി ആവശ്യമുള്ള ആകൃതിയും വലുപ്പവും നൽകാനും സാധ്യമാക്കുന്ന വസ്തുക്കളുടെ സ്വഭാവത്തെ പ്ലാസ്റ്റികത (Plasticity) എന്ന് പറയും. രൂപപ്പെടുത്തിയെടുക്കുക എന്നർത്ഥമുള്ള 'പ്ലാസ്റ്റിക്കോസ്' (Plasticos) എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് പ്ലാസ്റ്റിക് എന്ന വാക്കിന്റെ ഉത്ഭവം. കാർബൺ, ഹൈഡ്രജൻ ആറ്റങ്ങൾ രാസബന്ധനത്തിലൂടെ കൂടിച്ചേർന്ന് പ്ലാസ്റ്റിക് രൂപപ്പെടുന്നു. പലപ്പോഴും അവയോടു ചേർന്ന്, ഓക്സിജൻ, ക്ലോറിൻ, സൾഫർ തുടങ്ങിയ ആറ്റങ്ങളും ഉണ്ടാകാം. പ്ലാസ്റ്റിക് ഉണ്ടാകുന്ന പ്രക്രിയയെ പോളിമെറീകരണം (Polymerisation) എന്ന് പറയും. അനുയോജ്യമായ രാസപ്രവർത്തനത്തിലൂടെ വിവിധ ഘടനകളിൽ പോളിമെറുകളെ സംയോജിപ്പിച്ച് മനുഷ്യന് ഇഷ്ടമുള്ള പ്ലാസ്റ്റിക്കുകൾ സൃഷ്ടിച്ചെടുക്കാൻ ഇന്ന് പോളിമെർ ശാസ്ത്രജ്ഞർക്ക് കഴിയും. ഉരുക്കിനെപ്പോലെ ബലമുള്ളതും, ഗ്ലാസ്സിനെപ്പോലെ സുതാര്യവും, സ്പോഞ്ചു പോലെ മാർദ്ദവമുള്ളതുമായ നിരവധി പ്ലാസ്റ്റിക് ഉത്പന്നങ്ങൾ ഇന്ന് ലഭ്യമാണ്.

## പ്ലാസ്റ്റിക് പലവിധം, പലതരം

സെല്ലുലോസ്, അന്നജം (Starch), പരുത്തി (Cotton), പട്ട് (Silk), റബ്ബർ, രോമങ്ങൾ എന്നിങ്ങനെ പ്രകൃതിദത്ത പ്ലാസ്റ്റിക്കുകൾ നിരവധിയാണ്. ഗ്ലൂക്കോസ് തന്മാത്രകൾ ചേർന്നാണ് സെല്ലുലോസ് പ്ലാസ്റ്റിക് രൂപപ്പെടുന്നത്. സെല്ലുലോസിന്റെ ഏറ്റവും ശുദ്ധമായ രൂപം പരുത്തിയാണ്. ക്യാരിബാഗുകളുടെ നിർമ്മാണത്തിൽ അന്നജത്തിന് ഏറെ പ്രാധാന്യമുണ്ട്. രോമങ്ങളും, കമ്പിളിയും മറ്റും കെരാറ്റിൻ എന്ന മാംസ്യ (Protein) തന്മാത്രകളാൽ നിർമ്മിതമാണ്. സിൽക്ക് ആകട്ടെ സെറസിൻ എന്ന മാംസ്യ തന്മാത്രകളാൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു. പ്രകൃതിദത്ത

പ്ലാസ്റ്റിക്കുകളേക്കാൾ മെച്ചപ്പെട്ട സ്വഭാവസവിശേഷതകളുള്ള നിരവധിയായ കൃത്രിമ പ്ലാസ്റ്റിക്കുകൾ ഇന്ന് പ്രചാരത്തിലുണ്ട്. പ്രകൃതി വാതകങ്ങളും (Natural gas), അസംസ്കൃത എണ്ണയും (Crude oil) ഉൾപ്രേരകത്തിന്റെ (Catalyst) സാന്നിധ്യത്തിൽ രാസപ്രക്രിയകൾക്കു വിധേയമാക്കിയാണ് കൃത്രിമ പ്ലാസ്റ്റിക്കുകൾ നിർമ്മിക്കുന്നത്. പ്ലാസ്റ്റിക്കുകളുടെ നിർമ്മാണവേളയിൽ അവയ്ക്ക് കൂടുതൽ പ്ലാസ്റ്റികത ലഭിക്കുന്നതിനും, മൃദുത്വം നൽകുന്നതിനും വിവിധ തരം പ്ലാസ്റ്റിസൈസറുകൾ ഉപയോഗപ്പെടുത്തി വരുന്നു. പ്ലാസ്റ്റിക് ഉത്പന്നങ്ങളെ ആകർഷകമാക്കുന്നതിനു ഓർഗാനിക്കും ഇനോർഗാനിക്കുമായ ചായങ്ങൾ ചേർക്കാറുണ്ട്. പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ ബലം വർധിപ്പിക്കാൻ നിഷ്ക്രിയ (inert) വസ്തുക്കളായ ഫില്ലറുകളും, താപപ്രതിരോധം വർധിപ്പിക്കാൻ ആസ്ബസ്റ്റോസും, വൈദ്യുതഗുണങ്ങൾ വർധിപ്പിക്കാൻ മൈക്ക, സ്ലേറ്റ് പൊടി തുടങ്ങിയവയും ഉപയോഗപ്പെടുത്തുന്നു. ഇതു കൂടാതെ പ്ലാസ്റ്റിക്കുകളിൽ ഓക്സീകരണം തടയുന്നതിനായി ആന്റിഓക്സീകാരങ്ങൾ (anti-oxidants), താപനിമ്നീകരണം തടയുന്നതിനായി സ്ഥിരീകാരകങ്ങൾ (stabilizers) തുടങ്ങി നിരവധി രാസവസ്തുക്കൾ പ്ലാസ്റ്റിക് നിർമാണത്തിന് ഉപയോഗപ്പെടുത്തിവരുന്നു. കൃത്രിമ പ്ലാസ്റ്റിക്കുകളെ തെർമോ പ്ലാസ്റ്റിക്, തെർമോസെറ്റിങ് പ്ലാസ്റ്റിക് എന്ന രണ്ടു വിഭാഗത്തിൽപ്പെടുത്താം. ചൂടും മർദ്ദവും ഉപയോഗിച്ച് ഉരുക്കി യഥേഷ്ടം രൂപകൽപ്പന നടത്താൻ സാധിക്കുന്ന പ്ലാസ്റ്റിക്കാണ് തെർമോ പ്ലാസ്റ്റിക്. പാൽകവർ, കുപ്പികൾ തുടങ്ങി നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകൾ പലതും ഈ ഗണത്തിൽ പെട്ടവയാണ്. ഇവയെ നിരവധി തവണ ഉരുക്കാനും, പുനഃചംക്രമണം നടത്തി ആവശ്യമുള്ള വസ്തുക്കൾ ഉണ്ടാക്കാനും സാധിക്കും. ഒരിക്കൽ ഉത്പാദിപ്പിച്ചു കഴിഞ്ഞാൽ പിന്നീട് മാറ്റം വരുത്താൻ സാധിക്കാത്തവയാണ് തെർമോസെറ്റിങ് പ്ലാസ്റ്റിക്കുകൾ. ചൂടാക്കിയാൽ അവയ്ക്ക് മൃദുത്വം വരുകയോ ഉരുകുകയോ ഇല്ല. ഉറപ്പും ബലവും ദൃഢതയും ഏറും. ഇലക്ട്രിക് സ്വിച്ചുകൾ, കുക്കറിന്റെ കൈപ്പിടി തുടങ്ങിയവ ഈ ഗണത്തിൽപ്പെടുന്നു.

## പ്ലാസ്റ്റിക് ശത്രുവാകുമ്പോൾ

പ്ലാസ്റ്റിക് എന്ന അത്ഭുതവസ്തു വളരെ വേഗത്തിലാണ് മനുഷ്യന്റെ മിത്രമായി മാറിയത്. എന്നാൽ അതേ വേഗത്തിൽ മനുഷ്യന്റെയും പരിസ്ഥിതിയുടെയും ആരോഗ്യത്തിന് ഹാനികരമായും പ്ലാസ്റ്റിക് മാറിയിരിക്കുന്നു. നിരവധി രാസവസ്തുക്കൾ അടങ്ങിയതും, പെട്ടെന്ന് ജൈവവിഘടനം സംഭവിക്കാത്തതുമായ പ്ലാസ്റ്റിക് മാലിന്യം ദ്രുതഗതിയിൽ വർധിക്കുന്നതാണ് കാരണം. ആഗോളതലത്തിൽ പ്ലാസ്റ്റിക്കിന്റെ ഉത്പാദനം 1950-ൽ വെറും രണ്ട് ദശലക്ഷം ടൺ ആയിരുന്നത് 2023-ൽ 414 ദശലക്ഷം ടൺ ആയി വർധിച്ചു. പ്ലാസ്റ്റിക്കിന്റെ ഉപയോഗകാലം വളരെ കുറവാണെന്നതിനാലും, ഉത്പാദിപ്പിക്കപ്പെടുന്ന പ്ലാസ്റ്റിക് വസ്തുക്കൾ കാലാകാലങ്ങളോളം പ്രകൃതിയിൽ നിലനിൽക്കുന്നു എന്നതിനാലും പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് ദിനംപ്രതി വർദ്ധിക്കുകയാണ്. ഉത്പാദിപ്പിക്കപ്പെടുന്ന പ്ലാസ്റ്റിക്കിന്റെ 87 ശതമാനം ഓരോ വർഷവും മാലിന്യമായി മാറുന്നു എന്നാണ് നിലവിലെ കണക്ക്. 2023-ൽ ഇന്ത്യയിൽ ഉത്പാദിപ്പിച്ച 10 ദശലക്ഷം ടൺ പ്ലാസ്റ്റിക് ഉത്പന്നങ്ങളിൽ 68 ശതമാനവും മാലിന്യമായി ഉപേക്ഷിക്കപ്പെട്ടു എന്നനുമാനിക്കുന്നു. പ്ലാസ്റ്റിക്കിന്റെ വൈവിധ്യമാർന്ന ലഭ്യതയും, ഉപയോഗവും, വിലക്കുറവും ചണം, കളിമൺ, ഫർണിച്ചർ, തോൽ തുടങ്ങിയ പരമ്പരാഗത വ്യാവസായിക മേഖലകളെ ഇന്ന് അപ്രസക്തമാക്കിയിരിക്കുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ അടിഞ്ഞുകൂടി നീർച്ചാലുകളിൽ ഉണ്ടാകുന്ന തടസ്സം വെള്ളപ്പൊക്കമുൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾക്ക് കാരണമാകുന്നു എന്നതിന് നാം അനുഭവസ്ഥരാണ്. കൂടാതെ വെള്ളക്കെട്ടിൽ കൊതുകുകൾ പെരുകുന്നതും, രോഗാണുക്കൾ വർദ്ധിക്കുന്നതും മൂലമുള്ള രോഗഭാരം കൂടുതൽ ദുരിതങ്ങൾക്ക് കാരണമാകുന്നു. ആമ, ഡോൾഫിൻ ഉൾപ്പെടെയുള്ള മത്സ്യങ്ങളുടെയും, നൂറുകണക്കിന് മറ്റു ജീവികളുടെയും ശ്വാസനാളത്തിലും, ആമാശയത്തിലും ആഹാരമെന്ന ധാരണയിൽ പ്ലാസ്റ്റിക് മാലിന്യം എത്തുന്ന സ്ഥിതിയും വർദ്ധിതമാണ്. പ്ലാസ്റ്റിക് ഉത്പാദനം, ഉപയോഗം, നിർമ്മാർജ്ജനം എന്നീ പ്രക്രിയയിലെല്ലാം ഉണ്ടാകുന്ന ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം പ്രകൃതിക്ക് അതീവ ദോഷകരമാണ്. പ്ലാസ്റ്റിക് കത്തിക്കുന്നത് മൂലം ഘനലോഹകണികകൾ, ഡയോക്സിൻ, ഫ്യൂറാൻ, പൈറീൻ (Pyrene), ക്രൈസീൻ (Chrysene), കരിപ്പൊടി (Carbon black) എന്നിവ

അന്തരീക്ഷത്തിലെത്തുന്നു. ഇവ ശ്വാസകോശ രോഗങ്ങൾ വർദ്ധിക്കുന്നതിനു കാരണമാകാം. ചെടികളിലും, നീർച്ചാലുകളിലും അടിഞ്ഞു കൂടുന്ന ഡയോക്സിൻ കാലക്രമേണ ഭക്ഷണ ശൃംഖലയിലൂടെ ശരീരത്തിൽ എത്തിച്ചേരുന്നതിനും നിരവധി രോഗങ്ങൾക്കും കാരണമാകാം. പ്ലാസ്റ്റിക് മാലിന്യം വിഘടിക്കാതെ ദീർഘനാൾ പ്രകൃതിയിൽ കിടക്കും എന്നതിനാൽ അവയുടെ ശിഥിലീകരണപ്രക്രിയയിലൂടെ നിരവധിയായ രാസവസ്തുക്കൾ മണ്ണിൽ എത്തിച്ചേർന്ന് മലിനീകരണത്തിന് കാരണമാകുന്നു. 2017-ലെ ഒരു റിപ്പോർട്ടനുസരിച്ച് ലോകത്തിലെ പൈപ്പിലൂടെ ലഭിക്കുന്ന ഏതാണ്ട് 83% കുടിവെള്ള സാമ്പിളുകളിലും പ്ലാസ്റ്റിക് മലിനീകരണം കണ്ടെത്തിയിട്ടുണ്ട്. കുന്നുകൂടുന്ന പ്ലാസ്റ്റിക് മാലിന്യം നീർച്ചാലുകൾ, പുഴകൾ വഴി സമുദ്രത്തിലെത്തിച്ചേരുന്നു. ഏകദേശം 150 ദശലക്ഷം ടൺ പ്ലാസ്റ്റിക് കടലിൽ ഉണ്ട് എന്നാണ് അനുമാനം. പ്രതിവർഷം 4.8 മുതൽ 12.7 ദശലക്ഷം ടൺ പ്ലാസ്റ്റിക് മാലിന്യം സമുദ്രത്തിലേക്ക് ഒഴുകിയെത്തുകയും ചെയ്യുന്നു. 2050 ആകുമ്പോഴേക്ക് മൽസ്യത്തെക്കാളേറെ പ്ലാസ്റ്റിക് സമുദ്രത്തിലുണ്ടാകും എന്ന് കണക്കാക്കപ്പെടുന്നു. സമുദ്രത്തിലെ പ്ലാസ്റ്റിക് മലിനീകരണം മത്സ്യസമ്പത്തിനൊപ്പം, മറ്റു ജീവികൾക്കും, പവിഴപ്പുറ്റുകൾക്കും ഏറെ ദോഷകരമായി മാറിയിട്ടുണ്ട്.

### മൈക്രോപ്ലാസ്റ്റിക് കാണാമറയത്തെ ശത്രു

അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക്കുകൾ പലതരം വിഘടനങ്ങളിലൂടെ അത്യന്തം ചെറിയ പ്ലാസ്റ്റിക് കണികകളായി മാറുന്നു. ഇവയ്ക്ക് വലുപ്പവും ഭാരവും വളരെ കുറവായതിനാൽ വായുവിലൂടെയും വെള്ളത്തിലൂടെയും പ്രകൃതിയിൽ എവിടേക്കും എളുപ്പത്തിൽ വ്യാപിക്കും. സാധാരണ 5 മില്ലിമീറ്ററിൽ താഴെ വലുപ്പമുള്ള ചെറിയ പ്ലാസ്റ്റിക് കണങ്ങളെയാണ് മൈക്രോപ്ലാസ്റ്റിക്സ് എന്ന് വിളിക്കുന്നത്. ഒരു മൈക്രോമീറ്ററിൽ (1000 നാനോമീറ്റർ) താഴെ മാത്രം വലിപ്പമുള്ളവയെ നാനോപ്ലാസ്റ്റിക്കുകൾ എന്നും വിളിക്കുന്നു. നാം നിത്യേന ഉപയോഗിക്കുന്ന ടൂത്ത് പേസ്റ്റുകളിലും സൗന്ദര്യവർദ്ധക വസ്തുക്കളിലും ഫേസ് വാഷുകളിലും ഫേസ് സ്ക്രബ്ബുകളിലും മറ്റും മൈക്രോ പ്ലാസ്റ്റിക്കുകൾ അടങ്ങിയിട്ടുണ്ട്. സമുദ്രങ്ങളിലാണ് ഏറ്റവും കൂടുതൽ മൈക്രോപ്ലാസ്റ്റിക് കണങ്ങൾ ഉള്ളതായി കണ്ടിട്ടുള്ളത്. കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സമുദ്രജലത്തിൽ മൈക്രോപ്ലാസ്റ്റിക്കിന്റെ അളവ് 5 ഇരട്ടിയായി വർദ്ധിച്ചതായാണ് പഠന വിവരങ്ങൾ. ഏറ്റവും ചെറിയ പ്ലവകങ്ങൾ (Planktons) മുതൽ വലിയ മത്സ്യങ്ങൾ വരെയുള്ള സമുദ്ര ജീവികൾ ഭക്ഷണമാണെന്ന് കരുതി മൈക്രോ പ്ലാസ്റ്റിക് അകത്താക്കും. സമുദ്രോൽപ്പന്ന ഉപഭോഗത്തിലൂടെയും കുടിവെള്ളത്തിലൂടെയും അത് മനുഷ്യശരീരത്തിൽ എത്തിച്ചേരും. ഒരാൾ അയാളറിയാതെ ആഴ്ചയിൽ ശരാശരി അഞ്ച് ഗ്രാം വരെ പോളിമറുകൾ കഴിക്കുന്നുണ്ടെന്ന് ന്യൂകാസിൽ സർവകലാശാല 2022-ൽ നടത്തിയ ഒരു പഠനത്തിൽ വ്യക്തമാക്കുന്നുണ്ട്. ഒരു ലിറ്റർ കുപ്പി വെള്ളത്തിൽ ശരാശരി 2,40,000 നാനോപ്ലാസ്റ്റിക് കണങ്ങൾ ഉണ്ടാകുമെന്ന് 2024-ലെ ഒരു പഠനവും വ്യക്തമാക്കുന്നു. ശരീരത്തിനകത്ത് എത്തിച്ചേരുന്ന നാനോപ്ലാസ്റ്റിക് രക്തപ്രവാഹത്തിലൂടെ പലതരം കോശങ്ങളിലേക്ക് വ്യാപിക്കുകയും എൻഡോസിംബയോസിസ് എന്ന പ്രക്രിയയിലൂടെ ജീവകോശങ്ങളിലേക്ക് ആഗിരണം ചെയ്യപ്പെടുകയും ചെയ്യുന്നു. ഇത് കോശത്തിനകത്ത് റിയാക്ടീവ് ഓക്സിജൻ സ്പീഷീസ് (ROS) എന്ന വിഷ തന്മാത്ര ഉത്പാദിപ്പിക്കാൻ കാരണമാകും. 10 മൈക്രോമീറ്ററിൽ (ῆm) താഴെ വലിപ്പമുള്ള മൈക്രോപ്ലാസ്റ്റിക്സ് കുടലിൽ നിന്ന് രക്തചംക്രമണ, ലിംഫാറ്റിക് സിസ്റ്റങ്ങളിലേക്ക് വ്യാപിക്കുകയും ഒടുവിൽ തലച്ചോറ്, കരൾ, വൃക്ക എന്നിവയുടെ കലകളിൽ അടിഞ്ഞുകൂടുകയും ചെയ്യും. 0.1 മൈക്രോമീറ്ററിൽ താഴെ വലിപ്പമുള്ള നാനോപ്ലാസ്റ്റിക്സിന് കോശസ്തരങ്ങളെയും, പ്ലാസന്റൽ തടസ്സത്തെയും മറികടക്കാൻ കഴിയും എന്നും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. മൈക്രോപ്ലാസ്റ്റിക്സ് ഉള്ളിൽ ചെല്ലുന്നത്, ദഹനവ്യവസ്ഥയിലും രക്ത ചംക്രമണവ്യൂഹത്തിലും ശാരീരികമോ രാസപരമോ ആയ സമ്മർദ്ദത്തിനും കാരണമാകും. കേരളത്തിലെ അഷ്ടമുടിക്കായലിൽ ജലത്തിലും, അവസാദത്തിലും (sediment), മൽസ്യങ്ങളിലും, കക്കകളിലും മൈക്രൊപ്ലാസ്റ്റിക് സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. കായലിൽ നിന്ന് ശേഖരിച്ച സാമ്പിളുകളിൽ വിവിധതരം പ്ലാസ്റ്റിക് കണികകളും, അവയിൽനിന്ന് നിരവധിയായ അജൈവ

ഘടകങ്ങളും, ഘനലോഹങ്ങളും വേർതിരിച്ചെടുക്കുന്നതിനും, വിവിധ ആവാസവ്യവസ്ഥകളിൽ മൈക്രോപ്ലാസ്റ്റിക് സാന്നിധ്യം ഉണ്ടാക്കാവുന്ന പാരിസ്ഥിതിക ആഘാതങ്ങൾ കണ്ടെത്തുന്നതിനും കേരള സർവ്വകലാശാലയിലെ ഗവേഷകർക്കായിട്ടുണ്ട്. വിശദമായ ഈ ഗവേഷണങ്ങൾക്ക് നേതൃത്വം നൽകുന്നത് തിരുവനന്തപുരം ക്ഷത്രിയ സഭയുടെ അംഗം കൂടിയായ ഡോ. സുവർണ കുമാരിയാണ് എന്നതും ഭംഗ്യന്തരേണ സൂചിപ്പിക്കുന്നു.

## പ്ലാസ്റ്റിക് മാലിന്യ പരിപാലനം

പ്ലാസ്റ്റിക്കിന്റെ പ്രചാരം ഇന്ന് അഭൂതപൂർവമായി വർദ്ധിച്ചിരിക്കുന്നു. പ്ലാസ്റ്റിക്കില്ലാത്ത ഒരു ജീവിതം ഈ കാലഘട്ടത്തിൽ ആലോചിക്കാനുമാവില്ല. എന്നാൽ ഉപയോഗശേഷം ഉണ്ടാകുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്രകൃതിയിലെ എല്ലാ ജീവജാലങ്ങളുടെയും ആവാസവ്യവസ്ഥയുടെ നിലനിൽപ്പിനെ ആഴത്തിൽത്തന്നെ ബാധിച്ചിരിക്കുന്നു. ആയതിനാൽ പ്ലാസ്റ്റിക് മാലിന്യത്തെ ഫലപ്രദമായി പരിപാലിക്കേണ്ടിയിരിക്കുന്നു. പ്ലാസ്റ്റിക്കിന്റെ ഉപയോഗം ശാസ്ത്രീയമായും, ഉത്തരവാദിത്വബോധത്തോടെയും, അത്യാവശ്യത്തിലധിഷ്ഠിതമായും മാത്രം നിജപ്പെടുത്തി നിയന്ത്രിക്കുന്നതിന് നമ്മിലും നമ്മുടെ സമൂഹത്തിലും ഉണ്ടാക്കിയെടുക്കേണ്ട സ്വഭാവമാറ്റത്തിനായുള്ള സാമൂഹ്യ ഇടപെടൽ (Social Engineering) ഇത്തരുണത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നു. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കുക (Reduce), സാധ്യമാവുന്നിടത്തോളം പുനരുപയോഗിക്കുക (Reuse), ബാക്കിയുള്ളവ ശാസ്ത്രീയ പുനഃചംക്രമണത്തിനു (Recycle) വിധേയമാക്കുക എന്നിവയ്ക്കായുള്ള ബോധവൽക്കരണം, സ്വഭാവരൂപീകരണം, ശാസ്ത്രീയ സംവിധാനം ഒരുക്കൽ, ജനപങ്കാളിത്തം ഉറപ്പാക്കൽ എന്നിവ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങളുടെ പരിപാലനത്തിന് ഏറ്റവും സുപ്രധാനമായ പ്രവർത്തനങ്ങ ളാണ്. ഇവയെല്ലാം ഉൾപ്പെടുത്തിയുള്ള ഹരിത പെരുമാറ്റച്ചട്ടം (Green Protocol) പൊങ്കാല പോലെയുള്ള ഉത്സവങ്ങളിലും, സ്വകാര്യ സർക്കാർ ചടങ്ങുകളിലും മറ്റും പ്രചരിപ്പിച്ച് നാം വിജയിപ്പിച്ചിട്ടുണ്ട്. ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന പ്ലാസ്റ്റിക് സഞ്ചികളും മറ്റും ഉപേക്ഷിച്ചും, പ്ലാസ്റ്റിക് സംഭരണത്തിന് സജ്ജമാക്കിയിട്ടുള്ള ഹരിതകർമ്മസേന പോലെയുള്ള സംവിധാനങ്ങളെ പ്രോത്സാഹിപ്പിച്ചും പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് നമുക്ക് ഗണ്യമായി കുറയ്ക്കാനാകും. ലോകത്ത് പുനഃചംക്രമണ നിരക്ക് ഏറ്റവും അധികമുള്ള (47–60%) രാജ്യമാണ് ഇന്ത്യ. എന്നാൽ പുനഃചംക്രമണം ഉണ്ടാക്കുന്ന പ്രശ്നങ്ങൾ അനുയോജ്യ സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ലഘൂകരിക്കുന്നതിനും പ്ലാസ്റ്റിക് പുനഃചംക്രമണം കൂടുതൽ ഫലപ്രദമാക്കുന്നതിനും പ്രത്യേകശ്രദ്ധ വേണ്ടതുണ്ട്. ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന പ്ലാസ്റ്റിക് നിരുത്സാഹപ്പെടുത്തുന്നതിനായി 50 മൈക്രോൺ വരെ ഘനമുള്ള പ്ലാസ്റ്റിക് ബാഗുകൾ നിരോധിക്കുന്നതിനും, ഉറവിടത്തിൽ തന്നെ മാലിന്യം തരംതിരിക്കുന്നത് നിർബന്ധമാക്കുന്നതിനും, പ്ലാസ്റ്റിക് വസ്തുക്കളുടെ പുനരുപയോഗവും, പുനഃചംക്രമണവും പ്രോത്സാഹിപ്പിക്കുന്നതിനും, പ്ലാസ്റ്റിക് ഉത്പാദകരുടെ അധിക ഉത്തരവാദിത്വം (Extended Producer Responsibility) ഉറപ്പാക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയുള്ള പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ 2016 മുതൽ ഇന്ത്യയിൽ നിലവിലുണ്ട്. ഉത്പാദകന്റെ അധിക ഉത്തരവാദിത്വം വിപുലീകരിക്കുന്നതിനും നിയമം നടപ്പിലാക്കുന്നതിന് മുനിസിപ്പാലിറ്റികളെ ശക്തിപ്പെടുത്തുന്നതിനും ഘട്ടം ഘട്ടമായി ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകൾ നിരോധിക്കുന്നതിനും ജൈവവിഘടനം നടക്കുന്നതും കമ്പോസ്റ്റിംഗിന് വിധേയമാകുന്നതുമായ പ്ലാസ്റ്റിക് വസ്തുക്കൾ പ്രോത്സാഹിപ്പിക്കുന്നതിനും ചട്ടങ്ങൾ ലംഘിക്കുന്നവർക്ക് ഉയർന്ന ശിക്ഷ വ്യവസ്ഥ ചെയ്തുകൊണ്ടും പിന്നീട് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുമുണ്ട്.

പ്ലാസ്റ്റിക് ക്യാരിബാഗ് ഉൾപ്പെടെ ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന പ്ലാസ്റ്റിക് വസ്തുക്കൾ 2020 ജനുവരി ഒന്ന് മുതൽ കേരള സംസ്ഥാനത്ത് നിരോധിക്കുകയുണ്ടായി. ഈ നിരോധനം ലംഘിക്കുന്ന നിർമ്മാതാക്കൾ, മൊത്ത വിതരണക്കാർ, ചെറുകിട വിൽപ്പനക്കാർ, കടക്കാർ, വിൽക്കുന്നവർ എന്നിവർക്കെതിരെ 10,000/- രൂപ (പതിനായിരം രൂപ) പിഴ ചുമത്തുന്നതിനും, കുറ്റം ആവർത്തിച്ചാൽ ഉയർന്ന പിഴ ചുമത്തുന്നതിനും, സ്ഥാപനത്തിന്റെ പ്രവർത്തനാനുമതി റദ്ദാക്കുന്ന

കവിത

# മത്സ്യത്തിന്റെ മനോരാജ്യം

**ഇ. രാമവർമ്മരാജ,** അഡ്വക്കേറ്റ്
എണ്ണയ്ക്കാട് കൊട്ടാരം



വിസ്താരമാർന്ന ജലാശയത്തിൽ
അങ്ങോളമിങ്ങോളം നീന്തിക്കളിച്ചും
മുങ്ങിയും പൊങ്ങിയും പുഴവക്കത്ത്
വന്നീടും പല നേരങ്ങളിൽ.

എന്റെ സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യരുതേ
എന്ന പ്രാർത്ഥന ദൈവത്തോട് സദാപി
തിന്നാൻപോലുമില്ലാക്ഷേപമെനിക്ക്
തണുത്ത വെള്ളം എത്ര ഹിതകരം.

മൂക്കറ്റം കുടിച്ചീടാം തത്തിക്കളിക്കാം
വേണങ്കിൽ ഹൈജംപു നടത്തി സുഖിക്കാം
ഞാനറിയാതെ വലയെറിഞ്ഞപ്പോൾ
കരഞ്ഞു വിളിച്ചു “ദൈവമേ ഇനിയെന്ത്.”

നാളെ പ്രഭാതത്തിൽ വീണ്ടും അയാളെത്തും
രാത്രി ഞാനിങ്ങനെ മനോരാജ്യത്തിൽ
ഇരിക്കവേ രക്ഷിതാവിനെ ഞാൻ കണ്ടു
പടവുകൾ ഇറങ്ങിവന്നപ്പോൾ

അസ്വതന്ത്രയായി വലയിൽ കുടുങ്ങിയ എന്നെ
സ്വാതന്ത്ര്യത്തിൻ വിഹായസ്സിലാക്കി മെല്ലെ
പിറ്റേന്നു രാത്രി വീണ്ടും ഞാൻ കണ്ടപ്പോൾ
രക്ഷിതാവേ, ഞാനൊന്നു കനിവോടെ ചോദിക്കട്ടെ.

എന്നെ നീ പിടിച്ചുകൊണ്ടുപോയി
വല്ല കിണറ്റിലോ മറ്റോ ഉപേക്ഷിക്കൂ
കുടത്തിൽ വെള്ളം നിറച്ച് പൊക്കിയെടുത്ത്
എന്നെ ദയയോടെ കിണറ്റിലേക്കെറിഞ്ഞു.

കിണറിൽ കിടന്നുകൊണ്ട് ഞാനോർത്തു
എൻകാലന്മാരിൽ നിന്നെത്ര ദൂരമകലേ
അവിടെ കിടന്ന് ഓർമ്മ വന്നപ്പോൾ
ഞാനോർത്തു എൻ മാതാപിതാക്കന്മാരെ. ●

---

തിനും വ്യവസ്ഥയുണ്ട്. കൂടാതെ വിൽപന നടത്തുന്ന പ്ലാസ്റ്റിക്ക് കുപ്പികളും കവറുകളും ഇതര ഉല്പന്നങ്ങളും തിരികെ നൽകുന്നവർക്ക് അതാതു സ്ഥാപനങ്ങൾ നിശ്ചിത തുക നൽകി പ്രോത്സാഹിപ്പിക്കുന്നതിനും ഉത്തരവ് നിർദേശിക്കുന്നു. സാധാരണ പ്ലാസ്റ്റിക് ബാഗുകൾക്ക് പകരം ജൈവവിഘടനത്തിന് വിധേയമാകുന്ന (biodegradable) പ്ലാസ്റ്റിക് കൊണ്ട് ബാഗുകൾ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകളെ വ്യവസായ വകുപ്പ് പ്രോത്സാഹിപ്പിക്കുന്നതിനും ഉത്തരവ് നിർദ്ദേശിക്കുന്നു. പ്ലാസ്റ്റിക് എന്ന മിത്രത്തെ ഒഴിവാക്കുക എന്നത് നിലവിൽ പ്രായോഗികമല്ല. എന്നാൽ അനിയന്ത്രിതമായി വർദ്ധിച്ചു വരുന്ന പ്ലാസ്റ്റിക് മലിനീകരണം തടയുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നാം ബാധ്യസ്ഥരാണ് എന്ന് ഈ വർഷത്തെ ലോക പരിസ്ഥിതി ദിനം (ജൂൺ 5) നമ്മെ ഓർമ്മപ്പെടുത്തുന്നു. ●

## തുള്ളൽ വിദേശത്തേക്ക്




അമേരിക്കയിലെ സ്വസ്തി ഫൗണ്ടേഷൻ സംഘടിപ്പിച്ചിരിക്കുന്ന SWASTHI FEST 2025–ൽ ഇക്കുറി ഓട്ടൻ തുള്ളലുമായി **അമ്പലപ്പുഴ സുരേഷ് വർമ്മ** പങ്കെടുത്തു. മെയ് 25–ന് ആരംഭിച്ച് ജൂലൈ 14 വരെ നീണ്ടുനിന്ന സ്വസ്തി ഫെസ്റ്റ് 2025 അമേരിക്കയിലെ വിവിധ സ്ഥലങ്ങളിൽ ക്ഷണിക്കപ്പെട്ട സദസ്സുകളിൽ കലാവതരണങ്ങൾ നടത്തി.

ലേഖനം

# മഹാത്മാഗാന്ധിയും സർദാർ പട്ടേലും



**രമേശ്ചന്ദ്ര വർമ്മ. ആർ**
കോട്ടയ്ക്കൽ, മൊ. 9249337928



*"Generations to come, it may well be, will scarce believe that such a man as this one ever in flesh and blood walked upon this earth."*

ലോകപ്രസിദ്ധ ശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻസ്റ്റൈൻ നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയെപ്പറ്റി പറഞ്ഞ വാക്കുകൾ!

കഴിഞ്ഞമാസം അഹമ്മദാബാദിലേക്ക് ഞങ്ങൾ ഒരു യാത്ര പോയിരുന്നു. അവിടെ സബർമതി നദീതീരത്തു സ്ഥിതിചെയ്യുന്ന മഹാത്മജി സ്ഥാപിച്ച ആശ്രമത്തിലൂടെ നടക്കുമ്പോൾ മുകളിൽപ്പറഞ്ഞിരിക്കുന്ന വരികൾ എത്രയോ പ്രാവശ്യം ഞങ്ങളുടെ മനസ്സിൽക്കൂടി മിന്നിമറഞ്ഞു പോയിരിക്കുന്നു!

Sabarmati Ashram Preservation and Memorial Trust ന്റെ ചുമതലയിലാണ് ആശ്രമം ഇപ്പോൾ നിലകൊള്ളുന്നത്. 1917 മുതൽ 1930 വരെ ഭാരതത്തിന്റെ സ്വാതന്ത്ര്യസമരത്തിന്റെ സിരാകേന്ദ്രമായിരുന്നു സബർമതി ആശ്രമം. മഹാത്മജി ഇവിടെ താമസിച്ചിരുന്ന കാലഘട്ടത്തിലാണ് നിസ്സഹകരണ പ്രസ്ഥാനത്തിനും ദണ്ഡിയാത്രയ്ക്കുമെല്ലാം നേതൃത്വം നൽകിയിരുന്നത്. പരിപാവനവും പ്രശാന്ത സുന്ദരവുമായ ഈ ആശ്രമവാസക്കാലത്താണ് മഹാത്മജി തന്റെ ആത്മകഥയായ 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' (The Story of My Experiments with Truth) എഴുതിയത്.

നീണ്ട 21 വർഷക്കാലം സൗത്ത് ആഫ്രിക്കയിൽ ജോലി ചെയ്തശേഷം മഹാത്മജി 1915-ൽ ഇന്ത്യയിലെത്തി. ഈ കാലത്താണ് കൊച്ചറാബി എന്ന ഗ്രാമപ്രദേശത്ത് വാടകക്കെട്ടിടത്തിൽ തന്റെ സത്യാഗ്രഹ ആശ്രമം സ്ഥാപിച്ചത്.

തുടർന്ന് സത്യാഗ്രഹ സമരങ്ങൾക്ക് ഒരു കേന്ദ്രീകൃത രൂപം നൽകുന്നതിനായി അഹമ്മദാബാദ് ആസ്ഥാനമായി തെരഞ്ഞെടുത്തു. ചർച്ചകൾ വ്യാപകമായി പ്രചരിപ്പിക്കുന്നതിന് ധാരാളം നെയ്ത്തുശാലകൾ ഉണ്ടായിരുന്ന അഹമ്മദാബാദ് പ്രദേശം കൂടുതൽ പ്രയോജനം ചെയ്യുമെന്ന് അദ്ദേഹം മനസ്സിലാക്കി. സബർമതി നദീതീരവും അദ്ദേഹത്തെ ഏറെ ആകർഷിച്ചു! ആശ്രമം അങ്ങനെ 1917 ജൂൺ 17-ന് പ്രവർത്തനമാരംഭിച്ചു.

പുതിയ തലമുറയ്ക്ക് സ്വരാജിനെപ്പറ്റി കൂടുതൽ അറിയാനും സാമൂഹ്യ ഉന്നമനത്തിനും സേവനത്തിനും യോജിച്ചു പ്രവർത്തിക്കാനും വേണ്ടി 1920-ൽ ഗുജറാത്ത് വിദ്യാപീഠം ആരംഭിച്ചു. തുണിമില്ലുകളിലെ തൊഴിലാളികളെ സംഘടിപ്പിക്കാനും പഞ്ചാബിലെ അമൃത്സറിൽ സ്വാതന്ത്ര്യസമരങ്ങൾക്കു തുടക്കമിടാനും ഗാന്ധിജി അക്കാലത്ത് ശ്രമം തുടങ്ങി.

Sabarmati Ashram Preservation and Memorial Trust (SAMPT) ന്റെ സംരക്ഷണത്തിൽ ഹൃദയകുഞ്ജ, വിനോബ കുടീർ, മീരാ കുടീർ, മാഗൻ നിവാസ് മുതലായ സ്മാരകങ്ങളും ഉൾപ്പെടുന്നു.

ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ്, ഗോസംരക്ഷണം, ഡയറികൾ ശുചീകരണം, വിദ്യാഭ്യാസം എന്നിവയെല്ലാം ട്രസ്റ്റിന്റെ ചുമതലയിൽ നിർവ്വഹിക്കപ്പെടുന്നു. കൂടാതെ ദലിത് ഉന്നമനം, വർണ്ണവെറി നിർമ്മാർജ്ജനം, സമൂഹനന്മയെ മുൻനിർത്തിയുള്ള ധാരാളം പ്രസിദ്ധീകരണങ്ങൾ എല്ലാം ട്രസ്റ്റിന്റെ ചുമതലകളിൽപ്പെടുന്നവ തന്നെ.

ഒരു മനുഷ്യായുസ്സിൽ ഭാരതത്തിനുവേണ്ടി ചെയ്യാവുന്നതൊക്കെ ചെയ്ത് "എന്റെ ജീവിതമാണ് എന്റെ സന്ദേശം" എന്ന് ഉറക്കെ ഉദ്ഘോഷിച്ച് 1948 ജനുവരി 30-ന് മഹാത്മജി ലോകത്തോട് വിടപറഞ്ഞു.

ദൈവദൂതന്മാരെപ്പോലെ തോന്നിക്കുന്ന ചില നല്ല ആൾക്കാരായിരിക്കും പലപ്പോഴും നമ്മൾക്ക് സഹായഹസ്തവുമായി എത്തുക! മുൻപരിചയം ഒട്ടുമുണ്ടായിരുന്നില്ലെങ്കിലും ഞങ്ങളെ പോൾസൺ ചേട്ടൻ തന്റെ സ്വന്തം വാഹനത്തിൽ അഹമ്മദാബാദിന്റെ മുക്കും മൂലയും കാണിച്ചുതന്നു. കഴിഞ്ഞ നാല്പതു വർഷക്കാലമായി അഹമ്മദാബാദിൽ താമസമാക്കിയിരിക്കുന്ന പോൾസണ് അഹമ്മദാബാദ് തന്റെ സ്വന്തം നഗരമാണ്. പാലക്കാട് വടക്കാഞ്ചേരിക്കാരനായ പോൾസണും കുടുംബത്തിനും എല്ലാവിധ നന്മകളുമുണ്ടാവട്ടെ!

പോൾസൺ തന്റെ വീട്ടിൽ കൊണ്ടുപോയി ഞങ്ങൾക്ക് ഭക്ഷണം തന്നു. നിഴൽപോലെ എല്ലാ സ്ഥലങ്ങളിലും ഒപ്പം വന്ന് എല്ലാം കാണിച്ചു പറഞ്ഞുതന്നു.

തുടർന്നുള്ള യാത്ര അല്പം ദൂരത്തേക്കായിരുന്നു. അഹമ്മദാബാദിൽ നിന്നും ആനന്ദ്, ബറോഡ, ഭറൂച്ച് വഴി ഏക്താ നഗറിലേക്ക്! നീണ്ടു നിവർന്നു കിടക്കുന്ന ഹൈവേയ്ക്ക് ഇരുവശവും ധാരാളം കൃഷിസ്ഥലങ്ങളും ഇടയ്ക്കിടെ ചെറുഗ്രാമങ്ങളും മാത്രം! ഗുജറാത്തിൽ ഏതു ഭാഗത്തുകൂടി സഞ്ചരിച്ചാലും Gujarat Industrial Development Corporation (GIDC) യുടെ കീഴിൽ സ്ഥിതി ചെയ്യുന്ന ധാരാളം വ്യവസായസ്ഥാപനങ്ങളും, വ്യവസായ നഗരങ്ങളും കാണാം! അഹമ്മദാബാദിൽ നിന്നും ഏകദേശം 35 കി.മീ. അകലെ ആനന്ദ് ജില്ല സ്ഥിതിചെയ്യുന്നു. ഇവിടെയാണ് ഡോ. വർഗ്ഗീസ് കുര്യൻ വികസിപ്പിച്ചെടുത്ത Anand Milk Union Ltd അഥവാ AMUL സ്ഥിതി ചെയ്യുന്നത്. ധാരാളം പാലുത്പന്നങ്ങൾ നമുക്ക് നേരിട്ട് ഫാക്ടറി ഔട്ട്ലെറ്റിൽ നിന്നും വാങ്ങാം.

പാലുത്പന്നങ്ങളുടെ ഉത്പാദനത്തിലും ഗുണമേന്മാ നിലവാരം നിലനിർത്തുന്നതിലും അമൂൽ നിർണ്ണായക പങ്കു വഹിക്കുന്നു. ബറോഡയിലെ ലക്ഷ്മീ വിലാസ് പാലസും, മഹാരാജാ സയാജീ റാവു യൂണിവേഴ്സിറ്റിയും (M S University) കണ്ട് ഞങ്ങൾ ഏക്താ നഗറിനെ ലക്ഷ്യമാക്കി യാത്ര തുടർന്നു.

ഭറൂച്ച് തികച്ചും വ്യവസായ നഗരമാണ്. ഭറൂച്ച് കടന്നാൽ പാതയുടെ വശത്തായി സ്റ്റേറ്റ് യൂണിറ്റിയുടെ ബോർഡുകൾ ധാരാളമായി കണ്ടു തുടങ്ങും. ഏകദേശം മൂന്നു മണിക്കൂർകൊണ്ട് ഏക്താ നഗറിലെത്താം. ഏക്താ നഗറിൽ ഏറെ വിസ്മയങ്ങളാണ് നമ്മെ കാത്തിരിക്കുന്നത്. സ്റ്റാച്ച്യൂ ഓഫ് യൂണിറ്റി, ഏക്താ നഴ്സറി, ഏക്താ ട്രൈബൽ കോഫി, ആരോഗ്യ വാൻ ബട്ടർഫ്ളൈ ഗാർഡൻ എന്നിങ്ങനെ വിവിധ വിസ്മയക്കാഴ്ചകൾ. ഏക്താ ഷോപ്പിംഗ് മാൾ ഏറെ വിസ്മയകരം തന്നെ!



ഏക്താ നഗർ റെയിൽവേ സ്റ്റേഷന്റെ നവീകരണം നടന്നുകൊണ്ടിരിക്കുന്നു.

നർമ്മദാ നദീതീരത്ത് സ്ഥിതിചെയ്യുന്ന സർദാർ വല്ലഭായ് പട്ടേലിന്റെ പ്രതിമ (Statue of Unity) ഏറ്റവും വിസ്മയപ്പെടുത്തുന്ന കാഴ്ചയാണ്.

സ്വാതന്ത്ര്യാനന്തരം ഭാരതത്തിലെ 562 നാട്ടുരാജ്യങ്ങളെ ഇൻഡ്യൻ റിപ്പബ്ലിക്കിനോട് കൂട്ടിച്ചേർക്കുന്ന ദൗത്യമാണ് സർദാർ വല്ലഭായ് പട്ടേൽ നിർവ്വഹിച്ചത്.

ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലേയും വയലുകളിൽ നിന്നും ഗ്രാമങ്ങളിൽനിന്നും ശേഖരിച്ചെടുത്ത മണ്ണിന്റെ വിപുലമായ ശേഖരവും സ്റ്റാച്യുവിലേക്കു നീളുന്ന വഴിയിൽ കാണാം. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ പ്രതിമ; ഉയരം 182 മീറ്റർ. പ്രതിമ സ്ഥിതിചെയ്യുന്ന ഗ്രാമം കവേഡിയ. നർമ്മദാ നദിയിൽ സ്ഥിതിചെയ്യുന്ന സർദാർ സരോവർ ഡാമിന് അഭിമുഖമായാണ് പ്രതിമ സ്ഥിതിചെയ്യുന്നത്.

'റാം വി സുതാർ' എന്ന ശിൽപ്പി രൂപകൽപ്പന ചെയ്തതാണ് ഈ പ്രതിമ. സ്റ്റീൽ, കോൺക്രീറ്റ്, വെങ്കലം മുതലായവ കൊണ്ടു നിർമ്മിച്ച ഈ പ്രതിമ പണിപൂർത്തീകരിക്കാൻ വേണ്ടിവന്നത് ഏതാണ്ട് അഞ്ചു വർഷം! ഈ ബൃഹത് പ്രതിമയ്ക്കുള്ളിലൂടെ മുകളിലെത്താൻ ലിഫ്റ്റ് സൗകര്യവുമുണ്ട്.

ലോകോത്തര നിലവാരം പുലർത്തുന്ന ഒരു വിനോദസഞ്ചാര കേന്ദ്രമായി ഏക്താനഗർ എത്തിക്കഴിഞ്ഞിരിക്കുന്നു.

ഐകമത്യം മഹാബലം, അഖണ്ഡത, ദേശീയത, ഉന്നതി എല്ലാം ഒത്തിണങ്ങിയ ഒരു "ഫീൽ"! അതാണ് Statue of Unity!! ●

കഥ



# ഉപ്പുമാങ്ങ ഭരണികൾ

**ആര്യ സജീവ്**
കൊരട്ടി, മൊ. 9995903300

**ക്ഷത്രിയ ക്ഷേമസഭ അഖിലകേരളാടിസ്ഥാനത്തിൽ 2024 ഒക്ടോബറിൽ നടത്തിയ ചെറുകഥാ മത്സരത്തിൽ ഒന്നാം സമ്മാനം ലഭിച്ചത്**

ഇത് കഴിഞ്ഞ ജന്മത്തിലേക്കുള്ള എന്റെ ആദ്യ യാത്രയാണെന്ന് പറയാം. കാരണം ഈ ജന്മത്തിൽ ഞാൻ ഇപ്പോൾ ജനിച്ചതല്ലേ ഉള്ളു. മുജ്ജന്മങ്ങളിൽ വിശ്വസിച്ചിരുന്നില്ല ഞാൻ.. ഇന്നലെ വരെ. പക്ഷേ.. പെട്ടെന്ന് എനിക്ക് കഴിഞ്ഞ ജന്മത്തിലെ കാര്യങ്ങൾ ഓർമ്മ വരികയായിരുന്നു.. എന്റെ ഓർമ്മകൾ വസ്തുനിഷ്ഠമാണോ എന്ന് ചിന്തിച്ച് ഉന്മാദാവസ്ഥയിലായിപ്പോയേക്കാം ഞാൻ എന്നെനിക്ക് തോന്നി. അത്തരം കഥകൾ ഞാൻ ധാരാളം കേട്ടിട്ടുണ്ട്.



''കുറച്ചു ദിവസം ഞങ്ങൾ ഇവി ടെ ഉണ്ടാകില്ല. അമ്മയ്ക്ക് കൂട്ടിനു ചേട്ടൻ വരും ട്ടോ..''

“യ്യോ വേറെ ആരായാലും ശരിയാകില്ല. നിങ്ങള് നോക്കണ പോലെ ആകില്ല.”

“അതൊക്കെ അമ്മേടെ തോന്നലാ. എല്ലാരും അമ്മേടെ മക്കളെന്നെ അല്ലേ.”

“പോണൂന്നു പറയുമ്പോൾ പിന്നെ ഞാൻ എന്താ ചെയ്യാ.”

അമ്മയുടെ കണ്ണിൽ ഭീതിയുടെ കാട്ടുതീ ജ്വലിക്കുന്നുണ്ടായിരുന്നു.

“എന്താ? എന്തു പറ്റി?”

“ഇവിടെ മുഴുവൻ ഓന്തുകളാണ്. ഇപ്പോൾ അകത്തേക്കും വന്ന് തുടങ്ങി. നേരത്തെ മുറ്റത്തേ ഉണ്ടായിരുന്നുള്ളു.”

അമ്മ ഭയപ്പാടോടെ ചുറ്റും നോക്കി. ഒരുപാട് ഓന്തുകൾ അമ്മയ്ക്ക് ചുറ്റും ഉള്ളതുപോലെ അമ്മയുടെ നോട്ടം ഒരു പകപ്പോടെ ചുറ്റിതിരിഞ്ഞു.

ഞാൻ ചുറ്റും നോക്കി.. ഇപ്പോൾ എനിക്കും കാണാനാകുന്നുണ്ട് അമ്മയുടെ ഏകാന്തതയിൽ ഭയംപെറ്റ ഓന്തുകൾ. വീടുമുഴുവൻ വലിയ വലിയ ഓന്തുകൾ.. ഓന്തുകൾ, സ്വൈരവിഹാരം നടത്തുന്നു. അച്ഛന്റെ ചാരുകസേരയിൽ കിടന്നു ന്യൂസ് പേപ്പർ വായിക്കുന്ന ഓന്ത്, ഞാൻ ശ്രദ്ധിക്കുന്നത് കണ്ടിട്ടാകണം, അത് കസേരയ്ക്കടിയിലേക്ക് പതുങ്ങി. അടുക്കളയിൽ കയറി ചില നേരങ്ങളിൽ ജ്യൂസ് ഉണ്ടാക്കി കുടിക്കുന്നു. മാറി നിന്നു ചോരയൂറ്റി കുടിക്കുന്ന ഓന്തുകൾ വേറെയും. ദിനോസറുകളുടെ കാലത്തെ വലിയ വലിയ പനകളായിരുന്നു അപ്പോൾ വീടിനു ചുറ്റും. പിന്നെ പനയുടെ പല പല വകഭേദങ്ങൾ.. ചെറുതും വലുതുമായ പനകളിൽ നിന്നും പട്ടകൾ അടർത്തി കഴിക്കുന്ന ഓന്തുക്കളെക്കൊണ്ടും, ചെറു ജീവികളെ നീണ്ട നാവുകൊണ്ട് വേട്ടയാടിപ്പിടിക്കുന്ന ഓന്തുകളെക്കൊണ്ടും വീടും മുറ്റവും പറമ്പ് മുഴുവനും നിറഞ്ഞിരുന്നു. അമ്മയുടെ മുണ്ടും രണ്ടാംമുണ്ടും വരെ ഓന്തുകൾ കരസ്ഥമാക്കിയെന്ന് അമ്മ എന്നോട് സ്വകാര്യം പറഞ്ഞു. എനിക്കറിയാം മറ്റാരും സമ്മതിച്ചില്ലെങ്കിലും അമ്മ പറയുന്നത് സത്യമാണെന്ന്. അമ്മയുടെ കണ്ണിലൂടെ നോക്കിയാലേ അമ്മ പറയുന്ന സത്യങ്ങൾ മനസ്സിലാക്കാനാകൂ. മകൻ നീരസത്തോടെ എന്നെ നോക്കി.

“അമ്മയ്ക്ക് പ്രായായേന്റെ ആണെന്നു വയ്ക്കാം.. മരുമോൾക്ക് എന്തിന്റയാ?”

"ഞാനും വരുന്നുണ്ട് കൂടെ.."

"അതിനെന്താ ചിറ്റയും പോന്നോളൂ കൂടെ"

"അച്ചൂനോട് ചോദിച്ചിട്ടു തീർച്ചയാക്കാം.. കഴിഞ്ഞ തവണ നീ പോയപ്പോൾ ഞാൻ നിന്റെ കൂടെ വന്നതാണ്. പിന്നെ ആരും എന്നെ എവിടേക്കും കൊണ്ടോയിട്ടില്ല."

"അതിനെന്താ ഞാനില്ലേ ചിറ്റയെ കൊണ്ടോകാൻ. നമുക്ക് മൂന്നാൾക്കും കൂടി കഥകളൊക്കെ പറഞ്ഞ്... അങ്ങനെ പോകാം പോരെ?"

"മാഹ മാഹ.."

ഞാൻ ഇതിനു മുമ്പ്, കൊറോണക്കാലവും വരും മുമ്പ്, പഴയ ജന്മത്തിലാണ് അതിലും മുൻപത്തെ ജന്മത്തിലേക്കു ചിറ്റയെ കൊണ്ടു പോയത്.. ചിറ്റയ്ക്കതു മനസ്സിലായില്ല. കാരണം ഞാൻ, ഞാൻ മാത്രമാണ് പുനർജനിച്ചത്. എന്റെ ജന്മരഹസ്യങ്ങൾ അറിവില്ലാത്തതിനാൽ, ജന്മാന്തരങ്ങളിലൂടെ ഞാൻ നടത്തുന്ന പ്രയാണങ്ങളും എന്റെ ഗ്രഹണങ്ങളും പുനർജനികളും ചിറ്റയ്ക്ക് അജ്ഞാതമായിത്തന്നെ ഇരുന്നു.

"ഈ വെള്ളരിക്ക്... ദേ ഇത്രേം പോന്ന ഈ വെള്ളരിക്ക്, മൂന്നുരൂപയാ വില."

"മുത്തശ്ശാ, മൂന്നു രൂപയ്ക്ക് ഇപ്പൊ അതെക്കത്തന്യേ കിട്ടൂ.."

"കുട്ടി പറഞ്ഞത് നേരാ. എന്റെ കുട്ടിക്കാലത്തൊക്കെ നാലണയ്ക്ക് ഒരു കിലോ അരി കിട്ടീരുന്നു."

"ഈ നാലണ എന്ന് പറഞ്ഞാൽ ഇരുപത്തിയഞ്ചു പൈസ അല്ലേ മുത്തശ്ശാ?"

"ങ്ഹാ കുട്ടിക്കിതൊക്കറിയാല്ലോ?"

"പാർവതീ, കുട്ടിക്ക് ഉടുക്കാൻ പുളിയിലക്കര നേര്യേത് എടുത്തു കൊടുക്കൂ."

മുത്തശ്ശി വെള്ളരിയുടെ നാലിലൊന്നു എടുത്ത്, പഴുത്ത മൂവാണ്ടൻ മാങ്ങയിട്ടു ഊണിനു കൂട്ടാൻ പുളിശ്ശേരി ഉണ്ടാക്കുന്ന തിരക്കിൽ, എന്നെ തിരിഞ്ഞു നോക്കി മുൻവശത്തെ പൊന്തിയ പല്ലുകളും മോണയും കാട്ടി ചിരിച്ചു.

മുറ്റത്തെ മൂവാണ്ടൻമാവിൽ നിന്നും അണ്ണാറക്കണ്ണന്മാർ തുരുതുരാ പഴുത്ത മാങ്ങകൾ പൂഴി മണ്ണിലേക്ക് വീഴ്ത്തുന്നത് നോക്കി ഞാൻ ചിറ്റയെ ചാരി ഇരുന്നു.

ചിറ്റയപ്പോൾ, കട്ടമുല്ലയുടെ, തൂങ്ങിയാടുന്ന വള്ളിയിൽ വിരിഞ്ഞു നിന്ന മുല്ലപ്പൂവിന്റെ സുഗന്ധം ആർക്കും കൊടുക്കാതെ മുഴുവനും മനസ്സിൽ നിറയ്ക്കാൻ പാടുപെടുകയായിരുന്നു.

രണ്ടാൾപ്പൊക്കം വരുന്ന മതിലിലെ കൽവിളക്കുകളിൽ എണ്ണപകരുന്ന മുത്തശ്ശന്റെ അരികിൽ കൽവിളക്കുകളിൽ പറ്റിയ പഴമയുടെ കരിയും മെഴുക്കും തുടച്ചുകൊണ്ട് ഞാൻ കൂടെ നടക്കുമ്പോൾ, പലപ്പോഴും കാലുകൾ പൂഴിയിലാണ്ടു പോയി. കാലിൽ വേരുകൾ കിളിർക്കാൻ സമ്മതിക്കാതെ ഞാൻ കാലുകൾ വലിച്ചെടുത്തു. പൂഴി മണ്ണിൽ പൂണ്ടു കിടക്കുന്ന വേരുകളുടെ ഉത്ഭവം തിരഞ്ഞുപോയാൽ എവിടെയായിരിക്കും എത്തുക? കണിയാമ്പുഴയുടെ അടിത്തട്ടിലെവിടെയോ ഒരു ഉപ്പു വെള്ളച്ചാലിൽ...?? അല്ലെങ്കിൽ അവിടെനിന്നു വീണ്ടും ഒഴുകി അങ്ങ് അറബിക്കടലിൽ..? അവയെല്ലാം എന്റെ കാലിന്നടിയിലാണ് വന്നെത്തി നിൽക്കുന്നത്; എന്നെ വലിച്ചടുപ്പിച്ചു ചേർത്തു കെട്ടാൻ. അപ്പോഴേക്കും കൽവിളക്കുകളിൽ മിന്നാമിനുങ്ങുകൾ വിരുന്ന് വന്നിരുന്നു. കിണറിന്റെ ചുറ്റുമതിലിൽ കയറിനിന്ന്, എന്നെ ഉയർത്തി, മതിലിനുമുകളിലൂടെ, പറയെടുപ്പിന് വന്ന ആനയെ കാണിച്ചുതരുന്ന അമ്മയെ ഞാൻ ഒഴികെ മറ്റാരും കണ്ടില്ല.

"അച്ചൂന്റെ മോനെ നോക്കാൻ ആരും ഉണ്ടാകില്ല. ഞാൻ വരുന്നില്ല നിന്റെ കൂടെ. പോകണ്ടാന്നു അച്ചു പറഞ്ഞു."

"സ്വാതിയോട് ഒരു ദിവസം ലീവെടുക്കാൻ പറയൂ."

"അവൾക്കും അവനും ലീവ് ഇല്ലെന്നാണ് പറയുന്നത്."

"കുഞ്ഞിക്കാലു കാണാൻ പാളയും വെട്ടിവച്ച് കാത്തിരുന്ന് ഉണ്ടായതല്ലേ. ചിറ്റേടേം കൂടി ഉത്തരവാദിത്തമാണ് കുട്ടിയെ നോക്കേണ്ടത്. സാരല്യ ഞാൻ സംസാരിക്കാം അവനോട്, ഫോൺ അവനു കൊടുക്കൂ."

"അച്ചൂ, അമ്മയ്ക്ക് വയസ് എഴുപതായി. എത്രനാൾ അമ്മയ്ക്ക് യാത്രചെയ്യാൻ ആകും. ഞാൻ എന്തായാലും അമ്മേം കൂടി കൊണ്ടു പോകും."

അവന് എന്റെ വാക്കിന് എതിർവാക്ക് ഉണ്ടായില്ല. അതെനിക്ക് നന്നായിട്ടറിയാം. ഞാൻ എത്ര എടുത്തോണ്ട് നടന്ന കുട്ടിയാ അച്ചു. അമ്മയുടെ ആധികൾക്ക് അറുതി വരുത്താൻ ഞാൻ കുറച്ചു കൂടി പണിപ്പെടേണ്ടതുണ്ട്.

"അഞ്ചു ദിവസം, നിങ്ങളില്ലാതെ ഞാൻ എന്തു ചെയ്യും?"

"ദാ ഇവിടെയാണെങ്കിൽ എല്ലായിടത്തും തവള കളാണ്. കണ്ടില്ലേ പല വലുപ്പത്തിൽ പല നിറ ത്തിൽ.. എനിക്ക് ചുറ്റും. എനിക്ക് ഇവറ്റകളുടെ ശബ്ദം കേട്ടുകേട്ട് മടുത്തു."

"അമ്മ കുറച്ചു സമയം ടി.വി കണ്ടിരിക്കൂ എല്ലാം ശരിയാകും."

"ഇപ്പോൾ ടി.വിക്കുള്ളിലും നിറയെ തവളക ളാണ്. തവളകളുടെ കഥകൾ, സീരിയലുകൾ, സിനിമകൾ.. എല്ലാം തവളകളുടേത് തന്നെ."

"അപ്പോൾ ഓന്തുകളോ?"

"അവറ്റയായിരുന്നു ഭേദം."

വഴുവഴുപ്പുള്ള തവളകളെ കണ്ട് അമ്മയ്ക്ക് ഓക്കാനം വന്നു.

"ഈ തവളകളെ പേടിച്ച് ഈയാംപാറ്റകളെല്ലാം എന്റെ കട്ടിലിന്നടിയിലാണ് താമസം. രാത്രി ഒരു പോള കണ്ണടയ്ക്കാൻ സമ്മതിക്കില്ല അവറ്റകള്."

മുലപ്പാലിനുവേണ്ടി തൊണ്ട കീറി കരയുന്ന ഈയലുകുഞ്ഞുങ്ങളുടെ കരച്ചിൽ ഞാനും കേട്ടി രുന്നു.

"ഞാൻ നോക്കാം. കട്ടിൽ എടുത്തു വെയില ത്തിട്ടു ചൂടാക്കേം ചെയ്യാം.. പോരെ?"

"അവൻ വരാതെ ഇരുന്നാൽ ഞാൻ തനിച്ചാ കൂലോ."

"ചേട്ടൻ വരും. വന്നിട്ടേ ഞങ്ങൾ പോകു ന്നുള്ളൂ.. പോരെ?"

"എന്നാലും നിങ്ങളുപോയാൽ ഞാൻ തനി ച്ചാകും."

"അതൊക്കെ അമ്മേടെ തോന്നലുകളാണ്."

"വല്ലാത്ത മറവിയാണ്.. പറഞ്ഞത് മറന്നു പോകുന്നു."

"അമ്മയ്ക്ക് എവിടെ മറവി? ഓർമ്മ കൂടുതലു ണ്ടോന്നാ സംശയം."

മൂത്തേടത്തു തറവാടും ചുമന്നു ഞങ്ങൾ യാത്രയായി.. അതോ ഞങ്ങളെ ചുമന്നുകൊണ്ടു തറവാടാണോ നടന്നത്. ഞങ്ങൾക്ക് പിൻപേ അത് ഞങ്ങളെ പിൻ തുടർന്നു ഓടി വരികയായിരുന്നോ?

മുത്തശ്ശനും മുത്തശ്ശിക്കും ഞാൻ എന്നും ചിറ്റേടെ കൂടെ ചെല്ലണ ഒരു കുട്ടി മാത്രാണ്. ഞാൻ അവരുടെ മൂത്ത മകന്റെ മകളല്ലേ. കണ്ണക ലുമ്പോൾ മനസ്സകലും.. വാത്സല്യത്തിന്റെ മടി ത്തട്ടുകൾ നഷ്ടമാക്കിയ കണ്ണകലങ്ങളോട് മുഷി വുണ്ട് എപ്പോഴും. തറവാട്ടിലെ കുടുംബ ഫോട്ടോ കളിൽ ഒന്നിലും കുട്ടിയായ ഞാൻ ഇല്ലായിരുന്നു. മറ്റ് കൊച്ചുമക്കളെല്ലാം മുത്തശ്ശന്റേം മുത്തശ്ശീടേം മടിത്തട്ടിലെ വാത്സല്യത്തേൻ നുകർന്നു പഴംകഥ കൾ രുചിച്ചു വളർന്നവർ.. താനോ ആ തേൻ കൂടു കൾ അന്വേഷിച്ച് അലയാൻ വിധിക്കപ്പെട്ടവൾ.. വായ്ക്കരിയിടാൻ, ഈ ലോകത്തെ പാപങ്ങളിൽ നിന്നു മുക്തി കൊടുത്ത്, പും എന്ന നരകത്തിൽ നിന്നും ത്രാണനം ചെയ്യാൻ പുത്രന്മാർ മാത്രം മതി യായിരുന്നു മുത്തശ്ശിക്കെന്നും.. തറവാട്ടിലെ ഈ തലമുറയിലെ ഒരേ ഒരു പെൺതരിയായ താൻ എല്ലാർക്കും വേണ്ടപ്പെട്ടവൾ തന്നെ. എന്നാലും, മുത്തശ്ശിക്ക് ആൺപ്രജകളോടാണ് മമത. പ്രസവി ക്കുമ്പോഴേ ചോദിക്കും അവനവനുള്ളതോ ആരാ നുള്ളതോ എന്ന്. പെണ്ണെന്നു കേട്ടാലേ മുഖം കറുക്കും.

ഞാൻ, അറയ്ക്കകത്തെ, പത്തായത്തിന്റെ ഇട യിലൂടെ നടന്ന്, രഹസ്യവാതിൽ തുറന്ന്, തറവാ ടിന്റെ നിലവറയിലേക്ക് ഇറങ്ങിച്ചെന്നു. പത്തായ ത്തിലെ ചെറുപ്രാണികൾ എന്റെ മൂക്കിലും വായി ലുമൊക്കെ കേറി ഞാൻ പല പ്രാവശ്യം അടക്കി പ്പിടിച്ചു തുമ്മി. പത്തായത്തിന്റെ മരച്ചുവരുകൾ മറുപടി തന്നു.

"പത്തായത്തിൽ ഒരു നെൽമണി കണ്ടിട്ട് കാലം മറന്നു. പിന്നെ എവിടന്നാ കുട്ടീ പ്രാണികള്?" അപ്പോൾ എന്നെ പൊതിഞ്ഞ പ്രാണികളോ? ഞാൻ നിലവറയിലേക്ക് കാലെടുത്തുവച്ചതും വാവലുകൾ പൊങ്ങി പറന്നു. കൂടെ പൊടിയും.

മാറാലയും, ഇരുട്ടും, നൂറ്റാണ്ടുകൾ പഴക്കമുള്ള പൊടിയും, വാവലുകളും നിറഞ്ഞ് കുറച്ചു നേര ത്തേക്ക് ഒന്നും കാണാൻ സാധിച്ചില്ല. വാവലു കളും പൊടിയും അടങ്ങിയപ്പോൾ ഓരോന്നായി എന്റെ മുമ്പിൽ തെളിഞ്ഞു വന്നു. ആദ്യം കണ്ടത് മൺഭരണികളിൽ മൂടിക്കെട്ടിവച്ച പഴയ ജന്മങ്ങ ളായിരുന്നു. ഒരു മൺഭരണിയുടെ അടുത്ത്, ഞാൻ തറയിൽ ഇരുന്നു കരിങ്കൽപ്പാളികൾ കൊണ്ടു തീർത്ത ചുമരിൽ ചാരി മൺഭരണിയുടെ വായമൂടി കെട്ടിയിരുന്ന പഴയതും മുഷിഞ്ഞതുമായ കെട്ട ഴിച്ചു. തുണി പിഞ്ചി പൊടിഞ്ഞു നിമിഷനേരം കൊണ്ടു മണൽത്തരികളായി പൂഴിമണ്ണിൽ അലിഞ്ഞു ചേർന്നു.

ഭരണിയിൽ കയ്യിട്ട എനിക്ക് അടിയിൽ കാലങ്ങ ളായി ഉപ്പുവെള്ളത്തിൽ കിടന്നു പാകമായ ഒരു ഉപ്പുമാങ്ങ കിട്ടി. ഞാൻ അതെടുത്തു മണത്തു നോക്കി. ചെനച്ച മാങ്ങയുടെ മണം അപ്പോഴും

അതിൽ നിന്നും വിട്ടുപോയിരുന്നില്ല. ഉപ്പുവെള്ളം, മണവും മാങ്ങയും കാത്തുവച്ചത് ആർക്കു വേണ്ടിയായിരിക്കും? എന്നെങ്കിലും പൂർവ്വജന്മങ്ങളിലേക്ക് ഊളിയിട്ട്, ജന്മങ്ങളുടെ സത്യവും വേരും തിരഞ്ഞു ഞാൻ, പരമ്പരയിലെ ഏറ്റവും ഒടുക്കം വിളക്കിച്ചേർത്ത ഈ കണ്ണി എത്തും എന്ന് ഈ ഉപ്പുമാങ്ങ വിചാരിച്ചിട്ടുണ്ടാകുമോ? ഞാൻ മാങ്ങ പതുക്കെ കടിച്ചു. മധുരവും ഉപ്പും ഉപ്പിന്റെ കയ്പും പുളിയും എന്റെ മനസ്സിലേക്ക് പകർന്നു. ആ വാത്സല്യത്തിൽ ഞാൻ കോരിത്തരിച്ചിരുന്നു. നിലവറയുടെ തെക്കേ മൂലയിൽ വച്ചിരുന്ന ഏറ്റവും വലിയ ഭരണിയിൽ നിന്നും, ഭരണിയുടെ മൂടിയിളക്കിമാറ്റി, എന്റെ മുന്നിൽ ഭ്രാന്തി മുത്തശ്ശി നിവർന്നു നിന്നു. ഒന്നരയുടെ മുകളിൽ ഒറ്റമുണ്ടുടുത്തു രണ്ടാം മുണ്ടുകൊണ്ട് പുതച്ച്, നീളൻ മുടിയഴിച്ചിട്ട് ബ്ലൗസ് ഇടാത്ത ഭ്രാന്തിമുത്തശ്ശി. എനിക്ക് ഒട്ടും ഭയം തോന്നിയില്ല. ജന്മാന്തരങ്ങളിലൂടെ ഉപ്പുമാങ്ങ തേടിയെത്തിയ എനിക്ക് ഉപ്പുമാങ്ങകളുടെ വാത്സല്യത്തിൽ പേടി തോന്നേണ്ടതില്ലല്ലോ. ഭ്രാന്തി മുത്തശ്ശി ഒരു ആവണപ്പലക നീക്കിയിട്ട് എന്റെ അരികിൽ ഇരുന്നു.

''ഒരു വേനൽമഴയോട് കലഹിച്ചു ഞാൻ പെറുക്കിയെടുത്ത കനിയാണത്."

"ഒരു വേനൽമഴയുടെ ഗന്ധമുണ്ടീ ഉപ്പു മാങ്ങയ്ക്ക്. മഴയുടെ കുളിരും."

"എനിക്ക് ശേഷം മനസ്സിൽ ഭ്രാന്തിന്റെ ബീജം നിനക്കേ ഉള്ളു. ഈ മാമ്പഴം നിനക്കായ് ഞാൻ കാത്തു വച്ചതാണ്."

അപ്പോൾ ഭ്രാന്തിമുത്തശ്ശി വെട്ടുകത്തി കൊണ്ട് വെട്ടി വെട്ടി മുറിക്കാൻ ശ്രമിച്ച വാതിലിന്റെ മുകളിലെ പടിയിൽ നിന്നും സാക്ഷയിൽ നിന്നും ചോരയൊഴുകുന്നുണ്ടായിരുന്നു. അതിനു താഴെ മുട്ടിന്മേൽ മുഖമമർത്തി തേങ്ങുന്നത് എന്റെ അമ്മയല്ലേ?

"ശരികളുടെ കൂടെ നിൽക്കുന്നവർക്ക് ഭ്രാന്താണെന്ന് അവർ പറയും..."

ഭ്രാന്തിമുത്തശ്ശി തിരികെ ഭരണിക്കുള്ളിലേക്ക് കയറി, സ്വയം അടപ്പെടുത്തു ഭരണിയുടെ വായ മൂടി. ഉപ്പുമാങ്ങ കടിച്ചുകൊണ്ട് ഞാൻ പരതി നടന്നു. എന്താണ് ഞാൻ തിരയുന്നത് എന്ന് എനിക്കുതന്നെ നിശ്ചയമില്ലായിരുന്നു.. അപ്പോൾ അതാ.. നടുമുറ്റത്തിന്റെ കൽഭിത്തികൾക്കരികിലായി.. തുറക്കുമ്പോൾ 'ങ്..ണാം' എന്ന് ശബ്ദമുണ്ടാക്കുന്ന, അമ്മയുടെ, കാൽപ്പെട്ടി. അതു കണ്ടപ്പോഴാണ് ഞാൻ തിരഞ്ഞുകൊണ്ടിരുന്നത് അതുതന്നെയായിരുന്നു എന്നെനിക്കു മനസ്സിലായത്. പെട്ടിയിൽ എന്താകും അമ്മ കാത്തുവച്ചിട്ടുണ്ടാവുക? ഞാൻ ആകാംക്ഷയോടെ പെട്ടി തുറന്നു.. 'ങ്ണാം..' വാവലുകൾ പൊങ്ങിപ്പറന്നു; എന്റെ തലയ്ക്കു മുകളിലൂടെ..

പൊടിയൊന്നടങ്ങിയപ്പോൾ, ഞാൻ അമ്മയുടെ വിരൽത്തുമ്പിൽ തൂങ്ങി, പിഷാരിയൽ കോവിലിന്റെ പ്രദക്ഷിണ വഴികളിലൂടെ പൂഴിമണ്ണ് കാൽകൊണ്ടു മുമ്പോട്ടു തട്ടിത്തെറിപ്പിച്ചു നടന്ന്, നടയ്ക്കൽ എത്തി നിന്നു... ദേവിയുടെ ഇന്ദ്രനീലക്കല്ലു പതിച്ച മൂക്കുത്തി മാത്രമേ ഞാൻ കണ്ടുള്ളു. അപ്പോൾ പുറത്ത്, വേദിയിൽ ഹിരണ്യകശിപു അട്ടഹസിച്ചു... നിന്റെ നാരായണൻ ഈ തൂണിൽ ഉണ്ടെങ്കിൽ.. ഞാൻ ഈ തൂണിതാ എന്റെ ഗദ കൊണ്ടു അടിച്ചുടയ്ക്കുന്നു.... കടുംചായങ്ങളും മിന്നിത്തെളിയുന്ന വെളിച്ചങ്ങളും നരസിംഹത്തിന്റെ അലർച്ചയും എന്നിലെ കുട്ടിയെ വല്ലാതെ ഭയപ്പെടുത്തി. ഞാൻ ഓടി...നടുമുറ്റത്തു നിന്നു വെള്ളം പോകുന്ന ഓവിലൂടെ നൂണ്ട്, നടുമുറ്റത്തും അവിടെ നിന്നു നാലുകെട്ടിലും പിന്നെ പൂജാമുറിയിലും, അവിടുന്ന് നിലവറയിലേക്കും ശബ്ദമുണ്ടാക്കാതെ, പങ്ങിപ്പതുങ്ങി തിരിച്ചു വന്നു.. അപ്പോൾ പെട്ടിക്കുള്ളിൽ ഇന്ദ്രനീലം പതിച്ച മൂക്കുത്തി മാത്രം, നീല രശ്മികളുതിർത്തു തിളങ്ങിക്കിടന്നു. ഞാൻ അതെടുത്തു പോക്കറ്റിലിട്ടു. അതിന്റെ ഹൃദയത്തിൽ ഒരു കടുംനീലക്കാടുണ്ട്. അവിടെ ഒഴുകുന്ന കാട്ടരുവിയുടെ കരയിൽ കടമ്പ് പൂക്കാറുണ്ട്. ഇത്തിരി നേരം അവിടെ ഇരുന്നാൽ തീരാത്ത സങ്കടങ്ങൾ ഒന്നും എനിക്കില്ല.

മരണത്തിന്റെ വ്യാപ്തി മനസ്സിലാക്കാൻ പിന്നേയും കാലം വേണ്ടിവന്നു. എത്ര പെട്ടെന്നാണ് ആളുകൾ മരിച്ചു പോകുന്നത്. കാറ്റിൽ പൂവിതൾ കൊഴിയുന്ന ലാഘവത്തോടെ കൊഴിഞ്ഞുപോയ ജീവനുകൾ എനിക്ക് ചുറ്റും നിലയുറപ്പിച്ചിരുന്നു. അവരുടെ പിറുപിറുക്കലുകൾ ഒരു തേനീച്ചക്കൂട്ടത്തിന്റേതുപോലെ എനിക്കു ചുറ്റും പ്രതിധ്വനിച്ചു. വീണ്ടും ഇരുണ്ട മരണത്തിന്റെ വിത്തുകൾ പാകിയ പുതിയ കാലം.. വാതിലിനപ്പുറം കാത്തുനിൽക്കുമ്പോൾ കാലങ്ങൾക്കു മുമ്പേ ഈ വഴി നടന്നുപോയവർക്ക്, അവരുടെ ചുണ്ടിലും അതേ ഈരടികൾ തന്നെ. ഒരു രാത്രി ഇരുണ്ടു വെളുക്കുമ്പോൾ ഓർമ്മകൾ മാത്രം ബാക്കിവച്ചു പോയവരുടെ പാട്ട്. ●

**യാത്രാവിവരണം**




# കാഞ്ചീപുരം കൈലാസനാഥർ കോവിൽ

**വിനോദ് വർമ്മ**
ചെന്നൈ, മൊ. 9840031531

കുറെ നാളായിട്ടുള്ള ആഗ്രഹമായിരുന്നു കാഞ്ചീപുരത്തെ കൈലാസനാഥർ കോവിലിൽ പോവുക എന്നത്. കാമാക്ഷിക്ഷേത്രത്തിലും ഏകാംബരേശ്വര ക്ഷേത്രത്തിലും വരദരാജ പെരുമാൾ ക്ഷേത്രത്തിലും ഉലകളന്തപെരുമാൾ ക്ഷേത്രത്തിലും പോയിട്ടുണ്ട്. പക്ഷേ ഇന്നലെയാണ് കൈലാസനാഥർ കോവിലിൽ തൊഴാൻ സാധിച്ചത്. ഈ യാത്ര ഒരു തീർത്ഥയാത്ര മാത്രമല്ല ചരിത്രത്തിലൂടെ ഒരു യാത്രയുമായിരുന്നു.

'അമരർ കൽകി' എന്ന പേരിൽ പ്രശസ്തനായ കൽകി കൃഷ്ണമൂർത്തിയുടെ പ്രശസ്തമായ ചരിത്രനോവലുകൾ ശിവകാമിയിൻ ശപഥവും പാർത്ഥിവൻ കനവും ശ്രീ ബാബുരാജ് കളമ്പൂർ മലയാളത്തിൽ മനോഹരമായി തർജ്ജമ ചെയ്തത് ഈയിടെ വായിച്ചു. കാഞ്ചീപുരം ആസ്ഥാനമാക്കി ഭരിച്ചിരുന്ന പല്ലവ രാജാക്കന്മാരായ മഹേന്ദ്രവർമ്മനും നരസിംഹവർമ്മനുമാണ് ശിവകാമിയിൻ ശപഥത്തിൽ നായകന്മാരായി വരുന്നത്.



*കൈലാസനാഥർ കോവിൽ*

ഇവർ യുദ്ധഭരണരംഗങ്ങളിൽ സമർത്ഥരായിരുന്നു എന്ന് മാത്രമല്ല കലാവിജ്ഞാനരംഗങ്ങളെ പ്രോത്സാഹിപ്പിച്ചിരുന്നവരും ആയിരുന്നു. ഈ മഹേന്ദ്രവർമ്മന്റെ കൃതിയാണ് 'മത്തവിലാസ പ്രഹസനം' എന്ന പ്രസിദ്ധമായ സംസ്കൃത നാടകം. ഇവരുടെ ഭരണകാലത്തെ കലാസൃഷ്ടികളാണ് ഇന്നും വിനോദസഞ്ചാരികൾക്ക് വിസ്മയം നൽകുന്ന മഹാബലിപുരത്തിലെ ചില ശിലാശില്പങ്ങൾ. ഈ ശില്പനിർമ്മാണങ്ങളെക്കുറിച്ചുള്ള സൂചന ഈ നോവലിൽ കാണാം.

ഏഴാം നൂറ്റാണ്ടിന്റെ ആദ്യ മൂന്നു ദശകങ്ങളാണ് മഹേന്ദ്രവർമ്മന്റെ ഭരണകാലം. അക്കാലത്താണ് ശിവഭക്തരായ അപ്പരും തിരുജ്ഞാനസംബന്ധരും മറ്റും ജീവിച്ചിരുന്നത്. മഹേന്ദ്രവർമ്മന്റെ കാലശേഷം രാജാവായ അദ്ദേഹത്തിന്റെ മകൻ നരസിംഹവർമ്മന്റെ സേനാനായകനായിരുന്നു ശിരുതൊണ്ടർ അഥവാ പരംജ്യോതിയാർ എന്ന് അറിയപ്പെടുന്ന ശിവഭക്തൻ.

ഇദ്ദേഹമാണ് മഹേന്ദ്രവർമ്മന്റെ വധത്തിന് പ്രതികാരമായി നരസിംഹവർമ്മനുവേണ്ടി ചാലൂക്യരാജ്യത്തിനെതിരെ പട നയിച്ചത്. ആ യുദ്ധത്തിൽ ബദാമിയെ (പണ്ട് വാതാപി എന്നറിയപ്പെട്ടിരുന്ന സ്ഥലം) തകർത്തെങ്കിലും അവിടത്തെ ഗണപതിയെ ശിരുതൊണ്ടർ തമിഴകത്തെത്തിച്ചു. ഈ ഗണപതിയെ പ്രകീർത്തിക്കുന്നതാണ് മുത്തുസ്വാമി ദീക്ഷിതരുടെ പ്രശസ്തമായ 'വാതാപി ഗണപതിം ഭജേ' എന്ന കീർത്തനം. ഈ പരംജ്യോതിയാർക്കും ശിവകാമിയിൻ ശപഥത്തിൽ നായകസ്ഥാനമുണ്ട്

ഇക്കാലഘട്ടത്തിലാണ് തമിഴകത്ത് ജൈനബുദ്ധമതങ്ങളുടെ സ്വാധീനം കുറയുകയും ശൈവമതം ശക്തിയാർജ്ജിക്കുകയും ചെയ്യുന്നത്. അപ്പർ സ്വാമികൾ തന്നെ ജൈനമതം സ്വീകരിച്ച് പിന്നീട് ശൈവമതത്തിലേയ്ക്ക് തിരിച്ചെത്തുകയാണല്ലോ

കഥ

# ഗതികേട്



**ജയശ്രീ വർമ്മ**

കോഴിക്കോട്, മൊ. 9961215672

ഇടയിൽ കിട്ടിയ ഒരു അവധിദിവസം കുശാലായി ഉറങ്ങിത്തീർക്കാം എന്ന് കരുതി മനസ്സിൽ പൊട്ടിയ ലഡ്ഡുവിന്റെ മാധുര്യം നുണഞ്ഞുകൊണ്ട് ബെഡ്റൂമിലേക്ക് ഫോണുമായി പോകുമ്പോഴാണ് ഭാര്യയുടെ മൊഴി, "പിന്നേയ് എനിക്ക് ഒന്നു സൂപ്പർ മാർക്കറ്റിൽ പോകണം പുറപ്പെടൂ.'' എന്തിന് ഏതിന് എന്നൊന്നും ചോദിച്ചിട്ട് കാര്യമില്ലാത്തതു കൊണ്ട് വേഗം ഡ്രെസ്സ് മാറാൻ പോയി, മനസ്സിൽ പൊട്ടിയ ലഡ്ഡുവിന് കയ്പ് ഉണ്ടോ എന്നൊരു തോന്നലോടെ.



സൂപ്പർമാർക്കറ്റിൽ കയറി അടുക്കിവച്ചിരിക്കുന്ന ട്രോളികളിൽ നിന്നും ഒന്ന് വലിച്ചെടുക്കുന്ന ഭാര്യയോട്, "ഇത്രയൊക്കെ വാങ്ങാനുണ്ടോ ഈ മാസാവസാനം" എന്ന് വേവലാതിയോടെ ചോദിച്ചു. ഇയാളിത് എവിടുന്നു വരുന്നു എന്ന മട്ടിൽ എന്നെ ഒന്ന് നോക്കി അവൾ അതും തള്ളിക്കൊണ്ടു മുന്നോട്ടു നടന്നു. ഗുരുവായൂരിലെ ക്യൂ പോലെ നീങ്ങിയ ഞങ്ങൾ ബില്ല് കൗണ്ടറിൽ എത്തിയപ്പോഴേക്കും രണ്ടു മണിക്കൂറിൽ കൂടുതലായി. ഒപ്പം ട്രോളി നിറയ്ക്കുകയും ചെയ്തു. നടയിൽ എത്തിയ ഒരു ഭക്തന്റെ സന്തോഷമോ സമാധാനമോ ചേർന്ന ഒരു വികാരം തോന്നി എനിക്ക്.

സാധനങ്ങളെല്ലാം കവറുകളിലാക്കി കാറിനടുത്തേക്ക് നടക്കുമ്പോൾ ഭാര്യയുടെ അടുത്ത ബോംബ്, "പിന്നേയ് ഇനി വീട്ടിൽ പോയി ചായ കുടിക്കുമ്പോഴേക്കും ലേറ്റാകും. നമുക്ക് എവിടെങ്കിലും കയറാം. പിന്നെ മോൾ ട്യൂഷൻ കഴിഞ്ഞു വരുമ്പോൾ കഴിക്കാൻ വല്ലതും പാർസലും വാങ്ങാം." ചായ കുടിച്ച് പാർസലും വാങ്ങി കാറ് സ്റ്റാർട്ടാക്കവേ ഭാര്യ, "അയ്യോ പാല് വാങ്ങിയില്ല. സാരമില്ല തങ്കച്ചന്റെ കടയിൽ നിന്ന് വാങ്ങാം." കാറ് വീടിനു തൊട്ടടുത്തുള്ള തങ്കച്ചന്റെ കടയുടെ അടുത്ത് നിർത്തിയതും ഭാര്യ ഇറങ്ങി പാലും വാങ്ങി വന്നു. ''ഹാവൂ പ്ലാസ്റ്റിക്കിന്റെ 'നാക്കുവടി'യും കിട്ടി തങ്കച്ചന്റെ കടയിൽ നിന്നും. അത് വാങ്ങാനായിരുന്നു സൂപ്പർമാർക്കറ്റിൽ പോയത്" എന്നൊരു കമന്റും. തങ്കച്ചന്റെ കടയിൽ പോയി സിഗരറ്റ് വാങ്ങുന്ന ഞാൻ പല നിറത്തിൽ തൂങ്ങിക്കിടക്കുന്ന ഈ സാധനം എന്നും കാണാറുണ്ട്. ഓ... വെറും രണ്ടു രൂപയുടെ ഈ 'നാക്കുവടി' കാരണം രണ്ടായിരം രൂപ ചിലവാക്കേണ്ടി വന്ന എന്റെ ഗതികേട് എന്റെ ശത്രുക്കൾക്കു പോലും വരരുതേ എന്ന് ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിച്ചുപോയതിൽ തെറ്റുണ്ടോ? ●

---

ചെയ്തത്. അതിന്റെ സൂചനകൾ അദ്ദേഹം എഴുതിയ തേവാരങ്ങളിൽ കാണുന്നുമുണ്ട്. ആ സ്വാധീനത്തിൽ തന്നെയാണ് മഹേന്ദ്രവർമ്മനും ശൈവമതത്തിലേയ്ക്ക് വന്നെത്തുന്നത്. ഈ മാറ്റങ്ങൾക്കിടയിലും രാജാക്കന്മാർ എല്ലാ മതങ്ങളേയും പ്രോത്സാഹിപ്പിച്ചിരുന്നതായി ചരിത്രസ്മാരകങ്ങൾ സൂചിപ്പിക്കുന്നു

ആ സമയത്തിൽ ചോളരാജാക്കന്മാർക്ക് സാമന്തരാജപദവിയേ ഉണ്ടായിരുന്നുള്ളൂ. ആ സാമ്രാജ്യശക്തി നരസിംഹവർമ്മന്റെ അനുഗ്രഹാശിസ്സുകളോടെ ഉയർത്തെഴുന്നേൽക്കുന്നതാണ് പാർത്ഥിവൻ കനവിന്റെ വിഷയം.

ഈ നരസിംഹവർമ്മന്റെ പൗത്രൻ പരമേശ്വരവർമ്മന്റെ പുത്രനാണ് രാജസിംഹൻ എന്നറിയപ്പെട്ടിരുന്ന നരസിംഹവർമ്മൻ രണ്ടാമൻ.

*(തുടരും..)*

കഥ



# പൂക്കാരി

**കുമാരി വർമ്മ**
തൃശ്ശാല, മാങ്കാവ്
മൊ. 8547813429



**കോ**ഴിക്കോട്ടേക്ക് ജോലി മാറ്റം കിട്ടിയപ്പോൾ ഞാൻ വളരെ സന്തോഷിച്ചു. കോഴിക്കോട് എനിക്ക് ഇഷ്ടപ്പെട്ട നഗരമാണ്. വൈകുന്നേരങ്ങളിൽ മിഠായിത്തെരുവിലൂടെയും മാരിയമ്മൻ കോവിലിന്നരികിലൂടെയും നടക്കാൻ എനിക്ക് വളരെ ഇഷ്ടം. അങ്ങിനെ ഒരു വൈകുന്നേരം ഞാൻ പൂക്കളുടെ സുഗന്ധവും ആസ്വദിച്ച് മാരിയമ്മൻ കോവിലിന്നരികിലൂടെ നടക്കുമ്പോൾ പെട്ടെന്നൊരു ചോദ്യം എന്റെ നേർക്ക് വന്നു വീണു. സാറേ, ഒരു മുഴം മുല്ലപ്പൂമാല എടുക്കട്ടെ? ചോദ്യം കേട്ട ദിക്കിലേക്ക് ഞാൻ നോക്കി. രണ്ടു കൈയിലും നിറച്ച് കരിവളയിട്ട, വെളുത്ത് മെലിഞ്ഞ് സുന്ദരിയായ ഒരു യുവതി. വേണ്ട എന്ന് ഞാൻ പറഞ്ഞു. വാങ്ങിക്ക് സാറേ. ഭാര്യയ്ക്ക് കൊടുക്കാമല്ലോ. അതിന് എനിക്ക് ഭാര്യയില്ല. എങ്കിൽ അമ്മയ്ക്ക് കൊടുക്കാമല്ലോ. എന്റെ അമ്മ പൂ ചൂടാറില്ല. സാറേ, പൂജാമുറിയിൽ ഇഷ്ടദേവന് മാല ചാർത്താമല്ലോ. ശരി തന്നേക്ക്. വീട്ടിൽ എത്തിയപ്പോൾ അമ്മ ചോദിച്ചു എവിടെനിന്നാണ് ഈ പൂവ്. പൂ വാങ്ങിയ കഥ അമ്മയോട് പറഞ്ഞു. നന്നായി, കൃഷ്ണന് മാല ചാർത്താം. അനിലിന് അമ്മ മാത്രമേ ഉള്ളു. അച്ഛൻ കോഴിക്കോട്ടുകാരൻ ആയിരുന്നു. അച്ഛൻ മരിച്ചതിന് ശേഷം അനിലും അമ്മയും തിരുവനന്തപുരത്തുള്ള അമ്മവീട്ടിലേക്ക് താമസം മാറി. അവിടെയാണ് അനിൽ പിന്നീട് പഠിച്ചത്. പഠിത്തം കഴിഞ്ഞ ഉടനെ ബാങ്കിൽ ജോലി കിട്ടി. ഇപ്പോൾ കോഴിക്കോട്ടേക്ക് മാറ്റം കിട്ടി.

അടുത്ത ദിവസവും മുല്ലപ്പൂ വേണ്ടേ എന്ന് പൂക്കാരി ചോദിച്ചപ്പോൾ ഞാൻ അവളുടെ അടുത്ത് ചെന്നു. എന്താണ് നിന്റെ പേര് എന്ന് ചോദിച്ചു. വിപഞ്ചിക എന്നവൾ മറുപടി പറഞ്ഞു. നല്ല പേര്. ആരൊക്കയുണ്ട് വീട്ടിൽ. അമ്മ മാത്രം. വിപഞ്ചിക എന്ന് വിളിക്കാൻ ഭയങ്കര ബുദ്ധിമുട്ട്. ഞാൻ ഇയാളെ മാലു എന്ന് വിളിച്ചോട്ടേ. അത് കേട്ട് അമ്പരപ്പോടെ അവൾ പറഞ്ഞു അമ്മ എന്നെ മാലു എന്നാണ് വിളിക്കുന്നത്. അമ്മ എന്തു ചെയ്യുന്നു. അമ്മ പനിച്ചു കിടക്കുകയാണ്. ദേ പൂ വാങ്ങാൻ ആളുകൾ വരുന്നുണ്ട്. അത് കേട്ടപ്പോൾ പൂ വാങ്ങി പൈസയും കൊടുത്ത് ഞാൻ പിന്തിരിഞ്ഞു. അടുത്ത ദിവസം അമ്മയേയും കൂട്ടി വീട്ടിലേക്ക് ആവശ്യമുള്ള സാധനങ്ങൾ വാങ്ങി ഓട്ടോയ്ക്ക് കാത്തു നിൽക്കുമ്പോഴാണ് സാറേ കേറിക്കോ എന്ന് പറഞ്ഞ് ഒരു ഓട്ടോ മുന്നിൽ വന്നു നിന്നത്. അത് വിപഞ്ചികയായിരുന്നു. ഓട്ടോയിൽ കയറി വീട്ടിലേക്കുള്ള വഴി പറഞ്ഞു കൊടുത്തു. നീ ഈ ജോലിയും ചെയ്യുന്നുണ്ടോ? ജീവിച്ചു പോകണ്ടേ സാറേ. ഇത് സ്വന്തം വണ്ടിയാണോ? അല്ല സാറേ വാടകയ്ക്ക് എടുത്തതാ. സ്വന്തമായിട്ട് വണ്ടി ഉടനെ വാങ്ങും. പിന്നെ ഒരു കൊച്ചു വീട് വെക്കണം. എല്ലാം നടക്കും എന്ന് ഞാൻ പറഞ്ഞു. നിന്റെ ഓട്ടോയ്ക്ക് മുല്ലപ്പൂവിന്റെ സുഗന്ധമാണല്ലൊ. ഈ ഓട്ടോയിലാണ് സാറേ ഞാൻ പൂക്കൾ കൊണ്ടുവരുന്നത്. വീടെത്തിയപ്പോൾ അമ്മ പറഞ്ഞു കേറിയിട്ട് പോകാം. ഒരു മടിയും കൂടാതെ അവൾ ക്ഷണം സ്വീകരിച്ചു. ചായ കുടിക്കുന്നതിനിടയിൽ അവൾ സ്വന്തം കഥ പറഞ്ഞു. എന്റെ അമ്മ ഒരു സമ്പന്ന കുടുംബത്തിലാണ് ജനിച്ചത്. യൗവനത്തിന്റെ ചാപല്യം നിമിത്തം പഠിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ഓട്ടോക്കാരനുമായി പ്രണയത്തിലായി അയാളുടെ കൂടെ ഒളിച്ചോടി വിവാഹം കഴിച്ചു. അതോടെ അമ്മ സ്വന്തം വീട്ടിൽ നിന്ന് പുറത്തായി. ഞാൻ ജനിച്ച് ഒരു വർഷത്തിനകം അച്ഛൻ അമ്മയെ ഉപേക്ഷിച്ച് വേറൊരുത്തിയുടെ പിന്നാലെ പോയി. അന്യന്റെ അടുക്കളയിൽ ജോലിചെയ്തും പൂക്കച്ചവടവും നടത്തിയാണ് അമ്മ എന്നെ പോറ്റിയത്. ഞാൻ

വലുതായതിൽ പിന്നെ അമ്മ അടുക്കളജോലി നിർത്തി.

എന്നാ ഞാൻ ഇറങ്ങട്ടെ എന്നു പറഞ്ഞ് അവൾ പോയി.

മൂന്ന് വർഷം വളരെ പെട്ടെന്നാണ് പോയത്. എനിക്ക് പ്രൊമോഷൻ കിട്ടി ഹൈദരാബാദിലേക്ക് ജോലി മാറ്റമായി. മാലു സ്വന്തമായി ഓട്ടോ വാങ്ങി. കോഴിക്കോട് വിടുമ്പോൾ മാലുവിനെയും അവളുടെ അമ്മയെയും പോയി കണ്ടിരുന്നു. ഞാനും അമ്മയും കോഴിക്കോട് വിടുന്നതിൽ അവർക്ക് സങ്കടമുണ്ടായിരുന്നു. പക്ഷെ പോകാതെ പറ്റില്ലല്ലോ.

നീണ്ട പത്തു വർഷത്തിനുശേഷം വീണ്ടും എനിക്ക് കോഴിക്കോട്ടേക്ക് ജോലി മാറ്റം കിട്ടി. ഈ പത്ത് വർഷത്തിനുള്ളിൽ ജീവിതത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വന്നത്. പല കാരണങ്ങളാൽ നാട്ടിൽ വരാൻ കഴിഞ്ഞതേയില്ല. ഞാൻ വിവാഹിതനായി. രണ്ടു കുട്ടികളുമായി. കുട്ടികൾക്ക് എട്ടു വയസ്സായി. ഇരട്ടക്കുട്ടികൾ. അമ്മ മരിച്ചുപോയി. മാലുവിന്റെ ഫോൺ നമ്പർ കയ്യിൽ നിന്നും പോയി. അവൾ ഇങ്ങോട്ട് വിളിച്ചതുമില്ല. അവളെക്കുറിച്ചെല്ലാം ഭാര്യ നീലിമയോട് പറഞ്ഞിട്ടുണ്ട്. കോഴിക്കോട്ട് എത്തിയശേഷം താമസസൗകര്യം ശരിയാക്കി. നീലിമയേയും കുട്ടികളേയും കോഴിക്കോട്ടേക്ക് കൊണ്ടുവന്നു. കോഴിക്കോട്ട് എത്തിയപ്പോഴേക്കും പഴയ ഓർമ്മകൾ എന്നെ വന്ന് പൊതിഞ്ഞു. മാലുവിനെ കാണാൻ ശരിക്കും മനസ്സ് ധൃതി കൂട്ടി.

അന്ന് ഞായറാഴ്ച. ഞാൻ നീലിമയേയും കൂട്ടി നടക്കാനിറങ്ങി. മാലു പൂ വിൽക്കാൻ ഇരുന്നിരുന്ന സ്ഥലത്തേക്ക് നോക്കിയപ്പോൾ അവിടെ അഞ്ചോ, ആറോ വയസ്സു തോന്നിക്കുന്ന ഒരു കൊച്ചു പെൺകുട്ടി പൂ വിൽക്കാൻ ഇരിക്കുന്നത് കണ്ടു. ഞാൻ നോക്കുന്നത് കണ്ടിട്ടാവണം ആ പെൺകുട്ടി ചോദിച്ചു മാമാ ഒരു മുഴം മുല്ലപ്പൂ എടുക്കട്ടെ? ഞാൻ ആ കുട്ടിയുടെ അടുത്ത് ചെന്ന് ചോദിച്ചു നീ തനിച്ചാണോ പൂ വിൽക്കാൻ ഇരിക്കുന്നത്. അല്ല, അമ്മൂമ്മയുണ്ട്. അമ്മൂമ്മ വെള്ളം എടുക്കാൻ വീട്ടിൽ പോയി. ദൂരേക്ക് നോക്കിക്കൊണ്ട് അവൾ ദാ എന്റെ അമ്മൂമ്മ വരുന്നു എന്ന് പറഞ്ഞു. അങ്ങോട്ടു നോക്കിയ ഞാൻ അത്ഭുതപ്പെട്ടു. അത് മാലുവിന്റെ അമ്മയായിരുന്നു. അപ്പോൾ ഈ കുട്ടി? മാലുവിന്റെ മോളാണ് ജാസ്മിൻ എന്നു പറഞ്ഞു അമ്മ. മാലു? മാലു ഞങ്ങളെ വിട്ടു പോയി മോനേ. അവൾ ആഗ്രഹിച്ചതെല്ലാം നേടി. ഓട്ടോ വാങ്ങി, ഒരു ഫ്ളാറ്റ് സ്വന്തമാക്കി. വിവാഹം കഴിച്ചു. ഓട്ടോക്കാരൻ വിനായകനായിരുന്നു, അവളുടെ ഭർത്താവ്. നല്ല സ്നേഹമുള്ള ആളായിരുന്നു. കഴിഞ്ഞ വർഷം ഉണ്ടായ ഒരു അപകടത്തിൽ രണ്ടുപേരും പോയി. കുഞ്ഞിനെ ഞാൻ ഇങ്ങോട്ട് കൊണ്ടുവന്നു. എത്ര കാലം എനിക്ക് ഇവളെ നോക്കാൻ കഴിയും? ഞാൻ പോയാൽ അവൾക്ക് ഈ ലോകത്തിൽ ആരുണ്ട്, അതാണെന്റെ സങ്കടം. എനിക്കാണെങ്കിൽ ഇപ്പോൾ ശ്വാസം മുട്ടൽ വളരെ കൂടുതലാണ്. മരുന്നു കഴിച്ചിട്ടൊന്നും ഒരു കുറവുമില്ല. എന്തു പറയണം എന്നറിയാതെ ഞാൻ തരിച്ചിരുന്നുപോയി. മാലുവിന്റെ അമ്മ പിന്നെയും എന്തൊക്കെയോ പറഞ്ഞു. ഞാൻ അതൊന്നും കേൾക്കുന്നുണ്ടായിരുന്നില്ല. എന്റെ ചിന്ത മുഴുവനും മാലുവിനെക്കുറിച്ചായിരുന്നു. പിന്നെ വരാം എന്ന് പറഞ്ഞ് ഞങ്ങൾ തിരിച്ച് നടന്നു.


വീട്ടിൽ എത്തിയ ഉടനെ ഞാൻ നീലിമയോട് ചോദിച്ചു ജാസ്മിനെ നമുക്ക് ഇങ്ങെടുത്താലോ. കൊള്ളാം, അവളുടെ അമ്മൂമ്മ സമ്മതിക്കുമോ? ചോദിച്ചു നോക്കാം. ഇനി അവർ അതിനു സമ്മതിച്ചാലും, വയ്യാത്ത അവർ ഒറ്റയ്ക്കാകില്ലേ? ജാസ്മിൻ അവളുടെ അമ്മൂമ്മയെ വിട്ട് വരും എന്ന് തോന്നുന്നുണ്ടോ? അപ്പോൾ ഞാൻ പറഞ്ഞു നമുക്ക് ജാസ്മിന്റെ അമ്മൂമ്മയേയും ഇങ്ങോട്ട് കൊണ്ടുവരാം. അവരും ഇവിടെ നിൽക്കട്ടെ. നമുക്ക് ഒരമ്മയായും മക്കൾക്ക് അമ്മൂമ്മയായും. അവരെക്കുറിച്ച് ഞാൻ നിന്നോട് പറഞ്ഞിട്ടുണ്ടല്ലോ. വളരെ നല്ല സ്ത്രീയാണ്. നീലിമ അതിനോട് യോജിച്ചു.

ഒരു അവധിദിവസം ഞാനും നീലിമയും കൂടി മാലുവിന്റെ ഫ്ളാറ്റിൽ ചെന്നു. കതകു തുറന്നപ്പോൾ തന്നെ ഞങ്ങൾ കണ്ടത് പൂമാല ചാർത്തിയ മാലുവിന്റെ ഫോട്ടോ ആയിരുന്നു. മാലുവിന്റെ അമ്മയ്ക്ക് ഞങ്ങളെ കണ്ടപ്പോൾ അതിശയമായി. കുറച്ചു സമയത്തിന് ശേഷം ഞങ്ങൾ വന്നകാര്യം സൂചിപ്പിച്ചപ്പോൾ മാലുവിന്റെ അമ്മയ്ക്ക് വീണ്ടും അതിശയമായി. കുറച്ചു നേരം ആലോചിച്ചതിനു ശേഷം മാലുവിന്റെ അമ്മ പറഞ്ഞു എനിക്ക് നിങ്ങളെ രണ്ടുപേരെയും നല്ല വിശ്വാസമാണ്. ആ കൈകളിൽ എന്റെ കൊച്ചുമകൾ സുരക്ഷിതയായിരിക്കും.

കവിത



# വരൂ ശാരികേ



**മഞ്ജുളാ ഭായി**
കോട്ടയം, മൊ. 9744801150

ശാരികപ്പൈതലേ, ചാരുശീലേ,
എന്റെ ചാരത്തുവന്നെന്നെ, ഒന്നുണർത്തോമലേ,
തുഞ്ചന്റെ ചാരത്തണഞ്ഞു നീ, ചൊന്നൊരാ
ചാതുര്യമേറുന്ന വാക്കുകൾ തന്നുടെ
മാധുര്യമോർത്തു ഞാൻ വീണ്ടും വിളിക്കുന്നു,
ചാതുര്യമുള്ളോരു പീയൂഷവാചികേ,
എന്നടുത്തൊന്നു നീ എത്തി, എന്നുള്ളിലെ
കന്നിക്കിടാവാകുമൽപ്പസൗന്ദര്യത്തെ,
ഒന്നു തലോടി നിൻ, തേനോലുമാവാണി
എന്റെ നാവിൻതുമ്പിലെൻ വിരൽതുമ്പിലും,
എത്തിത്തുളുമ്പി നിറയട്ടെ, കോകിലേ,
ഉത്തുംഗമേടയിൽ തത്തിക്കളിക്കുന്ന, തത്തേ,
ഹൃദന്തത്തിൽ നിന്നെ പ്രതിഷ്ഠിച്ച്,
കാകളി, കേക, കളകാഞ്ചി വൃത്തങ്ങൾ,
സാധകം ചെയ്തെടുക്കട്ടെ, വാനമ്പാടി,
എന്നിട്ടൊരായിരം കാവ്യസൂക്തങ്ങളെ
മിന്നൽപ്പിണർ പോലെ ഉജ്ജ്വലിപ്പിക്കട്ടെ,
ജൽപ്പനം ചെയ്കയല്ലോമലേ, നീ എന്റെ,
ഇക്കിളിക്കൂട്ടിലേക്കെത്തിനോക്കില്ലയോ?
അല്ലെങ്കിലോ നമുക്കൊന്നിച്ചൊരുമിച്ച്
അല്ലലറിയാതെ ആരുമറിയാതെ,
അങ്ങോളമിങ്ങോളമാഗോളമൊക്കെയും,
പാറിപ്പറന്നുല്ലസിച്ച് നടന്നിടാ-
മായിരമായിരം കാവ്യം രചിച്ചിടാം. ●

---

അങ്ങനെ ജാസ്മിനും അവളുടെ അമ്മൂമ്മയും ഞങ്ങളുടെ കൂടെ താമസമായി. അവർ താമസിച്ചിരുന്ന ഫ്ളാറ്റ് വാടകയ്ക്ക് കൊടുത്തു. ഞങ്ങൾക്ക് അങ്ങനെ മൂന്ന് മക്കളായി. മൂന്നുപേരും ഒരേ സ്കൂളിൽ പഠിക്കുന്നു. ജാസ്മിന് ഞങ്ങൾ അച്ഛനമ്മമാരായി.

കുറച്ച് വർഷങ്ങൾക്കു ശേഷം ഞങ്ങളുടെ മൂന്ന് മക്കളും പഠിച്ച് ഡോക്ടർമാരായി. ജാസ്മിന്റെ അമ്മൂമ്മ ഈ ലോകത്തിൽ നിന്നും പോയി. ഇന്ന് ഞങ്ങളുടെ മൂന്ന് മക്കളുടേയും വിവാഹം ഒരേ വേദിയിൽ നടക്കുകയാണ്. ജാസ്മിന്റെ കഴുത്തിൽ താലി വീണപ്പോൾ ഞാൻ അറിയാതെ മുകളിലേക്ക് കണ്ണുകൾ പായിച്ചു. മാലുവും അമ്മയും സ്വർഗ്ഗത്തിലിരുന്ന് ഈ വിവാഹം കാണുന്നുണ്ടായിരിക്കും. തീർച്ചയായും ഞങ്ങളുടെ മക്കളുടെ മേൽ അനുഗ്രഹം ചൊരിയുന്നുണ്ടായിരിക്കും. അതോർത്തപ്പോൾ എന്റെ മനസ്സ് സന്തോഷം കൊണ്ട് നിറഞ്ഞു. ●

## അഭിനന്ദനങ്ങൾ



കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രസിദ്ധീകരിക്കുന്ന മലയാളത്തിലെ പ്രമുഖ ശാസ്ത്ര മാസികയായ 'ശാസ്ത്രഗതി'യുടെ എഡിറ്ററായി മുതിർന്ന ശാസ്ത്രജ്ഞനും ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മുൻ മെമ്പർ സെക്രട്ടറിയുമായ **ഡോ. ആർ. അജയകുമാർ വർമ്മ** തിരഞ്ഞെടുക്കപ്പെട്ടു. കടപ്ര മാന്നാർ വാക്കയിൽ കോയിക്കൽ കുടുംബാംഗവും തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭ മുൻ പ്രസിഡന്റുമാണ്.

യാത്രാവിവരണം

# മഹാകുംഭമേള

## മഹാകുംഭമേളയിലെ അനുഭവങ്ങൾ, കാഴ്ചകൾ

### ഭാഗം–2



**പി.സി. സുധീരൻ**
തൃശ്ശൂർ, മൊ. 9446141888

അങ്ങനെ രണ്ട് കാറുകളിലായി ഞങ്ങൾ എട്ടു പേർ യാത്ര ആരംഭിച്ചു. തുടക്കത്തിൽ ഒരു തിരക്കും റോഡിൽ കണ്ടില്ല. ഞങ്ങൾ സന്തോഷിച്ചു. മോത്തിലാൽ നെഹ്റു മെഡിക്കൽ കോളേജിന്റെ അടുത്തു വരെ വലിയ തടസ്സമില്ലാതെ വണ്ടി ഓടി, അവിടന്നങ്ങോട്ട് റോഡ് തിങ്ങിനിറഞ്ഞ് യാത്രികളും ബസ്സുകളും ടാക്സികളും ഓട്ടോറിക്ഷകളും യാത്രക്കാരെ കയറ്റുന്ന ബൈക്കുകാരുമൊക്കെയായി ഏതാണ്ട് നിശ്ചലാവസ്ഥയിലായി. സിവിൽ ലൈൻസ് എത്തുമ്പോഴേക്കും തിരക്ക് മൂർദ്ധന്യത്തിലെത്തിയിരുന്നു. ഒരു മിനിറ്റ് നിരങ്ങി പത്തു മിനിറ്റ് കിടന്ന്... സാവകാശം യാത്ര തുടർന്നു. “ഇനി വണ്ടി പോകില്ല. ഇവിടന്ന് നടന്നോളൂ” എന്ന ഉത്തരം കേൾക്കുമെന്ന ഭയത്താൽ എത്ര ദൂരം കൂടി പോകണമെന്നോ എത്രനേരം എടുക്കുമെന്നോ എന്നൊന്നും ഞങ്ങൾ ഡ്രൈവറോട് ചോദിച്ചില്ല. രണ്ടര മണിക്കൂർ നേരം തിരക്കിലൂടെയും ട്രാഫിക് ബ്ലോക്കിലൂടെയും ഇടുങ്ങിയ റോഡുകളിലൂടെയും നിരങ്ങി നിരങ്ങി ഒരു വലിയ ഗ്രൗണ്ടിലൂടെ കടക്കാൻ ശ്രമിച്ചപ്പോൾ പോലീസ് തടഞ്ഞു. യാത്ര അവിടെ അവസാനിച്ചു. “ഇവിടന്ന് ഒരു കിലോമീറ്റർ ദൂരം നടന്നാൽ നിങ്ങളുടെ ‘കുടിയ’ ആയി.” നിസ്സഹായതയോടെ ഡ്രൈവർ പറഞ്ഞു. ഞങ്ങൾക്ക് വേറെ വഴിയൊന്നും ഉണ്ടായിരുന്നില്ല. അവർ പറഞ്ഞ തുക Gpay ചെയ്തു. അപ്പോൾത്തന്നെ 20–ാം തീയതിയിലെ മടക്കയാത്രയിൽ, അവരുടെ സഹായം കിട്ടുമോ എന്നന്വേഷിച്ചു. രാവിലെ ഏഴുമണിക്കെങ്കിലും യാത്ര ആരംഭിക്കാമെങ്കിൽ വണ്ടി ‘കുടിയ’യുടെ അടുത്തു വരാമെന്ന് ഡ്രൈവർ പറഞ്ഞു. അതിൻ പ്രകാരം അയാളുടെ നമ്പർ വാങ്ങി, ഞങ്ങൾ നടത്തമാരംഭിച്ചു.

“ചക്ര-മാധവ് ക്ഷേത്രത്തിന് മുൻപിൽ നിന്ന് വലത്തോട്ട് തിരിഞ്ഞ്, ‘ഓം’ ഗേറ്റ് കടന്ന് ഇരുപത്താറാം നമ്പർ പാലത്തിന്റെ മുൻപിൽ ഇടത്തോട്ട് തിരിഞ്ഞാൽ രേവശ്രീ നിൽക്കുന്ന കാമ്പിലെത്താം” എന്നാണ് നിർദ്ദേശം. ടീം ലീഡർ കൊച്ചമ്മാവൻ, ഫോണിൽ GPS ന്റെ സഹായത്തോടെ മുന്നോട്ട് നടന്നു, ഞങ്ങൾ ജാഥയായി പുറകെയും. സൂര്യൻ നല്ലവണ്ണം പടിഞ്ഞാട്ട് ചാഞ്ഞിരുന്നു. എന്നാൽ പകൽ വെളിച്ചത്തിന് കുറവൊന്നുമുണ്ടായിരുന്നില്ല. തണുപ്പും തോന്നിയില്ല. എതിരെ, വഴിയിലുടനീളം, ഗംഗാസ്നാനം കഴിഞ്ഞ് സന്തോഷത്തോടെ വരുന്ന ആയിരക്കണക്കിന് ആളുകളെ കണ്ടു. അധികവും സ്ത്രീകളും ചെറുപ്പക്കാരുമാണ്. എല്ലാവരുടെ മുഖത്തും സംതൃപ്തി വിളയാടുന്നുണ്ടായിരുന്നു. ചെറിയ കുട്ടികൾ പോലും ഉത്സാഹത്തോടെ നീങ്ങുന്നതു കാണാമായിരുന്നു. ചില അമ്മമാർ വളരെ ചെറിയ കുട്ടികളെ എടുത്തുകൊണ്ട് ശാന്തരായി നീങ്ങുന്നുണ്ടായിരുന്നു. ആരുടെയും മുഖത്ത് സംതൃപ്തി അല്ലാത്തൊരു ഭാവം ഞങ്ങൾ കണ്ടില്ല. എല്ലാവരുടെ നെറ്റിയിലും മഞ്ഞ വീതിക്കുറിയും അതിന്റെ നടുവിൽ ‘രാധേ രാധേ’, ‘ഓം’ എന്നൊക്കെയുള്ള ചുവന്ന അച്ച് കുത്തിയും കണ്ടു. എല്ലാവരും ധൃതിയിലാണ്. എല്ലാവരുടെയും സന്തോഷവും സംതൃപ്തിയും ഞങ്ങളെ ആകർഷിച്ചു.

ചക്രമാധവ് ക്ഷേത്രത്തിന് മുന്നിൽ നിന്ന് ചക്രമാധവ് മാർഗ്ഗിലേക്ക് തിരിഞ്ഞ്, ഓം ഗേറ്റിന്റവിടന്ന് ഇടത്തോട്ട് തിരിഞ്ഞ്... 5.30 മണിയോടെ, 1.2 കി.മീ. മാത്രം നടന്ന് അവദേശ് ദാസ് മഹാരാജിന്റെ ക്യാമ്പിലെത്തി. അതുവരെ കേട്ടിരുന്നതനുസരിച്ച് ഏറ്റവും കുറവ് നടക്കേണ്ടി വന്നവരായി ഞങ്ങൾ മാത്രം. ഭാഗ്യം തന്നെ! ക്യാമ്പിനകത്ത് രണ്ടോ മൂന്നോ സമിതികൾ നടത്തുന്ന ടെന്റുകളുടെ സമൂഹം കണ്ടു. തെക്കേയറ്റത്ത് ചരിഞ്ഞ പ്രതലത്തിൽ കൊത്തിയ പത്തു പതിനഞ്ച് പടികൾ കയറി രേവശ്രീ റിസപ്ഷനിൽ എത്തി. നിരപ്പായ സ്ഥലത്ത് ഒരു നെടുമ്പുര പോലത്തെ ഒരു ഷെഡ്ഡ്.

നിലത്ത് പരവതാനി വിരിച്ചിട്ടുണ്ട് അനേകം ഷീറ്റു കളും, കിടക്കകളും അവിടെ നിരത്തിയിട്ടുണ്ട്. ഒരു ടേബിളിനു പുറകിൽ ഇരിക്കുന്ന ചെറുപ്പക്കാരനെ സമീപിച്ച് ഞങ്ങൾ എത്തിയ വിവരം പറഞ്ഞു. അയാൾ, പ്രദീപ് പാണ്ഡെ, അത്ഭുതത്തോടെ ഞങ്ങളെ വീക്ഷിച്ചു. പത്തു പ്രാവശ്യമെങ്കിലും ഫോൺ വിളിച്ച് ഡയറക്ഷൻ ചോദിച്ച് എത്തുന്നവ രാണ് എല്ലാവരും. നേരിട്ടെത്തിയത് ഞങ്ങൾ മാത്രം!

ബാക്കി അടയ്ക്കാനുള്ള രൂപ അടച്ചശേഷം ഞങ്ങൾക്ക് മുറികൾ തന്നു. മുറിയെന്നു പറഞ്ഞാൽ പുൽക്കുടിൽ! മുളയുടെ ഫ്രെയിമിൽ മുളപ്പാളിക ളുടെ പട്ടികകൾക്കിടയിൽ പുല്ലുകൊണ്ട് മേഞ്ഞ താണ് ചുവരും മേൽക്കൂരയും. ഇതേ വിധത്തിൽ പുല്ലുകൊണ്ടുള്ള, നീക്കാവുന്ന തട്ടികൾ കൊണ്ടുള്ള വാതിൽ. മുറിക്ക് ഏതാണ്ട് 8x8 അടി വലിപ്പമു ണ്ടാകും. മുറിയിൽ രണ്ട് കട്ടിലുകളിന്മേൽ കനം കുറഞ്ഞ മെത്ത വിരിച്ചിട്ടിട്ടുണ്ട്. വൃത്തിയുള്ള വിരിപ്പ്. ഓരോ രജായിയും മടക്കി വച്ചിട്ടുണ്ട്. രണ്ടു മുറികളിൽ മൂന്നു പേർ വീതം കിടക്കേണ്ടതുള്ളതി നാൽ അയാൾ ഓരോ കട്ടിലും സാമഗ്രികളും കൂടി സൗജന്യമായി തന്നു. മുറിയുടെ വശത്ത് ഏതാണ്ട് 3x8 അടിയുടെ ബാത്ത് റൂം. അതിന്റെ അറ്റത്ത് ഉയർന്ന സിമന്റ് തറയിൽ പിടിപ്പിച്ച പുത്തൻ വെസ്റ്റേൺ കമ്മോഡ്, വാട്ടർ ജെറ്റ്, വേറൊരു ടാപ്പ്. ഇത്രയുമാണ് സൗകര്യങ്ങൾ.

ചെക്ക് ഇൻ ചെയ്ത് ഗംഗാസ്നാനത്തിന് തയ്യാ റായി. മുറിയുടെ മുമ്പിൽ നിന്നാൽ, വടക്ക് ഭാഗത്ത് കിഴക്കോട്ടൊഴുകുന്ന വിശാലമായ ഗംഗാനദി കാണാം. മുറിയിൽ നിന്നും ഏതാണ്ട് 250 മീറ്റർ താഴെയായി സ്നാൻ ഘാട്ടുണ്ട്. റോഡിനപ്പുറം അവിടം വരെയുള്ള ഭാഗത്ത് വളരെ നനുത്ത പൊടിപൊടിയായ പൂഴിയാണ്. ചവുട്ടിയാൽ വിരലു കൾക്കിടയിലൂടെ പൊടി മുകളിലേക്ക് വരും! അവ സാനത്തെ അഞ്ചെട്ടടി ദൂരം പുല്ല് വിരിച്ച് വഴുക്കാ താക്കിയിട്ടുണ്ട്. അപ്പോൾ ഏതാണ്ട് അഞ്ഞൂറിൽ താഴെ മാത്രമേ 'സ്നാനാർത്ഥികൾ' ഉണ്ടായിരു ന്നുള്ളൂ. ഏതാണ്ട് പത്തു മീറ്റർ ഉള്ളിലേക്ക് നീങ്ങി പ്ലാസ്റ്റിക് ബ്ലോക്കുകൾ കോർത്തിണക്കിയ ഫ്ളോട്ടിങ് ബാരിക്കേഡുണ്ട്. നൂറു മീറ്ററിനടുത്ത് നീളമുണ്ട് ഘാട്ടിന്. ബാരിക്കേഡിന് അപ്പുറത്ത് ഇറങ്ങാൻ പാടില്ല. കരയിൽ പൂവ്, നാളികേരം, ചന്ദനത്തിരി, ചിരാതുകൾ, എണ്ണ, തിരി എന്നിവ വിൽക്കുന്നവ രുണ്ട്. ജനങ്ങൾ ഇവ വാങ്ങി ഗംഗാ ആരതി ഉഴിയു ന്നുണ്ട്. ചിലർ ചിരാതിൽ തിരികൊളുത്തി ഒഴുക്കി വിടുന്നുണ്ട്. വേറെ ചിലർ പുഷ്പാഞ്ജലി നട ത്തുന്നു. "ജയ് ഗംഗേ", "ഹർഹർ മഹാദേവ്", "ജയ് ശ്രീരാം", "ജയ് ഹനുമാൻ" വിളികളാൽ അന്ത രീക്ഷം മുഖരിതമായിരുന്നു. എല്ലാവരും ശ്രദ്ധാ പൂർവ്വമാണ് എല്ലാം ചെയ്യുന്നത്.

ഞങ്ങൾ ഊഴമിട്ട് സ്നാനത്തിനിറങ്ങി. ഒരു കൂട്ടർ ഇറങ്ങുമ്പോൾ മറ്റുള്ളവർ ജംഗമ വസ്തുക്ക ൾക്ക് കാവൽ നിൽക്കും. ഞങ്ങളുടെ ഊഴത്തിൽ ഞാനും സുമിത്രയും ഗംഗയിൽ വലതുകാൽ വച്ചി റങ്ങി. ആദ്യത്തെ കാൽവെപ്പിൽ തന്നെ ദേഹമാകെ കുളിർ കോരി... പുറമേ നിന്ന് വെള്ളത്തിന്റെ തണുപ്പു കൊണ്ടും ഉള്ളിൽ നിന്ന്, പുണ്യകാലത്ത് പവിത്രഗംഗാസ്പർശം സിദ്ധിച്ചതിലുള്ള ഉൽക്കർഷം കൊണ്ടും. ഇങ്ങനെയൊരവസരം ജീവിതത്തിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചിട്ടേയില്ല. അങ്ങനെ ലഭിച്ച ഭാഗ്യത്തിൽ അത്യധികം നന്ദിയുള്ളവരായി അശ്രുപൂർണ്ണങ്ങളായ നേത്രങ്ങളോടെ ഞങ്ങൾ വെള്ളത്തിലൂടെ നടന്നു. കുളിക്കുവാനുള്ള നദീ തടം മുഴുവനും മണൽച്ചാക്ക് വിരിച്ചിട്ടുള്ളതായി ട്ടാണ് തോന്നിയത്. നല്ല ഉറച്ച അടിത്തട്ട്. ചെളിയോ വഴുക്കലോ ഇല്ല; വെള്ളത്തിന് നല്ല ഒഴുക്കുണ്ട്. ബാരിക്കേഡിന്റെ അടുത്തുവരെ നടന്നപ്പോൾ അരയ്ക്കൊപ്പം വെള്ളമായി. മൂന്ന് മുങ്ങി. "ആപോ ഹി ഷ്ഠ മയോഭുവസ്ഥാ..." "ജലസ്ഥിതരും സുഖ ദായികളുമായ ദേവതമാരേ ഞങ്ങൾക്ക് സുഖവും ജീവിതചര്യകൾക്ക് വേണ്ട ഊർജ്ജവും നൽകി അനുഗ്രഹിക്കേണമേ. അമംഗളകരമായ വാക്കുക ളിൽ നിന്ന് ഞങ്ങളെ രക്ഷിച്ച്, മംഗളകരമായ യശസ്സും ശോഭയും ഞങ്ങൾക്ക് നൽകേണമേ. ഞങ്ങളിലെ പാപങ്ങളെ ക്ഷയിപ്പിച്ച്, രോഗങ്ങളെ അകറ്റി വർദ്ധിച്ച മംഗളം ഭവിക്കേണമേ..." മന്ത്രം ജപിച്ച്, തളിച്ച് ഒന്നുകൂടി മുങ്ങിനിവർന്നു. നല്ല ഉഷാർ തോന്നി. സൂര്യൻ അസ്തമിച്ച് കഴിഞ്ഞി രുന്നു. സൂര്യനും ദേവന്മാർക്കും ഋഷിമാർക്കും പിതൃക്കൾക്കും വേണ്ടി ശ്രദ്ധയോടെ ജലതർപ്പണം നടത്തി കരയ്ക്ക് കയറി. അപ്പോഴേക്കും തണുപ്പ് മുഴുവനും വിട്ടുമാറിയിരുന്നു. ഇരുട്ട് നന്നായി പര ന്നിരിക്കുന്നു. ഗംഗയുടെ ഇരുകരകളും ആലക്തിക ദീപങ്ങളുടെ നീല വെളിച്ചത്തിൽ മുങ്ങിക്കഴിഞ്ഞി രുന്നു. വെള്ളിക്കസവുള്ള വലിയ ഒരു വെള്ളസ്സാരി പോലെ നദി കാണപ്പെട്ടു. ഈ വെളിച്ചം രാത്രി

മുഴുവൻ തുടരുമത്രെ!. അപ്പോഴും ഉച്ചത്തിൽ നാമജപം വേദോച്ചാരണം മറ്റ് അനൗൺസ്മെന്റുകൾ തുടങ്ങിയവ മുഴങ്ങിക്കൊണ്ടിരുന്നു. തലയും ദേഹവും തുവർത്തി ഉണങ്ങിയ വേഷം ധരിച്ചു. ഞങ്ങൾ എന്തുദ്ദേശിച്ചാണോ വന്നത് അത് ഭംഗിയായി നിർവഹിച്ച ചാരിതാർത്ഥ്യത്തോടെ നിന്നു. ഈ ജന്മം സഫലമായിയെന്ന ഉറച്ച വിശ്വാസത്തോടെ ഞങ്ങൾ താമസസ്ഥലത്തേക്ക് മടങ്ങുമ്പോഴും കൂട്ടം കൂട്ടമായി ഭക്തർ സ്നാനത്തിനായി വന്നുകൊണ്ടിരുന്നു.

നദിയുടെ ചരിഞ്ഞ തടം തട്ടുകളായി നിരത്തിയാണ് കുടീരങ്ങളും ടെന്റുകളും നിർമ്മിച്ചിട്ടുള്ളത്. ഏറ്റവും മുകളിലത്തെ സമതലത്തിലാണ് ഞങ്ങൾ താമസിക്കുന്ന 'കുടിയ'. ഇംഗ്ലീഷിലെ 'സി' എന്ന അക്ഷരത്തിന്റെ ആകൃതിയിലാണ് പ്രസ്തുത നിർമ്മിതി. ഇതിൽ 12 മുറികൾ ഒരുക്കിയിട്ടുണ്ട്. നാലെണ്ണം 'അറ്റാച്ച്ഡ് ടോയ്‌ലറ്റ്' ഉള്ളവ; ബാക്കിയുള്ളവയ്ക്ക് പൊതു ടോയ്‌ലറ്റ്. മൊത്തം നിർമ്മിതിയും മുളയും പുല്ലും കൊണ്ട് തീർത്തത്. 'സി' യുടെ അടിഭാഗത്ത് വിശാലമായ അടുക്കളയുണ്ട്. അടുക്കള മേൽനോട്ടം അറുപതിന് മുകളിൽ പ്രായമുള്ള ഒരു വനിതയ്ക്കാണ്. അവരും ഒരു 'കുക്ക്' ഉം രണ്ട് സഹായികളുമായി അടുക്കളയുടെ ഒരു ഭാഗത്ത് കഴിയുന്നു. ഈ വനിതയാണ് 'ചായ' ഉണ്ടാക്കുന്നത്. വെറും ചായ, ഇഞ്ചിച്ചായ, കട്ടൻ ചായ, കാപ്പി മുതലായവ - 'മീഠാ ഔർ ഫീക്കാ' എന്നിവയാണ് ലഭിക്കുക. ഏതായാലും രണ്ടൗൺസ് അളവുണ്ടാകും. ഇഞ്ചിച്ചായയാണ് ഞങ്ങൾ എപ്പോഴും കഴിച്ചിരുന്നത്. രണ്ടൗൺസ് ചായക്ക് ഇരുപത് ഉറുപ്പിക! പക്ഷേ, ഒന്നാന്തരം ചായ തന്നെ ആയിരുന്നു അത്.


"ഇലക്ട്രിസിറ്റി, ശുദ്ധജലം, സാനിറ്റേഷൻ എല്ലാം സർക്കാരിന്റെ ചുമതലയാണ്. പ്ലോട്ട് അനുവദിച്ചു കഴിഞ്ഞാൽ, ഈ വകകളിലേക്കായി, അതിനനുസരിച്ചുള്ള തുക അഡ്വാൻസായി സർക്കാരിൽ അടയ്ക്കണം. എന്നിട്ടേ നിർമ്മാണാനുവാദം കിട്ടൂ", പാണ്ഡേ പറഞ്ഞു. ദിവസവും സർക്കാർ ജീവനക്കാർ ക്യാമ്പിലെ പറമ്പ് മുഴുവനും അടിച്ചു വൃത്തിയാക്കി, മാലിന്യങ്ങൾ എടുത്തുകൊണ്ടു പോകും. മിക്ക ദിവസങ്ങളിലും മുകളിൽ നിന്ന് കൊതുകു നിർമ്മാർജ്ജനത്തിനുള്ള 'പുക' സർക്കാർ പ്രയോഗിക്കും. കൂടാതെ മുറികളിൽ നടത്തിപ്പുകാരുടെ വകയും 'പുകയ്ക്കൽ' ഉണ്ട്. കുടീരത്തിനകത്ത് രണ്ട് LED ട്യൂബ് ലൈറ്റുകൾ കത്തുന്നു. മുറ്റത്ത് നിറയെ ബൾബുകളാണ്! ഇരുട്ടിന്റെ ലാഞ്ഛന പോലും ക്യാമ്പിലോ മേളനഗരിയിലോ ഇല്ല. രാത്രി മുഴുവൻ പ്രകാശമാനമായ നഗരി. "നദീതടത്തിലുള്ള ഈ നഗരി മുഴുവൻ ജൂലായ് മാസം കഴിയുമ്പോഴേക്കും വെള്ളത്തിനടിയിലാകും" അയാൾ പറഞ്ഞു. അതു കേട്ടപ്പോൾ ഒരുൾക്കിടിലം തോന്നി. മുകളിലെ റോഡ് ഏതാണ്ട് അമ്പതടി ഉയരത്തിലാണ്. അവിടം വരെ നദി വികസിച്ചാൽ ഏതാണ്ട് ഒന്നര കിലോമീറ്ററോളം വീതിയുണ്ടാകും ഈ വശത്തെ നദിക്ക്! മഴക്കാലത്ത് വന്ന് ഈ ദൃശ്യം കാണണമെന്ന ഒരു മോഹം ഉദിച്ചു.

രാത്രി ഭക്ഷണത്തിന് ചപ്പാത്തി, സബ്ജി, ദാൽ, ചോറ് ഇതാണ് മെനു. നാല് ചപ്പാത്തി കുറച്ച് ചോറ്, ഉപദംശങ്ങൾ അടക്കം ഒരു 'ഥാലി'ക്ക് 250 രൂപ. അതിൽ ചോറ് ഒഴിവാക്കുകയാണെങ്കിൽ രണ്ട് ചപ്പാത്തികൂടെ കിട്ടും. അന്ന് രാത്രി രണ്ട് ഥാലി വാങ്ങി. കൈയിൽ ഉണ്ടായിരുന്ന ചപ്പാത്തി ഇഡ്ഡലി ബ്രെഡ്സ് എന്നിവ വച്ച് മറ്റുള്ളവർ അഡ്ജസ്റ്റ് ചെയ്തു. ഭക്ഷണ ശേഷം ഓരോ ഇഞ്ചിച്ചായ കൂടെ 'സേവിച്ച്' അവസാനിപ്പിച്ചു.

പിറ്റേ ദിവസത്തേക്കുള്ള പ്ലാൻ ഇങ്ങനെ: രാവിലെ തോണി പിടിച്ച് സംഗമസ്ഥാനത്ത് ചെന്ന് കുളിക്കുക. ശേഷം പ്രാതൽ. പിന്നെ പകൽ മുഴുവൻ നഗരി ചുറ്റിക്കാണൽ. വൈകീട്ട് ഒന്നുകൂടി ചക്രമാധവ് ഘാട്ടിലെ അമൃതസ്നാനം... ഞങ്ങൾ നടത്തിപ്പുകാരൻ പാണ്ഡേയെ സമീപിച്ചു.

"ബോട്ടിന് സാധാരണ ദിവസങ്ങളിൽ 300-400 രൂപ വീതം ഒരാൾക്ക് ചിലവ് വരും. തിരക്കിൽ അത് അഞ്ഞൂറും ആയിരവും ആയിരത്തഞ്ഞൂറുമൊക്കെ ആകും. തോണിക്കാരനോട് സംസാരിച്ച് ഉറപ്പിച്ചിട്ട് പോയാൽ മതി", എന്ന നിർദ്ദേശവും ഉപദേശവും കിട്ടി. രാവിലെ ഏഴുമണിക്കു തന്നെ ഞങ്ങളുടെ താമസസ്ഥലത്തു നിന്ന് അരക്കിലോമീറ്റർ മാത്രം ദൂരെയുള്ള ബോട്ട് ക്ലബ്ബിൽ ചെല്ലാൻ തീരുമാനിച്ചു. വേറൊന്നും ചെയ്യാനില്ലാത്തതിനാൽ, ഒമ്പതര മണിയോടെ ഞങ്ങൾ കട്ടിൽ പൂകി. അഹോരാത്രം നടക്കുന്ന ജപങ്ങളും വേദപാരായണവും ഭജനകളും മറ്റ് അനൗൺസ്മെൻറുകളും ആക്രമകാരികളായ കൊതുകളും നിദ്രയ്ക്ക് വിഘാതമായി ഭവിച്ചു.

*(തുടരും)*



# വേദാന്തചിന്താമണികൾ

**കെ.സി. രാമവർമ്മ രാജ**
വലിയരാജ, നീലേശ്വരം, മൊ. 9447027272

1. *"ന കാംക്ഷേ വിജയം കൃഷ്ണ!*
*നച രാജ്യം സുഖാനി ച*
*കിം നോ രാജ്യേന ഗോവിന്ദ!*
*കിം ഭോഗൈർ ജിവിതേന വാ?"* (ഗീത 1-32)

**സാരം:** (ബന്ധുജനങ്ങളെയും മറ്റും കൊന്നിട്ടുള്ള) വിജയവും, രാജ്യവും, സുഖഭോഗാദികളും മറ്റും തനിക്ക് വേണ്ട എന്നു പറഞ്ഞ് വിഷാദമഗ്നനായി അർജ്ജുനൻ.

2. *"നാസ്തി ബുദ്ധിയരക്തസ്യ*
*ന ചായുക്തസ്യഭാവന*
*നാ ചാഭാവയതശ്ശാന്തി-*
*രശാന്തസ്യ കുതസ്സുഖം."* (ഗീത 2-66)

**സാരം:** ഇന്ദ്രിയങ്ങളെ വശപ്പെടുത്താത്തവന്, ആത്മവിഷയമായ അറിവ് ഉണ്ടാകുകയില്ല. അവർക്ക് ആത്മധ്യാനവും ഉണ്ടാവില്ല. അങ്ങനെയുള്ളവർക്ക് മനഃശ്ശാന്തി ഉണ്ടാവില്ല. ശാന്തിയില്ലാത്തവർക്ക്, എവിടെയാണ്, സുഖം?

3. *"ധ്യായതോ വിഷയാൻ പുംസഃ*
*സംഗസ്തേഷൂപജായതേ*
*സംഗാത് സംജായതേ കാമഃ*
*കാമാത് ക്രോധോഽഭിജായതേ"* (ഗീത 2-62)

*"ക്രോധാത് ഭവതി സംമോഹഃ*
*സംമോഹാത് സ്മൃതിവിഭ്രമഃ*
*സ്മൃതിഭ്രംശാത് ബുദ്ധിനാശോ*
*ബുദ്ധിനാശാത് പ്രണശ്യതി"* (ഗീത 2-63)

**സാരം:** വിഷയം പടിപടിയായി, ഒരു വ്യക്തിയെ എങ്ങനെ നശിപ്പിക്കുന്നു, എന്നാണ് ഇതിൽ ചിത്രീകരിക്കുന്നത്.

4. *"ന ജായതേ മ്രിയതേ വാ കദാചി*
*ന്നായം ഭൂത്വാ ഭവിതാ വാ ന ഭൂയഃ*
*അജോ നിത്യഃ ശാശ്വതോഽയം പുരാണോ*
*നഹന്യതേ ഹന്യമാനേ ശരീരേ"* (ഗീത 2-20)

**സാരം:** ആത്മാവ് നിത്യമാണ്.

5. *"നൈനം ഛിന്ദന്തി ശസ്ത്രാണി*
*നൈനം ദഹതി പാവകഃ*
*നചൈനം ക്ലേദയന്ത്യാപോ*
*ന ശോഷയതി മാരുതഃ."* (ഗീത 2-23)

**സാരം:** ആത്മാവിനെ ഒന്നിനാലും നശിപ്പിക്കാൻ കഴിയുകയില്ല.

6. *"ന ഹി കശ്ചിത് ക്ഷണമപി*
*ജാതു തിഷ്ഠത്യകർമ്മകൃത്*
*കാര്യതേ ഹ്യവശഃ കർമ്മ*
*സർവ്വഃ പ്രകൃതിജൈർ ഗുണൈഃ."*
(ഗീത 3-5)

**സാരം:** ഒരിക്കലും, ഒരുവനും കർമ്മം ചെയ്യാത്തവനായി, ഇരിക്കുന്നില്ല. സത്വരജസ്തമോ ഗുണങ്ങൾ, അവനെക്കൊണ്ട് എന്തെങ്കിലും ചെയ്യിപ്പിക്കും.

7. *"മയി സർവാണി കർമ്മാണി*
*സംന്യസ്യാദ്ധ്യാത്മ ചേതസാ*
*നിരാശീർന്നിർമമോ ഭൂത്വാ*
*യുദ്ധ്യസ്വഃ വിഗതജ്വരഃ"* (ഗീത 3-30)

**സാരം:** ചെയ്യുന്നതെല്ലാം പരമാത്മാവിൽ സമർപ്പിച്ചിട്ട് ആശാരഹിതനായി, എന്റേതെന്ന ഭാവമില്ലാതെ, ദുഃഖമില്ലാതെ ചെയ്യുക. (യുദ്ധം ചെയ്യാൻ പ്രേരിപ്പിച്ചതല്ല, ക്ഷത്രിയ സ്വധർമ്മം യുദ്ധമായതിനാൽ അങ്ങനെ പറഞ്ഞതാണ്.)

8. *"കർമ്മണ്യകർമ്മ യഃ പശ്യേ-*
*ദകർമ്മണി ച കർമ്മ യഃ*
*സ ബുദ്ധിമാൻ മനുഷ്യേഷു*
*സ യുക്തഃ കൃത്സ്ന കർമ്മകൃത്"*
(ഗീത 4-18)

**സാരം:** കർമ്മം ചെയ്യുന്നത് ഇന്ദ്രിയങ്ങളാണെന്ന ഉറപ്പോടെ, കർമ്മത്തെയും അകർമ്മത്തെയും, ഒരുപോലെ കാണുന്നവൻ, മനുഷ്യരിൽവച്ച് യഥാർത്ഥ ജ്ഞാനിയും യോഗിയുമാണ്.

9. *“അപി ചേദസി പാപേഭ്യഃ*
*സർവേഭ്യഃ പാപകൃത്തമഃ*
*സർവം ജ്ഞാനപ്ലവേനൈവ*
*വൃജിനം സന്തരിഷ്യസി.”* (ഗീത 4-36)

**സാരം:** ഏറ്റവും വലിയ പാപിയായാലും, ആ പാപ സമുദ്രത്തെ, ജ്ഞാനമാകുന്ന തോണി കൊണ്ട് കടക്കാം.

10. *“സംന്യാസഃ കർമ്മയോഗശ്ച*
*നിഃശ്രേയസകരാവുഭൌ*
*തയോസ്തു കർമ്മ സംന്യാസാത്*
*കർമ്മയോഗോ വിശിഷ്യതേ”* (ഗീത 5-2)

**സാരം:** (വെറുതെ ഇരിക്കുന്നത് മടിയന്റെ ലക്ഷണമാണ്). ഈശ്വരാർപ്പണമായ കർമ്മംകൊണ്ട്, മനസ്സ് ശുദ്ധമായാൽ, ആ നിർമ്മല ചിത്തത്തിൽ ആത്മജ്ഞാനം ഉണ്ടാകും.

11. *“ബാഹ്യസ്പർശേഷ്വസക്താത്മാ*
*വിന്ദത്യാത്മനി യത് സുഖം*
*സബ്രഹ്മയോഗയുക്താത്മാ*
*സുഖമക്ഷയ്യമശ്നുതേ.”* (ഗീത 5-21)

**സാരം:** ബാഹ്യ സുഖങ്ങളിൽ ആഗ്രഹമില്ലാത്ത ബ്രഹ്മനിഷ്ഠൻ അനുഭവിക്കുന്ന ആത്മാനന്ദത്തിന് ക്ഷണംപ്രതി മാറ്റമുണ്ട്. എന്നാൽ ബ്രഹ്മത്തിൽ ഐക്യം പ്രാപിച്ചവൻ, ഒരിക്കലും ക്ഷയിക്കാത്ത സുഖത്തെ അനുഭവിക്കുന്നു.

12. ‘‘*സർവ്വഭൂതസ്ഥമാത്മാനം*
*സർവ്വഭൂതാനീ ചാത്മനീ*
*ഈക്ഷതേ യോഗയുക്താത്മാ*
*സർവ്വത്ര സമദർശനഃ”* (ഗീത 6-29)

**സാരം:** യോഗിക്ക്, സകല ഭൂതങ്ങളും തന്നിലും താൻ സർവ്വ ഭൂതങ്ങളിലും ഉള്ളതായി അനുഭവപ്പെടും (സംഭാവന).

13. *“അസംശയം മഹാബാഹോ!*
*മനോദുർനിഗ്രഹം ചലം*
*അഭ്യാസേന തു കൗന്തേയ!*
*വൈരാഗ്യേണ ച ഗൃഹ്യതേ.”* (ഗീത 6-35)

**സാരം:** മനസ്സിനെ അതിന്റെ ഉറവിടവും നിത്യവും ആയ ആത്മാവിൽ നിർത്തി, വൈരാഗ്യത്തോടെ, മമതയില്ലാതെ, ദോഷവശങ്ങളെയോർത്ത് വിഷയ വിരക്തിയോടെ മിതാഹാരിയായി സാധന ചെയ്യണം.

14. *“മത്തഃ പരതരം നാന്യത്*
*കിഞ്ചിദസ്തി ധനഞ്ജയ!*
*മയി സർവമിദം പ്രോതം*
*സൂത്രേ മണിഗണാ ഇവ.”* (ഗീത 7-7)

**സാരം:** ഭഗവാനെക്കാൾ ശ്രേഷ്ഠമായി വേറെയൊന്നുമില്ല. എല്ലാം ഭഗവാനിൽ കോർക്കപ്പെട്ടിരിക്കുന്നു.

15. *“ത്രിഭിർ ഗുണമയൈർ ഭാവൈ*
*രേഭഃ സർവമിദം ജഗത്*
*മോഹിതം നാഭിജാനാതി*
*മാമേഭ്യഃ പരമവ്യയം”* (ഗീത 7-13)

**സാരം:** ത്രിഗുണങ്ങളാൽ മോഹിതനാകയാൽ, ഇതിൽനിന്ന് ഭിന്നനായി ഗുണാതീതനായ ഭഗവാനെ ആരും അറിയുന്നില്ല.

16. *“തസ്മാത് സർവ്വേഷു കാലേഷു*
*മാമനുസ്മര യുധ്യച*
*മയ്യർപ്പിത മനോബുദ്ധിർ-*
*മാമേവൈഷ്യസ്യസംശയഃ* (ഗീത 8-7)

**സാരം:** (മരണസമയത്തെ മനസ്സിലെ വിചാരമാണ് അടുത്ത ജന്മത്തെ നിശ്ചയിക്കുന്നത്) അതിനാൽ എപ്പോഴും തന്നെ ഓർത്ത് കർമ്മം ചെയ്യാനാണ് ഭഗവാൻ ഉപദേശിക്കുന്നത്.

17. *“മാമുപേത്യ പുനർജന്മ*
*ദുഃഖാലയമശാശ്വതം*
*നാപ്നുവന്തി മഹാത്മാനഃ*
*സംസിദ്ധിം പരമാം ഗതാഃ”* (ഗീത 8-15)

**സാരം:** ഭഗവാനെ പ്രാപിച്ച് പരമശാന്തി നേടിയ മഹാത്മാക്കൾക്ക് പിന്നെ പുനർജന്മമുണ്ടാവില്ല.


18. *“അനന്യാശ്ചിന്തയന്തോ മാം*
*യേ ജനാഃ പര്യുപാസതേ*
*തേഷാം നിത്യഭിയുക്താനാം*
*യോഗക്ഷേമം വഹാമ്യഹം.”* (ഗീത 9-22)

**സാരം:** ഉത്തമ ഭക്തന്മാരുടെ ആവശ്യങ്ങളെല്ലാം ഭഗവാൻതന്നെ നിറവേറ്റുന്നു.

19. *“യത്കരോഷി യദശ്നാസി*
*യജ്ജ്യ ഹോഷി ദദാസിയത്*
*യത്തപസ്യസി കൌന്തേയ!*
*തത് കുരുഷ മദർപ്പണം.”* (ഗീത 9-27)

**സാരം:** ചെയ്യുന്നതെല്ലാം ആത്മാർപ്പണബുദ്ധിയോടെ ചെയ്താൽ ഈശ്വരപൂജയായി.

മിനിക്കഥ



# അയ്യോ! എനിക്ക് വിശക്കുന്നു

**സതീഷ്കുമാർ ടി.എൻ.**
ഇടപ്പള്ളി, മൊ. 9895031738

വളരെക്കാലമായി എന്തെങ്കിലും കഴിച്ചിട്ട്. ഭൂമിയിലെ ഇതുവരെയുള്ള അവതാരങ്ങളൊക്കെ കഴിഞ്ഞ് ഞാൻ ദേവലോകത്ത് എത്തിയതിനു ശേഷമാണ് എനിക്ക് എന്തെങ്കിലും കഴിക്കാനായി വിഷമങ്ങൾ അനുഭവപ്പെട്ടു തുടങ്ങിയത്. തുടക്കത്തിൽ അൽപ്പം കഷ്ടപ്പെട്ടിട്ടാണെങ്കിലും മെസ്സിൽ പോയി കഴിക്കാൻ സാധിക്കുമായിരുന്നു. എന്നാൽ എനിക്ക് ഇന്ന് എന്റെ സിംഹാസനത്തിൽ നിന്ന് എഴുന്നേറ്റ് ഒരു ചുവടു വയ്ക്കാനാകുന്നില്ല. അതിശക്തമായ ക്ഷുത്തുകാരണം എനിക്കിടയ്ക്കു കാഴ്ചപോലും മങ്ങിപ്പോയി.

എന്റെ സിംഹാസനത്തിന് തൊട്ടു ചുറ്റും മുതൽ യോജനകണക്കകലം വരെ മനുഷ്യരുടെ ആത്മാക്കൾ കുന്നുകൂടിക്കിടക്കുകയാണ്. സൂക്ഷ്മശരീരികളാണെങ്കിലും യുഗങ്ങളായി തുടരുന്ന ആത്മാക്കളുടെ വരവുകാരണം എന്റെ ചുറ്റും ഹിമാലയ സമാനമായ ആത്മാക്കളുടെ പർവ്വതങ്ങളാണ്. എന്തിനാണ് ഇവയെല്ലാം എന്റെ കാലടികളിലേക്കു വരുന്നത് എന്ന് ഞാൻ ആദ്യകാലത്ത് അത്ഭുതപ്പെട്ടിരുന്നു. ഇപ്പോഴല്ലെ അതിന്റെ ഗുട്ടൻസ് പിടികിട്ടിയത്. ആര്യാവർത്തത്തിലെ ഒരു വിഭാഗം ജനങ്ങൾ അവർക്കിടയിൽ മരണമുണ്ടായാൽ മരിക്കുന്നവർ വിഷ്ണുപാദം പൂകി എന്നാണ് വിവക്ഷിക്കുന്നതത്രേ! അവർക്കു വെറുമൊരു വാക്ക്. കഷ്ടപ്പെടുന്നത് ഞാനല്ലേ? എന്തുകൊണ്ടാരും ശംഭുപാദം പൂകി എന്ന് കരുതുന്നില്ല? ബ്രഹ്മാവും ഞാനും ശംഭുവും ഉൾപ്പെട്ട ത്രിമൂർത്തികളിൽ സംഹാരം ശംഭുവിന്റെ ഉത്തരവാദിത്തമായിട്ടാണ് കരുതി വരുന്നത്. എന്നിട്ടും എന്തേ ഭൂമിയിലെ ജീവിതം അവസാനിക്കുമ്പോൾ ശംഭുപാദം പൂകാൻ പറയുന്നില്ല? വിവിധ അവതാരങ്ങളിൽ ഞാൻ ചെയ്തുകൂട്ടിയതിനൊക്കെയുള്ള ശിക്ഷയായിരിക്കും.

ഇനിയും ഒരവതാരം കൂടി എടുക്കേണ്ടിവരും എന്ന് പ്രജാപതി സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാണാവോ അതിന്റെ സമയം വരിക? സമയം വന്നാലും ഇതിനിടയിൽനിന്ന് എങ്ങനെ പുറത്തു കടക്കും? പ്രജാപതി ഒരു വഴി കണ്ടുപിടിക്കുമായിരിക്കും. ക്ഷോണിയിൽ എത്രയും പെട്ടെന്ന് ധർമ്മക്ഷയമുണ്ടാകണേ എന്നാണ് ഞാനിപ്പോൾ ദിവസവും പ്രാർത്ഥിക്കുന്നത്. അപ്പോഴല്ലേ എനിക്കവതരിക്കാൻ അവസരം കിട്ടൂ? ●

---

20. *"ക്ഷിപ്രം ഭവതി ധർമ്മാത്മാ*
*ശശ്വച്ഛാന്തിം നിശ്ച്ഛതി*
*കൌന്തേയ! പ്രതിജ്ഞാനീഹി*
*നമേ ഭക്തഃ പ്രണശ്യതി."* (ഗീത 9-31)

**സാരം:** ദുരാചാരനായ ഭക്തൻ വേഗത്തിൽ ധർമ്മാത്മാവായി മനശ്ശാന്തിയെ പ്രാപിക്കുന്നു. പരമാത്മ ഭക്തൻ ഒരു കാലത്തും നശിക്കില്ലെന്ന ഉറപ്പ് ഭഗവാൻ അർജ്ജുനന് നൽകി.

21. *"മനാനാ ഭവ മദ്ഭക്തോ*
*മദ്യാജി മാം നമസ്കുരു*
*മാമേഗിവെഷ്യനിയുക്ത്വൈവ-*
*മാത്മാനം മത്പരായണഃ"* (ഗീത 9-34)

**സാരം:** പരമാത്മാവിൽ മനസ്സുറപ്പിച്ചവനായി എന്നെത്തന്നെ ഭജിക്കുന്നവനായി നീ ഭവിച്ചാലും. ഞാൻ തന്നെ പരാശ്രയമെന്ന് വെച്ച് മനസ്സിനെ എന്നിൽ ചേർത്താൽ എന്നെത്തന്നെ പ്രാപിക്കുമെന്ന് ഭഗവാൻ അർജ്ജുനന് ഉറപ്പ് കൊടുക്കുന്നു. (ഇത് നമുക്കെല്ലാവർക്കുമുള്ള ഉറപ്പാണ്.)

പ്രാപഞ്ചിക ദുഃഖങ്ങളിൽ നിന്ന്, മുക്തനാകാനുള്ള വഴി ഭഗവാൻ നമുക്കെല്ലാവർക്കും വേണ്ടി വ്യക്തമാക്കിത്തന്നു. അത് അനുസരിക്കാനുള്ള മനഃസ്ഥിതി, കരുണാനിധിയായ ഭഗവാൻ എല്ലാവർക്കും തരട്ടെ.

ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ ●

ഉപന്യാസം

# ആനന്ദകരവും ക്ലേശരഹിതവുമായ വാർദ്ധക്യം





**പി.വി.ആർ. തിരുമുൽപ്പാട്**
കുറ്റിലഞ്ഞി, മൊ. 9995593852

വഴിയരികിൽ ഒരു കടത്തിണ്ണയിൽ ഒരു ഭാണ്ഡക്കെട്ടും വച്ച് തലമുടിയും താടിയും നീട്ടി വളർത്തി പ്രാകൃതനായ ഒരു പിച്ചക്കാരൻ നല്ല ഒരു പൂവൻപഴം നിങ്ങൾക്ക് നീട്ടിയാൽ നിങ്ങൾ എന്തു ചെയ്യും. അവജ്ഞയോടെ അയാളെ ശ്രദ്ധിക്കാതെ ഒഴിഞ്ഞ് മാറി പോരും. അതേസമയം വേറൊരു ദിവസം കുളിച്ച് വൃത്തിയായി തലയെല്ലാം ഒതുക്കി ചീകിവച്ച് നല്ല വൃത്തിയുള്ള വേഷം ധരിച്ച് ഒരു കടയുടെ മുന്നിൽ വച്ച് ഒരാൾ ഒരു പുഞ്ചിരിയോടെ ഒരു പഴം നീട്ടിയാൽ, ഒരു പക്ഷെ നിങ്ങൾ അത് വാങ്ങിയേക്കാം. ഇതു തന്നെയാണ് ഏവർക്കും എവിടേയും അനുഭവം. അത് വീട്ടിലെ സ്വന്തക്കാരിൽ നിന്നാകട്ടെ അന്യരിൽ നിന്നാകട്ടെ. അത് ഭാര്യയാകട്ടെ മക്കളാകട്ടെ പേരക്കുട്ടികളാകട്ടെ മറ്റ് സ്വന്തക്കാരാകട്ടെ .

അതായത് പ്രായമാകുന്തോറും നിങ്ങളുടെ പഞ്ചേന്ദ്രിയങ്ങളുടെ ശേഷി കുറയുന്നു. ഒപ്പം ആറാമിന്ദ്രിയമായ മനസ്സിന്റെ ദൃഢതയ്ക്കും ശേഷി കുറയുന്നു. അവയ്ക്ക് കാര്യത്തിന്റെ ശരിയായ നിയന്ത്രണം, സ്വീകരണം, പ്രതികരണം എന്നിവ കുറയുകയും മറ്റുള്ളവർക്ക് അയാൾ അശ്രദ്ധനായി പെരുമാറുന്നുവെന്നും തോന്നാം. അതായത് വൃത്തി, സംസ്കാര സമ്പന്നമായ സംസാരം, പ്രസന്നഭാവം, ദയ, അനുകമ്പ എന്നിവയുടെ വീഴ്ച എന്നിവ വന്നുചേരുന്നു. അപ്പോൾ ആൾക്കാർക്ക് നമ്മോട് ഒരു വിഭിന്നമായ അകൽച്ചയാണ് നല്ലതെന്നും വന്നു കൂടും. നമ്മളിലെ മാറ്റങ്ങൾ നമ്മൾ അറിയില്ല, പക്ഷെ മറ്റുള്ളവർക്ക് പ്രകടമാവുകയും ചെയ്യും. എന്തിന് ഏറെ പറയുന്നു ടി യാനോട് കുറച്ച് അകന്ന് നിൽക്കുന്നതാണ് ഭേദം എന്നു തോന്നുന്നു എന്നു വരെ മറ്റുള്ളവർ പറയും. ഇതു മൂലം നമുക്ക് ഒരു ഏകാന്തത വന്നു കൂടിയതായി തോന്നുകയും സ്വയം സംസാരം, ഇടപെടലുകൾ കുറയ്ക്കുകയും ചെയ്യുന്നു. 'താനായി തന്റെ പാടായി' എന്ന മട്ടിൽ വൃദ്ധൻ ആദ്യം അടുപ്പക്കാരിൽ നിന്നും പിന്നീട് സ്വന്തക്കാരിൽ നിന്നും ക്രമേണ ഗൃഹത്തിലുള്ളവരുമായി പോലും സമ്പർക്കത്തിന് വിരാമമിടുന്നു. അതോടെ ഏകനും മൂകനുമായി ഒറ്റപ്പെടുന്നു. അപ്പോൾ സകലവിധ ദിനചര്യകളും അലങ്കോലപ്പെട്ട് അസ്വസ്ഥനാകുന്നു. അതോടെ സ്വസ്ഥത, സന്തോഷം, വിശ്രമം, പങ്കുചേരൽ എല്ലാം താറുമാറായി ഒരു മനോരോഗിയായി മാറിയതുപോലെ ഒരു മൂലയിലേക്ക് ഒതുങ്ങിപ്പോകുന്നു. ആ സമയമാകുമ്പോഴേയ്ക്കും സന്തോഷത്തിന്റെയും ആനന്ദത്തിന്റേയും അവസാന തിരിശ്ശീല വീണുകഴിയും.

ഇനി നല്ല ഉഷാറായി ചിരിച്ച് കളിച്ച് മറ്റുള്ളവരെ ആകർഷിച്ച് കഴിയാനും നമുക്ക് കഴിയും, എങ്ങിനെ, എപ്പോൾ, എന്തെല്ലാം ചെയ്താൽ എന്നുള്ള ഒരു പഠനം നടത്താം.

ആദ്യമായി ശുചിത്വം. ഒന്നാം തരം വേഷം വൃത്തിയായി ധരിക്കുക. നഖം വെട്ടൽ, തലമുടി വെട്ടിക്കൽ, ക്ലീൻ ഷേവിങ്ങ് എന്നിവ ശീലമാക്കുക. എന്തിന് ചെരിപ്പ്, കുട എന്നതിൽ പോലും ശ്രദ്ധിക്കണം. നമുക്ക് ഒരു അണ്ണാർക്കണ്ണൻ അടുത്ത് വന്നാൽ സന്തോഷം, അതേസമയം ഒരു പെരിച്ചാഴി (വലിയ ചുണ്ടനെലി) അടുത്തുവന്നാൽ വെറുപ്പ്. ഇതു തന്നെയാണ് നമ്മുടെ വസ്ത്രധാരണവും ശുചിത്വവും കൊണ്ടുള്ള ഫലം. കുട്ടികൾ വന്നാൽ മടിയിലിരിക്കാനും മറ്റുള്ളവർ അടുത്തിരി

## പൂയം തിരുനാളിന് ഫ്രഞ്ച് ബഹുമതി

ഫ്രഞ്ച് സർക്കാരിന്റെ പരമോന്നത ബഹുമതിയായ 'നൈറ്റ് ഓഫ് ദി ലിജിയൻ ഓഫ് ഓണർ' പുരസ്ക്കാരം H.H. പൂയം തിരുനാൾ തമ്പുരാട്ടിക്ക് ലഭിച്ചു. ജൂൺ 19-ാം തീയതി തിരുവനന്തപുരം കോട്ടയ്ക്കകം കൃഷ്ണ വിലാസം കൊട്ടാരം കോമ്പൗണ്ടിലുള്ള ലെവി ഹാളിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ ഫ്രഞ്ച് അംബാസിഡർ H.E. Mr. Thierry Mathou പുരസ്ക്കാരം സമ്മാനിച്ചു.



ക്കാനും താല്പര്യം കാട്ടും. അപ്പോൾ വയോജനക്കാരനും ഒരു ആനന്ദം ഉയരും. രണ്ടാമത് അത്യാവശ്യമായ സംസാരം മാത്രം. പ്രത്യേകിച്ചും തർക്കവിഷയങ്ങളിൽ. മൗനം ഒരലങ്കാരമായി മാറും. മുഖത്ത് ഒരു ചെറു പുഞ്ചിരി, മറ്റുള്ളവർ പറയുന്നത് ശരിയെന്ന ഭാവം. തമാശകളിൽ കൂടലും മന്ദഹാസവും ചെറുചിരിയും. അവർക്ക് ഉണ്ടാക്കുന്ന സന്തോഷം കാണുന്നത് നമുക്കും സന്തോഷം.

ആഹരിക്കുമ്പോഴുള്ള വൃത്തിയായ ടേബിൾ മാനേഴ്സ്, ഭക്ഷണം ബാക്കിവയ്ക്കാതിരിക്കുക, ചുമയ്ക്കൽ, ചിരി, കൈ കൊണ്ട് വായിൽ വിരലിട്ട് തപ്പിത്തടയാതിരിക്കൽ, ഇഷ്ടമായവ പാത്രത്തോടെ പൊക്കി (മോന്തി) കഴിക്കാതിരിക്കുക, വിരലും കയ്യും നക്കാതിരിക്കുക ഇവയെല്ലാം നമ്മെപ്പറ്റിയുള്ള മതിപ്പ് കൂട്ടും. അതും നമുക്ക് ആനന്ദത്തിന് ഇടയാക്കും.

വീട്ടിലുള്ളവർ എവിടെയെങ്കിലും യാത്രപോകുമ്പോൾ ഞാൻ കൂടി വരാമെന്നുള്ള നിർബ്ബന്ധം. വരുമ്പോൾ ഇന്നതെല്ലാം വാങ്ങി വരണമെന്ന നിർബ്ബന്ധമെല്ലാം ഒഴിവാക്കണം. അപ്പോൾ ഓർത്ത് എന്തെങ്കിലും വാങ്ങി വരുമ്പോൾ അവരോടും സന്തോഷം പങ്കുവയ്ക്കാം. ആരെങ്കിലും എന്തെങ്കിലും തന്നാൽ സന്തോഷത്തോടെ സ്വീകരിച്ച് ആനന്ദം കണ്ടെത്തുക. കുട്ടികളോട് സ്നേഹമായി പെരുമാറുക. ഭക്ഷണത്തിന്റെ സ്വാദിനെപ്പറ്റി അഭിനന്ദിച്ച് ആനന്ദിക്കുക. ഇങ്ങിനെ നൂറുനൂറ് ആനന്ദങ്ങൾ കൂട്ടിവയ്ക്കുമ്പോൾ വൃദ്ധനും ആനന്ദഭരിതനാകുന്നു.

നല്ല ഒരു ബസ്സ് വെയിറ്റിംഗ് ഷെഡ് കണ്ടാൽ അതിന്റെ നിർമ്മിതിക്കാരെ രേഖാമൂലം സന്തോഷം അറിയിക്കാം. ബസ്സുകളിലെ ചവിട്ടുപടി പരിഷ്കാരത്തെപ്പറ്റി അവർക്ക് എഴുതാം. പല ബാങ്കുകളിലും വീൽചെയർ കയറ്റാവുന്നതുപോലെ പടികൾ സജ്ജീകരിക്കുന്നത് കണ്ടാൽ അവരെ അഭിനന്ദിക്കാം. ചിലപ്പോൾ അത് കൂടുതൽ സ്ഥലത്തേക്ക് വ്യാപിക്കാൻ ഇടയാക്കിയേക്കാം. ചെറിയ ചെറിയ അഭിനന്ദനങ്ങൾ കൊണ്ട് പല പരിഷ്കാരങ്ങളും ഉത്തരവാദപ്പെട്ടവർക്ക് പ്രചോദനമാകാം. വയോമിത്രം പോലുള്ള സൗകര്യങ്ങൾ ഉപയോഗിക്കുക, മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കുക.

ഇങ്ങനെയൊക്കെ മറ്റുള്ളവരുടെ മനസ്സിൽ സന്തോഷം നിറച്ചാൽ ക്രമേണ നമ്മളും ആനന്ദത്തിന്റെ പരിധിയിൽ എത്തിക്കൊള്ളും. അല്ലാതെ മറ്റുള്ളവർ നമ്മെ നയിക്കുമെന്ന് വിചാരിച്ചാൽ തെറ്റി. സ്വയം താനേ സന്തോഷക്കൂട്ട് നാം തന്നെ തയ്യാറാക്കുക. അപ്പോൾ ജീവിതം സന്തോഷസുന്ദരതരളിതമാകുന്നത് നമുക്ക് അനുഭവിക്കാൻ കഴിയും. പാട്ടുപാടാൻ അറിയില്ലെങ്കിൽ കയ്യടിച്ചു രസിച്ചൂടെയെന്നത് ഓർക്കുക, അങ്ങനെ നീങ്ങിയാൽ വലിയ തട്ടിത്തടവില്ലാതെ നമുക്കും മുമ്പോട്ട് നീങ്ങാം. ഏവർക്കും സന്തോഷത്തോടെ സമർപ്പിക്കുന്നു.

# KEDARNATH



**Sreedevi Ram Pandalai**
Chicago

Embarking on a journey to Kedarnath is not merely a physical expedition; it is a pilgrimage of the soul, a sojourn into the heart of the Himalayas where divinity and nature converge together. My recent trip to Kedarnath, starting from the coastal city of Cochin, unfolded like a spiritual journey filled with adventure, devotion, and awe-inspiring landscapes. Jai Bholenath! The divine call to Kedarnath, resonating within me since the departure of my beloved father, became an undeniable force, guiding me towards the sacred lap of Lord Shiva. Accompanied by my ever-devoted mother, our pilgrimage



to Kedarnath was a spiritual odyssey, marked by challenges, companionship, and a profound connection with the divine.

The journey began with a flight from Cochin to Delhi, a transition from the tropical shores of the Arabian Sea to the bustling capital of India. Delhi, with its historical monuments and vibrant culture, provided a stark contrast to what lay ahead in the serene heights of the Himalayas.

From Delhi, we took another flight to Jolly Grant Airport in Dehradun, the gateway to the mystical land of Uttarakhand. The air in Dehradun carried the crispness of the mountains, signaling the proximity to the sacred lands that awaited us. It was here that we were greeted by Mr. Sunil, our taxi driver and guide for the journey ahead. As we traversed the winding roads that carved through the majestic landscapes of Uttarakhand, Mr. Sunil became more than just a driver; he became a companion on our spiritual quest. His tales of previous journeys to Kedarnath and his unwavering faith in Lord Shiva added a personal touch to our expedition.

Aware of the challenges of navigating the hills after sunset, we decided to make a prudent stop at Rudraprayag. The decision was not just a matter of practicality; it was a nod to the respect one must accord to the unpredictable terrains of the Himalayas. Driving through the hills demands a certain reverence, and choosing safety over haste is an unspoken pact with the mountains.

Rudraprayag, a town nestled at the confluence of the Alaknanda and Mandakini rivers, welcomed us with a sense of tranquility. The air carried the melody of flowing waters, and the distant peaks stood as silent witnesses to our passage. As the vehicle eased into the town, we found refuge in a small inn, a haven for weary travelers seeking respite.The inn, though modest, exuded warmth and hospitality. The aroma of hot chapatis, rajma, and rice wafted through the air, drawing us towards a simple yet nourishing meal for tired souls.

The next day marked the dawn of a new chapter in our pilgrimage to Kedarnath. With the first light of day, we set forth on our journey, the clock reading 5 am. The early start held a promise of witnessing the mountains awaken. Traversing through Rampur, Sitapur, and Guptakashi, the villages nestled amidst the hills, the air itself carried a sense of purity, a quality that only the mountains can bestow. Continuing our ascent, we reached the final frontier before Kedarnath—Sonprayag. Situated at the confluence of the Mandakini and Basuki rivers the name "Sonprayag" itself holds significance, with "Son" meaning gold and "Prayag" referring to a confluence in Sanskrit. The confluence of these two rivers at Sonprayag is said to have a golden glow during specific times, adding a touch of mystique to the surroundings. This quaint village serves as a crucial transit point for pilgrims embarking on the journey to Kedarnath. Sonprayag serves as the last motorable point before the trek to Kedarnath, and Gaurikund marks the starting point of the trek itself.

The distance between Sonprayag and Gaurikund is approximately 5 kilometers. Pilgrims usually cover this distance by local



transport or on foot, as private vehicles are not permitted beyond Sonprayag. Gaurikund is believed to be the spot where Goddess Parvati, also known as Gauri, performed penance to win the affection of Lord Shiva. The natural hot springs in Gaurikund are associated with this legend, and pilgrims often take a dip in these holy waters before commencing the trek to Kedarnath, considering it purifying and auspicious. From the vehicle drop-off point to the registration office was a short walk, but it marked a significant shift from the realm of logistics to the sanctity of the pilgrimage. At the registration office, pilgrims underwent the essential ritual of scanning their pre-registered documents. The meticulous process, done in advance through the Uttarakhand government website, ensured a streamlined entry into the divine realms of Kedarnath.


With the registration complete, a vista of options came before us. Palki and pony services, like humble aides awaiting their call to duty, lined the vicinity. For a comfortable ascent, my mother opted for the Palki, a portable seat borne by the shoulders of four individuals. On the other hand, I decided to embark on the trek.

As I ascended, the surroundings unfolded in a breathtaking panorama. The sound of the river below, the whispers of the wind through the pine trees, and the distant chants of fellow pilgrims

blended into a symphony that accompanied my ascent.

The trek, though physically demanding, became a meditation—a journey not just to a physical destination but to a sacred state of mind. Along the trek, I found myself in the company of newfound friends, with Dharmendra at the forefront, embodying the spirit of shared endeavor and mutual support. The camaraderie that unfolded during the trek was a testimony to the unspoken bond that pilgrims share on the sacred path. Dharmendra and others, bound by a common purpose, became not just fellow travelers but beacons of encouragement and support. The ascent, marked by challenging terrains and steep gradients, became a shared challenge that united us in a silent pact of determination. As we navigated the winding trails, the mutual motivation resonated through the rhythmic footsteps and echoed in the chants of "Har Har Mahadev." The collective energy of the group became a source of strength, propelling each pilgrim forward with a sense of purpose and resilience. In moments of fatigue, a word of encouragement from Dharmendra or a fellow trekker became a revitalizing tonic for the spirit. The shared stories of previous pilgrimages, the anecdotes of overcoming challenges, and the unwavering faith in the divine infused the journey with a profound sense of community.


The decision to trek was a conscious choice, but after trekking for a little over 5 kilometers, the undulating terrain and the steep ascent began to test my endurance. The call of the mountains, while invigorating, had presented a physical challenge that warranted a strategic decision. With my mother comfortably carried in the Palki and being aware of her progressing ahead, I decided to switch to a pony to catch up and ensure we continued the pilgrimage together. The ascent, now assisted by the surefooted pony, allowed me to cover ground swiftly, catching up with the Palki that carried my mother ahead.



The simplicity of the tea breaks and meals, featuring freshly made Maggi and parathas, added a touch of comfort to the challenging ascent. The mountainside makeshift kitchens, responding to our orders with the sizzle of hot pans and the aroma of spices, became oases of warmth and sustenance. However, the journey was not without its challenges. The unpredictable mountain weather, characterized by fog, visibility issues, and occasional hail, added an element of danger to the ascent. Each step became a negotiation with the elements, and the collective determination of the group continued to be the driving force that propelled us forward. By the time the clock struck 4 pm, we reached the Kedarnath base camp, having covered a staggering 20 kilometers of the trek. The last leg of the journey, the final 2 kilometers, had to be traversed on foot since ponies were not permitted beyond the base camp. While ponies could carry pilgrims only up to the base camp, Palkis, like the one chosen for my mother, had the privilege of proceeding further. The decision to opt for a Palki, considering the limitations imposed beyond the base camp, became a thoughtful choice that ensured my mother's comfort and safety on the sacred journey.

*(to be continued...)*

ലേഖനം



# ചക്രവാതച്ചുഴിയും കൊറിയോലിസ് ബലവും

**ഡോ. കെ. കേരളവർമ്മ**
ഇടപ്പള്ളി, മൊ. 9847945241

**അ**ടുത്ത കാലത്തായി ഈ സംസ്ഥാനത്തെ ഏവർക്കും സുപരിചിതമാണ് ചുഴലിക്കാറ്റ് അഥവാ ചക്രവാതച്ചുഴി (Cyclone). കടലിന് മുകളിൽ രൂപപ്പെട്ട് കറങ്ങുന്ന കാറ്റ് ശക്തിപ്രാപിച്ച് കരയിലേക്ക് അടിച്ചുകയറി സ്വത്ത് നശിപ്പിച്ചും ജീവനെടുത്തും സംഹാരതാണ്ഡവമാടുന്ന പ്രതിഭാസമാണ് ചുഴലിക്കാറ്റ് (ചിത്രം 1). 2017 നവംബർ 29 മുതൽ കുറച്ച്




*ചിത്രം 1 - ഒറീസ്സയിൽ അടിച്ച ഫാനി എന്ന ചക്രവാതത്തിൽ ആടിയുലയുന്ന ഃക്ഷ (https://commons.wikimedia.org/ wiki/ File:Trees_under_heavy_wind_in_Odisha_during_ cyclone_Fani. jpg#file) സൈറ്റ് 18-3-25 ൽ സന്ദർശിച്ചു.*

ദിവസവും 2018 നവംബർ 16-നും നാശനഷ്ടങ്ങളുണ്ടാക്കിയ യഥാക്രമം ഓഖി, ഗജ എന്നീ ചുഴലിക്കാറ്റുകൾ നാം മറന്നിട്ടില്ല. മേൽപ്പറഞ്ഞ രണ്ടും കേരളതീരത്ത് നേരിട്ട് കയറിയവയല്ല. മറിച്ച്, ഓഖി തെക്കൻകേരളത്തിനടുത്ത് കൂടി (ചിത്രം 2) കടന്നുപോയതാണ്. ഗജയെന്ന ചുഴലിക്കാറ്റാകട്ടെ തമിഴ്നാട്ടിലടിച്ച് തെക്കൻകേരളത്തിന് മുകളിൽക്കൂടി സഞ്ചരിച്ചതാണ്.

## എന്താണ് കൊറിയോലിസ് ബലം?

അന്തരീക്ഷത്തിലും സമുദ്രത്തിലും കാണപ്പെടുന്ന ഭൗതിക പ്രതിഭാസങ്ങളെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്ക് കൊറിയോലിസ് ബലത്തിനു



*ചിത്രം 2 - നവംബർ 29-ഡിസംബർ 5 ദിവസങ്ങളിലെ ഓഖി ചക്രവാതത്തിന്റെ സഞ്ചാരപഥം. https://commons.wikimedia.org/wiki/ File: Ockhi_2017_ track.png. (24-4-25 ന് സൈറ്റ് സന്ദർശിച്ചു). അതിൻപ്രകാരം തീയതി/utcസമയം അടയാളപ്പെടുത്തിയിട്ടുണ്ട്.*

മുണ്ട്. ഭൂമി അതിന്റെ അച്ചുതണ്ടിൽ കിഴക്ക് ഭാഗത്തേക്ക് കറങ്ങുന്നതിന്റെ ഫലമായി ഭൂമിയ്ക്ക് മുകളിലൂടെ സഞ്ചരിക്കുന്ന വസ്തുക്കൾക്ക് അനുഭവപ്പെടുന്ന ഒരു മിഥ്യാബലമാണിത്. ഭൂമിയിലെ ചലിക്കുന്ന വസ്തുക്കളെ നാം നിരീക്ഷിക്കുന്നത് ഭൂമിയെ ആധാരമാക്കിയാണല്ലോ. അതായത് ഭൂമിക്കൊപ്പം കറങ്ങുന്ന കോർഡിനേറ്റ് സിസ്റ്റമനുസരിച്ചാണ് കണക്കാക്കുന്നത്. ഇതിനാലാണ് മിഥ്യാബലം അനുഭവപ്പെടുന്നത്.

## കോർഡിനേറ്റ് സിസ്റ്റങ്ങൾ

കൊറിയോലിസ് ബലത്തെപ്പറ്റി കൂടുതൽ മനസ്സിലാക്കാൻ രണ്ട് തരം കോർഡിനേറ്റ് സിസ്റ്റങ്ങളെ പരിചയപ്പെടേണ്ടതുണ്ട്. നിശ്ചലമായതും, ഒരേ വേഗതയിൽ ചലിക്കുന്നതുമായ കോർഡിനേറ്റ് സിസ്റ്റങ്ങളെ സുസ്ഥിരമായ (inertial) കോർഡിനേറ്റ് സിസ്റ്റം എന്ന് പറയുന്നു. മറിച്ച്, വേഗത മാറിക്കൊണ്ടിരിക്കുന്ന അഥവാ ത്വരിതപ്പെട്ട് (accelerated) ചലിക്കുന്ന കോർഡിനേറ്റ് സിസ്റ്റത്തെ അസ്ഥിര

(noninertial) കോർഡിനേറ്റ് സിസ്റ്റം എന്നാണ് വിളിക്കുക.

**കൊറിയോലിസ് ബലം എങ്ങിനെ രൂപപ്പെടുന്നു**


ഘർഷണം (friction) വഴി ഭൂമിയുമായി മുഴുവനായി ബന്ധപ്പെടാതെ സഞ്ചരിക്കുന്നവയാണ് കാറ്റ്, കടലിലെ ഒഴുക്ക് എന്നിവ. ഇവയെ നാം നിർണയിക്കുന്നത് ഭൂമിയെ, അതായത് കറങ്ങുന്ന തായ, അസ്ഥിര കോർഡിനേറ്റ് സിസ്റ്റത്തെ ആധാരമാക്കിയാണ് എന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. ഇക്കാരണത്താൽ സഞ്ചരിക്കുന്ന വായു ഉദ്ദേശിച്ച സ്ഥലത്തെത്തുന്നില്ല എന്ന് കാണാം.

ഉദാഹരണത്തിന് തിരുവനന്തപുരത്തു നിന്ന് ഡൽഹിക്ക്, നേർരേഖയിലൂടെ, വിമാനത്തിൽ സ്ഥിരവേഗതയിൽ യാത്രചെയ്യുന്നപക്ഷം ഡൽഹിക്ക് മുകളിലെത്താൻ എത്ര സമയെടുക്കുമെന്നറിയാൻ പറ്റുമല്ലൊ. ഈ സമയത്തിൽ ഡൽഹിക്ക് മുകളിൽ എത്തുമോ? ഇല്ല, എന്തുകൊണ്ടാണിത്? ഈ സമയം കൊണ്ട് ഭൂമിയുടെ കറക്കം മൂലം ഡൽഹി കിഴക്കോട്ട് നീങ്ങിപ്പോയിരിക്കും. ഏതോ അദൃശ്യ ശക്തി കൊണ്ട് ലക്ഷ്യസ്ഥലത്തെത്താൻ കൂടുതൽ സമയം വേണ്ടിവരുന്നതായിട്ടാണ് തോന്നുക. അതായാത് ഡൽഹിയിലെത്താൻ വിമാനപഥം വലത്തോട്ട് ചെരിയുന്നതായി അനുഭവപ്പെടുന്നു. ഭൂമിയെ ആധാരമാക്കിയ കോർഡിനേറ്റ് സിസ്റ്റമനുസരിച്ചാണ് നാം യാത്രയെ കാണുന്നത് എന്നതിനാലാണ് പഥവ്യതിയാനം സംഭവിക്കുന്നത്.

ഭൂമിക്ക് പുറത്തുനിന്ന് നോക്കുന്ന ഒരാൾ വ്യതിയാനം ഇല്ലാതെ നേർരേഖയിലുള്ള ശരിയായ പഥമാണ് കാണുന്നത്. എന്തെന്നാൽ നക്ഷത്രങ്ങളെ ആധാരമാക്കിയുള്ള അഥവാ, സുസ്ഥിരമായ കോർഡിനേറ്റ് സിസ്റ്റമനുസരിച്ചുള്ള പഥത്തെയാണ് ഭൂമിക്ക് പുറത്തുള്ളയാൾ കാണുക. അയാൾ ഭൂമിക്കൊപ്പം കറങ്ങുന്നില്ല. ഈ വത്യാസം തിരുത്തിയാൽ മാത്രമേ നാം നിർണയിക്കുന്ന ദൂരം കൃത്യമാവുകയുള്ളു. ഇതിനുള്ള തിരുത്തലാണ് കൊറിയോലിസ് ബലം എന്ന് പറയാം. ഇത് കൂടി കണക്കിലെടുത്താണ് ദൂരയാത്രാവിമാനങ്ങൾ പറത്തുന്നത്. അന്തരീക്ഷ, സമുദ്ര, ഭൗതിക പ്രതിഭാസങ്ങളെ പഠിക്കുന്ന സമവാക്യങ്ങളിൽ ഈ ബലം കൂടി ഉൾപ്പെടുത്തേണ്ടതുമുണ്ട്.

മറ്റൊരു ഉദാഹരണം കൂടി നോക്കാം. നിർത്തിയിട്ട തീവണ്ടിയുടെ കമ്പാർട്ട്മെന്റിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ നിശ്ചിത വേഗത്തിൽ പോകുന്നു എന്ന് കരുതുക. നടക്കുകയാണെങ്കിൽ വണ്ടിയുടെ നിലവുമായി ബന്ധപ്പെട്ടിരിക്കുമല്ലൊ. ഇത് ഒഴിവാക്കാനായി നിലം വിട്ട് പറക്കുന്നു എന്ന് വേണം കരുതാൻ. അകത്ത് നിന്നും പുറത്ത് നിന്നും നോക്കിയാൽ പറക്കുന്ന വസ്തുവിന് സഞ്ചരിക്കാൻ വേണ്ട സമയം തുല്യമായിരിക്കും. ഇനി വണ്ടി ഒരേ വേഗതയിൽ, അതായത് ത്വരിതപ്പെടാതെ സഞ്ചരിക്കുന്നു എന്ന് കരുതിയാൽ കമ്പാർട്ട്മെന്റിന്റെ രണ്ടറ്റവും നിശ്ചിതസമയത്തിൽ ഒരേ ദൂരമാണ് പിന്നിടുന്നത് എന്നതിനാൽ കമ്പാർട്ട്മെന്റ് ആധാരമാക്കിയും പുറത്ത് ഭൂമി ആധാരമാക്കിയും വസ്തു സഞ്ചരിക്കുന്ന ദൂരം തുല്യമാണ്. വണ്ടി നിൽക്കുമ്പോഴും ത്വരിതപ്പെടാതെ സഞ്ചരിക്കുമ്പോഴും കമ്പാർട്ട്മെന്റ് ആധാരമാക്കിയുള്ളത് സുസ്ഥിര കോർഡിനേറ്റ് സിസ്റ്റമായതിനാൽ മിഥ്യാബലമുണ്ടാകില്ല.

വണ്ടി ത്വരിതപ്പെടുമ്പോൾ പരീക്ഷണം ആവർത്തിച്ചാൽ ഫലം വ്യത്യസ്തമായിരിക്കും. ഇവിടെ വണ്ടിയും ഭൂമിയും ആധാരമാക്കിയുള്ളവ യഥാക്രമം അസ്ഥിരവും സുസ്ഥിരവും ആയ കോർഡിനേറ്റ് സിസ്റ്റങ്ങളാണ്. വസ്തു സഞ്ചരിക്കാൻ തുടങ്ങുന്ന കമ്പാർട്ട്മെന്റിന്റെ അറ്റം വണ്ടിക്ക് പുറത്ത്, ഭൂമിയിൽ അടയാളപ്പെടുത്തുക. വസ്തു സഞ്ചരിക്കുമ്പോഴും വണ്ടിയുടെ വേഗത കൂടിക്കൊണ്ടിരിക്കുന്നുണ്ട്. അതിനാൽ വസ്തുവിന്റെ വേഗതയനുസരിച്ച് നിശ്ചിതസമയം മുന്നിലേക്ക് നീങ്ങിക്കഴിയുമ്പോൾ, കമ്പാർട്ട്മെന്റിന്റെ മറ്റേ അറ്റംകൂടി മേൽപ്രകാരം അടയാളപ്പെടുത്തിയാൽ, രണ്ട് അടയാളങ്ങൾക്കിടയിലെ ദൂരം കമ്പാർട്ട്മെന്റിന്റെ നീളത്തേക്കാൾ കൂടുതലാണെന്ന് കാണാം (ചിത്രം 3).




*ചിത്രം 3 – ത്വരിതപ്പെട്ട് മുൻപിലേക്ക് പോകുന്ന തീവണ്ടി. എ) പറക്കുന്ന വസ്തു പുറപ്പെടുന്ന കമ്പാർട്ട്മെന്റിന്റെ സ്ഥാനം. ബി) വസ്തു കമ്പാർട്ട്മെന്റിന്റെ നീളം സഞ്ചരിച്ച് കഴിയുമ്പോൾ കമ്പാർട്ട്മെന്റിന്റെ സ്ഥാനം. ചിത്രം ബി) താഴെയായി കാണിച്ചത് വ്യക്തതയ്ക്ക് വേണ്ടിയാണ്.*

പറക്കുന്നതായ വസ്തു നിശ്ചിതസമയത്തിൽ സഞ്ചരിക്കുന്ന ദൂരം കമ്പാർട്ട്മെന്റിന്റെ നീളമാണ്. എന്നാൽ ഉദ്ദേശിച്ച അറ്റം നീങ്ങിയതിനാൽ അവിടെയെത്തിയില്ല. ഇയാളെ സംബന്ധിച്ചിടത്തോളം ത്വരിതപ്പെടൽ അറിയാത്തതിനാൽ ഒരു ബലം പുറകിലേക്ക് വലിച്ചതിനാലാണ് എത്താത്തത് എന്ന് വിചാരിക്കുന്നു. ഇത് മിഥ്യാബലമാണ്. വണ്ടിയിലെ ഈ മിഥ്യാബലം നാം വാഹനത്തിൽ യാത്ര ചെയ്യുമ്പോൾ നമുക്ക് അനുഭവപ്പെടും. വേഗത പെട്ടെന്ന് കൂടുമ്പോൾ പുറകിലേക്കും കുറയുമ്പോൾ മുൻപിലേക്കും ആഞ്ഞുപോകുന്നത് ഇത് മൂലമാണ്. ഏകവേഗതയിൽ ആണെങ്കിൽ മിഥ്യാബലമില്ലാത്തതിനാൽ നേരെ നിൽക്കാൻ പറ്റുകയും ചെയ്യും.

ഭൂമിയുടെ കറക്കത്താൽ രൂപപ്പെടുന്ന മിഥ്യാബലത്തെ കൂടുതൽ വിശദമാക്കാൻ ഗണിതസമവാക്യങ്ങളെ ആശ്രയിക്കേണ്ടതിനാൽ ഇവിടെ പ്രതിപാദിച്ചിട്ടില്ല.

### കൊറിയോലിസ് ബലത്തിന്റെ വിശേഷതകൾ

നിശ്ചലമായ വസ്തുവിനെ ഈ ബലം ബാധിക്കില്ല, മറിച്ച് ചലിക്കുന്ന വസ്തുവിന് ഇത് അനുഭവപ്പെടുന്നു. വസ്തുവിന്റെ വേഗതയ്ക്കനുപാതമായി ഈ ബലം കൂടുന്നു. ഇതിന്റെ ദിശ വസ്തുവിന്റെചലനദിശയുടെ സമകോണായി (right angle) വലത്തേക്ക് ഉത്തരാർദ്ധഗോളത്തിലും, ഇടത്തേക്ക് ദക്ഷിണാർദ്ധഗോളത്തിലുമാണ്. ഈ ബലം വസ്തുവിന്റെ പഥത്തിൽ വ്യതിയാനം വരുത്തുമെങ്കിലും വേഗതയിൽ വ്യതിയാനം ഉണ്ടാക്കില്ല.

എന്തുകൊണ്ടാണ് ദൈനംദിന ജീവിതത്തിൽ കൊറിയോലിസ് ബലത്തിന്റെ പ്രഭാവം അനുഭവപ്പെടാത്തത് എന്ന ചോദ്യം ഉയരുന്നു. ഈ ബലത്തിന്റെ ശക്തി വളരെ കുറഞ്ഞതായതുകൊണ്ട് ദൈനംദിന ചലനങ്ങളിൽ പ്രവർത്തിക്കുന്ന ശക്തിയേറിയ മറ്റു ബലങ്ങൾക്കിടയിൽ ഇതിന്റെ പ്രഭാവം അനുഭവപ്പെടുകയില്ല. മറിച്ച്, കാറ്റ്, കടലിലെ ഒഴുക്ക് എന്നിവ ഏറെ ദൂരം സഞ്ചരിക്കുന്നതാകയാൽ കൊറിയോലിസ് ബലം മറ്റ് ബലങ്ങളോളം തന്നെ പ്രധാന്യമുള്ളതാവുന്നു.

### കൊറിയോലിസ് എന്ന ശാസ്ത്രജ്ഞൻ


ഭൂമിയുടെ കറക്കം മൂലം കാറ്റിന്റെ ഗതി മാറുന്നതിനെപ്പറ്റി അന്തരീക്ഷ ശാസ്ത്രജ്ഞർക്ക് ധാരണ ഉണ്ടായിരുന്നു. എന്നാൽ കൗതുകകരമായ കാര്യം ഈ ബലത്തിനെപ്പറ്റി ആദ്യം പ്രതിപാദിച്ചത് ഈ ശാഖയിലെ ശാസ്ത്രജ്ഞനല്ല എന്നത് മാത്രമല്ല, ഭൂഭ്രമണത്തെപ്പറ്റിയുള്ള പഠനത്തിലുമല്ല എന്നതാണ്. മറിച്ച്, ഗണിതത്തിലും ബലതന്ത്രത്തിലും കേമനായിരുന്ന ഗാസ്പാർഡ് ഗുസ്താവ് കൊറിയോലിസിന്റെ (Gaspard Gustav Coriolis) പഠനമാണ് ഇതിലേക്കെത്തിയത്. കറങ്ങുന്ന ഭാഗങ്ങളുള്ള യന്ത്രത്തിലെ ബലങ്ങളെപ്പറ്റിയാണ് 1835-ൽ അദ്ദേഹം പ്രതിപാദിച്ചത്. വർഷങ്ങൾക്ക് ശേഷം, ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് ഭൂഭ്രമണത്താലുള്ള മിഥ്യാബലം അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടാൻ തുടങ്ങിയത്.

### ചുഴലിക്കാറ്റ്

നേരത്തെ പറഞ്ഞ ചുഴലിക്കാറ്റ് അഥവാ ചക്രവാതം (cyclone) എന്ന പ്രതിഭാസത്തിൽ പ്രവർത്തിക്കുന്നത് മൂന്ന് ബലങ്ങളാണ്. 1) കൊറിയോലിസ് ബലം (CF), 2) തിരശ്ചീനമായ (horizontal) മർദ്ദവ്യതിയാനം മൂലമുള്ള ബലം അഥവാ pressure gradient force (PGF). ഇത് മർദ്ദം കൂടിയ ഭാഗത്ത് നിന്ന് കുറഞ്ഞ ഭാഗത്തേക്കാണ്. 3) വൃത്താകൃതിയിൽ സഞ്ചരിക്കുമ്പോൾ പുറത്തേക്ക് ഉണ്ടാകുന്ന സെൻട്രിഫ്യൂഗൽ ബലം (CGF).

കടലിന് മുകളിൽ ഒരു ഭാഗത്ത് മർദ്ദം കുറഞ്ഞാൽ ചുറ്റും നിന്ന് വായു അവിടേക്ക് പ്രവഹിക്കുമല്ലോ. പ്രവഹിക്കുമ്പോൾ കൊറിയോലിസ് ബലം വായുവിനെ വലത്തേക്ക് വലിക്കുന്നു (ദക്ഷിണാർദ്ധഗോളത്തിൽ ഇടത്തേക്കായിരിക്കും). അപ്പോൾ ന്യൂനമർദ്ദത്തിനഭിമുഖമായി വന്ന കാറ്റ് ക്രമേണ അതിന്റെ വശത്തുകൂടെ ചുറ്റാൻ തുടങ്ങും. ചുറ്റുമ്പോൾ പുറത്തേക്കനുഭവപ്പെടുന്ന സെൻട്രിഫ്യൂഗൽ ബലം പ്രവർത്തിക്കാൻ തുടങ്ങുന്നു. മൂന്ന് ബലങ്ങളുടെ സമതുലിതാവസ്ഥയിൽ നാഴികമണിയുടെ ചലനത്തിനെതിർദിശയിൽ (anticlockwise) കാറ്റ് കറങ്ങുന്നു (ചിത്രം 4). ഇതിനെ cyclonic ദിശ എന്നും പറയുന്നു. ദക്ഷിണാർദ്ധഗോളത്തിൽ കൊറിയോലിസ് ബലം ഇടത്തേക്കായതിനാൽ കാറ്റിന്റെ ദിശ മറിച്ചായിരിക്കും അഥവാ clockwise ആയിരിക്കും.


മറ്റ് പല ഘടകങ്ങളും അനുകൂലമായാൽ നടുക്കുള്ള മർദ്ദം ക്രമേണ കുറയും. അതനുസരിച്ച് ചുഴലിക്കാറ്റ് തീവ്രന്യൂനമർദ്ദവും (deep depression),




*ചിത്രം 4. ഉത്തരാർദ്ധഗോളത്തിൽ ചക്രവാതത്തിലെ ബലങ്ങളും കാറ്റ് കറങ്ങുന്നതിന്റെ ദിശയും. L എന്നത് മർദ്ദം കുറഞ്ഞ ഭാഗം. ചുറ്റുമുള്ള ആദ്യവട്ടത്തിൽ മർദ്ദം അൽപം കൂടുതലാണ്. ഇപ്രകാരം ഓരോ വട്ടത്തിലും മർദ്ദം ക്രമേണ വർദ്ധിക്കും.*

ചക്രവാതവും ചിലപ്പോൾ അതിതീവ്ര ചക്രവാതവും ആയി മാറുന്നു.

ചക്രവാതത്തിന്റെ മദ്ധ്യത്തിൽ മർദ്ദം ഏറ്റവും കുറഞ്ഞ ഭാഗത്തിനെ ചക്രവാതത്തിന്റെ കണ്ണ് (eye) എന്ന് പറയുന്നു (ചിത്രം 5). ചക്രവാതക്കണ്ണിൽ മേഘവും കാറ്റും ഇല്ലാത്ത ശാന്തതയാണ്.



*ചിത്രം 5. കേറ്റ് എന്ന ചുഴലിക്കാറ്റിൽ മേഘം കറങ്ങുന്നു. മദ്ധ്യത്തിൽ ഉദ്ദേശം 50 കിലോമീറ്റർ വ്യാസമുള്ള ചക്രവാതക്കണ്ണ്. https://eoimages.gsfc.nasa.gov/images/imagerecords/68000/68790/Kate.A2003276.1335.250m.jpg (23-4-25 ന് സന്ദർശിച്ചു). കടപ്പാട്: NASA.https://commons.wikimedia.org/wiki/File:Hurricane_Kate_(2003)-_Good_pic.jpg*

ഇന്ത്യൻ മഹാസമുദ്രത്തിലും തെക്കെ പസഫിക് സമുദ്രത്തിലും ഇവയെ സൈക്ലോൺ എന്നാണറിയപ്പെടുന്നത്. എന്നാൽ പസഫിക് സമുദ്രത്തിന്റെ വടക്ക്പടിഞ്ഞാറ് ടൈഫൂൺ എന്നും, ഉത്തര അറ്റ്ലാന്റിക് സമുദ്രത്തിലും ഉത്തര പസഫിക് സമുദ്രത്തിന്റെ കിഴക്ക്, മദ്ധ്യ ഭാഗങ്ങളിൽ ഹരിക്കേൻ എന്നുമാണ് വിവക്ഷിക്കുന്നത്.

## നാശനഷ്ടങ്ങൾക്കുള്ള കാരണങ്ങൾ

കരയിലേക്ക് ചുഴലിക്കാറ്റ് കയറുന്നതോടെ അടിക്കുന്ന ശക്തമായ കാറ്റ് കെട്ടിടങ്ങൾ നശിപ്പിക്കുകയും മരങ്ങൾ കടപുഴക്കുകയും ചെയ്യുന്നു. ഇത് മാത്രമല്ല, കരയിലേക്ക് ഏറെനേരം ശക്തമായ കാറ്റടിക്കുന്നതിനാൽ തീരക്കടലിലെ ജലനിരപ്പ് ഉയർന്ന് കരയിലേക്കൊഴുകുന്നു. ഉയർന്ന ജലനിരപ്പിൽ തീരത്തടിക്കുന്ന ശക്തമായ തിരമാലകൾ ഏറെ വെള്ളം കരയിലേക്കെത്തിക്കുന്നു. ഇത് കൂടാതെ മർദ്ദം ചക്രവാതത്തിന്റെ ഉൾഭാഗത്തേക്ക് ക്രമേണ കുറഞ്ഞ് വരുന്നതിനാൽ അതിനനുപാതമായി ജലത്തെ മുകളിലേക്ക് വലിച്ചെടുക്കുകയും ചക്രവാതത്തോടൊപ്പം ഈ ജലവും കരയിലെത്തുകയും ചെയ്യുന്നു. ഇവയെല്ലാം ചേർന്ന് വളരെയേറെ സ്ഥലം ജലത്തിനടിയിലാക്കുന്നു. ഇതിനെ സ്റ്റോം സർജ് (storm surge) എന്ന് വിവക്ഷിക്കുന്നു. വേലിയേറ്റ സമയത്ത് ജലനിരപ്പ് ഉയർന്നിരിക്കുമല്ലൊ. വാവുകൾക്ക് അടുപ്പിച്ചുള്ള ദിവസങ്ങളാണെങ്കിൽ വേലിയേറ്റ ജലനിരപ്പ് ഏറെ ഉയർന്നിരിക്കും. ചക്രവാതം ഇത്തരം സന്ദർഭങ്ങളിലാണ് കരയ്ക്കെത്തുന്നതെങ്കിൽ കൂടുതൽ സ്ഥലം വെള്ളത്തിനടിയിലാവുകയും നാശനഷ്ടങ്ങൾ ഏറുകയും ചെയ്യും.

ഈ ലേഖനത്തിൽ അന്തരീക്ഷത്തിലും സമുദ്രത്തിലുമുള്ള ഭൗതിക പ്രതിഭാസങ്ങളെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുള്ള കൊറിയോലിസ് ബലത്തെ ഉദാഹരണസഹിതം പരിചയപ്പെടുത്തിയിരിക്കുന്നു. ഈ ബലത്തിന്റെ സാന്നിദ്ധ്യം കൊണ്ട് രൂപപ്പെടുന്ന ചക്രവാതത്തെപ്പറ്റിയും ചുരുക്കി പ്രതിപാദിച്ചിരിക്കുന്നു. സാധാരണക്കാർക്ക് മനസ്സിലാക്കാൻ വിഷമമില്ലാത്ത രീതിയിൽ ലേഖനം തയ്യാറാക്കാനാണ് ശ്രമിച്ചിട്ടുള്ളത്. നമ്മുടെ ആനുകാലിക പ്രസിദ്ധീകരണത്തിൽ ലഘുശാസ്ത്രലേഖനങ്ങൾ ഉൾപ്പെടുത്തുന്നത്, ഭരണഘടനയിൽ പ്രതിപാദിക്കുന്ന ശാസ്ത്രബോധം സമൂഹത്തിൽ വളർത്താൻ ഉപകാരപ്പെടുമെന്ന് കരുതുന്നു. ●


# Women Empowerment & their Social Status



**E. Ravi Varma Raja**
Kochu Kottaram, Ennakkad
Mob: 9746257789

## Legal Outlook

In April 2025 there was the Southern Zone Regional Conference on Family: The basis of Indian Society, organized by the Family Courts Committee and the Supreme Court of India,in Bangalore.Speaking on the occasion, Hon. Supreme Court Justice B V Nagaratna who is also the chairperson of the Family Courts Committee, citing data, noted that marriage related petitions and domestic disputes have risen. Justice observed that number of unmarried women doubled, divorce rates steadily rising over the last two decades. She added that several factors like urbanisation, economic independence and changing personal values due to foreign/ western influence are challenging traditional family expectations especially in the face of women asserting greater agency over their lives. Gender inequality, economic independence, children and domestic instability, all these numbers point to a larger societal transformation. She further said "The problem is not women's empowerment but our inability to adapt to it". Nagaratna also pointed out that resistance to change often comes from within the family itself, with even senior members like mothers-in-law and grand mothers struggle to accept the evolving role of women. This conflict, she argued, is a key factor contributing to the rise in family disputes and relationship breakdowns.



A socio-legal scholar (she) echoed concerns of family structure being increasingly questioned. This is in conformity with the idealised view of the Indian family system that family remains still a fundamental institution for a meaningful and valued life. Women empowerment should ensure that it is not fuelling family disputes.

Advocate and senior mediator challenged the idealised view of Indian family system, quoting domestic violence statistics. According to him increased divorce rates may in fact 'signal' the ‘progress’. He added that "This could be a reflection of women asserting their independence and choosing dignity over social expectations. The other speakers at the conference called for an unavoidable social shift in our views and stressed for not only legal reforms but a broader societal rethinking of how families are understood and supported. As India navigates this period of transition, they underlined that need for empathy, legal clarity and institutional reforms, have never been more urgent. They, conclusively opined that delays to legal reforms and its enforcement erode public trust and justice itself.

## General View

Upliftment of women is a strong social topic for the last few years. Women are equal to men or not? Let us compare and contrast and then examine.

### Are men and women equals?

***a) Physically:*** They are not. Take stature, weight and strength. Men got numerically more of these than women. Their skin is rough & hairy. On the other hand the fair sex is tender, delicate and their skin soft & smooth.

***b) Physiologically & Anatomically:*** The two are distinctively different in appearance. As in all the species, opposite sex attracts each other. While men are attracted by the grace & beauty among other qualities, women appreciate position, character & behavior and they look for the manliness. It is due to the genetical factors. When one set (men) have X,Y chromosomes the other (women) have X, X. Women cannot impregnate men nor men can conceive, carry and deliver offsprings.

***c) Emotionally:*** Not Alike.Women are loving, soft spoken, patient and tolerant, but quick to reaction to sorrows, anger, accidents and horror scenes. They lose control and burst out suddenly. At the same time men are bold, courageous and sometimes harsh. The urge, attitude & approach to sexual matters, women are considered not open due to shyness and social restrictions.

***d) Intellectually:*** Same

The above are the standards, in general, in human beings but there are exceptions.

### Traditional /Puranic

Women need love, freedom and safety in house and they need privacy & protection, regard & reputation, recognition & consideration in society as well. Strange and ironical to say that this is the real intention of Manu- teacher and law maker- in ancient India who advocated " Na Sthree Swaathanthryam Arhati". Those who criticise Manu misconceived that women do not deserve independence. They conveniently forget the 3 lines above it. That is,

*"Pitah Rakshathi Kaumare,*
*Bharta Rakshathi Youvane,*
*Puthro Rakshathi Vardhakye,*
*Na Sthree Swaathanthryam Arhathi"*

Manu Smriti is a law or code of conduct of ancient India. He intended that women need to be given the highest priority. If I remember correctly, I was protecting family members like mother and sisters of my house in my adulthood that too when they move out and the crowd is a bit unruly. Tying 'Rakhi' associated with 'Raksha Bandhan' is a vow of a brother to safeguard his sisters. Isn't it? In India where Swayamvara(selection of groom)was a right and choice for the women was the tradition. The share due to her was given as a Gift for a decent life which was later turned out as dowry (sthreedhanam). Later when it became compulsory, it became a curse. Another affected evil was the 'Sati' practice. So also polygamy ( Polyandry & Polygyny). Gone are those days. So all these are prohibited by enacting law. Present day youth seeks to rewrite the rules in vogue of marriage and parenthood. They feel / liken marriage to a patriarchy trap.

In the phase of dowry deaths and killing, if it is so, time has come to transcend patriarchy. But youngsters, remember, your parents got hopes and aspirations about you and your future.

Critics of Hindu Puranas said that women and the marginalised community were looked

കവിത

# ഒരു നിമിഷത്തിന്റെ ആമോദവല്ലരി....



**ജ്യോതി വർമ്മ**
പന്തളം, മൊ. 8330054846

**ക**ണ്ണും മനവും നിറച്ചാർത്തണിയുന്നു
പൊൻ വസന്തത്തിൻ മേലാപ്പണിയുന്നു
ഓർമ്മയിലൊന്നു വാരിപ്പുണരുന്നു
കർണ്ണികാരങ്ങൾ പൂത്തുവിടരുന്നു

തമ്മിലെത്രയോ ആനന്ദ നേരങ്ങൾ
കൊഞ്ചലായ് പടർന്നിറങ്ങിയ രാഗങ്ങൾ



മഞ്ഞുപോലെയുരുകുന്നീ വേളയിൽ
വീണ്ടുമൊന്നായ് ചേർന്നലിയുന്നു

ചില്ലുജാലകപ്പാളികൾ തുറക്കവെ
ചെംപനിനീർപ്പൂ മെല്ലെ തലയാട്ടി
നിൻ വദനത്തിൻ ആനന്ദ വനികകൾ
ചൊല്ലുകെന്നു മെല്ലെ പറയുന്നു

മന്ദമാരുതൻ വീശിയൊഴുകുമ്പോൾ
ജാലകപ്പാളികൾ മെല്ലെയടയുന്നു
വെൺതിര തിരികെ മടങ്ങുന്നു;
പക്ഷികൾ കൂടണയുന്നൊരു നേരമണയുന്നു

ഒരു നിമിഷത്തിന്റെ ആമോദവല്ലരി
തഴുകിയുണർത്തി മെല്ലെ മടക്കമായ്
വിട പറഞ്ഞീടിലും പുതിയൊരുദയത്തിനായ്
കലമ്പലുകൾ തീർത്ത് മനവും നിദ്രയായ്.

●

---

down upon. But there are instances (for eg. in the Bhagavad Gita chapter 10,stanza 34) where women's inborn qualities (striya gunas)are appreciated and highlighted. Names of Tataka and Soorpanakha of purana are picked up to show off mutilations and atrocities meted out to women. Actually, they were born-wicked asuris/ rakshasis.It was the duty of purana purushas to protect the virtuous and maintain righteousness /dharma for the mankind. These dharmic acts were not excesses.But at the same time wicked - turned virtuous / bhaktas like Ajamalan, prostitute Pingala had been rescued and given moksha. It is worth noting that Rama restored Ahalya who was under a curse to her original form, from a stone. Friendship with a tribal Guha, and being receptive to poor & ascetic-woman Sabari are gem examples of kind and social behavior of puranic heroes.

There might have been misguiding stories and superstitions in the thousands of years of human history. With time, teachings of gurus were also buried and forgotten. It is in such times of collective forgetfulness that a revival becomes necessary.

●




# ഗോപീകൃഷ്ണൻ തിരക്കിലാണ്


കഴിവുകൾ പലർക്കും പലവിധമാണ് ദൈവം നൽകിയിരിക്കുന്നത്. അതു കണ്ടുപിടിക്കേണ്ടതും പുറംലോകത്തെ അറിയിക്കേണ്ടതും മാതാപിതാക്കളാണ്; പ്രത്യേകിച്ച് ശാരീരിക വൈകല്യമുള്ളവർ. അതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് ഗോപീകൃഷ്ണൻ. ഡൗൺസിൻഡ്രോം ബാധിതനാണെങ്കിലും ദൃശ്യമാധ്യമങ്ങളിലൂടെയും ഫെയ്സ്ബുക്കിലൂടെയും ജനങ്ങൾ അറിഞ്ഞുതുടങ്ങിയ ആ കുട്ടിയെ ഉയർത്തിക്കൊണ്ടുവന്നതും പ്രചോദനം നൽകിയതും പിതാവ് കിഷോർ അനിയനും മാതാവും ഗായികയും സംഗീത സംവിധായികയും മ്യൂസിക്ക് തെറാപ്പിസ്റ്റുമായ രഞ്ജിനി വർമ്മയുമാണ്. 2021-ൽ പുറത്തിറങ്ങിയ 'തിരികെ' എന്ന ചിത്രത്തിലൂടെ ഗോപീകൃഷ്ണന്റെ കഴിവുകൾ ജനം അറിഞ്ഞു. ഇതിലെ നായകപരിവേഷം കേരളവും കടന്ന് ബോളീവുഡിൽ വരെ എത്തി. അതെ, ഗോപീകൃഷ്ണൻ ഇപ്പോൾ തിരക്കിലാണ്. ഇക്കഴിഞ്ഞ ജൂൺ 20-ന് പുറത്തിറങ്ങിയ 'സിത്താരേ സമീൻപർ' എന്ന ഹിന്ദി ചിത്രത്തിൽ ആമിർ ഖാനോടൊപ്പം ശ്രദ്ധേയമായ വേഷമിട്ടു. ആമിർ ഖാൻ തന്റെ സിനിമാ പ്രമോഷനിലും ഇന്റർവ്യൂയിലും ഗോപികൃഷ്ണന്റെ അഭിനയത്തെക്കുറിച്ച് എടുത്തുപറയുകയുണ്ടായി. മലയാളത്തിൽ ത്രയം, ഇടിയൻ ചന്തു (2024) എന്നീ സിനിമകളിൽ അഭിനയിച്ച ഗോപീകൃഷ്ണൻ 2021-ൽ ഇന്ത്യൻ ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടംപിടിച്ചു. അതേ വർഷം ഡൗൺസിൻഡ്രോം ട്രസ്റ്റിന്റെ 'ഐക്കൺ ഓഫ് ദി ഇയർ' പുരസ്കാരവും 2022-ൽ 'പാൻ ഇന്ത്യ സബൽ' അവാർഡും ലഭിച്ചു. ഇതിനോടകം ടെലിവിഷൻ സീരിയലിലും ഗോപീകൃഷ്ണന്റെ അഭിനയം പ്രേക്ഷകർ കണ്ടാസ്വദിച്ചു. Zee Kerala ചാനലിൽ വന്ന 'സൗദാമിനി സൂപ്പർ' എന്ന ടെലിവിഷൻ പരമ്പരയിൽ അഭിനയിച്ചു. 'സിത്താരേ സമീൻപർ' എന്ന ഹിന്ദി ചിത്രം ഇതിനോടകം വിജയപ്രദമായി മുന്നേറിക്കൊണ്ടിക്കുകയാണ്. അതിലുപരി ആമിർഖാന്റെ പ്രശംസയും പ്രോത്സാഹനവും ഗോപീകൃഷ്ണനെ ആഹ്ലാദഭരിതനാക്കി. അദ്ദേഹത്തോടൊപ്പം രാഷ്ട്രപതി ഭവനിലെത്തി



പ്രസിഡന്റ് ദ്രൗപദി മുർമ്മുവിനെ കാണുകയും പ്രസിഡന്റ് ഗോപീകൃഷ്ണനെ പ്രത്യേകം പ്രശംസിച്ചു എന്നുള്ളതും ഏറെ അഭിമാനകരമായ നിമിഷങ്ങളാണ്. 2026-ൽ രണ്ടു ചിത്രങ്ങൾക്ക് കരാറായി എന്നതും പ്രശംസനീയമാണ്. ഒന്നിലധികം കമ്പ്യൂട്ടർ ഡിപ്ലോമ കരസ്ഥമാക്കിയിട്ടുള്ള ഗോപീകൃഷ്ണൻ പ്ലസ് ടു വിദ്യാർത്ഥിയും ഒരു നല്ല നർത്തകനും കൂടിയാണ്. പിതാവ് തൃശൂർ തിരുത്തൂർ നടുവിൽ മഠത്തിൽ കുടുംബാംഗവും മാതാവ് രഞ്ജിനി വർമ്മ തൃപ്പൂണിത്തുറ കുറ്റിലഞ്ഞി പുത്തൻമഠം കുടുംബാംഗവുമാണ്. അവരോടൊപ്പം കോഴിക്കോട് ബീച്ച് റോഡിൽ 'അപ്പോളോ സീ ബ്രീസി'ൽ താമസിക്കുന്നു. ഏക സഹോദരി ഡോ. മാളവിക വർമ്മ അമേരിക്കയിലെ കാർണ്ണഗി മെലോൺ സർവ്വകലാശാലയിൽ ഫിസിക്സിൽ പി.എച്ച്ഡി കരസ്ഥമാക്കി. കൊച്ചി ക്ഷത്രിയ സമാജത്തിന്റെ മുൻ രക്ഷാധികാരി പരേതനായ പി.കെ. രാമവർമ്മയുടെ കൊച്ചുമകനാണ് ഗോപീകൃഷ്ണൻ.

**ജയക്കുട്ടൻ അവിട്ടത്തൂർ**

ലേഖനം



# വിദ്യാഭ്യാസരംഗത്തെ മൂല്യശോഷണം

**ടി.എൻ. ആദിത്യവർമ്മ**
തിരുവനന്തപുരം, മൊ. 8547444160

വിദ്യാഭ്യാസരംഗത്ത് കുട്ടികളുടെ അറിവിനു കുറവു വരുന്നുണ്ടോയെന്നും അദ്ധ്യാപകർ വേണ്ടത്ര അറിവുള്ളവരല്ലാതെ വരുന്നുണ്ടോയെന്നും കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ ശോഷണം വരുന്നുണ്ടോയെന്നും പരിശോധിക്കേണ്ടതാണ്.

**വിദ്യാഭ്യാസത്തെക്കുറിച്ച് മഹത്വചനങ്ങൾ**

*ന രാജഹാര്യം നച ചോരഹാര്യം*
*ന ഭ്രാതുഭാജ്യം നച ഭാരകാരി*
*വ്യയീകൃതേ വർദ്ധതയേവ നിത്യം*

****

*വിദ്യാധനം സർവ്വധനാൽ പ്രധാനം*

****

*കൊണ്ടുപോകില്ല ചോരന്മാർ*
*കൊടുക്കുംതോറുമേറിടും*
*മേന്മനൽകും മരിച്ചാലും*
*വിദ്യതന്നെ മഹാധനം*

****

*ക്ഷണശകണശശ്ചൈവ*
*വിദ്യാമർത്ഥം ച സാധയേത്*

ഓരോ ക്ഷണവും കണമായി വിദ്യയും അർത്ഥവും (സമ്പത്തും) സമ്പാദിക്കണം.

കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ വേണ്ടത്ര ശ്രദ്ധകൊടുക്കുന്നില്ല എന്നൊരു തോന്നലുണ്ട്. പാഠപുസ്തകങ്ങളിൽ morals ന് പ്രാധാന്യം കൊടുക്കുന്ന കഥകളോ കവിതകളോ കാണുന്നില്ല. ലഹരിയുടെ, മൊബൈലിന്റെയൊക്കെ സാന്നിദ്ധ്യം പഠിത്തത്തെ ബാധിക്കുന്നുണ്ട്. അതേസമയം പാഠ്യേതര വിഷയങ്ങളിൽ അറിവുകൂട്ടാനും മൊബൈലുകൾ സഹായിക്കുന്നുണ്ട്.

അദ്ധ്യാപകരുടെ അറിവിന് കുറവു വരുന്നതായി തോന്നുന്നില്ല. അറിവു കൂട്ടാനുള്ള സൗകര്യം കൂടുതലുണ്ടല്ലോ. അതു പകർന്നുകൊടുക്കാൻ എത്രത്തോളം പറ്റുന്നു, കുട്ടികളോട് എത്രത്തോളം അടുത്ത് ഇടപെടാൻ പറ്റുന്നുവെന്നു പരിശോധിക്കേണ്ടിയിരിക്കുന്നു.



*പുറംകണ്ണു തുറപ്പിപ്പൂ, പുലർവേളയിലംശുമാൻ*
*അകക്കണ്ണു തുറപ്പിക്കാനാശാൻ*
*ബാല്യത്തിലെത്തണം*

****

*ആശാനക്ഷരമൊന്നുപിഴച്ചാ-*
*ലമ്പത്തൊന്നു പിഴയ്ക്കും ശിഷ്യന്*

എന്നീ വരികൾ ആശാന്റെ, ഗുരുവിന്റെ പ്രാധാന്യം കാണിക്കുന്നു. സ്വഭാവരൂപീകരണത്തിൽ മാതാപിതാക്കളുടെ പ്രാധാന്യം വളരെയാണ്.

# KKSY ക്രിക്കറ്റ് ടൂർണമെന്റ്

KKSY CL -3 സീസൺ മത്സരങ്ങൾ ഏപ്രിൽ 19, 20 തീയതികളിൽ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ് ഗ്രൗണ്ടിൽ വച്ച് ഇരിങ്ങാലക്കുടയും വെള്ളാരപ്പിള്ളി യൂത്ത് വിങ്ങും സംയുക്തമായി നടത്തുകയുണ്ടായി. കഴിഞ്ഞ തവണത്തെക്കാൾ ടീമുകളുടെ സാന്നിദ്ധ്യം കൊണ്ട് ടൂർണമെന്റ് വളരെ മികച്ചതായി നടത്താൻ സാധിച്ചത് കൂട്ടായ പ്രവർത്തനങ്ങൾ കൊണ്ടു മാത്രമാണ്. ഇപ്രാവശ്യം 8 ടീമുകൾ മത്സരിക്കാനുണ്ടായിരുന്നു. ഫൈനലിൽ വെള്ളാരപ്പിള്ളി സ്പാർട്ടൻസ്നെ തോൽപ്പിച്ച് ഇരിങ്ങാലക്കുട വിജയികളായി. ടൂർണമെന്റിൽ മികച്ചതായി തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളുടെ പേരുകൾ:

| | |
|---|---|
| Man of the Series | : വിഷ്ണു പ്രസാദ് കെ. (വെള്ളാരപ്പിള്ളി) |
| Best Bowler | : രോഹിത് വർമ്മ (ഇരിങ്ങാലക്കുട) |
| Best Fielder | : സുമിത് (ചേർത്തല) |
| Best Batsman | : സൂരജ് വർമ്മ (കോഴിക്കോട്) |
| Best Wicket Keeper | : ഹരീഷ് വർമ്മ (ചേർത്തല) |




വിജയികൾക്ക് ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ജന. സെക്രട്ടറി വി.കെ. മധുകുമാർ വർമ്മയും ട്രഷറർ സൂര്യകുമാർ വർമ്മയും സംയുക്തമായി ട്രോഫികൾ സമ്മാനിച്ചു.




9-ാം ക്ലാസ്സുവരെ എല്ലാവരെയും പാസ്സാക്കുന്ന രീതി മാറ്റേണ്ടിയിരിക്കുന്നു. 10-ാം ക്ലാസ്സിലെ പരീക്ഷാ വാല്യുവേഷൻ രീതിയിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്നു തോന്നുന്നു. 10-ാം ക്ലാസ്സിനു മുകളിലുള്ള പരീക്ഷകളിൽ നിലവാരം കുറയുന്നതായി തോന്നുന്നില്ല.

കൂടുതൽ അറിവുണ്ടാക്കുകയല്ല ഗുരുവിന്റെ ധർമ്മം. അറിയേണ്ടത് അറിയാൻ പ്രാപ്തനാക്കലാണ് ഗുരുധർമ്മം.

*ആചാര്യാത് പാദം ആദത്തേ*
*പാദം ശിഷ്യ സ്വമേധയാ*
*പാദം സ ബ്രഹ്മചാരിഭ്യാ*
*പാദം കാലക്രമേണ ച.*

ആചാര്യനിൽനിന്ന് കാൽഭാഗം, തന്നത്താൻ കാൽഭാഗം, കൂട്ടുകാരിൽനിന്ന് കാൽഭാഗം, ബാക്കി കാൽഭാഗം കാലക്രമേണ, ഇങ്ങനെയാണ് അറിവു നേടേണ്ടത്.

കുട്ടികളെക്കൊണ്ട് ചിന്തിപ്പിക്കുക.

*I have got six honest men*
*Who taught me all I know,*
*They are what, why, when*
*Where, how and who.*

**Harward University Moto**

*To look is one thing*
*To see what you look at is another*
*To understand what you look at is the third*
*To learn what you understood is another*
*To put to use what you learned is that matters the most.*

# വിവാഹമംഗളാശംസകൾ





ആലുവ ചെങ്ങമനാട് 'ഗൗരീശങ്കര'ത്തിൽ
പി.ജെ. മധുസൂദനൻ നമ്പൂതിരിയുടെയും (കിടങ്ങൂർ പാറ്റ്യാൽ ഇല്ലം),
പുഷ്പാവർമ്മയുടെയും (ഇളമിലെ കോവിലകം, കീഴ്‌വായ്പൂര്)
മകൻ **പ്രവീൺ എം. വർമ്മ**യും, മാവേലിക്കര 'ദേവധേയ'ത്തിൽ
രവിവർമ്മയുടെയും (ഉത്സവമഠം, മാവേലിക്കര),
ഉഷാദേവിയുടെയും (ചുള്ളിത്തറ കോവിലകം, വൈക്കം)
മകൾ **വീണാ ആർ. വർമ്മ**യും തമ്മിലുള്ള വിവാഹം
05–06–2025 ൽ ചെങ്ങമനാട് വാസുദേവപുരം
ശ്രീ മഹാവിഷ്ണു ക്ഷേത്രസന്നിധിയിൽവെച്ച് സമംഗളം നടന്നു

# വിവാഹ മംഗളാശംസകൾ



ആലുവ ഈസ്റ്റ് ദേശം പടിഞ്ഞാറെ
മഠത്തിൽ സജിത എ.കെ.യുടെയും
മനോജ് കുമാറിന്റെയും മകൾ
**ശ്രീലക്ഷ്മി**യും
കാക്കനാട് മേത്തർ
ഹൈലാൻഡ്സിൽ (ടവർ 1, 2-B)
താര വർമ്മയുടെയും പരേതനായ
ഡോ. എസ്. ആർ.
പ്രസന്ന വർമ്മയുടെയും മകൻ
**പ്രഫുൽവർമ്മ**യും തമ്മിലുള്ള
വിവാഹം 2025 മെയ് 24 ശനിയാഴ്ച
നെടുമ്പാശ്ശേരി ഇന്നേറ്റ്
കൺവെൻഷനൽ ഇക്കോ
ലാൻഡിൽവെച്ച് സമംഗളം നടന്നു.











# വിവാഹമംഗളാശംസകൾ



പുഞ്ഞാർ കമലാലയം പാലസിലെ നന്ദകുമാർ ആർ. ന്റെയും ഹരിപ്പാട് അനന്തപുരം പാലസിലെ കവിത വർമ്മയുടെയും മകൾ **ഭാവന**യും, ചേർത്തല വാരനാട് തെക്കേടത്ത് കോവിലകത്ത് ഹേമചന്ദ്രവർമ്മയുടെയും തൃശ്ശൂർ തിരുത്തൂർ മഠത്തിൽ ജയശ്രീ പി. യുടെയും മകൻ **രാഹുലും** തമ്മിലുള്ള വിവാഹം 2025 മെയ് 8-ാം തീയതി വ്യാഴാഴ്ച രാവിലെ 10.45 നും11.45 നും ഇടയ്ക്കുള്ള ശുഭമുഹൂർത്തത്തിൽ ഏറ്റുമാനൂർ ശിവക്ഷേത്രത്തിനടുത്തുള്ള നന്ദാവനം ആഡിറ്റോറിയത്തിൽ വച്ച് സമംഗളം നടന്നു.



# വിവാഹ മംഗളാശംസകൾ



തൃശ്ശൂർ ഇരവിമംഗലം കുമരപുരം പാലസിൽ
സന്ധ്യാവർമ്മയുടെയും
ജനാർദ്ദനൻ രാജയുടെയും മകൻ
**ആദിത്യവർമ്മ**യും തൃശ്ശൂർ ഇരവിമംഗലം
'കൃഷ്ണേന്ദു'വിൽ ഇന്ദുവിന്റെ മകൾ
**അഞ്ജലി**യും തമ്മിലുള്ള വിവാഹം
2025 മെയ് 11 ഞായറാഴ്ച തൃശ്ശൂർ
തിരുവമ്പാടി കൺവെൻഷൻ സെന്ററിൽ
(നന്ദനം ആഡിറ്റോറിയം) വച്ച് സമംഗളം നടന്നു

# പിറന്നാൾ ആശംസകൾ







ഇക്കഴിഞ്ഞ ജൂൺ മാസം പന്ത്രണ്ടാം തീയതി (12/6/2025) കല്ലറ (കോട്ടയം ജില്ല) 'സൗപർണ്ണിക'യിൽ വച്ച്
ഇരട്ട സഹോദരിമാരായ **മായാറാണി**യുടെയും, **താരാറാണി**യുടെയും
**അറുപതാം പിറന്നാൾ** ആഘോഷിച്ചു. തദവസരത്തിൽ ഓൾ കേരള ക്ഷത്രിയ ക്ഷേമ സഭ വനിതാവിഭാഗം സെക്രട്ടറി
രാധികാ വർമ്മയും, വൈക്കം യൂണിറ്റ് പ്രസിഡന്റ് ഹരി വർമ്മയും സന്നിഹിതരായിരുന്നു.
തിരുവല്ല തുകലശ്ശേരി കൊട്ടാരത്തിലെ ഭാഗീരഥി തമ്പുരാട്ടിയുടെയും
നെടുമ്പ്രത്തു കൊട്ടാരത്തിലെ രാമവർമ്മ രാജയുടെയും പുത്രിമാരായി 1965 മെയ് പതിനെട്ടാം തീയതി ഇവർ ഭൂജാതരായി.

മായാ റാണിയുടെ ഭർത്താവ് **രവിവർമ്മ**
(KSHB റിട്ടയേർഡ് സിവിൽ എഞ്ചിനീയർ)

| മക്കൾ | മരു മക്കൾ |
|---|---|
| ശരത്ത് വർമ്മ | മിഥുല ശർമ്മ |
| ഭരത് വർമ്മ | ചിത്ര. |


താരാ റാണിയുടെ ഭർത്താവ് പരേതനായ
**ഡോ. പ്രസന്ന വർമ്മ**

| മക്കൾ | മരു മക്കൾ |
|---|---|
| പ്രതാപ വർമ്മ | ധന്യ |
| പ്രഫുൽ വർമ്മ | ശ്രീലക്ഷ്മി |

# വേർപാടിന്റെ രണ്ടു വർഷം

(8 ജൂലൈ 2025)

# രാജാ ദേവീദാസൻ പണ്ടാല



## സന്തപ്ത കുടുംബാംഗങ്ങൾ

ഭാര്യ : രാജേശ്വരി

മക്കൾ : ഹരീഷ്, ശ്രീദേവി

മരുമക്കൾ : ലക്ഷ്മി, രാം വി. ഗോപാൽ

കൊച്ചുമക്കൾ :

സിദ്ധാർത്ഥ്, മാധവ്

മാളവിക, ശങ്കർ

# സ്മരണാഞ്ജലി

## 41-ാം ചരമദിനം (06-07-2025)



# തെക്കേമഠത്തിൽ സത്യഭാമ

ചരമം 27-05-2025

**W/o Late N K നാരു ഉണിത്തിരി**

(റിട്ട. ഹെഡ്മാസ്റ്റർ, PMSA PTS ഹയർസെക്കൻഡറി സ്കൂൾ
കൈക്കോട്ടു കടവ്, തൃക്കരിപ്പൂർ)

തെക്കേമഠം, ശ്രീ കാമാക്ഷി ക്ഷേത്രത്തിനു സമീപം, മധുരക്കോട്, കരിവെള്ളൂർ, കണ്ണൂർ ജില്ല

*ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
അണയാത്ത ദീപം പോലെ എന്നും ഞങ്ങളിൽ പ്രകാശിക്കും*

പരേതാത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട്

**മക്കൾ :-**
ടി എം രാജേന്ദ്രൻ (നൈജീരിയ)
ടി എം സുരേന്ദ്രനാഥ് (പയ്യന്നൂർ)
ടി എം സദാനന്ദൻ (അബുദാബി)

**മരുമക്കൾ :-**
ബീന രാജേന്ദ്രൻ (നൈജീരിയ)
രമ്യ യു പണ്ടാല (ഗവ. മെഡിക്കൽ കോളേജ് പരിയാരം)
വി എം സന്ധ്യാബേബി (സബ് രജിസ്ട്രാർ ഓഫീസ് പഴയങ്ങാടി)

**സഹോദരങ്ങൾ :-**
ടി എം ശ്രീകുമാർ, തഹസിൽദാർ (റിട്ട) ഇരിട്ടി
ടി എം രാജമോഹനൻ (റിട്ട. സ്റ്റാഫ്, നെഹ്റു കോളേജ്, കാഞ്ഞങ്ങാട്)
ടി എം തങ്കമണി (കരിവെള്ളൂർ)

മറ്റു ബന്ധുമിത്രാദികൾ

# ശതാഭിഷേക ആശംസകൾ

(10 ജൂൺ 2025)



## ടി.എൽ. ശാന്തകുമാരി


തെക്കേടത്തു കോവിലകം

വാരനാട്, ചേർത്തല

സ്നേഹാദരങ്ങളോടെ

മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ, ബന്ധുമിത്രാദികൾ

കാഴ്ചപ്പാട്



# ക്ഷേത്രഭരണവും സർക്കാരും

**രാജരാജ വർമ്മ**

പന്തളം കൊട്ടാരം, മൊ. 9847036754

ഹിന്ദുമത സ്ഥാപനങ്ങളുടെ ഭരണം / ആചാരസംരക്ഷണം / സർക്കാർ ഇടപെടലുകൾ എന്നിവ സംബന്ധിച്ച് പല ഭാവത്തിലും രൂപത്തിലും ഉയർന്നു വരുന്ന നിരവധി വിവാദങ്ങൾക്ക് ഒരന്തം കാണാൻ ദേവസ്വം ബോർഡിനോ ബോർഡിനെ നിയന്ത്രിക്കേണ്ട സർക്കാരിനോ (മാറി മാറി വരുന്ന സർക്കാരുകൾ) അതാതു കാലത്ത് ഭരിക്കുന്ന സർക്കാറിന് സാധിക്കുന്നില്ല. ബോർഡ് ഒരു സ്വതന്ത്രഭരണ സ്ഥാപനമല്ലാത്തതിനാൽ ഈ വിഷയങ്ങളിൽ തീരുമാനങ്ങളെടുക്കാനുള്ള ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറി നിൽക്കാൻ സർക്കാരിന് സാധിക്കുകയുമില്ല. നീറുന്ന പ്രശ്നങ്ങൾ സർക്കാർ വിചാരിച്ചാലും പരിഹരിക്കാൻ പറ്റാത്ത സ്ഥിതിയിലേക്ക് ഇപ്പോൾ എത്തിച്ചേർന്നുവെന്ന് പറയാം (1912-ലെ ജസ്റ്റിസ് രാമചന്ദ്രറാവുവിന്റെ റിപ്പോർട്ടിൽ ക്ഷേത്രഭരണം എങ്ങനെയായിരിക്കണമെന്ന് സംശയാതീതമായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ഇപ്പോൾ സംവാദത്തിന്റെ ആവശ്യവുമില്ല).

1922-ലെ ദേവസ്വം വിജ്ഞാപനവും, 1949-ൽ കവനന്റ് വഴി രൂപീകരിക്കപ്പെട്ട തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രവർത്തനവും എങ്ങനെയായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ക്ഷേത്രഭരണത്തിൽ സർവ്വാധികാരമുള്ള ദേവസ്വം കമ്മീഷണർ സ്ഥാനത്തേക്ക് നിയോഗിക്കപ്പെടുന്ന വ്യക്തി ക്ഷേത്രഭരണ നിർവ്വഹണത്തിൽ അടിസ്ഥാനപരമായി ഹൃദിസ്ഥമാക്കേണ്ട കാര്യങ്ങളും അതിപ്രധാന ഉത്തരവുകളും ഉത്തരവാദിത്വവും ഉൾക്കൊള്ളിച്ചുള്ള രേഖകൾ പഠിച്ചിട്ടില്ലെന്ന് വ്യക്തമാണ്. ഇക്കാര്യങ്ങൾ കോടതിയുടെ ശ്രദ്ധയിൽപ്പെടാനുള്ള സാദ്ധ്യതയില്ലെന്നു സംശയിക്കുന്നു. കമ്മീഷണറായി നിയമിക്കപ്പെടുന്നതിനുമുമ്പ് ഈ സ്ഥാനത്തേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന വ്യക്തികൾക്ക് ക്ഷേത്രഭരണ മേഖലയിലുള്ള പരിജ്ഞാനം എത്രത്തോളമുണ്ടെന്ന് സർക്കാരും കോടതിയും കർക്കശമായി പരിശോധിക്കുന്നുണ്ടോയെന്നും സംശയിക്കുന്നു. കവനന്റിലെ 3, 8, 10(4) വകുപ്പുകൾ സമൂഹത്തിൽ വിശദമായി പുനരവലോകനം ചെയ്ത് ക്രമീകരിച്ചാൽ മാത്രമേ ക്ഷേത്രഭരണത്തിലും അനുബന്ധ മേഖലകളിലും നിലനിൽക്കുന്ന എല്ലാ തർക്കങ്ങൾക്കും വ്യവഹാരങ്ങൾക്കും ശാശ്വതമായ പരിഹാരമുണ്ടാക്കാൻ സാധിക്കുവെന്ന് തറപ്പിച്ചു പറയാം. 1970 മുതൽ നടപ്പിലാക്കിയ പല തീരുമാനങ്ങളും കവനന്റ് വ്യവസ്ഥകൾ ഉൾക്കൊള്ളാതെയാണ്. ഇക്കാലങ്ങളിൽ ബോർഡ് നടപ്പാക്കിയ ഭേദഗതികൾ ഒന്നും തന്നെ സമൂഹം ശ്രദ്ധിച്ചിരുന്നില്ലെന്നതാണ് യഥാർത്ഥ വസ്തുത.

1949-ലെ കവനന്റ് 10(4) വകുപ്പ് 1976-ൽ പാർലമെന്റ് പാസാക്കി നടപ്പാക്കിയ 'മതേതരത്വം' കൂടി ഉൾക്കൊണ്ട് നിയമഭേദഗതി പാസ്സാക്കി നടപ്പാക്കാനുള്ള ഇച്ഛാശക്തി സർക്കാരിൽ നിന്നും ഉണ്ടാകേണ്ടതുണ്ട്. രാഷ്ട്രീയ തീരുമാനത്തിൽക്കൂടി മാത്രമേ ഇത് സാദ്ധ്യമാക്കാൻ സാധിക്കൂ. ക്ഷേത്രഭൂമികൾ അന്യാധീനപ്പെട്ട് പോകാതെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിച്ച് അതാത് ദേവസ്വത്തിന്റെ സാമ്പത്തികഭദ്രത ശക്തമാക്കാനും സാധിക്കും. തിരിച്ചെടുക്കാൻ സാധിക്കാതെ കിടക്കുന്ന ദേവസ്വം ഭൂമിയുടെ ന്യായവില കൈവശക്കാരിൽ നിന്നും ഈടാക്കാനുള്ള മാർഗ്ഗങ്ങൾക്കും വഴിയൊരുങ്ങും. വികസന പ്രവർത്തനങ്ങൾക്ക് (നാഷണൽ ഹൈവേ) ക്ഷേത്രഭൂമി വിട്ടുകൊടുത്തിട്ടുണ്ടെങ്കിൽ അതിന്റെ പ്രതിഫലം ദേവസ്വത്തിന്റെ മുതൽക്കൂട്ടായി എത്തിയിട്ടുണ്ടോ എന്നുകൂടി ഈ അവസരത്തിൽ പരിശോധിക്കുന്നത് നന്നായിരിക്കുമെന്ന അഭിപ്രായവും എനിക്കുണ്ട്.

ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമൂഹത്തിൽ നിന്നും കൂട്ടായ പ്രവർത്തനമാണ് അടിയന്തിരമായി ഉണ്ടാകേണ്ടത്. വിരമിച്ച സുപ്രീം കോടതി / ഹൈക്കോടതി ജഡ്ജിമാർക്കും വിവിധ സമുദായ സംഘടനകൾക്കും ഹിന്ദുമത സംഘടനകൾക്കും മുതിർന്ന അഭിഭാഷകർക്കും ബാർ കൗൺസിലിനും മറ്റ് മഹദ്വ്യക്തികൾക്കും ഊരാള കുടുംബ സംഘടനകൾക്കും ഈ വിഷയത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ സർക്കാരിനും കോടതികൾക്കും കൊടുക്കാൻ സാധിക്കുമെന്നും ഉറപ്പുണ്ട്. ക്ഷേത്രഭരണം സംബന്ധിച്ച് 1922-ലെ വിജ്ഞാപനം ഉണ്ടാക്കിയതുതന്നെ 1912-ലെ Order No. D 4905 പൂർണ്ണമായി സംരക്ഷിച്ച് നിലനിർത്താൻ വേണ്ടിത്തന്നെയാണ്. ക്ഷേത്രഭരണത്തെ സംബന്ധിച്ചിടത്തോളം ഈ ഉത്തരവ് കാലഹരണപ്പെടുത്താൻ ആർക്കും അധികാരവും അവകാശവുമില്ലെന്ന് സമൂഹവും വിദഗ്ധരും കോടതികളും സർക്കാരും അറിഞ്ഞിരിക്കേണ്ടതാണ്. മറിച്ചുള്ള പ്രചാരണങ്ങൾ തെറ്റാണെന്നു രേഖകൾ വ്യക്തമാക്കുന്നു. മതങ്ങൾക്കിടയിൽ സമാധാനമുണ്ടാക്കാൻ ഇത് വഴിയൊരുക്കുമെന്നും ആശിക്കാം.

വിവാദങ്ങളുടെയെല്ലാം തുടക്കം എക്കാലത്തും ശബരിമലക്ഷേത്രത്തെ കേന്ദ്രീകരിച്ചാണ് തുടങ്ങുന്നത്. 2019-ലെ സർക്കാർ തീരുമാനം (ശബരിമലയ്ക്ക് പ്രത്യേക ഭരണസമിതി) നിയമഭേദഗതി വഴി നടപ്പിലാക്കാം. അല്ലെങ്കിൽ പന്തളം വലിയ രാജയുമായി ചർച്ച ചെയ്ത് (ഇതിൽ ഉണ്ടായേക്കാവുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ കരട് സർക്കാരിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നുണ്ട്) ബദൽ സംവിധാനത്തിന് വഴിയുണ്ടാക്കാനും സാധിക്കുമെന്ന് വിശ്വസിക്കുന്നു. ●

## അഭിനന്ദനങ്ങൾ





തിരുവനന്തപുരം ശ്രീ സ്വാതി തിരുനാൾ സംഗീതസഭയുടെ 2025-ലെ **കലാശ്രേഷ്ഠ** പുരസ്കാരത്തിന് പ്രസിദ്ധ വയലിൻ വാദകനും സ്വാതി തിരുനാൾ സംഗീത കോളേജ് റിട്ട. പ്രൊഫസറുമായ **പ്രൊഫ. മാവേലിക്കര ഈശ്വര വർമ്മ** അർഹനായി. മെയ് 15-ന് തിരുവനന്തപുരത്തു നടന്ന ചടങ്ങിൽ H.H. അശ്വതി തിരുനാൾ ഗൗരി ലക്ഷ്മി ബായി പുരസ്കാരം സമ്മാനിച്ചു.



അസോസിയേഷൻ ഓഫ് ഷോർട്ട് മൂവി മേക്കേഴ്സ് ആൻഡ് ആർട്ടിസ്റ്റ്സ് സംഘടിപ്പിച്ച ഈ വർഷത്തെ സ്പെഷ്യൽ ജൂറി അവാർഡ്, കവർ സോങ്ങിന് **ഡോ. പല്ലവി എം. വർമ്മ** (വലത്ത്) അർഹയായി. ജൂൺ 11-ന് തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതിഭവനിൽ അവാർഡ് വിതരണം ചെയ്തു. തിരുവനന്തപുരം സഭയിലെ മുതിർന്ന അംഗങ്ങളായ പ്രിയ വർമ്മ (ഗ്രാമത്തിൽ കൊട്ടാരം) യുടെയും അഡ്വ. മോഹൻ പണ്ടാരത്തിലിന്റെയും (ഇടയാവണത്തു മഠം, ആറ്റിങ്ങൽ) പുത്രിയും കോഴിക്കോട് സാമൂതിരി കോവിലകത്തെ അരുൺ വർമ്മ പി.കെ. (ബാംഗ്ലൂർ) യുടെ പത്നിയുമാണ്.

ലേഖനം

# ചെറുകുന്നിലമ്മ



**ദേവനന്ദൻ**

പിലാത്തറ, മൊ. 9495020188

ചെറുകുന്ന് അന്നപൂർണ്ണേശ്വരി ക്ഷേത്രത്തിലെ പ്രതിഷ്ഠയായ ശ്രീ പരമേശ്വരീദേവിയെക്കുറിച്ച് അല്പം.

ചെറുകുന്നിൽ കുടികൊള്ളുന്ന അംബികാദേവി ആ നാട്ടിലെ ഭക്തരുടെ മാത്രമല്ല സർവ്വ ഭക്തരുടേയും അന്നദായിനി കൂടിയായ അന്നപൂർണ്ണേശ്വരിയാണ്. അന്നപൂർണ്ണേശ്വരിയുടെ തൃക്കണ്ണ് പതിയുന്നിടമെല്ലാം ഐശ്വര്യപൂർണ്ണമാകും എന്നാണ് വിശ്വാസം.

ക്ഷേത്രത്തിൽ എന്നും വന്ന് പ്രസാദം വാങ്ങിപ്പോകുന്ന അതിഭക്തനാണ് മണിയങ്ങാട്ടില്ലത്ത് തിരുമേനി. അവർക്ക് അവിടെ ധാരാളം അവകാശങ്ങളും അധികാരങ്ങളുമുണ്ട്. വലിയ തിരുമേനി അതിരാവിലെ വന്ന് തീർത്ഥം ഗ്രഹിച്ചാൽ അന്ന് അവിടത്തെ ഊട്ടിന് വേണ്ട പാത്രങ്ങളെല്ലാം കമഴ്ത്തിവെച്ചത് നോക്കും. അപ്പോൾ ദേവീഭഗവതി തോന്നിച്ച ചെമ്പ് പാത്രത്തിന് തീർത്ഥം തളിക്കും. അത് എടുത്ത് അതിൽ അരി വെച്ചാൽ, എത്ര ഭക്തർ വന്നാലും അവർക്ക് മുഴുവൻ അന്നദാനം നടത്താൻ സാധിക്കും എന്നാണ് വിശ്വാസം. ആ സത്യത്തിലേക്ക് വിരൽ ചൂണ്ടുന്ന ഒരു സംഭവം ഭക്തരെ വിസ്മയിപ്പിക്കുന്നതായിരിക്കും.



ചെറുകുന്നിൽ ഒരു ധനികന്റെ മകളുടെ വിവാഹം നടക്കുകയാണ്. നാട് മുഴുവൻ ക്ഷണമുണ്ട്, ഗംഭീര സദ്യ. എല്ലാവരും വിവാഹത്തിൽ പങ്കെടുക്കാൻ അങ്ങോട്ടു പോകും; സദ്യയുണ്ണും എന്ന് പറയേണ്ടതില്ലല്ലോ. നമ്മുടെ മണിയങ്ങാട്ട് തിരുമേനി അന്നും സാധാരണപോലെ ക്ഷേത്രത്തിൽ വന്ന് തൊഴുത് തീർത്ഥം വാങ്ങി. പക്ഷേ, അന്ന് ഏറ്റവും വലിയ ചെമ്പ് പാത്രത്തിനാണ് തീർത്ഥം തളിച്ചത്. ഇതു കണ്ട് എല്ലാവരും അമ്പരന്ന് അന്യോന്യം നോക്കി. എന്തു ചെയ്യണമെന്ന് ദേഹണ്ഡക്കാർക്ക് ഒരു പിടിയും കിട്ടുന്നില്ല; പതിവ് തെറ്റിക്കാൻ അവർക്ക് ഒരു ധൈര്യവുമില്ല. അങ്ങനെ ചെയ്യാനും പാടില്ല. അതുകൊണ്ട് ആ ചെമ്പുപാത്രം തന്നെയെടുത്ത് അതിൽ വേണ്ടത്ര അരിയിട്ട് അടുപ്പത്ത് വച്ചു. അതിനു വേണ്ട കറികളും എല്ലാം തയ്യാറാക്കി. അപ്പോളതാ, പെട്ടെന്ന് നാട്ടിൽ നിന്നൊരു ബഹളവും ഒച്ചപ്പാടും. എന്താണെന്നറിയാൻ ആകാംക്ഷ. നിമിഷങ്ങൾക്കുള്ളിൽ സംഭവത്തിന്റെ ഗൗരവം വ്യക്തമായി. ധനികന്റെ മകളുടെ വിവാഹസദ്യയെല്ലാം കരിഞ്ഞ് നാമാവശേഷമായി! സർവ്വതും അലങ്കോലപ്പെട്ടു. കേട്ടപാതി കേൾക്കാത്ത പാതി വിവാഹത്തിനു വന്നവരെല്ലാം അന്നപൂർണ്ണേശ്വരി ദേവിയുടെ ഊട്ടുപുരയിലെത്തി. ഏറ്റവും വലിയ ചെമ്പ് പാത്രത്തിൽ തയ്യാറാക്കിവെച്ച അന്നം ഒരൊറ്റമണി ബാക്കിവരാതെ എല്ലാം തീർന്നു. അന്നപൂർണ്ണേശ്വരിയുടെ ശക്തിചൈതന്യത്തിന് ദൃഷ്ടാന്തം ഇതിൽപ്പരം എന്തു വേണം.

ഒരിക്കൽ രണ്ടു ബ്രാഹ്മണർ നടന്നുതളർന്ന് രാത്രി അമ്പലത്തിൽ എത്തിപ്പെട്ടു. അപ്പോഴേക്കും അമ്പലത്തിന്റെ നട അടച്ചിരുന്നു. എന്തു ചെയ്യും. അവർക്ക് വിശപ്പും ദാഹവും ക്ഷീണവും അസഹനീയമായി. പെട്ടെന്ന് ഒരു ദിവ്യതേജസ്സ് സ്ത്രീയുടെ രൂപത്തിൽ അവിടെ പ്രത്യക്ഷപ്പെട്ടു. എന്നിട്ട് അവർ പറഞ്ഞു "ഇരുന്നോളൂ, അന്നം കഴിച്ചിട്ട്

കവിത

# സംഭാവന

**ഗായത്രി വർമ്മ**
മുംബൈ, മൊ. 8767703276



പ്രായമെൻ തലയിലണിയിച്ച
രജത കിരീടമുടയാൻ കാലമായി.
ഈ തൂവെൺ കിരീടം തിരിച്ചു
നൽകണമറിയാമെങ്കിലും തിരിച്ചു
പോകാൻ മടിയാണെനിക്ക്
അത്രയ്ക്കും സ്നേഹിച്ചീ ജഗത്തിനെ
എങ്കിലും പൂജ്യരായ് കണ്ടോരൊക്കെ
വെറും പൂജ്യമായി കാണുന്നു ഞാനിന്ന്.
അതുകൊണ്ടു ഞാനും പൂജ്യമാകണോ
നേടുവാനേറെയുണ്ടെനിയ്ക്കിന്നും
എന്നാലും മറ്റൊരു യയാതിയാവാൻ
ആവില്ലെനിയ്ക്കൊട്ടും താല്പര്യവുമില്ല.
പൂജ്യമാണു ഞാനെങ്കിലും
പൂജ്യത്തിനും വിലയുണ്ടല്ലോ!
ഇടവും വലവും മാറിമാറി നിന്നാൽ
അജഗജാന്തരം സൃഷ്ടിക്കാമല്ലൊ.
ഗണിതലോകത്തിനു നമ്മൾ നൽകിയ
സംഭാവനയും വെറും പൂജ്യമല്ലേ?
മാമകജീവിതം ധന്യമാക്കുവാൻ
നൽകണം പിൻതലമുറയ്ക്ക് ഞാൻ
കാലത്തിൻ കൈപ്പാടുകൾ മായ്ക്കാത്ത
ഓർമ്മകൾതൻ ചന്ദ്രഹാരങ്ങൾ. ●


---

കിടന്നോളൂ." "നിങ്ങളാരാണ്?" അത്ഭുതം കൂറുന്ന കണ്ണുകളോടെ ബ്രാഹ്മണൻ ചോദിച്ചു. "ഞാൻ അടുത്ത അയൽപക്കത്തെ ഇല്ലത്തെയാണ്." ആ സ്ത്രീ ഇലവെച്ച് അന്നം വേണ്ടുവോളം അവർക്ക് നൽകി. ബ്രാഹ്മണർ ഭക്ഷണം കഴിച്ച് സുഖമായി കിടന്നുറങ്ങി.

പിറ്റേന്ന് കാലത്ത് നട തുറക്കുമ്പോൾ ആ രണ്ട് ഇല കണ്ട് എല്ലാവരും ഇതെങ്ങനെ വന്നു എന്ന ന്വേഷിച്ചു. അപ്പോൾ ശാന്തിക്കാരൻ തിരുമേനി പറഞ്ഞു - "കഴിഞ്ഞ സംഭവങ്ങളെല്ലാം എനിക്ക് സ്വപ്നത്തിൽ കാണാൻ സാധിച്ചു. സാക്ഷാൽ ജഗദംബികതന്നെ വന്ന് ഭക്തർക്ക് അന്നം നൽകിയതായാണ് ഞാൻ കണ്ടത്." അന്നുമുതൽ ഊട്ടിൽ ഭക്ഷണം തീരുന്നതിന് മുമ്പ് "ആരെങ്കിലും കഴിക്കാനുണ്ടോ" എന്ന് വിളിച്ച് ചോദിക്കും. അത് ഒരു ചടങ്ങായി. ക്ഷേത്രത്തിൽ ഊട്ടിന് വേണ്ടി ഇല മുറിച്ചുകൊണ്ടുവരാൻ ഒരാളുണ്ട്. 'ഇലക്കീറ് രാമൻ' എന്നാണ് അയാളുടെ പേര്. ഒരുദിവസം ഇല മുറിക്കാൻ പോയപ്പോൾ ആരോ അയാളെ വകവരുത്തി. എന്തിനുവേണ്ടിയെന്നറിയുന്നില്ല. എത്ര വിളിച്ചിട്ടും രാമൻ വിളി കേൾക്കാതെ വന്നപ്പോൾ രാമന് വേണ്ട ചോറ് ഒരു പാത്രത്തിലാക്കി ഒരു പ്രത്യേക സ്ഥലത്ത് കൊണ്ടുവച്ചു. വന്നാൽ കഴിച്ചോട്ടേന്നു കരുതി. പക്ഷേ രാമൻ വന്നില്ല. അതുകൊണ്ട് ഇന്നും 'രാമനെ വിളിക്കുന്ന' ചടങ്ങുണ്ട് എന്നു പറയാം.

ഐശ്വര്യദേവതയായ ചെറുകുന്നിലമ്മയുടെ ഒരു പുരാണമാഹാത്മ്യത്തിന് ഇവിടെ തിരശ്ശീല വീഴുന്നു. "ദേവീ മഹാമായേ.... ചെറുകുന്നിലമ്മേ.... ശരണം......" ●

## അഭിനന്ദനങ്ങൾ



ശബരിമല അയ്യപ്പ സേവാ സമാജം സംസ്ഥാന പ്രസിഡന്റായി പന്തളം കൊട്ടാരം അംഗം **പി.എൻ. നാരായണ വർമ്മ** തിരഞ്ഞെടുക്കപ്പെട്ടു.




# മഞ്ചിയിലെ പുതുമുഖം

**ശ്രീകാന്ത് വർമ്മ**
മാവേലിക്കര, മൊ. 9447485946

*(കെന്നത്ത് ആൻഡേഴ്സൻ രചിച്ച 'The Tiger Roars' എന്ന പുസ്തകത്തിലെ 'The Novice of Manchi' എന്ന കഥയുടെ സ്വതന്ത്ര പരിഭാഷ.)*

മുളങ്കാടുകൾ തിങ്ങിനിറഞ്ഞ ഒരു വന പ്രദേശം, ആനകളെ സംബന്ധിച്ച് വളരെ പ്രിയപ്പെട്ട ഒരു മേച്ചിൽസ്ഥലമായിരിക്കുമത്. എന്നാൽ മാംസഭുക്കുകളായ കടുവ, പുലി എന്നിവയ്ക്കും ഇത്തരം മുളങ്കൂട്ടങ്ങൾ പ്രിയപ്പെട്ടവ തന്നെ. ഇരയുടെ ശ്രദ്ധയിൽപ്പെടാതെ മറഞ്ഞിരിക്കാനും ഇര സമീപിക്കുമ്പോൾ ചാടിവീഴാനും സാധിക്കുമെന്നതുതന്നെ കാരണം. അങ്ങനെ മുളങ്കാടുകൾ തിങ്ങി നിറഞ്ഞ ഒരു വനപ്രദേശത്തുനിന്നാണ് ഈ കഥയുടെ ആരംഭം.




ഏകനായ ഒരു വഴിയാത്രികൻ തന്റെ ഗ്രാമത്തിലേക്കുള്ള യാത്രയിലാണ്. ഇടയ്ക്കൽപ്പം നിന്ന് മുളങ്കൂട്ടങ്ങൾക്കിടയിൽ എന്തെങ്കിലും മറഞ്ഞിരിക്കുന്നുണ്ടോ, മുളങ്കമ്പൊടിച്ച് ഭക്ഷിക്കുന്ന ശബ്ദം കേൾക്കുന്നുണ്ടോ എന്നെല്ലാം ശ്രദ്ധിച്ചാണ് അയാളുടെ നടപ്പ്. ആനയെ അത്രമേൽ ഭയമായിരുന്നു അയാൾക്ക്. എന്നാൽ മുളങ്കൂട്ടങ്ങൾക്കിയിൽ തന്റെ വരവ് പ്രതീക്ഷിച്ച് കാത്തിരുന്ന കൊലയാളിയുടെ സാന്നിദ്ധ്യം അയാൾക്ക് തിരിച്ചറിയാനായില്ല. കീര എന്നായിരുന്നു ആ യാത്രികന്റെ പേര്. പൂജാരിവർഗ്ഗത്തിൽപ്പെട്ട ഒരു സാധുമനുഷ്യൻ. ആയൂർ എന്ന ഗ്രാമത്തിൽ എന്തോ അത്യാവശ്യത്തിനു പോയി സ്വന്തം ഗ്രാമമായ മഞ്ചിയിലേക്ക് മടങ്ങിവരുകയായിരുന്നു അയാൾ. ആനകളെവിടെയെങ്കിലുമുണ്ടോ എന്ന ഭീതിയോടെ നടന്നിരുന്ന കീര മുളങ്കൂട്ടത്തിനുള്ളിൽ പതുങ്ങിയിരുന്ന കറുപ്പും മഞ്ഞയും ഇടകലർന്ന വരകളോടുകൂടിയ കൊലയാളിയെ കണ്ടില്ല. മുളങ്കാടുകളുടെ ആ ഭാഗം പിന്നിട്ടപ്പോൾ അത്യുഗ്രമായ ഒരു ഗർജ്ജനത്തോടെ കൊലയാളി കീരയുടെമേൽ ചാടിവീണു. അടുത്ത ഒരു മാസത്തിനുള്ളിൽ മൂന്നു കൊലകൾ കൂടി സംഭവിച്ചിരിക്കുന്നു. തങ്ങളുടെ സമീപത്തുള്ള വനപ്രദേശത്ത് നരഭോജിയായ ഒരു മൃഗത്തിന്റെ സാന്നിദ്ധ്യം മഞ്ചി നിവാസികൾ ഞെട്ടലോടെ തിരിച്ചറിഞ്ഞു. കാട്ടുതേൻ ശേഖരണവും വനത്തിലെ ചില അപൂർവ്വങ്ങളായ ഔഷധസസ്യങ്ങളുടെ ശേഖരണവുമാണ് പൂജാരിവർഗ്ഗക്കാരുടെ പ്രധാന വരുമാനമാർഗ്ഗം. നരഭോജിയെക്കുറിച്ചുള്ള ഭയം നിമിത്തം ആരും വനത്തിലെ ജോലിക്കു പോകാതെയായി. കാര്യങ്ങൾ അത്തരമൊരു വിഷമസന്ധിയിലെത്തിനിൽക്കുമ്പോഴാണ് എന്റെ സുഹൃത്തും നായാട്ടുസഹായിയുമായ ബൈറ ബാംഗ്ലൂരിലെ എന്റെ വസതിയിലെത്തുന്നത്. ബൈറ സംഭവങ്ങളെല്ലാം എന്നെ വിവരിച്ചു കേൾപ്പിച്ചു, 24 ദിവസങ്ങൾക്കുള്ളിൽ മൂന്നു കൊലപാതകങ്ങൾ. അതും മഞ്ചിയിൽ നിന്നും നാലുമൈൽ പരിധിക്കുള്ളിൽ. നരഭോജികളുടെ കൂട്ടത്തിൽ ഇവനൊരു പുതുമുഖമായിരിക്കണം. അനുഭവപരിചയമേറെയുള്ളവനായിരുന്നെങ്കിൽ ഇത്രയധികം കൊലകൾ അതും ചുരുങ്ങിയ സമയത്തിനുള്ളിൽ നാലുമൈൽ പരിധിക്കുള്ളിൽ നടത്തുകയില്ല. ഒരു പക്ഷേ അവനൊരു പ്രായം കുറഞ്ഞ മൃഗമായിരിക്കണം അല്ലെങ്കിൽ ഏതെങ്കിലും വിധത്തിൽ പരിക്കുപറ്റിയ അല്ലെങ്കിൽ മനുഷ്യരാൽ പരിക്കേറ്റ മൃഗം, അല്ലെങ്കിൽ തന്റെ കുഞ്ഞുങ്ങളോടൊപ്പം കഴിയുന്ന ഒരു വ്യാഘ്രിയായിരിക്കണം കൊലയാളി. എന്തായാലും അവനൊരു പുതുമുഖമായിരിക്കണം എന്നായിരുന്നു എന്റെ ഊഹം. നരമാംസം ആഹാരമാക്കുവാൻ തീരുമാനിച്ചുകഴിഞ്ഞാൽ അവ ഒരേ സ്ഥലത്തുതന്നെ തങ്ങുക സാധാരണമല്ല. ഇത്തരം കടുവകൾ കൃത്യമായ ഒരു സഞ്ചാരപഥം കണ്ടെത്തിയിരിക്കും. കൃത്യമായ ഇടവേളകളിൽ മുൻകൂട്ടി നിശ്ചയിച്ചെന്ന വണ്ണം അവ ഓരോ സ്ഥലത്തും പ്രത്യക്ഷപ്പെടു

കയും അവിടെയുള്ളവർ അവയെക്കുറിച്ചുള്ള ഭയം വിട്ട് സ്വതന്ത്രരായി സഞ്ചരിക്കുമ്പോൾ പൊടുന്നനെ ആക്രമിക്കുകയുമാണ് പതിവ്. പിന്നെ ഏതാനും മാസത്തേക്ക് അവ ആ പ്രദേശത്തേക്ക് എത്തുകയില്ല. നൂറുകണക്കിന് മൈലുകൾ നീണ്ടതാവും അവയുടെ സഞ്ചാരപഥം. അതിനാൽത്തന്നെ ഈ കടുവ പരിചയസമ്പന്നനാകുന്നതിന് മുന്നേതന്നെ അതിനെ വകവരുത്തേണ്ടത് അത്യാവശ്യമാണ്.

ആ വനപ്രദേശം എനിക്ക് വളരെ പരിചയമുള്ളതാണ്. സമാന്തരമായി കിടക്കുന്ന രണ്ടു മലനിരകളും പല വർണ്ണത്തിലും നിറത്തിലും വലുപ്പത്തിലുമുള്ള ചിലന്തികൾ ധാരാളമുള്ളതിനാൽ സ്പൈഡർവാലി എന്നാണ് ഞാൻ ആ പ്രദേശത്തെ വിശേഷിപ്പിക്കാറ്. ഏതാനും വർഷങ്ങൾക്കുമുമ്പ് അല്പം കൂടി പരിചയസമ്പന്നനായ ഒരു നരഭോജിയെ ആ പ്രദേശത്തുവച്ച് നേരിട്ടത് ഞാനോർത്തു. കെംപകരിയിലെ കൊലയാളി (Murderer of Kempakari) എന്ന പേരിൽ ഞാനാ സംഭവം മറ്റൊരു പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. ഒരാഴ്ചത്തെ താമസത്തിനുള്ള തയ്യാറെടുപ്പുകൾ നടത്തി ഞാനും ബൈറയും ബാംഗ്ലൂരിൽ നിന്നും യാത്ര തിരിച്ചു.

ആയൂർ വരെ മാത്രമേ കാർ യാത്ര സാദ്ധ്യമാകുമായിരുന്നുള്ളു. അവിടെനിന്നും സാധനസാമഗ്രികളെല്ലാം പേറി മഞ്ചിവരെ നടക്കേണ്ടതുണ്ട്. ബൈറ മുന്നിലും ഞാൻ പിന്നിലുമായാണ് നടന്നിരുന്നത്. ആനയെ കണ്ടുമുട്ടുമോ എന്ന ഭയത്തിലായിരുന്നു ബൈറയെങ്കിൽ എന്റെ ചിന്ത മുഴുവൻ നരഭോജിയിൽ നിന്നും അപ്രതീക്ഷിതമായി ഉണ്ടായേക്കാവുന്ന ആക്രമണത്തെക്കുറിച്ചായിരുന്നു. ഒരു വരിയിൽ നടക്കുന്ന ഏറ്റവും അവസാനത്തെ ആളെയാണല്ലോ നരഭോജികൾ സാധാരണ ആക്രമിക്കുക. ഏതായാലും പ്രശ്നങ്ങളേതുമില്ലാതെ തന്നെ ഞങ്ങൾ മഞ്ചിയിലേക്ക് എത്തിച്ചേർന്നു.

ഞാൻ വളരെ ക്ഷീണിതനായിരുന്നു. ഒരു ചായ കുടിക്കേണ്ടതത്യാവശ്യം. സമീപത്തുള്ള കുളത്തിൽനിന്ന് അൽപ്പം വെള്ളമെടുത്ത് ചായയുണ്ടാക്കാൻ ഞാൻ ബൈറയോടാവശ്യപ്പെട്ടു. ഇതിനിടയിൽ ബൈറയുടെ ചങ്ങാതിമാരായ ചില ഗ്രാമീണർ ഞങ്ങൾക്കു ചുറ്റും കൂടി. ബാംഗ്ലൂരിൽ നിന്നും നമ്മെ സഹായിക്കാനെത്തിയ സാഹിബാണ് എന്നു പറഞ്ഞ് ബൈറ എന്നെ അവർക്കു പരിചയപ്പെടുത്തി. അവർക്ക് എന്നോട് ചില കാര്യങ്ങൾ പറയുവാനുണ്ടായിരുന്നു. ബൈറ എന്നെ കാണുവാനായി പുറപ്പെട്ട ദിവസം ഉച്ചതിരിഞ്ഞ് 3–4 മണിയായപ്പോൾ ഗ്രാമത്തിലെ നാല് സ്ത്രീകൾ ജലം ശേഖരിക്കുവാനായി സമീപത്തെ കുളത്തിലേക്കു പോയി. അവർ ജലം നിറച്ച് മടങ്ങുമ്പോൾ അമ്പതുവാരെയകലെ കുറ്റിക്കാട്ടിൽ ഒരനക്കം അവരുടെ ശ്രദ്ധയിൽപ്പെട്ടു. ശ്രദ്ധിച്ചു നോക്കിയപ്പോഴാണ് ഒരു കടുവ അവിടെയിരുന്ന് അവരെ വീക്ഷിക്കുന്നതു കണ്ടത്. അത് ഭീതിദമായി മുരളുന്നുമുണ്ടായിരുന്നു. ഭയന്നുവിറച്ച അവർ കുടങ്ങൾ ഉപേക്ഷിച്ച് ഓടി. എന്നാൽ കടുവ എന്തുകൊണ്ടോ ആക്രമണത്തിനു മുതിർന്നില്ല. തങ്ങളെ നാലുപേരെയും അകത്താക്കുവാനുള്ള വലുപ്പം അവനുണ്ടെന്നാണ് അവരിലൊരു സ്ത്രീ എന്നോടു പറഞ്ഞത്.

ഈ സംഭവം എന്നിലും ബൈറയിലും വലിയ പ്രതീക്ഷയുണർത്തി. കഴിഞ്ഞ ദിവസം അവൻ കുളക്കരവരെ എത്തിയെങ്കിൽ ഇന്നും വരാതെയിരിക്കില്ല. ഒരു പക്ഷേ അവൻ അൽപ്പം അകലെയിരുന്ന് ഞങ്ങളെ നിരീക്ഷിക്കുന്നുണ്ടായിരിക്കണം. ആ കുളക്കരയിൽ കൂടാരമടിക്കാനാണ് ഞാനാദ്യം നിശ്ചയിച്ചിരുന്നത്. ഈ സംഭവം അറിഞ്ഞതോടെ ആ ചിന്ത ഞാനുപേക്ഷിച്ചു. ഗ്രാമത്തിനുള്ളിൽ ഒരു വലിയ പ്ലാവ് നിൽക്കുന്നുണ്ടായിരുന്നു. എന്റെ ടെന്റ് അതിനു ചുവട്ടിൽ സ്ഥാപിക്കാമെന്ന് ഞാൻ തീരുമാനിച്ചു. വർഷങ്ങൾക്കുമുമ്പ് കെംപകരിയിലെ നരഭോജിയുടെ വരവും കാത്ത് ഒരു കിണറിന്റെ ആൾമറയിൽ ഒരു രാത്രി മുഴുവൻ ഞാൻ കഴിഞ്ഞുകൂടിയതോർത്തു. ഇവിടെയും അതുപോലെ ആ കുളത്തിന്റെ കരയിൽ, സൗകര്യപ്രദമായ ഒരിടത്ത് കടുവയുടെ വരവും കാത്ത് മറഞ്ഞിരിക്കാമെന്നാണ് ഞാൻ ഉദ്ദേശിച്ചത്. ബൈറ എന്റെ ആശയം അപ്പാടെ തള്ളിക്കളഞ്ഞെങ്കിലും ഞാനെന്റെ ആശയത്തിൽ ഉറച്ചുനിന്നു.

കുളത്തിന്റെ കരയിൽ വലിയൊരു ബാബൂൽ വൃക്ഷം നിൽപ്പുണ്ടായിരുന്നു. എന്റെ പിൻവശം മരത്തോട് ചേർത്തിരിക്കുവാനാണ് ഞാൻ ഉദ്ദേശിച്ചത്. വൃക്ഷത്തിൽ നിന്നും ഇരുപതടി മാറിയാണ് കുളം. അതിന്റെ മറുകരയിൽ നിന്നാണ് വനം ആരംഭിക്കുന്നത്. ബാബൂൽ വൃക്ഷത്തിൽ പിൻവശം ചേർന്നിരുന്നാൽ എന്റെയിരിപ്പ് വനത്തിനഭി

മുഖമായി വരികയും ചെയ്യും. നിശ്ശേഷ്ടനായി ഇരിക്കണമെന്നു മാത്രം. നരഭോജി പിന്നിൽനിന്നും ആക്രമിക്കാനുള്ള സാദ്ധ്യത വളരെ വിരളമാണ്. അവന്റെ ദൃഷ്ടിയിൽ ഞാൻ പെട്ടാൽത്തന്നെ, മുന്നിലൂടെ അല്ലെങ്കിൽ വശങ്ങളിലൂടെ മാത്രമേ അവനെന്നെ സമീപിക്കുവാൻ സാധിക്കൂ. അങ്ങനെയെങ്കിൽ അവന്റെ ആഗമനം അറിയിക്കുന്ന ഒരു ചെറുശബ്ദമെങ്കിലും കേൾക്കാതെയിരിക്കില്ല എന്ന് ഞാൻ കണക്കുകൂട്ടി. ഇതെല്ലാം വിശദമായി പറഞ്ഞെങ്കിലും ബൈറ അതൊന്നും ചെവിക്കൊള്ളുവാൻ കൂട്ടാക്കിയില്ല. ഒടുവിൽ എന്നെ എന്റെ പാട്ടിനുവിട്ട് അടുത്ത ദിവസം കാണാമെന്നു പറഞ്ഞ് അയാൾ പോയി.

സൂര്യാസ്തമനത്തിന് ഒരു മണിക്കൂർ മുമ്പുതന്നെ ഞാനെന്റെ സ്ഥാനത്ത് ഇരുപ്പാരംഭിച്ചു. കടുവ നേരത്തെ വരുമെന്നും ഇരുട്ട് വ്യാപിക്കുന്നതിനു മുന്നേതന്നെ എന്റെ ജോലി അവസാനിക്കുമെന്നും ഞാൻ പ്രതീക്ഷിച്ചു. പുറകിൽ നരഭോജിയെ ഭയന്ന് ഗ്രാമത്തിലെ കുടിലുകളെല്ലാം അടച്ച് ഭദ്രമാക്കുന്ന ശബ്ദം കേൾക്കാം. സൂര്യനസ്തമിച്ച് ഇരുട്ട് വ്യാപിക്കുവാൻ തുടങ്ങി. നിലാവില്ലാത്ത കാലമാണിതെന്ന് ഞാനോർത്തു. കടുവ വരുന്നപക്ഷം എനിക്കവനെ കാണാൻ സാധിക്കുകയില്ല. അവനെന്നെ കാണുകയും ചെയ്യാം. പെട്ടെന്നാണ് വനത്തിൽ നിന്നും ഒരു ലാംഗൂർ കുരങ്ങിന്റെ അപായസൂചകമായ വിളി കേട്ടത്. അവനെന്തിനെയോ കണ്ട് ഭയപ്പെട്ടിരിക്കുന്നു എന്നുറപ്പ്. ലാംഗൂർ കുരങ്ങന്റെ അപായസൂചകമായ വിളി വനത്തിലെ മറ്റു പക്ഷിമൃഗാദികളും ഏറ്റെടുത്തിരിക്കുന്നു. കടുവ നേരെ കുളത്തിനരികിലേക്കാണ് വന്നുകൊണ്ടിരിക്കുന്നതെന്ന് പക്ഷിമൃഗാദികളുടെ ശബ്ദത്തിൽ നിന്നും എനിക്കു മനസ്സിലായി. പെട്ടെന്നാണ് കുളത്തിന്റെ മറുകരയിൽ നിന്നും ലാംഗൂർ കുരങ്ങിന്റെ അപായസൂചന കേട്ടത്. അവന്റെ ശബ്ദത്തിൽനിന്നുതന്നെ അവൻ കടുവയെ കണ്ടിരിക്കുന്നുവെന്നുറപ്പ്. ഞാൻ കരുതിയതിലും ഏറെ സമീപത്താണ് നരഭോജി ഉള്ളതെന്നു ഞാൻ മനസ്സിലാക്കി. എന്നാൽ കടുവയുടെ ഭാഗത്തുനിന്ന് യാതൊരുവിധ ശബ്ദവും ഞാൻ കേൾക്കുകയുണ്ടായില്ല. കുളത്തിന്റെ കരയിൽ നിൽക്കുന്ന വൃക്ഷങ്ങളും കുറ്റിക്കാടും അവ്യക്തമായി മാത്രമേ എനിക്ക് കാണുവാൻ സാധിക്കുമായിരുന്നുള്ളു. എന്റെ മുൻഭാഗവും വശങ്ങളും സശ്രദ്ധം വീക്ഷിച്ച് ശ്വാസഗതി നിയന്ത്രിച്ച് ചെവികൾ കൂർപ്പിച്ച് ഏതെങ്കിലും ഒരു ചെറിയ ശബ്ദമെങ്കിലും കേൾക്കുന്നുണ്ടോ എന്ന് കാത്തിരിക്കുകയായിരുന്നു ഞാൻ. പെട്ടെന്നാണ് ഞരമ്പ് ത്രസിപ്പിക്കുംവിധം ഒരു സാമ്പാർമാനിന്റെ ഭയന്നുള്ള നിലവിളി കേട്ടത്. കടുവയുടെ വരവും ദിശയുമറിയുവാൻ വനത്തിലുള്ള എന്റെ സുഹൃത്തുക്കൾ സഹായിച്ചിരിക്കുന്നു. കടുവ എന്നെ കാണുമോ അതോ ഞാനവനെ കാണുമോ?

നായാട്ടിൽ നിശ്ശേഷ്ടനായി ഇരിക്കുന്നതിന് നായാട്ടുകാരന്റെ ജീവന്റെ വിലയാകും ചിലപ്പോഴുണ്ടാവുക. കടുവയുടെ ശ്രദ്ധ പെട്ടെന്ന് എന്നിലേക്കെത്താതിരിക്കുകയാണാവശ്യം. ഓരോ സെക്കന്റിനും ഒരു മണിക്കൂർ നീളമായാണെനിക്ക് അനുഭവപ്പെട്ടത്. എന്റെ വലതുവശത്തുനിന്നും എന്തോ ഒരു ഉരസൽ ശബ്ദം കേട്ടു. ആ ശബ്ദത്തിന് കാരണക്കാരനായവൻ എന്റെ കണ്ണിൽപ്പെടാതെ വലതുവശത്തെ കുറ്റിക്കാട്ടിലൂടെ നടന്നുനീങ്ങുന്നുണ്ടെന്ന് എനിക്കറിയാം. ഏതാനും നിമിഷങ്ങൾക്കുള്ളിൽ അവനെന്റെ പിൻവശത്തുകൂടി കടന്നുപോകും. അത്യധികം ശ്രദ്ധിച്ചിട്ടും പിന്നീടൊരു ശബ്ദവും കേൾക്കുകയുണ്ടായില്ല. ദീർഘകാലമായുള്ള പരിചയം കൊണ്ട് കടുവ എന്നെ കടന്നുപോയി. പിന്നിലുള്ള കുറ്റിക്കാട്ടിലെവിടെയെങ്കിലും കാണുമെന്ന് ഞാനൂഹിച്ചു. തിരിഞ്ഞു നോക്കുവാൻ വല്ലാത്ത ഒരുൾപ്രേരണ, എന്നാൽ ഞാനങ്ങനെ ചെയ്താൽ, ഒരു ചെറുശബ്ദമുണ്ടായാൽ എന്റെ സാന്നിദ്ധ്യം കണ്ടുപിടിക്കപ്പെടും.

*(തുടരും)*

## അഭിനന്ദനങ്ങൾ



കുറ്റിലഞ്ഞി യൂണിറ്റ് സെക്രട്ടറി **സുരേഷ് വർമ്മ** ഒറീസ്സയിലെ മധുസൂദൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ത്രിവത്സര എൽ.എൽ.ബി. ബിരുദം കരസ്ഥമാക്കി. രാഘവൻ തിരുമുല്പാടിന്റെയും മാലതിയുടെയും മകനാണ്. ഭാര്യ: സുപ്രിയ.

ലേഖനം



# കൊട്ടാരമുറ്റത്തെ ഗണപതി

**രാജലക്ഷ്മി**
കൊടുങ്ങല്ലൂർ, മൊ. 9497024549

ഹൈദരാലിയുടെ പടയോട്ടക്കാലത്ത് പരപ്പനാട്ട് രാജവംശത്തിൽ നിന്നും പലായനം ചെയ്ത് തിരുവിതാംകൂറിനെ അഭയം പ്രാപിച്ചവരിലെ ഒരു ശാഖയാണ് ഹരിപ്പാട്ട് അനന്തപുരം കൊട്ടാരത്തിൽ ഇന്നുള്ളത്. ആദ്യം അവർ ചങ്ങനാശ്ശേരിയിലെ ലക്ഷ്മീപുരം കൊട്ടാരത്തിൽ താമസിക്കയും പിന്നീട് ഹരിപ്പാട്ട് കാർത്തികപ്പിള്ളി കൊട്ടാരത്തിൽ താമസമാക്കി അനന്തപുരം കൊട്ടാരം പണിയുകയും ചെയ്തു.



'കേരള കാളിദാസ'നെന്ന പേരിൽ പ്രശസ്തനായ കേരളവർമ്മ വലിയകോയിത്തമ്പുരാനും അദ്ദേഹത്തിന്റെ സഹോദരന്മാരും സഹോദരിമാരുമാണ് അനന്തപുരം കൊട്ടാരത്തിലേയ്ക്ക് താമസം മാറ്റിയത്. 1871-ൽ വലിയകോയിത്തമ്പുരാന്റെ മൂത്ത സഹോദരൻ കേരള വാഗ്ഭടനാണ് അനന്തപുരം കൊട്ടാരം പണികഴിപ്പിച്ചത്. കുറച്ച് വർഷങ്ങൾ വലിയകോയിത്തമ്പുരാൻ വീട്ടുതടങ്കലിൽ പാർത്തത് ഇവിടെയാണ്. ഇന്ന് തമ്പുരാന്റെ സഹോദരിയുടെ മൂന്ന് പെൺമക്കളുടെ താവഴിയാണ് കൊട്ടാരത്തിലുള്ളത്. മറ്റു സഹോദരിമാരുടെ താവഴികൾ ഇന്നില്ല. ഈ കൊട്ടാരക്കെട്ടിലെ ഒരു വിശേഷം പങ്കുവയ്ക്കാൻ ശ്രമിക്കയാണ് ഞാൻ.

എന്റെ അമ്മയുടെ കുടുംബം കൊടുങ്ങല്ലൂർ പുത്തൻകോവിലകമാണെങ്കിലും അച്ഛന്റെ കുടുംബമായ അനന്തപുരം കൊട്ടാരത്തിലാണ് ഞാൻ കൂടുതലും ചിലവഴിച്ചത്. ബാല്യകൗമാരങ്ങൾ ഇവിടെ ആയിരുന്നതിനാൽ ഒരുപാട് ഓർമ്മകൾ പങ്കുവയ്ക്കാനുണ്ട്. അതിൽ ഒരിക്കലും മറക്കാൻ കഴിയാത്ത ഓർമ്മകളും അനുഭവങ്ങളുമാണ് കൊട്ടാരമുറ്റത്തെ ഗണപതിയും തേവരുടെ ഉത്സവക്കാലവും.

അച്ഛനും മൂന്ന് തലമുറകൾക്കും ആ ഉത്സവം കൊണ്ടാടാൻ കിട്ടിയ ഭാഗ്യം അനുസ്മരിക്കുന്നു. നാലാം തലമുറയേയും വർഷത്തിൽ ഒരിക്കലെങ്കിലും ഒരു ദിവസത്തെ ഉത്സവത്തിൽ പങ്കെടുപ്പിക്കാൻ ശ്രമിക്കാറുണ്ട്. പുതിയ തലമുറയ്ക്ക് നമുക്ക് നൽകാനുള്ളത് ഇത്തരം സംസ്ക്കാരങ്ങൾ മാത്രം. അത് അവർക്കൊരു മുതൽക്കൂട്ടാകട്ടെ.

മാമൂട്ടിൽ തേവരെക്കുറിച്ച് എന്തെഴുതുമ്പോഴും വിഘ്നങ്ങൾ അകറ്റി അനുഗ്രഹത്തിനായ് പ്രാർത്ഥിക്കുന്നു. എന്റെ ചെറിയ ഓർമ്മയിൽ വരുന്ന ഈ വാക്കുകൾ പലർക്കും നല്ലൊരു അറിവായ് തീരട്ടെ. മാമൂട്ടിൽ തേവർ തന്നെയാണ് ഈ കൊട്ടാരത്തിന്റെ പേരും പ്രശസ്തിയും നിലനിർത്തുന്നത്.

ഏകദേശം 92 വർഷങ്ങൾക്ക് മുൻപ് കൊട്ടാരത്തിലെ കൊച്ചു തമ്പുരാക്കന്മാർ കളിച്ചു നടക്കുന്നതിനിടയിൽ ഒരു കൊച്ചുതമ്പുരാന് തോട്ടിൻവക്കിലെ കൈതക്കാട്ടിൽ നിന്നും ഒരു വിഗ്രഹം ലഭിച്ചു. വിഗ്രഹത്തെ പൊക്കിക്കൊണ്ടുവരാൻ കഴിയാത്തതിനാൽ എല്ലാവരും കൂടി ഒരു കവുങ്ങിൻപാളയിൽ ഇരുത്തി വലിച്ച് കൊട്ടാരത്തിന്റെ പടിഞ്ഞാറെ മുറ്റത്ത് എത്തിച്ചു. അവിടെ കണ്ട ഒരു തിരികല്ലിന്റെ അടിഭാഗത്തെ കല്ലിൽ ഇരുത്തി. പിന്നീട് എന്തു ചെയ്യണമെന്നായി എല്ലാവർക്കും. ആദ്യകാലങ്ങളിൽ പ്രതിഷ്ഠയായി ഉണ്ടായിരുന്നില്ല എന്നാണ് പഴമക്കാരുടെ മൊഴിയറിയുന്നവരി

ലൂടെ മനസ്സിലാക്കിയത്. അതിനാൽ പ്രത്യേകിച്ച് പൂജാ വിധിയും ഇല്ല. ഇവിടുത്തെ പൂജയുടെ പ്രത്യേകത ഉപനയനം കഴിയാത്ത ആൺകുട്ടികൾ പൂജിക്കുന്നു എന്നതാണ്.

കാർത്തിക തിരുനാൾ അംബാദേവി തമ്പുരാട്ടി രചിച്ച 'വിഘ്നേശ്വര അഷ്ടോത്തരശതനാമാവലി' യാണ് പൂജിക്കാൻ സ്വീകരിച്ചിരിക്കുന്നത്.

മേടം ഒന്നാം തീയതി വിഷുവിന് ഹരിപ്പാട് സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ കൊടികയറും. പത്തു ദിവസമാണ് അവിടുത്തെ ഉത്സവം. അവിടുത്തെ ആറാട്ട് കഴിഞ്ഞ് പിറ്റേ ദിവസം മാമൂട്ടിൽ തേവരുടെ ഉത്സവം കൊടികയറും. പത്തു ദിവസമാണ് ഇവിടെയും ഉത്സവം.

ആദ്യ കാലങ്ങളിൽ ഉത്സവത്തിനു മാത്രമേ ഗണപതിയുടെ വിഗ്രഹം പടിഞ്ഞാറെ മുറ്റത്തെ പീഠത്തിൽ പ്രതിഷ്ഠിക്കുമായിരുന്നുള്ളു. ഉത്സവത്തിനു ശേഷം ഉണ്ണിഗണപതിയുടെ സ്ഥാനം കുടുംബത്തിനുള്ളിലെ ചീനഭരണിയുടെ മുകളിലായിരുന്നു എന്ന് ഇന്നത്തെ തലമുറയിലെ ഒരംഗം അനുസ്മരിച്ചു. അത് അമ്മയോ അമ്മൂമ്മയോ പറഞ്ഞറിഞ്ഞതാകാനാണ് സാധ്യത. എന്റെ ഓർമ്മയിൽ ഗണപതിവിഗ്രഹം പടിഞ്ഞാറെ മുറ്റത്തെ പീഠത്തിൽ ഇരിക്കുന്നതായിട്ടാണ്.

പഴയ ഓർമ്മയിൽ കുട്ടികൾക്ക് കളിക്കാനുള്ള കൂട്ടുകാരനായിരുന്നു ഗണപതി. വലിയൊരു മാവിന്റെ ശാഖയുടെ ചുവട്ടിലായതിനാലാണ് മാമൂട്ടിൽ തേവർ എന്ന പേര് വന്നത്. അന്നത്തെ കാലത്തെ പ്ലേ ഗ്രൗണ്ട് ആയിരുന്നു പടിഞ്ഞാറെ മുറ്റം. ആൺകുട്ടികളുടെ തല്ലുപിടിത്തത്തിനും വികൃതികൾക്കും സാക്ഷിയായിരുന്നു ഈ ഉണ്ണി ഗണപതി. ചെറിയ വിഗ്രഹമായതിനാൽ കുട്ടികളുടെ വക പ്രഹരങ്ങളും, കല്ലുകൊണ്ടുള്ള ഇടിയും ഒക്കെ വാങ്ങേണ്ടി വന്നിട്ടുണ്ടാകും. അതൊന്നും ഉണ്ണിക്ക് പ്രശ്നമല്ല. പാപം എന്തെന്നറിയാത്ത കുട്ടികളല്ലേ അവരോട് സന്തോഷമേ ഉള്ളു. ഭക്ഷണപ്രിയനായ മാമൂട്ടിൽ തേവർക്ക് അന്നദാനം പ്രിയപ്പെട്ടതാണെന്ന് അടുത്ത കാലത്താണ് മനസ്സിലാക്കിയത്. അതിനാൽ ഉത്സവകാലത്ത് വഴിപാടായി പത്തു ദിവസവും അന്നദാനം കാണും. നേർച്ചയ്ക്ക് ഫലപ്രാപ്തി ഉറപ്പാണ്.

എന്റെ അച്ഛന്റെയൊക്കെ ചെറുപ്പകാലത്ത് ഉത്സവത്തിന് കൊട്ടാരത്തിലെ ആൺകുട്ടികൾ കഥകളി കളിച്ചിരുന്നതായി അച്ഛൻ പറഞ്ഞറിവുണ്ട്. കഥകളി കോപ്പുകൾ നേരിൽ കണ്ടിട്ടുമുണ്ട്. പല സംഗീതജ്ഞരും ഇവിടെ ഉത്സവനാളുകളിൽ പാടി ഉണ്ണിഗണേശന്റെ അനുഗ്രഹം നേടിയിട്ടുണ്ട്.

ഉത്സവക്കാലത്ത് ഗണപതിയുടെ പ്രതിഷ്ഠയ്ക്ക് ചുറ്റും താൽക്കാലിക അമ്പലവും സേവപന്തലും കെട്ടുന്നു. ഹരിപ്പാട്ട് സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിലെ ആറാട്ടു കഴിഞ്ഞ് പിറ്റേ ദിവസം സന്ധ്യയ്ക്കാണ് കൊടിയേറ്റ്. തേക്കിൻകഴയിൽ തീർത്ത കൊടിമരമാണ് ഉപയോഗിക്കുന്നത്. പൂജിച്ച കൊടിക്കൂറ എല്ലാ അംഗങ്ങളുടേയും സാന്നിദ്ധ്യത്തിൽ കുരവയുടേയും ആർപ്പുവിളിയുടേയും ആരവത്തോടെ പൂജിക്കുന്ന കുട്ടി ഉയർത്തുന്നു. അതിനുശേഷം വിഘ്നേശ്വരന് പ്രിയപ്പെട്ട തേങ്ങ ഉടയ്ക്കൽ നിർവ്വഹിക്കും. 1008 തേങ്ങാ ഉടയ്ക്കലും ഇടയ്ക്ക് നടത്താറുണ്ട്. അതിന് അത്ര മനഃശക്തിയുള്ള ആൾതന്നെ വേണം. തടസ്സങ്ങൾ നീങ്ങാനായി പലരും നേർച്ച നേരുന്നതാണ്. സന്താന സൗഭാഗ്യത്തിനായി പ്രസാദ ഊട്ടും നടത്തുന്നുണ്ട്.

മരം കൊണ്ടുള്ള കുട്ടിയാനപ്പുറത്താണ് ഗണപതിയെ എഴുന്നള്ളിക്കുന്നത്. രണ്ടു നേരവും ശീവേലിയും ഉണ്ട്. മുതിർന്നവർ മേളക്കാരാകും. വൈകുന്നേരത്തെ പൂജാസമയത്ത് എല്ലാ അംഗങ്ങളും സേവപന്തലിൽ ഇരുന്ന് ഭജന പാടും. പക്കമേളത്തോടെയുള്ള ഭജന തേവര് വളരെ ആസ്വദിക്കുന്നുണ്ടാകണം. അത്രയും ഗംഭീരമാണ് അവിടുത്തെ ഗായകരുടെ പാട്ട്.

ഹരിപ്പാട്ട് സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിൽ ഉത്സവക്കാലത്ത് വേലകളിയുണ്ട്. അതേപോലെ ഗണപതിയുടെ മുന്നിലും വേഷവിധാനത്തോടെ കൊട്ടാരത്തിലെ ആൺകുട്ടികൾ വേലകളിക്കും. ആ ദിവസങ്ങളിൽ കൊട്ടാരം ഉത്സവ ലഹരിയിലായിരിക്കും. ദൂരെയുള്ള കുടുംബാംഗങ്ങളും ഈ സമയത്ത് വരുന്നതിനാൽ പടിഞ്ഞാറെ മുറ്റം നിറയെ കുട്ടികളുടെ കേളീരംഗമായിരിക്കും. കടുവാകളിയും സർബത്ത് വില്പനയും എല്ലാം നടന്നിരുന്ന കാലം ഓർമ്മയിൽ തെളിയുന്നു.

അഞ്ചാം ഉത്സവത്തിന് ദീപാരാധനയ്ക്കു ശേഷം ഗണപതിയെ ചീവിതയിൽ എഴുന്നള്ളിച്ച് പ്രദക്ഷിണം ചെയ്യും. ഏഴാം ഉത്സവത്തിന് ശ്രീഭൂതബലിയുണ്ട്. വിഘ്നേശ്വരന്റെ ഭൂതഗണങ്ങളായി കുട്ടികൾ ശരീരത്തിൽ ഭസ്മം പൂശി അമ്പല

ത്തിന് ചുറ്റും ഇരിക്കും. മേളത്തിന്റെ അകമ്പടിയോടെ മേൽശാന്തി ഓരോ ഭൂതങ്ങളേയും പൂജിച്ച് നൈവേദ്യമായി മലർ പാവ്കാച്ചിയത് നൽകും. മൂന്ന് പ്രദക്ഷിണം വച്ച ശേഷം ശ്രീഭൂതബലി അവസാനിക്കും.

പിന്നീട് ഒൻപതാം ദിവസവും ദീപാരാധനയ്ക്ക് ശേഷം ചീവിതയിൽ എഴുന്നള്ളിച്ച് പ്രദക്ഷിണമുണ്ട്. ഒൻപതാം ഉത്സവത്തിന് പള്ളിവേട്ടയും നടക്കും. മാവിൻചുവട്ടിൽ കൃത്രിമമായി നിർമ്മിച്ച കാട്ടിനുള്ളിലാണ് നടത്തുന്നത്. പള്ളിവേട്ട കഴിഞ്ഞ് മേളത്തോടെയാണ് എതിരേറ്റ് അമ്പലത്തിലേക്ക് ആനയിക്കുന്നത്.

എട്ടാം ഉത്സവത്തിന്റെ അന്ന് രാത്രി കൊട്ടാരം കുടുംബാംഗങ്ങളുടെ പരിപാടികൾ അരങ്ങേറും. എല്ലാവരും ഏതെങ്കിലും ഒരു കലയിൽ പ്രഗത്ഭരായിരിക്കും. ഇതു കൂടാതെ പുറമേ നിന്നുള്ള പ്രഗത്ഭ സംഗീതജ്ഞരുടെ കച്ചേരിയും പകൽ സമയം തേവരുടെ മുന്നിൽ പുരാണ പ്രഭാഷണവും ഉണ്ടാകാറുണ്ട്.

പത്താം നാൾ ആറാട്ട്. വൈകുന്നേരം അഞ്ചു മണിയോടെ ഗണപതിയെ ആനപ്പുറത്ത് അമ്പലത്തിൽ നിന്നും പുറത്തേയ്ക്ക് എഴുന്നള്ളിക്കും. റീജന്റ് മഹാറാണിയുടെ ഭർത്താവ് വലിയ കോയിത്തമ്പുരാൻ വന്നാൽ താമസിച്ചിരുന്ന കൊട്ടാരത്തിലെ കുളത്തിലാണ് ആറാട്ട്. അവിടെ ഗണപതിയെ ആനപ്പുറത്തു നിന്നും ഇറക്കി എഴുന്നള്ളിക്കും. സന്ധ്യയ്ക്ക് ആറാട്ടിനുശേഷം പൂജ കഴിഞ്ഞാൽ ആ കുളപ്പുരയിൽ തന്നെയാണ് ഗംഭീര ഭജന. അതിനുശേഷം ഒൻപതു മണിയോടെ കൊട്ടാരത്തിലെ കാർപോർച്ചിൽ അലങ്കരിച്ച ചീവിതയിലേക്ക് ഗണപതിയെ എഴുന്നള്ളിച്ചിരുത്തും. അവിടെ കുറെ സമയം അഷ്ടപദി കച്ചേരിയും മേളവും ഉണ്ടായിരിക്കും. പിന്നീട് താലപ്പൊലിയുടേയും പട്ടുകുടകളുടേയും മേളത്തിന്റെയും തീവെട്ടികളുടേയും അകമ്പടിയോടെ അമ്പലത്തിലേക്ക് എഴുന്നള്ളിപ്പ് യാത്രയാകും. പോകും വഴി ഓരോ താവഴിയിലേയും വീടുകളിൽ പറ എടുക്കും. മേളക്കാർക്കും അകമ്പടി സേവിക്കുന്നവർക്കും പാനകം നൽകി സത്ക്കരിക്കും. എഴുന്നള്ളിപ്പ് അമ്പലത്തിൽ എത്തുമ്പോഴേക്കും രണ്ട് മണിയോളമാകും. ചീവിതയിൽ നൃത്തം ചെയ്ത് മൂന്ന് പ്രദക്ഷിണം ചെയ്ത് ഗണപതിയുടെ ബിംബം അമ്പലത്തിനുള്ളിൽ പ്രതിഷ്ഠിക്കും. അതിനു ശേഷം നാളികേര ഏറ് വഴിപാട് സമർപ്പിക്കാം. ധാരാളം നാളികേര വഴിപാട് നടക്കാറുണ്ട്. ഏകദേശം മൂന്ന് നാലു മണിയോടെ കൊടി ഇറക്കവും നടക്കും. അങ്ങനെ കൊട്ടാരത്തിലെ ഉണ്ണിഗണപതിയുടെ ഉത്സവത്തിന് പരിസമാപ്തിയാകും. അടുത്ത ഉത്സവത്തിന്റെ സ്വപ്നങ്ങളുമായി ഓരോരുത്തരും പിരിയും. ഗണപതിയുടെ അനുഗ്രഹത്തിൽ സന്തുഷ്ടരായി എല്ലാവർക്കും വായനയുടെ സുഖം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ●

# ഡോക്ടറേറ്റ് നേടി



അമേരിക്കയിലെ കാർണ്ണഗി മെല്ലോൺ സർവ്വകലാശാലയിൽ നിന്ന് ഫിസിക്സിൽ PhD കരസ്ഥമാക്കിയ **ഡോ. മാളവിക വർമ്മ**. ഘടനയും വ്യത്യസ്ത സമ്മർദ്ദവുമനുസരിച്ച് അസമമായ കോശസ്തരങ്ങളിൽ ഉണ്ടാവുന്ന കൊളസ്ട്രോളിന്റെ വിതരണത്തെക്കുറിച്ച് സ്റ്റാറ്റിസ്റ്റിക്കൽ ഫിസിക്സ് ഉപയോഗിച്ച് നടത്തിയ ഗവേഷണത്തിലാണ് ഡോക്ടറേറ്റ് നേടിയത്. തൃശൂർ തിരുത്തൂർ നടുവിൽ മഠത്തിലെ കിഷോർ അനിയന്റെയും തൃപ്പൂണിത്തുറ 'സരയു'വിൽ രഞ്ജിനി വർമ്മ (കുറ്റിലഞ്ഞി പുത്തൻ മഠം) യുടേയും മകളും കൊച്ചി ക്ഷത്രിയ സമാജത്തിന്റെ മുൻ രക്ഷാധികാരി പരേതനായ പി.കെ. രാമവർമ്മയുടെ കൊച്ചുമകളുമാണ്.

യാത്രാവിവരണം

*"ശംഭോ മഹാദേവ"*

# അമർനാഥ് യാത്ര

**രാജലക്ഷ്മി**

ഇടപ്പള്ളി, മൊ. 9895466544



(കഴിഞ്ഞലക്കം തുടർച്ച...)

**പാർട്ട് 5**

**വിശുദ്ധ ഗുഹയിലേക്കുള്ള യാത്ര**

ഞങ്ങൾ ദിവസങ്ങളായി തയ്യാറെടുത്തതും കാത്തിരുന്നതുമായ ആ ദിവസം ആണ് ഇന്നത്തേത്. അതിരാവിലെ 2 മണിയോടെ ഉണർന്നെഴുന്നേറ്റ്, പ്രഭാതകർമ്മങ്ങൾ നിർവഹിച്ച് യാത്ര ഒരുക്കങ്ങൾ തുടങ്ങി. 50 രൂപ കൊടുത്താൽ ഒരു ബക്കറ്റ് നിറയെ ചുടു വെള്ളം കിട്ടും. നല്ല തണുപ്പായതിനാൽ പല്ലുതേയ്ക്കുവാനും മുഖം കഴുകുവാനും വരെ ഞങ്ങൾ ചുടുവെള്ളം വാങ്ങിച്ചു. 3 മണിയോടെ ആദ്യത്തെ കവാടത്തിൽ അരികിൽ പോയി ക്യൂ നിന്നു.

4 മണിയോടെയാണ് ആദ്യത്തെ ഗേറ്റ് തുറക്കുന്നത്. സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെ ക്യൂ ആണ്. ഞങ്ങൾ എത്തുമ്പോഴേക്കും തന്നെ നല്ല ക്യൂ ആയിക്കഴിഞ്ഞിരുന്നു. ക്യൂ നിൽക്കുമ്പോൾ കാശ്മീരി ചായ ആയ Kahwa വിൽക്കുവാൻ ധാരാളം ആളുകൾ വന്നിരുന്നു. ചൂടോടെ കാശ്മീരി ചായ Kahwa കുടിച്ചപ്പോൾ നല്ല ഉന്മേഷം എല്ലാവർക്കും കിട്ടി. ഗേറ്റ് തുറന്ന് ഒരു കിലോമീറ്ററോളം നടന്നപ്പോൾ കുതിരത്താവളത്തിൽ എത്തി. ഞങ്ങൾ മുൻകൂറായി ബുക്ക് ചെയ്തിരുന്ന കുതിരയും കുതിരക്കാരനും എത്തിക്കഴിഞ്ഞപ്പോൾ അടുത്ത പ്രധാന ചെക്ക് പോസ്റ്റിലേക്ക് യാത്ര പുറപ്പെട്ടു.

കുതിരപ്പുറത്ത് കയറി രണ്ട് കിലോമീറ്ററോളം പോയപ്പോൾ പ്രധാന ചെക്പോസ്റ്റിൽ എത്തിച്ചേർന്നു. ഇവിടെ ഞങ്ങളുടെ ആർ.എഫ്.ഐ.ഡി. കാർഡ് ഉപയോഗിച്ച് നമ്മുടെ എല്ലാ കാര്യങ്ങളും പരിശോധിക്കും. ആ കാർഡ് മെഷീനു മുൻപിൽ കാണിക്കുമ്പോൾ സ്ക്രീനിൽ ആളുടെ ഫോട്ടോയും എല്ലാ ഡീറ്റയിൽസും എഴുതിക്കാണിക്കും. യാത്ര പൂർത്തീകരിക്കുന്ന വരെയും കാർഡ് കഴുത്തിൽ നിർബന്ധമായും ധരിക്കണം. 5 മണിക്കാണ് ചെക്ക് പോസ്റ്റ് തുറന്ന് തീർത്ഥാടകരെ കടത്തിവിട്ടത്.

കുതിരപ്പുറത്ത് മുകളിൽ ഗുഹയിലേക്ക് ഉള്ള യാത്ര തുടങ്ങിയപ്പോൾ ആറുമണി ആയി. അപ്പോഴേക്കും തന്നെ നല്ലവണ്ണം വെളിച്ചം ആയിട്ടുണ്ടായിരുന്നു. പകൽ കൂടിയ ദിനങ്ങൾ ആണ് ഇത്. മുകളിലേക്കുള്ള യാത്ര ദുർഘടം തന്നെ ആയിരുന്നു. 5 1/2 km യാത്ര കഴിഞ്ഞപ്പോൾ ഒരു ബ്രേക്ക് എടുക്കുവാനായി നിർത്തി. ഈ ദുരം താണ്ടുവാൻ രണ്ടര മണിക്കൂറിലധികം വേണ്ടിവന്നു. ഇവിടെയും ചൂടുള്ള കാശ്മീരി ചായ കിട്ടി. കയ്യിൽ കരുതിയ nuts, ഡ്രൈ ഫ്രൂട്ട്സ് ആയിരുന്നു ഭക്ഷണം. മുകളിലേക്കുള്ള യാത്രയിൽ ഇതുപോലുള്ള ലഘുഭക്ഷണമാണ് അഭികാമ്യം.

പിന്നീടങ്ങോട്ട് കാൽനടക്കാർക്കും കുതിരപ്പുറത്തുള്ള യാത്രികൾക്കും പാത രണ്ടായി തിരിയും. ഇവിടെനിന്ന് മുകളിലേക്ക് കയറാൻ തുടങ്ങിയപ്പോൾ ഓക്സിജന്റെ കുറവ് അനുഭവപ്പെടാൻ തുടങ്ങി. പൊതുവേ ഇവിടെ മഴ കുറവായതിനാൽ ആണ് ഈ ദിവസങ്ങളിൽ ഓക്സിജൻ കുറവ് കൂടുതലായിട്ട് അനുഭവപ്പെടുന്നത് എന്ന് അറിയുവാൻ കഴിഞ്ഞു. അൾട്രാ വയലറ്റ് രശ്മിയുടെ കാഠിന്യവും കൂടുതലായിരുന്നു.


ഏകദേശം 11 മണിയോടെ മുകളിലുള്ള കുതിരത്താവളത്തിൽ എത്തിച്ചേർത്തു. മറ്റൊരു കാര്യം പങ്കുവെയ്ക്കട്ടെ, യാത്ര ചെയ്യുന്ന എല്ലാ കുതിരകളും നല്ല വലിപ്പമുള്ളവയാണ്. കുതിരയുടെ മുകളിലേക്ക് കയറുന്നതും ഇറങ്ങുന്നതും നല്ലവണ്ണം പ്രയാസം ഉള്ള കാര്യമായിരുന്നു. കുതിരപ്പുറത്ത്

നിന്നും ഇറങ്ങിക്കഴിഞ്ഞാൽ ചെറിയ പാലം മറികടന്നു വേണം യാത്ര തുടങ്ങുവാൻ. ധാരാളം ടോയ്‌ലറ്റ് സൗകര്യങ്ങളും ഭണ്ടാരകളും അവിടെ ഉണ്ടായിരുന്നു. ലഘുവായി ഭക്ഷണം കഴിച്ച ശേഷം ഗുഹയിലേക്ക് നടന്നുതുടങ്ങി. ഏകദേശം രണ്ടര കിലോമീറ്റർ അധികം നടക്കണം ഗുഹാ മുഖത്ത് എത്തുവാൻ. ആ നടത്തം വളരെ വളരെ കഠിനമായിരുന്നു. പാതയുടെ ഓരങ്ങളിൽ വിശ്രമിക്കുവാനുള്ള സൗകര്യം ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. പാറയിൽ ചാരിയും നിലത്ത് ഇരുന്നും വേണം വിശ്രമിക്കാൻ. ധാരാളം വെള്ളം കുടിക്കുന്നത് ഒരു പരിധിവരെ നല്ലതാണ്. വളരെ വളരെ സാവധാനമാണ് ഞങ്ങൾ ആ ദൂരം താണ്ടിയത്. ഓക്സിജന്റെ കുറവ് മൂലം നല്ലവണ്ണം ബുദ്ധിമുട്ട് അനുഭവപ്പെട്ടു. ഓക്സിജൻ പാർലറുകൾ പ്രവർത്തിക്കുന്നുണ്ട് എങ്കിലും അത് ഉപയോഗപ്പെടുത്താൻ തോന്നിയില്ല. ധാരാളം തീർത്ഥാടകർ ഓക്സിജൻ പാർലർ സൗകര്യങ്ങളും മെഡിക്കൽ സൗകര്യങ്ങളും ഉപയോഗിക്കുന്നത് കണ്ടു.

മുകളിലേക്ക് ബാഗോ ലെതർ സാധനങ്ങളോ കൊണ്ടുപോകാൻ അനുമതിയില്ല. അവിടെത്തന്നെ ധാരാളം ഫ്രീ ലോക്കർ സൗകര്യം ലഭ്യമാണ്. ഞങ്ങൾ കയ്യിലുള്ള ബാഗ്, മൊബൈൽ, ലെതർ ബെൽറ്റ്, ലെതർ സ്ട്രാപ്പുള്ള വാച്ച് ഇവയെല്ലാം ലോക്കറിൽ വെച്ചിട്ടാണ് ഗുഹാമുഖത്തേക്ക് നടന്നത്. അതിനാൽ അധികം ഫോട്ടോ ഒന്നും എടുക്കുവാൻ സാധിച്ചില്ല.

ഗുഹയുടെ താഴെ എത്തിക്കഴിഞ്ഞപ്പോഴേക്കും നല്ലവണ്ണം ക്ഷീണിതരായിരുന്നു. അപ്പോഴാണ് അടുത്ത കടമ്പ. ഗുഹയിലേക്ക് കയറുവാൻ 375-ലധികം പടികൾ കയറണം. പല പടികളിലും ഇരുന്ന് ധാരാളം സമയം എടുത്താണ് ഗുഹാ മുഖത്ത് എത്തിയത്. നല്ലവണ്ണം കഷ്ടപ്പാടുകൾ അനുഭവിച്ചാണ് എത്തിയത് എങ്കിൽ പോലും അവിടെ എത്തിയപ്പോൾ സത്യത്തിൽ അതെല്ലാം മറന്നു. അപ്പോൾ അനുഭവിച്ച അനുഭൂതി എഴുതിയും പറഞ്ഞും ഫലിപ്പിക്കാൻ ആർക്കും കഴിയുമെന്ന് തോന്നുന്നില്ല. ഇതിനുമുമ്പൊന്നും അനുഭവിച്ചിട്ടില്ലാത്ത ഒരു സംതൃപ്തി ലക്ഷ്യസ്ഥാനത്ത് എത്തിച്ചേർന്നപ്പോൾ അനുഭവപ്പെട്ടു.

സമുദ്ര നിരപ്പിൽ നിന്നും 14,000 ത്തോളം അടി



മുകളിൽ സ്ഥിതിചെയ്യുന്ന വിശുദ്ധ ഗുഹ, 'ററ' പോലെയുള്ള രീതിയിൽ ആണ്. പടികൾ കയറി എത്തിച്ചേരുന്നത് ഒരു പരന്ന പ്ലാറ്റ്ഫോമിൽ ആണ്. പ്രധാന ഗുഹയിൽ മഞ്ഞുകൊണ്ടുള്ള ശിവലിംഗം ആണ് കാണുവാൻ കഴിയുക.

മുകളിൽ നിന്ന് പാറയിടുക്കിൽ കൂടി ഒഴുകി വരുന്ന വെള്ളം ഘനീഭവിച്ചാണ് ശിവലിംഗം ഉണ്ടാകുന്നത്. ശിവലിംഗത്തിന്റെ വലിപ്പ, ചെറുപ്പം ചാന്ദ്ര ദിനങ്ങളുമായി ബന്ധപ്പെട്ടാണ് എന്നു പറയപ്പെടുന്നു.

ഞങ്ങൾ എത്തിച്ചേർന്ന ദിവസം ആയപ്പോഴേക്കും ലിംഗം മിക്കവാറും ഉരുകിയിരുന്നു. അന്തരീക്ഷത്തിൽ അനുഭവപ്പെടുന്ന ചൂടും തീർത്ഥാടകരുടെ ആധിക്യവും മഞ്ഞ് ശിവലിംഗം ഉരുകുവാൻ കാരണമായി പറയുന്നു. അതിശയം എന്ന് പറയട്ടെ തൊട്ടടുത്തുള്ള പാർവതി ദേവിയായി സങ്കൽപ്പിക്കുന്ന മഞ്ഞ് രൂപം ഒട്ടും തന്നെ ഉരുകിയിട്ടില്ല. ഏകദേശം 20 അടി അടുത്തുനിന്ന് ഇതെല്ലാം ദർശിക്കുവാൻ സൗകര്യമുണ്ട്. കാശ്മീരി പണ്ഡിറ്റുമാരാണ് പൂജ ചെയ്യുന്നത്. ഞങ്ങൾ ചെല്ലുമ്പോൾ വലിയ തിരക്ക് ഇല്ലാത്തതിനാൽ ധാരാളം സമയം അവിടെ ചിലവഴിക്കാൻ സാധിച്ചു. പൂജാരി പ്രസാദവും ഒരു നാണയവും നൈവേദ്യവും നൽകി.

ഗുഹയിലേക്ക് കയറുമ്പോൾത്തന്നെ ശിവലിംഗത്തിന് എതിർവശത്ത് പാറയിൽ പ്രാവുകൾ ഇരിക്കുന്നത് കണ്ടു. ഇടയ്ക്കിടെ അവിടവിടെയായി പറന്നുനടക്കുന്നതും പാറയിടുക്കിൽത്തന്നെയുള്ള പൊത്തുകളിലേക്ക് കയറിപ്പോകുന്നതും കാണാൻ കഴിഞ്ഞു. പ്രാവുകളെ കാണുമ്പോൾ

തീർത്ഥാടകരെല്ലാവരും ഭഗവാനെ സ്മരിക്കുന്നത് വല്ലാത്ത ഒരു അനുഭൂതിയാണ്. ചില തീർത്ഥാടകർ പറയുന്നത് കേട്ടു, ചിലപ്പോൾ ഒന്നും പ്രാവുകളെ കാണുവാൻ കഴിയാറില്ല എന്ന്. അതിനാൽ കാണാൻ കഴിഞ്ഞത് ഭാഗ്യമായി കരുതണം. ശംഭോ മഹാദേവ.

ഗുഹയിൽ നിന്നും താഴത്തേക്ക് ഇറങ്ങുന്ന സ്ഥലത്തായി ധാരാളം പുഷ്പങ്ങൾ കൊണ്ട് അലങ്കാരം ചെയ്യുവാനുള്ള തയ്യാറെടുപ്പുകൾ കണ്ടു. ഇവ ഉച്ചയ്ക്ക് രണ്ടര മണിയോടെയുള്ള ആരതിക്ക് വേണ്ടിയാണ്. ആരതിയുടെ സമയത്ത് അവിടം മുഴുവൻ പുഷ്പാലംകൃതമാക്കും. ഉച്ച സമയത്ത് രണ്ടര മണിയോടെയാണ് ഭഗവാനുള്ള ആരതി. അത് കാണുന്നതും അനുഭവിക്കുന്നതും വല്ലാത്ത ഒരു അനുഭൂതിയാണ്.

അവിടമെല്ലാം നല്ലവണ്ണം കണ്ട് നിറഞ്ഞ മനസ്സോടെ മടക്കയാത്ര തുടങ്ങി. ഭണ്ഡാരയിൽ കയറി ഭക്ഷണം കഴിച്ച്, ഒന്ന് വിശ്രമിച്ചതിനുശേഷമാണ് കുതിരത്താവളത്തിലേക്ക് പോയത്. അതിനു മുൻപായി ലോക്കറിൽ സൂക്ഷിച്ചിരുന്ന സാമഗ്രികൾ എടുക്കുവാനും മറന്നില്ല. ഒന്നര മണിയോടെ കുതിരപ്പുറത്ത് മടക്കയാത്ര തുടങ്ങി. മടക്കയാത്രയിൽ നല്ലവണ്ണം പൊടിയുടെ ശല്യം ഉണ്ടായിരുന്നു. മുഖത്ത് മാസ്ക് നിർബന്ധമായും ധരിക്കണം.

ബാൽട്ടൽ ക്യാമ്പ് മുതൽ വിശുദ്ധ ഗുഹ വരെയുള്ള ഏതാനും ചുറ്റളവ് സുരക്ഷാഭടന്മാരുടെ നിയന്ത്രണത്തിലാണ്. ഇവിടെ സുരക്ഷ ഒരുക്കുന്നത് J & K പോലീസ്, CRPF, BSF, ആർമി ഇവർ സംയുക്തമായാണ്. യാത്രയിൽ ഉടനീളം ഇവരുടെ സാന്നിധ്യം ഉണ്ടായിരുന്നു. പല സ്ഥലത്തും ഇവരുടെ ക്യാമ്പുകളും കാണുവാൻ കഴിഞ്ഞു. ഇവരുടെ സേവനം നല്ലരീതിയിൽ ലഭിക്കുന്നതുകൊണ്ടാണ് വർഷംതോറും ഉള്ള അമർനാഥ് യാത്ര സുഗമമായി നടക്കുന്നത്. യാത്രാവഴിയിൽ പല സ്ഥലങ്ങളിലും ലാൻഡ്സ്ലൈഡ് ഭീഷണി ഉള്ളതുകൊണ്ട് NDRF ന്റെ സാന്നിധ്യവും ഉണ്ടായിരുന്നു.

വഴിയിൽ കാഴ്ചകൾ കണ്ട്, നിറഞ്ഞ മനസ്സോടെ താഴത്തേക്ക് പുറപ്പെട്ടു. അഞ്ചുമണിയോടെ താഴെ എത്തി. യാത്ര പൂർത്തിയാക്കിവരുന്നവരുടെ ആർ.എഫ്. ഐ.ഡി. കാർഡ് ഇവിടെ തിരികെ ഏൽപ്പിക്കണം. ഇത് തിരികെ ഏൽപ്പിച്ചു കഴിഞ്ഞാൽ യാത്ര പൂർത്തിയായതായാണ് കരുതുന്നത്.

ഏകദേശം ആറു മണിയോടെ ഞങ്ങളുടെ ടെന്റിൽ മടങ്ങിയെത്തി. സുഗമമായി യാത്ര പൂർത്തീകരിക്കാൻ കഴിഞ്ഞതിനാൽ ക്ഷീണം ഒരു പരിധിവരെ മറന്നുപോയി.

**പാർട്ട് 6**

**അനുഭവങ്ങളും യാഥാർത്ഥ്യവും**

അമർനാഥ് ഗുഹാക്ഷേത്രത്തിൽ രണ്ടുനേരം ആണ് ആരതി നടക്കുന്നത്. ഉച്ചക്ക് ശേഷമുള്ള ആരതി കഴിഞ്ഞ് 5 മണിയോടെ മുകളിലുള്ള തീർഥാടകരെ അവിടെ നിന്നും ഒഴിപ്പിക്കും. മുൻകാലങ്ങളിൽ ഉണ്ടായ പല ദുരനുഭവങ്ങൾ കാരണം രാത്രി തീർത്ഥാടകരെ മുകളിൽ തങ്ങുവാൻ അനുവദിക്കുന്നതല്ല.

ഞങ്ങൾ 11 പേരുടെ സംഘം മൂന്ന് വിവിധ മാർഗ്ഗങ്ങളായാണ് ഗുഹയിലേക്ക് പോകുവാൻ തിരഞ്ഞെടുത്തത്. ചെന്നൈയിൽ നിന്നും വന്ന മൂന്നുപേർ നേരത്തെ തന്നെ ഹെലികോപ്റ്റർ ബുക്ക് ചെയ്തിരുന്നു. ഹെലികോപ്റ്റർ മാർഗ്ഗം പോകുവാൻ വേണ്ടി ബേസ് ക്യാമ്പിൽ നിന്നും അൽപ്പം അകലെയുള്ള ഹെലിപ്പാഡിലേക്ക് കാറിലാണ് പോയത്. എട്ടുമണിയോടെ മാത്രമേ അവർക്ക് പോകേണ്ട കാര്യം ഉണ്ടായിരുന്നുള്ളൂ. മുകളിൽ ഇറങ്ങുന്ന ഹെലിപ്പാഡിൽ നിന്നും ഗുഹയിലേക്കുള്ള 6 km യാത്ര കുതിരപ്പുറത്തായിരുന്നു. കുതിരയിൽ നിന്നും ഇറങ്ങിയിട്ട് ഞങ്ങൾ സഞ്ചരിച്ച വഴി തന്നെയാണ് ഗുഹാമുഖത്തേക്ക് പോകുന്നത്.

കൂട്ടത്തിലുള്ള മൂന്നുപേർ കാൽനടയായി പോകുവാനാണ് തീരുമാനിച്ചത്. ചെക്കിംഗ് എല്ലാം കഴിഞ്ഞ് രാവിലെ 5 മണിക്ക് തന്നെ ഇവർ മുകളിലേക്ക് നടന്നു തുടങ്ങി. ദുർഘടം പിടിച്ച കാൽനടയാത്ര 8 മുതൽ 10 മണിക്കൂർ വരെ എടുക്കും മുകളിലെത്തുവാൻ. ഓരോരുത്തരുടെയും ശാരീരികാവസ്ഥ അനുസരിച്ച് സമയത്തിൽ മാറ്റംവരും. നല്ല ഉയരത്തിലേക്കുള്ള കയറ്റവും, അതുപോലെ തന്നെയുള്ള ഇറക്കവും കൂടിക്കലർന്നതാണ് ഗുഹയിലേക്കുള്ള വഴി. കാൽനടയായി ഗുഹയിലേക്ക് പോയ മൂന്നുപേരിൽ, 67 വയസ്സോളം പ്രായമുള്ള ആൾ മടക്കയാത്ര കുതിരപ്പുറത്താക്കി. ബാക്കി

യുള്ള രണ്ട് സ്ത്രീകൾ മടക്കവും കാൽനടയായി ത്തന്നെ തുടങ്ങി. മടക്കയാത്രയിൽ തീരെ അവശ യായ അതിലൊരാൾക്ക് പകുതിക്ക് വെച്ച് കുതിര സവാരി തിരഞ്ഞെടുക്കേണ്ടി വന്നു. ഒരു സ്ത്രീ മാത്രം കയറ്റവും ഇറക്കവും കാൽനടയായി തന്നെ പൂർത്തീകരിച്ചു. രാത്രി 10 മണി ആയിട്ടും ഞങ്ങ ളുടെ കൂട്ടത്തിലുള്ള മുൻപ് പറഞ്ഞ കാൽനട ക്കാരികളായ സ്ത്രീകളെ കാണാതായപ്പോൾ ഞങ്ങളുടെ ഗൈഡ് പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തു. ആർ.എഫ്.ഐ.ഡി.യുടെ സഹായ ത്താൽ പോലീസിന് ആളെ കണ്ടുപിടിക്കാനും യാത്ര ചെയ്യുന്ന പാത മനസ്സിലാക്കാനും സാധിച്ചു. സി.ആർ.പി.എഫിന്റെയും ആർമിയുടെയും മറ്റും എല്ലാ സഹായങ്ങളും ഇവർക്ക് നൽകുന്നുണ്ടാ യിരുന്നു. അടുത്തദിവസം വെളുപ്പാൻകാലത്ത് രണ്ടു മണിയോടെയാണ് ഇവർ തിരികെ ടെന്റിൽ എത്തിയത്.

ഞങ്ങൾ രണ്ടുപേർ ഉൾപ്പെടെ അഞ്ചുപേരാണ് മുകളിലേക്ക് പോകുന്നതിനും തിരികെ വരുന്ന തിനും കുതിരസവാരി തെരഞ്ഞെടുത്തത്. അതിൽ രണ്ടുപേർ കൂട്ടംതെറ്റി ബാക്കിയുള്ള ഞങ്ങൾ മൂന്നു പേരേക്കാൾ മുൻപിലായി പോയി. യാത്രയിലുട നീളം ആ രണ്ടുപേരെ ബാക്കിയുള്ള ഞങ്ങൾ മൂന്നു പേർക്ക് കാണുവാനോ മൊബൈലിൽ സംസാരി ക്കുവാനോ സാധിച്ചില്ല. ഞങ്ങളുടെ യാത്ര അവ സാനിപ്പിച്ച് തിരികെ ടെന്റിൽ വന്നപ്പോഴാണ് അവരെ കാണുവാൻ സാധിച്ചത്. നിർഭാഗ്യം എന്ന് പറയട്ടെ ആ രണ്ടുപേരും കുതിരപ്പുറത്ത് മുകളിൽ എത്തിച്ചേർന്നുവെങ്കിലും ബാക്കിയുള്ള ദൂരം നടക്കുവാനോ ഗുഹയിൽ എത്തിച്ചേരുവാനോ, കഴിഞ്ഞില്ല. അതിൽ ഒരാൾക്ക് ഉണ്ടായ ദേഹാ സ്വാസ്ഥ്യവും മറ്റു ചില ബുദ്ധിമുട്ടുകളും മുന്നോ ട്ടുള്ള യാത്രയ്ക്ക് തടസ്സമായി. മുകളിൽ ഒരുക്കി യിരിക്കുന്ന മെഡിക്കൽ സൗകര്യമോ, ഓക്സിജൻ പാർലറോ ഉപയോഗിക്കുവാൻ ശ്രമിക്കാതെ തിരികെ മടങ്ങുകയാണ് അവർ ചെയ്തത്. അവരെ ഏറ്റവും അധികം വിഷമിപ്പിച്ച കാര്യം കൂട്ടത്തി ലുള്ള മറ്റുള്ളവരെ ഫോണിൽ കോൺടാക്ട് ചെയ്യാൻ സാധിക്കാത്തതായിരുന്നു.


ജമ്മു കശ്മീരിൽ പോസ്റ്റ് പെയ്ഡ് മൊബൈൽ കണക്ഷൻ മാത്രമേ പ്രവർത്തിക്കുകയുള്ളൂ. അതിൽ തന്നെ BSNL, Jio, Airtel ആണ് കുറച്ചെ ങ്കിലും ഉപയോഗിക്കാൻ കഴിയുന്നത്. അമർനാഥ് ഗുഹയിലേക്കുള്ള യാത്ര തുടങ്ങുമ്പോൾ പല സ്ഥലത്തും മൊബൈൽ കണക്ഷൻ ലഭ്യമല്ല.

മാനസികമായും ശാരീരികമായും നല്ല തയ്യാ റെടുപ്പോടെ വേണം ഇതുപോലുള്ള യാത്രയ്ക്ക് മുതിരുന്നത്. യാത്രയിൽ ഉണ്ടാകുന്ന എല്ലാ ബുദ്ധി മുട്ടുകളും പോസിറ്റീവായി എടുത്തുവേണം മുന്നോട്ട് പോകുവാൻ. ജഗദീശ്വരന്റെ അനുഗ്രഹ ത്താൽ അമർനാഥ് യാത്ര പൂർത്തീകരിക്കാൻ ഞങ്ങൾക്ക് സാധിച്ചു.

ഒരിക്കൽ പോയി കണ്ടാൽ വീണ്ടും വീണ്ടും കാണാൻ തോന്നുന്ന ഒരു വികാരം ഉണ്ടാക്കുവാൻ ഹിമാലയ സാനുക്കൾക്ക് വല്ലാത്ത ഒരു കഴിവാണ്. ഇനിയും ഇതുപോലുള്ള യാത്രകൾ ചെയ്യുവാനും അവയെക്കുറിച്ച് എഴുതുവാനും ഈശ്വരനോട് പ്രാർത്ഥിച്ചുകൊണ്ട് ഈ യാത്രാവിവരണം ഇവിടെ അവസാനിപ്പിക്കുന്നു. 'ശംഭോ മഹാദേവ'. ●

# മുറിവുണക്കുന്ന കാലം

**ഹരിദാസ് മംഗലപ്പള്ളി** (കൊരട്ടി സ്വരൂപം)



*(തിരുവനന്തപുരം കണ്ണമ്മൂല വിദ്യാധിരാജ അക്ഷരശ്ലോക സമിതി ഈ വർഷം 'കാലം' എന്ന വിഷയത്തെ അധികരിച്ചു നടത്തിയ മുക്തക മത്സരത്തിൽ സംസ്ഥാനത്തിനകത്തും പുറത്തും നിന്നുമായി ലഭിച്ച 120 രചനകളിൽ ഒന്നാം സമ്മാനത്തിന് അർഹത നേടിയ രചന. ഇദ്ദേഹം അമേരിക്കയിലെ കാലിഫോർണിയയിൽ സോഫ്റ്റ്‌വെയർ എഞ്ചിനീയറാണ്.)*

അത്യാപത്തുകൾ കൊക്കുതാഴ്ത്തിയുടലും ഹൃത്തും പിളർക്കുമ്പൊഴും
പ്രത്യാശാമലർവാടിയിൽ കനലുപോൽ പാഴ്ച്ചിന്ത നീറ്റുമ്പൊഴും
ഹത്യാഭീതികളാലുഴന്നു മരുവും മർത്ത്യന്നു ഹേ കാലമേ!
നിത്യാശ്വാസവുമായണഞ്ഞു തഴുകാനാരുണ്ടു നീയെന്നിയേ?



# ശ്രീരാമഗീതയിലൂടെ...

**രവീന്ദ്രവർമ്മ അംബാനിലയം**
ഓമല്ലൂർ, മൊ. 9496107399

(കഴിഞ്ഞലക്കം തുടർച്ച...)

ജന്മാന്തരങ്ങളായി ശീലിച്ചുപോന്ന ലൗകിക വിഷയങ്ങളെ നിരന്തരം ഭാവന ചെയ്യുന്നതു കൊണ്ട് മനസ്സ് എപ്പോഴും പ്രക്ഷുബ്ധമായിരിക്കും. ആയിരക്കണക്കിന് അങ്കരങ്ങളോടും ശാഖകളോടും ശാഖാഗ്രങ്ങളിൽ ഫലങ്ങളോടും കൂടി സ്ഥിതിചെയ്യുന്ന സംസാരമാകുന്ന വൃക്ഷത്തിന്റെ വേര് മനസ്സു തന്നെയാണ്. ആ മനസ്സ് സങ്കൽപ്പ രൂപത്തിലുള്ളതാണ്. അതുകൊണ്ട് സങ്കൽപ്പങ്ങളെ നശിപ്പിച്ച് മനസ്സിനെ ശുദ്ധമാക്കണം. സങ്കൽപ്പം ഇല്ലാത്ത അവസ്ഥയിൽ സംസാര രൂപമായ വൃക്ഷം സ്വയം ഉണങ്ങിപ്പോകും. സ്വമനസ്സിനെ നിയന്ത്രിക്കാൻ സങ്കൽപ്പരഹിതമായ സമാധി അഭ്യസിച്ചാൽ മതി. മനോനാശം തന്നെയാണ് മനസ്സിന്റെ മഹത്തായ ഉയർച്ച. മനോനാശമില്ലാത്ത അജ്ഞാനി സംസാര വിഷയങ്ങളുടെ ചങ്ങലയിൽ ബന്ധിതനായി ജീവിക്കുന്നു. അതുകൊണ്ട് വായൂപുത്രാ സാധനാ ത്രയങ്ങളെ ഏക കാലത്ത് അഭ്യസിച്ച് മോക്ഷ മാർഗ്ഗത്തിലേക്ക് പ്രവേശിച്ചാലും.


സപ്തഭൂമികാവർണ്ണനമാണ് 7-ാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. സംശയനിവാരണം എന്ന രീതിയിൽ ഹനുമാൻ ശ്രീരാമചന്ദ്രനോട് ചോദിച്ചു. വൈദികതത്ത്വജ്ഞാനിയായ ഭഗവാനെ സമസ്തങ്ങളുടെയും സാരാംശരൂപമായി വർണ്ണിക്കുന്ന സപ്തഭൂമികളെക്കുറിച്ച് എനിക്ക് ഒരറിവുമില്ല. അങ്ങ് അതിനെക്കുറിച്ച് വഴികാട്ടിയാലും.

ആഞ്ജനേയാ, ജ്ഞാനത്തിന്റെ ഭൂമികളെ സപ്തഭൂമികൾ എന്നാണ് അറിയപ്പെടുന്നത്. യോഗ ശാസ്ത്രമനുസരിച്ച് ഒരു യോഗിക്ക് ഉണ്ടാകുന്ന ക്രമമായ യോഗഭൂമികളാണ് ഇതെന്ന് അറിഞ്ഞാലും. ഇതിൽ ആദ്യത്തേത് ശുഭേച്ഛ എന്നതാണ്. തത്ത്വശാസ്ത്രത്തിന്റെയും സജ്ജനങ്ങളുടേയും സംസർഗ്ഗം ഇച്ഛിക്കുന്നതാണ് ഭൂമികയിലെ ആദ്യത്തെ ശുഭേച്ഛ. ഇപ്രകാരം ശാസ്ത്രജ്ഞാനത്തിലും സജ്ജനങ്ങളുടെ സഹവാസത്തിലും ജീവിച്ച് വൈരാഗ്യം പരിശീലിച്ച് സദാചാരനിരതമായ പ്രവൃത്തികളിൽ മുഴുകി ജീവിക്കുക എന്നതാണ് രണ്ടാമതായുള്ള വിചാരണ.

ഈ രണ്ട് കാര്യങ്ങൾ കൊണ്ടും ഇന്ദ്രിയവ്യാപാരങ്ങളിൽ ആസക്തി ഇല്ലാതാകുന്ന അവസ്ഥയെ തനുമാനസി എന്ന മൂന്നാം ഭൂമികയെന്നു പറയുന്നു. ഈ മൂന്ന് അവസ്ഥകളുടെ അഭ്യാസം കൊണ്ട് ലഭ്യമാകുന്ന വാസനാരാഹിത്യം മൂലം മനസ്സ് ശുദ്ധമായി സത്വസ്വരൂപത്തിൽ സ്ഥിതി ചെയ്യുന്നതിനെ നാലാമത്തെ ഭൂമികയായ സത്വപത്തി എന്ന് പറയുന്നു. ഈ നാലു ഭൂമികകളും അഭ്യസിച്ചു കഴിഞ്ഞ് ഉണ്ടാകുന്ന സംസർഗ്ഗ രാഹിത്യം സാത്വികശോഭ കലർന്നതാണ്. അതാണ് അഞ്ചാമതായുള്ള ആസക്തി. ഈ അഞ്ച് ഭൂമികകളും സ്വായത്തമാക്കി കഴിയുമ്പോൾ സ്വആത്മാവിൽ അതിശയകരമായ ആത്മാനുഭൂതി സംജനിക്കുന്നു. ഇതുമൂലം ആഭ്യന്തരവും, ബാഹ്യവുമായ വസ്തുക്കളെക്കുറിച്ചുള്ള ബോധം ഇല്ലാതാകുന്നു. ഈ അവസ്ഥയിലേക്ക് എത്തുന്നതിനെയാണ് പദാർത്ഥഭാവന എന്ന ആറാമത്തെ ഭൂമിക. ഏറ്റവും ശ്രേഷ്ഠമായ തുര്യഗ് എന്ന ഭൂമികയാണ് ഏഴാമത്തേത്. മുമ്പ് പറഞ്ഞ ആറ് ഭൂമികകളും നിരന്തരം അഭ്യസിക്കുന്നതു മൂലം മനുഷ്യ സഹജമായ ദ്വൈതഭാവന നിശ്ശേഷം ഇല്ലാതാകുകയും അദ്വൈതാവസ്ഥയിലേക്ക് എത്തിച്ചേരുകയും ചെയ്യുന്നു. അതോടെ ബ്രഹ്മസദ്ഭാവമെന്നും കർമ്മയോഗമെന്നും പരാഭക്തിയെന്നും അറിയുന്ന ഏഴാമത്തെ ഭൂമികയായ തുര്യഗയിലേക്ക് എത്തിച്ചേരുന്നു. ഇവിടെ സത്ത്, അസത്ത് രൂപഭേദങ്ങൾ

ഇല്ലാത്തതും, ഞാനുണ്ട്, ഞാനില്ല എന്നിങ്ങനെ അഹം എന്ന ഭാവനയ്ക്ക് പ്രാധാന്യമില്ലാത്തതുമായ സ്ഥിതിയിൽ യോഗി ചിന്താരഹിതനായി അദ്വൈതത്തിൽ മുഴുകിയിരിക്കുന്നു. ഇതിൽ ആദ്യത്തെ മൂന്ന് ഭൂമികകളിൽ വിഹരിക്കുന്നവൻ യഥാർത്ഥ മുക്ഷേച്ഛുവാണ്. നാലാം ഭൂമികയിൽ എത്തുന്നവൻ ബ്രഹ്മവിദ് ആണ്. അഞ്ചാമത്തെ ഭൂമികയിൽ പ്രവേശിക്കുന്നവനെ ബ്രഹ്മവിദ്വാൻ എന്നും ആറാമത്തേതിലെത്തുന്ന സാധകൻ ബ്രഹ്മവിദവര്യൻ എന്നുമാണ് അറിയുന്നത്. "പടി ആറും കടന്ന് അവിടെ ചെല്ലുമ്പോൾ ശിവനെ കാണാകും" എന്നു പറയുന്നപോലെ ആറു ഭൂമികൾ കടന്ന് എഴാം ഭൂമികയിലെത്തുമ്പോൾ ബ്രഹ്മവിദവരിഷ്ഠനായ ആത്മജ്ഞാനിയായിത്തീരുന്നു.

പിന്നീട് വായുപുത്രൻ ദ്വൈതഭാവം നശിക്കാനുതകുന്ന സമാധിയെക്കുറിച്ചാണ് ചോദിച്ചത്. അതിന് ഉത്തരമായി ഭഗവാൻ ഇപ്രകാരം പറഞ്ഞു: "സമാധി രണ്ട് വിധത്തിലുണ്ട്. അത് സവികൽപ്പമെന്നും നിർവ്വികൽപ്പമെന്നും അറിയപ്പെടുന്നു. അസ്തി എന്ന 'സത്ത്' ഭാതി എന്ന 'ചിത്ത്', പ്രിയമെന്ന ആനന്ദം, രൂപം, നാമം എന്നിങ്ങനെ അംശങ്ങൾ ചേർന്നതാണ് ഈ സമാധികൾക്ക് ഉപാധിയായ അവസ്ഥ. സമസ്ത വേദാന്തതത്വങ്ങൾ കൊണ്ടും പ്രതിപാദ്യതവും അത്യന്തം ശിഷ്ടരായ രുദ്രാദി ദേവന്മാരാൽ അനുഷ്ഠിക്കപ്പെടുന്നതും സാംസാരിക ദുഃഖമാകുന്ന സമുദ്രത്തെ ശോഷിപ്പിക്കുന്നതുമാണ് സമാധി. മനസ്സിന്റെയും ആത്മാവിന്റെയും ഏകരൂപത്തെ സമാധിയെന്ന് വിശേഷിപ്പിക്കാവുന്നതാണ്. മറ്റ് പലവിധത്തിലും സമാധിയെ വിശേഷിപ്പിക്കാവുന്നതാണ് ധ്യാനിക്കുന്നവനും, ധ്യാനഭാവനയും എന്ന വ്യത്യാസം കൂടാതെ വായൂരഹിതമായ സ്ഥാനത്ത് കത്തിച്ചുവെച്ച നിലവിളക്ക് പോലെ ഏകാഗ്രചിത്തനായി ഏകമാത്രമായ ധ്യേയവസ്തുവിൽ മനസ്സ് അർപ്പിച്ചിരിക്കുന്ന അവസ്ഥയേയും തന്റെ ആത്മാവിന്റെ സഹസ്വഭാവം കൊണ്ട് തന്നെ സമ്പൂർണ്ണ വികാരങ്ങളേയും ലയിപ്പിച്ച് നിഷ്ഠയിൽ അധിഷ്ഠിതമാക്കുന്ന അവസ്ഥയേയും കൂടാതെ തന്റെ ആത്മാവിൽ അണുമാത്രയെങ്കിലും, അന്യവികാരങ്ങൾ ദർശിക്കാതെ ദൃഢമായ ജ്ഞാനം ഉണ്ടാകുന്നതിനെയും അവിദ്യയുടെ ആവരണമില്ലാതെ പൂർണ്ണതയാർന്ന ചൈതന്യനിഷ്ഠ കൊണ്ട് ആത്മാനന്ദമാകുന്ന അമൃത് ആസ്വദിക്കുന്ന അവസ്ഥയെയും സമാധി എന്നു വിവക്ഷിക്കാവുന്നതാണ്. അതുപോലെ ആത്മാവ് തന്നിൽ നിന്നും വിഭിന്നമായി ഒന്നും ദർശിക്കാനില്ലാത്ത അവസ്ഥയിൽ



എത്തിച്ചേരുകയും ഒന്നും അറിയാതിരിക്കുന്ന സ്ഥിതിയും സമാധിയാണെന്ന് അറിയുക. സമാധി ഏത് രൂപത്തിലായാലും അത് ശീലിക്കാതെ വേദാന്തസംബന്ധിയായ സർവ്വതത്ത്വങ്ങളുടെയും അർത്ഥം അറിയുന്ന ശ്രേഷ്ഠ പുരുഷന്മാർക്ക് പോലും കൈവല്യം കൈവരിക്കാനാവില്ല. സമാധിയിൽ ആസക്തിയുള്ളവർ എപ്പോഴും പരമാനന്ദത്തിൽ മുഴുകുന്നു. അത് ഇല്ലാത്തവർ ദുഃഖാവസ്ഥയിലുമായിരിക്കും. വായൂപുത്രാ, വിദ്യുത് ജനങ്ങൾക്ക് സമാധിയാണ് തീർത്ഥസ്നാനം. അവർക്ക് ജപവും യജ്ഞവും, തപസ്സും, എല്ലാം അതുതന്നെയാണ്. അശാസ്ത്രീയമായി കർമ്മങ്ങൾ ത്യജിച്ച് സമാധിയിൽ മുഴുകിയാൽ ഫലപ്രാപ്തി ലഭിക്കുകയില്ലെന്നും അറിയുക. ആഞ്ജനേയ, സർവ്വശാസ്ത്രതത്ത്വങ്ങളുടെയും പൊരുളറിഞ്ഞാലും, സമാധിഹീനമായ വ്യക്തിക്ക് ഈ സംസാരദുഃഖമാകുന്ന മഹാസമുദ്രം തരണം ചെയ്യുക കഠിനമാണെന്ന് മനസ്സിലാക്കുക." ഇപ്രകാരം എട്ടാം അദ്ധ്യായത്തിൽ ഭഗവാൻ സമാധിയെക്കുറിച്ച് ഹനൂമാന് പറഞ്ഞു നൽകുന്നു.

വർണ്ണാശ്രമത്തെക്കുറിച്ച് ഹനൂമാന് പറഞ്ഞു നൽകുന്നതാണ് ശ്രീരാമഗീതയിലെ ഒൻപതാം അദ്ധ്യായം. ആഞ്ജനേയ, ധർമ്മാനുഷ്ഠാനങ്ങളിൽ ഏറെ ശ്രേഷ്ഠമാണ് വർണ്ണാശ്രമവ്യവസ്ഥ. അതിപ്രാചീനരായ ഋഷീശ്വരന്മാരാണ് ഇത് ക്രമപ്പെടുത്തിയിരിക്കുന്നത് എന്ന് അറിഞ്ഞാലും. തന്റേതായ വർണ്ണാശ്രമങ്ങൾ ആചരിച്ച് പരമേശ്വരനെ പ്രസന്നനാക്കുന്ന സാധകൻ ക്രമേണ ജീവൻമുക്തി നേടി ശ്രേഷ്ഠപദം അലങ്കരിക്കും. വർണ്ണാശ്രമങ്ങൾ ആചരിക്കാത്തവർ വേദാന്തവിജ്ഞാനത്തിന്റെ സർവ്വപീഠം കയറിയാലും പരിശുദ്ധനാകില്ല. എന്നാൽ വർണ്ണാശ്രമത്തിന് ആധീനമായി

ജീവിക്കുന്നവർക്ക് ഇരുലോകങ്ങളിലും സന്തോഷവും സംതൃപ്തിയും ലഭിക്കുന്നു. വായുപുത്രാ, ചണ്ഡാലന് പോലും പ്രായശ്ചിത്തം കൊണ്ട് ബ്രാഹ്മണനായിത്തീരാം, എന്നാൽ വർണ്ണാശ്രമത്തിൽ വിമുഖനായ വ്യക്തിക്ക് ഒരിക്കലും പ്രായശ്ചിത്തം കൊണ്ട് ഉന്നതി ലഭിക്കില്ല എന്നതാണ് സത്യം. കാരണം ഭക്തി, ജ്ഞാനം, വൈരാഗ്യം എന്നീ വൃക്ഷങ്ങളുടെ വേരുകൾ എന്നു പറയുന്നത് ഈ വർണ്ണാശ്രമ ധർമ്മങ്ങളാണ്. അവയെ ത്യജിക്കുന്നത് വേരില്ലാത്ത വൃക്ഷത്തെ നനയ്ക്കുന്നതു പോലെയാണ്. ഒരിക്കലും കായ്ഫലം ലഭിക്കില്ല. ഭഗവാൻ പറയുന്നു: "മോക്ഷമാകുന്ന സ്വരാജ്യത്തിന്റെ അടിസ്ഥാനം ഒരുവന്റെ ആശ്രമ ആചാരങ്ങളാണെന്ന് അറിയുക." പിന്നീട് വായുപുത്രന് ഭഗവാൻ പകർന്ന് നൽകുന്നത് കർമ്മവിഭാഗയോഗമാണ്. ചോദ്യരൂപത്തിൽ ഹനൂമാൻ ശ്രീരാമനോട്: "രഘുനാഥാ പ്രഭോ, സഞ്ചിതം, ആഗാമി, പ്രാരാബ്ധം എന്നിങ്ങനെ കർമ്മങ്ങൾ മൂന്ന് വിധത്തിലുണ്ടെന്നാണ് മഹാത്മാക്കൾ പറയുന്നത്. അതിന്റെ പൊരുളറിയാൻ ഞാൻ ആഗ്രഹിക്കുന്നു."

"ആഞ്ജനേയാ, ഉചിതമായ ചോദ്യമാണിത്. ഇതിനെക്കുറിച്ച് വേദാന്തപണ്ഡിതർക്കിടയിൽ ത്തന്നെ രണ്ടു പക്ഷമുണ്ട്. ഇതിൽ സഞ്ചിതകർമ്മം ആത്മജ്ഞാനം കൊണ്ടും ആഗാമികർമ്മങ്ങൾ ലൗകിക വിഷയാസക്തിയുടെ പതനത്തോടെയും നശിക്കുമെന്ന് പറയുമ്പോഴും പ്രാരാബ്ധകർമ്മങ്ങൾ തൊടുത്തുവിട്ട ബാണം ലക്ഷ്യത്തിൽ എത്തി മാത്രം നശിക്കുന്നതുപോലെ കർമ്മഫലം അനുഭവിച്ചേ അത് നശിക്കുന്നുള്ളൂ."

ഓരോരുത്തരും ചെയ്യുന്ന ശുഭാശുഭ കർമ്മങ്ങളുടെ ഫലം തീർച്ചയായും അവർക്ക് അനുഭവിക്കേണ്ടതായി വരുന്നു. അങ്ങനെ അവ അനുഭവയോഗ്യമല്ലെങ്കിൽ കോടിക്കണക്കിന് കൽപ്പകാലം കഴിഞ്ഞാലും ആ കർമ്മങ്ങൾ നശിക്കാതെ അവശേഷിക്കും. കർമ്മങ്ങൾ ജ്ഞാനാഗ്നിയിൽ എരിയുന്നുവെന്നാണ് വേദങ്ങൾ സൂചിപ്പിക്കുന്നത്. ജ്ഞാനത്തിന് കർമ്മങ്ങൾ ക്ഷയിപ്പിച്ച് മുക്തി നൽകാൻ പ്രാപ്തിയുണ്ട്. എന്നാൽ അരൂപനാശം എന്ന സിദ്ധി ഉചിതമായി ലഭിക്കാത്ത കാലത്തോളം ജ്ഞാനേന്ദ്രിയങ്ങൾ ബാഹ്യ ദിശകളിലെല്ലാം സ്വാർത്ഥതയോടെ വ്യാപരിക്കുന്നു. അവ അതിന്റെ വിഷയാവസാനകളിൽ നിന്ന് മോചനം നേടുന്നില്ല. അതിനാൽ ധർമ്മാർത്ഥകാമങ്ങളിലൂടെ അവയെ നിയന്ത്രിച്ച് നിർത്തേണ്ടതായിട്ടുണ്ട്. പിന്നീട് ഹനൂമാൻ സത്വം, രജസ്സ്, തമസ്സ് എന്നീ ഗുണത്രയങ്ങളെക്കുറിച്ചാണ് ഭഗവാനോട് ചോദിക്കുന്നത്. സത്വാദി ഗുണത്രയങ്ങൾ കൊണ്ട്, കർമ്മികൾ ഭക്തർ, ജ്ഞാനികൾ, യോഗികൾ ഇവർക്കുണ്ടാകുന്ന അവസ്ഥാഭേദങ്ങളെക്കുറിച്ച് പതിനൊന്നാം അദ്ധ്യായത്തിലൂടെ ഭഗവാൻ വായുപുത്രന് പറഞ്ഞു നൽകുന്നുണ്ട്.

"ഹനൂമാനേ, ഈശ്വരപ്രാപ്തിക്കു വേണ്ടി കർത്തവ്യബോധത്തോടെ സ്വകർമ്മത്തിൽ മുഴുകി വർണ്ണാശ്രമവ്യവസ്ഥപ്രകാരം ജീവിക്കുന്നവരാണ് സാത്വികർ. അവർ ബ്രഹ്മോപാസകരും ജ്ഞാനികളായ ഭക്തരുമാണ്. രണ്ടാമതായിപ്പറയുന്ന രജോഗുണമുള്ളവർ, ദേവന്മാരേയും പിതൃക്കളേയും ഉപാസിച്ച് കർമ്മനിരതരായി ജീവിക്കുന്ന ആർത്തരും ജിജ്ഞാസുക്കളുമാണ്. ഇഹത്തിലും പരത്തിലുമുള്ള മോക്ഷപ്രാപ്തിക്കായി ഇവർ കർമ്മം ചെയ്തു കൊണ്ടേയിരിക്കും. എന്നാൽ മൂന്നാമത്തെ പ്രകൃതക്കാരായ തമോഗുണമുള്ളവർ എല്ലാ സുഖഭോഗങ്ങളിലും മുഴുകി ഭൗതിക നേട്ടങ്ങൾക്ക് പിന്നാലെ സഞ്ചരിച്ച് മോക്ഷപ്രാപ്തിയെക്കുറിച്ച് ചിന്തിക്കാതെ ജീവിക്കുന്നു. ഇത്തരക്കാർക്ക് ലഭിക്കുന്ന പുനർജന്മം ഏറ്റവും നികൃഷ്ടമായിരിക്കും. രജോഗുണത്തിൽപ്പെട്ടവർ എപ്പോഴും ബ്രഹ്മപൂജാദികളിൽ കൂടി എന്നെ ഭജിച്ച് ഈശ്വരചിന്തയോടെ വർത്തിക്കുന്നു. ആയതിനാൽ അവർ സാലോക്യം പ്രാപിച്ച് വൈകുണ്ഠത്തിൽ എത്തി ബ്രഹ്മാദി ദേവന്മാർക്ക് പോലും ദുർല്ലഭമായ സുഖഭോഗങ്ങൾ അനുഭവിച്ച് വീണ്ടും ഉന്നതകുലജാതരായി ഭൂമിയിൽ ജനിക്കും. എന്നാൽ തമോഗുണവാൻമാർ വേദപ്രോക്തമായ ധനാദികൾ കാംക്ഷിച്ചാണ് എന്നെ ഭജിക്കുന്നത്. അവർക്ക് മോക്ഷം ലഭിക്കുകയില്ലെന്ന് മാത്രമല്ല ശ്വാനയോനിയിലൂടെയും മറ്റുമാണ് പുനർജ്ജന്മം ലഭിക്കുക. വൈരാഗ്യാദി ഗുണങ്ങളാൽ ശോഭിക്കുന്നവരാണ് സ്വാതികമായ ജ്ഞാനികൾ. ആത്മാവും ബ്രഹ്മവും ഏകമാണെന്ന് അവർ തിരിച്ചറിയുന്നു. അവരുടെ വർണ്ണാശ്രമാചങ്ങൾ പൂർണ്ണമായതിനാൽ അവർ എന്നിൽ ലയിക്കുന്നു." ഇപ്രകാരം സത്വാദി ഗുണത്രയത്തെക്കുറിച്ച് ഹനൂമാനെ ഉപദേശിക്കുന്നു.

*(തുടരും)*

യാത്രാവിവരണം

# 'കന്യാകുമാരി - ഖാർഡുങ് ല'
## ഒരു ഉപഭൂഖണ്ഡ യാത്ര - 3

**അരുൺ വർമ്മ**
തിരുവനന്തപുരം, മൊ. 9810077665



(കഴിഞ്ഞ ലക്കം തുടർച്ച...)

ബിജിലിനെ പരിചയപ്പെട്ടത് യാദൃശ്ചികമായാണ്. ലഡാക്ക് സന്ദർശനത്തിന്റെ ഓർമ്മയ്ക്കായി ഞങ്ങളെല്ലാവരും ഒരേ പോലെയുള്ള ഏതെങ്കിലും ഒരു ടീ ഷർട്ട് വാങ്ങിക്കണമെന്നൊരു നിർദ്ദേശം ഉയർന്നു. അതിനായി ഒരു കടയിൽ തിരഞ്ഞു കൊണ്ടിരുന്നപ്പോൾ പിന്നിൽ നിന്നും "മലയാളിയാണോ?" എന്നൊരു ചോദ്യം. മെലിഞ്ഞ് ഉയരമുള്ള ഒരു ചെറുപ്പക്കാരൻ വിടർന്ന ചിരിയോടെ നിൽക്കുന്നു. ഇതാണ് ബിജിൽ. "ഞാൻ ആലപ്പുഴ ജില്ലയിലെ കായംകുളത്തു നിന്നുമാണ്." പരിചയപ്പെടൽ കഴിഞ്ഞു. ബിജിൽ തന്റെ വീട്ടിൽ നിന്നും കഴിഞ്ഞ ഏപ്രിൽ ഒന്നാം തീയതി സൈക്കിൾ ചവിട്ടാൻ ആരംഭിച്ചതാണ്. ഇപ്പോൾ 'ലെ'യിൽ വന്നു നിൽക്കുന്നു. യാത്ര ഒറ്റയ്ക്കാണ്. അതിരാവിലെ മുതൽ ഏകദേശം പത്തുമണി വരെ ചവിട്ടും. പിന്നെ വിശ്രമിക്കും. വീണ്ടും നാല് മണിക്ക് ചവിട്ടാൻ തുടങ്ങും. "ശരാശരി ഒരു നൂറു കിലോമീറ്റർ ഒരു ദിവസം കഴിക്കും" ബിജിൽ പറഞ്ഞു. "ഈ മനുഷ്യന്റെ ദേഹത്ത് അസ്ഥിയും തൊലിയും അല്ലാതെ അല്പം പോലും കൊഴുപ്പോ മാംസമോ ഇല്ലല്ലോ. പിന്നെ ഇതിനുള്ള ശക്തി എവിടെ നിന്നും കിട്ടും?!" റീത്ത എന്റെ ചെവിയിൽ പിറുപിറുത്തു. "ബിജിൽ ഇനി എന്നാണ് മടക്കം?" സുഹൃത്ത് ചോദിച്ചു. "ഞാൻ ഇവിടെ നിന്നും ഹിമാചൽ പ്രദേശ് വഴി താഴേക്കെത്തിയിട്ട് ഓഗസ്റ്റ് ഒന്നാം തീയതി വീട്ടിലെത്താനാണ് പരിപാടി." ഒരു മാസത്തിലേറെ ചവിട്ടുയജ്ഞം ചെയ്താലേ അതുണ്ടാവൂ എന്ന് ഞാൻ മനസ്സിൽ കണക്കുകൂട്ടി.

ലോകത്തെ ഏറ്റവും ഉയരംകൂടിയ വാഹന യോഗ്യമായ റോഡിലൊന്നാണ് 'ഖാർഡുങ് ല'. 'ല' എന്നാൽ ചുരം എന്ന് മുൻപ് പറഞ്ഞല്ലോ. ഞങ്ങൾ ഖാർഡുങ് ല യിലേക്ക് തിരിച്ചു. 'ലെ' ടൗൺ കഴിഞ്ഞാൽ റോഡ് മഹാ മോശം. യാത്ര സുഗമമാക്കാൻ വേണ്ടി Border Roads Organization (BRO) വഴി വിസ്തൃതമാക്കുകയാണ്. റോഡുകളുടെ ഒരു വശം പർവ്വതവും മറുവശം കൊക്കയുമാണ്. അപ്പോൾ റോഡുകൾ വീതികൂട്ടാൻ പർവ്വതം തകർക്കുകയേ നിവൃത്തിയുള്ളു. BRO രാവിലെ പാറ തുളച്ച് അവയ്ക്കുള്ളിൽ ഡയനാമിറ്റ് നിറയ്ക്കും. ഉച്ച കഴിയുമ്പോൾ അവ കത്തിച്ച് സ്ഫോടനം നടത്തും. പിന്നീട് ക്രെയ്നുകളും ജെ.സി.ബികളും വന്ന് അടർത്തിയ പാറക്കഷണങ്ങൾ ട്രക്കുകളിൽ നിറച്ചു താഴെ എത്തിക്കും. ഇത് വളരെ ക്ലേശകരമായ ജോലിയാണ്. ഖാർഡുങ് ല യിലേക്ക് പോവുന്നവർ ഈ സമയവിവരം മനസ്സിലാക്കി വേണം ഇറങ്ങാൻ. അല്ലെങ്കിൽ മണിക്കൂറുകൾ റോഡ് ക്ലിയർ ആവാൻ കാത്തു കിടക്കേണ്ടി വരും.

ഹോട്ടലിൽ നിന്നും ഈ വിവരം മുൻകൂട്ടി ലഭിച്ച ഞങ്ങൾ വളരെ നേരത്തെ തന്നെ പുറപ്പെട്ടു. ഇപ്പോൾ ഞങ്ങളുടെ യാത്ര നാട്ടിലെ പാറമടയിലൂടെ എന്നപോലെയാണ്. സുഹൃത്തിന്റെ മുഖം വിവർണ്ണമാണ്. ഈ കരിങ്കൽ ചീളുകളിലൂടെ വണ്ടി പോയാൽ ടയർ കീറി തുണ്ടം തുണ്ടം ആവുമെന്നതിൽ അയാൾക്കൊരു സംശയവുമില്ല. പൊടിയും കല്ലിനും മുകളിലൂടെ കാർ സാവധാനം നീങ്ങിക്കൊണ്ടിരുന്നു. BRO തൊഴിലാളികൾ എത്തിത്തുടങ്ങുന്നതേയുള്ളൂ. ഇത്തരത്തിൽ ഞങ്ങൾ 'ഖാർഡുങ് ല' യിൽ എത്തി; ലോകത്തിന്റെ നെറുകയിൽ. 'ഖാർഡുങ് ല' പതിനേഴായിരത്തി തൊള്ളായിരത്തി എൺപത്തി രണ്ടടി ഉയരത്തിലാണ്. ഇവിടെ പ്രാണവായു കുറവാണ്, കൊടും വേനൽക്കാലത്തും തണുത്ത കാറ്റ് ചീറിയ

ടിച്ചുകൊണ്ടിരിക്കും. ഞങ്ങൾ എത്തുമ്പോൾ മഞ്ഞു പൊഴിയുന്നുണ്ടായിരുന്നു. പൊതുവെ തണുപ്പ് പ്രിയമില്ലാത്ത റീത്ത രണ്ടു നിമിഷത്തിനകം മരവിച്ചു തുടങ്ങി. രാവിലെ എട്ടു മുപ്പതിന് അവിടത്തെ താപമാനം പൂജ്യത്തിനു താഴെ ഒരു ഡിഗ്രി ($1^0$) ആണ്. അൽപ്പനേരം കൂടി കഴിഞ്ഞപ്പോൾ റീത്തയുടെ കൈവിരലുകൾ കോച്ചിത്തുടങ്ങുകയും ചുണ്ടുകൾ നീലിക്കാൻ തുടങ്ങുകയും ചെയ്തു.

"ചൂട് ചായ വേണം", എല്ലാവരും ഒരുമിച്ചു സമ്മതിച്ചു. 'ഖാർഡുങ് ല' യിൽ നിന്നും ഇനി നുബ്ര താഴ്‌വരയിലേക്കാണ്. ദുഷ്കരമായ വഴിയിലൂടെ തന്നെ സഞ്ചാരം. കുറെ ഇറങ്ങിക്കഴിഞ്ഞപ്പോൾ ഒരു ചെറിയ ചായപ്പീടിക കണ്ടു. BRO തൊഴിലാളികൾക്ക് ചായയും 'ചെറു കടികളും' സപ്ലൈ ചെയ്യുന്നവരാണ്. ആ കുടിലിലേക്ക് കയറിയപ്പോൾ എന്തൊരാശ്വാസം! അടുപ്പിന്റെയും സമോവറിന്റെയും ഊഷ്മളതയിൽ ചൂട് ചായ ഊതിയൂതി കുടിച്ചു. ഞങ്ങളുടെ മുന്നിൽ വച്ച് തന്നെ സമോസയും വറുത്തു കോരുന്നുണ്ടായിരുന്നു. ആലോചിക്കാനെന്തിരിക്കുന്നു? ചൂട് സമോസ രണ്ടു ബ്രഡ് കഷണങ്ങളുടെ നടുവിൽ വയ്ക്കുക. ഒരു കൈവെള്ളയിൽ വച്ച് മറ്റേ കൈവെള്ളകൊണ്ട് അമർത്തി ബ്രെഡിനിടയിലിരിക്കുന്ന സമോസയെ ഞെരിച്ചു ചതക്കുക. എന്നിട്ട് സാൻഡ്‌വിച്ച് എന്നപോലെ രുചിയോടെ കഴിക്കുക! ആ സമയത്ത് ഇതിലും നല്ലൊരു ഭക്ഷണം ആലോചിക്കാനേ പറ്റില്ലായിരുന്നു. വരട്ടെ, വീണ്ടും ചൂട് ചായ. ഇപ്പോൾ എല്ലാവരും ഉന്മേഷത്തിലാണ്. മൂത്രശങ്ക തീർക്കണമെങ്കിൽ ഇവിടെ ടോയ്‌ലറ്റ് ഉണ്ട്. 'അയാൾ' എന്നെഴുതിയ ഒരു തകര മറയും 'അവൾ' എന്ന് ചോക്കിൽ എഴുതിയ മറ്റൊരു തകര മറയും! നരേന്ദ്ര മോദിയുടെ 'സ്വച്ഛ ഭാരത' മിഷന് ഇവിടെ ഇങ്ങിനെയാണ് വ്യാഖ്യാനം.

നുബ്ര താഴ്‌വാരത്തിലേക്കുള്ള വഴിയിൽ ഒരിടത്തു വച്ച് മറ്റൊരു റോഡ് പോവുന്നുണ്ട്. ഇതാണ് സിയാച്ചൻ ഹിമപാളിയിലേക്കുള്ള ബേസ് ക്യാമ്പ്. ഇന്ത്യയുടെ അതിർത്തി കാക്കുന്ന കുറെ ജവാന്മാർ ഈ മഞ്ഞുപാളികൾക്കു മേലെ ഡ്യൂട്ടി ചെയ്യുന്നുണ്ട്. നുബ്ര താഴ്‌വാരം ഹരിതാഭമാണ്. ഇവിടെ ഇരട്ട മുഴയൻ ഒട്ടകങ്ങളെ (ബാക്ട്രിയൻ ക്യാമൽ) കാണാം. ഒരു ഭാഗത്താവട്ടെ വെള്ളി മണൽക്കൂനകളും. മറുഭാഗത്ത് കളകളം ഒഴുകുന്ന കൊച്ചരുവിയും; മഞ്ഞുരുകുന്നതാണ്.

സഞ്ചാരികളെ ആകർഷിക്കാൻ ഇവിടെ ഒട്ടകപ്പുറത്ത് സവാരിയും മണൽക്കൂനകളിലൂടെ സ്കൂട്ടർ ഓടിക്കലും ഒക്കെയുണ്ട്. റീത്തയും സുഹൃത്തും അമ്പെയ്ത്തിനാണ് ചേർന്നത്. ഒരാൾക്ക് അഞ്ചു പ്രാവശ്യം ലക്ഷ്യം ഭേദിക്കാൻ അവസരം കിട്ടും. സുഹൃത്ത് ജാക്കറ്റിന്റെ കീശയിൽ നിന്നും കറുത്ത ഗോഗിൾസ് എടുത്ത് ധരിച്ചു. അർജ്ജുനൻ പാഞ്ചാലീസ്വയംവരത്തിലെന്നതുപോലെ വില്ലുയർത്തി ലക്ഷ്യം നോക്കി, ഞാൻ വലിച്ച്, അമ്പെയ്തു. അമ്പ്, വരച്ചിരുന്ന വൃത്തങ്ങളുടെ പുറത്തെവിടെയോ തറച്ചുനിന്നു. പിന്നെ റീത്തയുടെ ഊഴമായി. പുരാണങ്ങളിലെങ്ങും സ്ത്രീ വില്ലു കുലച്ച് മത്സരം ജയിച്ചതായി പറയാത്തതുകൊണ്ട് സാധാരണ രീതിയിൽ വില്ലെടുത്ത് ലക്ഷ്യം പിടിച്ച് ഞാൻ വലിച്ചു. ഗാണ്ഡീവമൊന്നുമല്ലെങ്കിലും റീത്തക്ക് ഇത് വളരെ മുറുക്കമാണെന്നു തോന്നി. സർവ്വശക്തിയും ഉപയോഗിച്ച് ഞാൻ വലിച്ച് അമ്പെയ്തു. അമ്പ് എവിടെ തറച്ചു എന്ന് നോക്കിക്കൊണ്ടു നിന്ന എന്റെ തോളിൽ ഒരാൾ തട്ടി. "സാർ, അൻപത് രൂപ തരൂ", ആയോധനകല നടത്തുന്നവനാണ്. "എന്താണ്?" ഞാൻ ചോദിച്ചു. "ഈ മാഡം അയച്ച അമ്പ് അങ്ങ് ദൂരെ പള്ളക്കാടിനുള്ളിലേക്കാണ് പോയത്. അതിനി തിരിച്ചു കിട്ടുകില്ല!"

നുബ്രയിൽ നിന്നും മടങ്ങുമ്പോൾ ചായയ്ക്കായി ഒരിടത്തു നിന്നു. ഞങ്ങൾക്ക് മുമ്പിലായി ഏതാനും ബൈക്കുകാരും ചായയ്ക്കായി എത്തിയിരുന്നു. ചെറുപ്പക്കാരനായ ഒരു സർദാർജി ഒരു ജീപ്പിൽ ചാരി സംസാരിച്ചുകൊണ്ട് നിന്നു. ഹിന്ദിയിലായിരുന്നു സംസാരം. ചായ ഊതി കുടിക്കുന്നതിനിടയിൽ പെട്ടെന്നവരിലാരോ എന്തോ മലയാളത്തിൽ പറഞ്ഞത് പോലെ. സുഹൃത്ത് അവരുടെ അടുത്തേക്ക് ചെന്ന് "കേരളത്തിൽ നിന്നാണോ?" എന്ന് മലയാളത്തിൽ ചോദിച്ചു. "അതെ!" മൂന്നു മുഖങ്ങളിൽ ഒരേസമയം ഉത്തരം. സർദാർജി ജീപ്പ് ഓടിച്ചു പോയി. ബൈക്കുകാർ ഞങ്ങളിലേക്ക് തിരിഞ്ഞു. ഇവരാണ് പയ്യന്നൂർ സഹോദരങ്ങൾ. സർദാർജിയുമായി ഹിന്ദി സംസാരിച്ച ആൾ കുവൈറ്റിൽ റേഡിയോളജി ടെക്നീഷ്യനാണ്. മറ്റു രണ്ടുപേരും അയാളുടെ ബന്ധുവും സുഹൃത്തുമാണ്. പയ്യന്നൂ



രിൽ നിന്നും മോട്ടോർസൈക്കിളിൽ യാത്ര ചെയ്ത് 'ലെ'യിലേക്ക് വന്നിരിക്കുകയാണ്. ഇവിടെ നിന്നിനി തിരിച്ചുപോവും. കുശലപ്രശ്നങ്ങൾക്ക് ശേഷം വീണ്ടും കാണാമെന്ന ഭംഗി വാക്ക് പറഞ്ഞ് ഞങ്ങൾ പിരിഞ്ഞു.

അന്നത്തെ ദിവസം 'മലയാളികൾ മറുനാട്ടിൽ' എന്ന ശീർഷകത്തോടൊപ്പം കൊടുക്കാം എന്ന് തോന്നുന്നു. നുബ്ര താഴ്‌വരയിൽ നിന്നും മടങ്ങി എത്തിയതിനുശേഷം ഭക്ഷണം കഴിക്കാൻ ഹാളിൽ ചെന്നപ്പോൾ ഒരു ടെമ്പോ ട്രാവലർ നിറച്ച് വിനോദ യാത്രക്കാർ എത്തിയിരിക്കുന്നു. ഞങ്ങൾ കഴിച്ചു കഴിഞ്ഞപ്പോഴേക്കും അവരും ഹാളിൽ പ്രവേശിച്ചു. പുരുഷന്മാർ മിക്കവാറും കള്ളിമുണ്ടോ, കാവി നിറ മുള്ള മുണ്ടോ ആണ് ഉടുത്തിരുന്നത്. അരക്കയ്യൻ ഷർട്ടും കഴുത്തിൽ ഒരു കമ്പിളി മഫ്ളറും. ഒന്നോ രണ്ടോ ആൾക്കാർക്ക് തലയിൽ കമ്പിളിത്തൊപ്പി യുമുണ്ട്. തലേന്ന് മുതൽ പെയ്ത മഴയിൽ 'ലെ'യിലെ താപനില കുത്തനെ കീഴ്പ്പോട്ടായി ട്ടുണ്ട്. ഇവർ അത് വകവച്ചില്ല എന്ന് തോന്നുന്നു. പക്ഷെ, കൈകൾ മാറത്ത് അടക്കിപ്പിടിച്ചുള്ള നിൽപ്പ് കണ്ടാൽ തണുക്കുന്നുണ്ട് എന്നത് വ്യക്ത മാണ്. കൂടെയുള്ള സ്ത്രീകളുടെ കഥയും ഏറെ ക്കുറെ ഇതുപോലെ തന്നെ. ട്രാവൽ ഏജന്റ് 'ലെ' യിൽ ഇപ്പോൾ നല്ല കാലാവസ്ഥ ആണെന്ന് ഇവരെ വിശ്വസിപ്പിച്ചപ്പോൾ, അത് പൂജ്യത്തിനു താഴെ പത്ത് ഡിഗ്രിയെക്കാൾ വളരെ നല്ലത് എന്നേ ഉദ്ദേശിച്ചുള്ളൂ! ഭക്ഷണത്തിനു ശേഷം മനസ്സിലായി, ആ സംഘം എറണാകുളത്തു നിന്നുമുള്ളവരാണ്. 'ലെ' കണ്ടു പിറ്റേന്ന് തന്നെ മടങ്ങുകയും ചെയ്യു മെന്ന്.

'ലെ' ലഡാക്ക് പ്രദേശങ്ങളിലെ എല്ലാ പ്രധാന കാഴ്ചകളും കണ്ടശേഷം ഞങ്ങൾ ലാഹുൽ സ്പിതി, മണാലി, കുളു വഴി തിരിക്കുകയായി. സത്യത്തിൽ, മടക്കയാത്ര തുടങ്ങി എന്നു വേണം പറയാൻ. പതിവുപോലെ വെളുപ്പിന് തന്നെ 'ലെ' വിട്ടു. 'ഹെമിസ്' ആശ്രമത്തിന്റെ ഒരു വശത്തൂടെ മണാലിയിലേക്ക്. മണാലി ഹിമാചൽ പ്രദേശി ലാണ്. യാത്ര വീണ്ടും കഠിനം തന്നെ. 'ലെ' – മണാലി യാത്ര വളരെ ക്ലേശകരമാണ്. കാരണ ങ്ങളെല്ലാം മുൻപ് പറഞ്ഞവ തന്നെ. മാത്രവുമല്ല രണ്ടുമൂന്നു ചുരങ്ങൾ കൂടെ താണ്ടേണ്ടതുണ്ട്. അതിൽ ഏറ്റവും ദുർഘടം 'ബാരലാച്ച' ആണ്. ഇരുവശവും മഞ്ഞുറഞ്ഞു കിടക്കുന്നു. നടുവിലെ കല്ലും കുഴിയും നിറഞ്ഞ പാതയിലൂടെ മഞ്ഞു രുകി വെള്ളം ഒഴുകിക്കൊണ്ടിരിക്കും. മുന്നിലും പിന്നിലും വരാവുന്ന വാഹനങ്ങളുമായി വയ്ക്കാ വുന്ന ദൂരം മനസ്സിൽ കണക്കു കൂട്ടണം. എതിരെ വരുന്ന വാഹനങ്ങൾക്ക് വഴി മാറാൻ ഇടം കണ്ടിരി ക്കണം. സാധിക്കുമെങ്കിൽ വശങ്ങളിലുള്ള ചെങ്കു ത്തായ പാറകളെയും അഗാധമായ ഗർത്തങ്ങ ളെയും നോക്കാതിരിക്കുക. നോക്കിയാൽ ഹൃദയ മിടിപ്പ് വർദ്ധിക്കും. പോരാത്തതിന് ഇനി ഒരു ഇരുപത്തെട്ടു 'ഗട്ട ലൂപ്സ്' എന്ന് വിളിക്കുന്ന കൊടും വളവുകൾ ഉണ്ട്. പത്തര കിലോമീറ്ററോളം വരും. അതായത് കുത്തനെ ആയി ഒരു പർവ്വതത്തിന്റെ വശത്ത് ഇരുപത്തിയെട്ടു '5' എന്ന അക്ഷരം ഒന്നിനുമേൽ ഒന്നായി അടുക്കി വച്ചെന്ന് വിചാരി ക്കുക. അതാണ് 'ഗട്ട ലൂപ്സ്'.

വെള്ളം കുടിച്ചും ബിസ്ക്കറ്റ് കഴിച്ചും ഞങ്ങൾ സഞ്ചരിച്ചുകൊണ്ടേയിരുന്നു. ഒടുവിൽ രണ്ടു മണിയോടെ ലഡാക്ക് പിന്നിലാക്കി ഹിമാചൽ പ്രദേശിൽ പ്രവേശിച്ചു. 'സർച്ചു' എന്നാണീ

സ്ഥലത്തിന് പേര്. ഇത് ലാഹുൽ സ്പിതി താഴ്‌വാരം ആണ്. സ്ഥിതി ഇപ്പോഴും മെച്ചമായിട്ടില്ല. പക്ഷെ, മലകളുടെ ഉയരം അൽപ്പാൽപ്പം കുറയുന്നുണ്ട്. ഏറ്റവും പ്രധാനപ്പെട്ട മാറ്റം പ്രകൃതിയിലാണ്. മലഞ്ചെരുവുകളിൽ ഇപ്പോൾ പച്ചപ്പ് കാണാം. മരങ്ങളും, ചെടികളും കാണാം. പക്ഷെ, ഒരു കപ്പ് ചായ കിട്ടാൻ ഇനിയും ഏറെ പോവണം. ഒടുവിൽ, പന്ത്രണ്ട് മണിക്കൂർ നേരത്തെ അദ്ധ്വാനത്തിന് ശേഷം, ഞങ്ങൾ 'കീലാങ്' എന്ന പട്ടണത്തിൽ വന്നു താവളമടിച്ചു. എന്തുകൊണ്ടെന്നറിയില്ല, ദൂരം ഇനിയും വളരെ പിന്നിടാനുണ്ടെങ്കിലും, യാത്രക്കാർക്കെല്ലാം വീടെത്താറായി എന്ന മട്ടിലുള്ള ഒരു ഉത്സാഹം.

'കീലാങ്' ൽ നിന്നും പുറപ്പെട്ടു. പണ്ട് രോഹ്താങ് ചുരം വഴി വേണ്ടിയിരുന്നു മണാലിയിലെത്താൻ. ഇപ്പോൾ വളരെ ആധുനികമായ 'അടൽ' തുരങ്കം നിർമ്മിച്ചിട്ടുണ്ട്. ഒൻപത് കിലോമീറ്ററിന് മേലെ ദൈർഘ്യമുള്ള ഈ തുരങ്കത്തിലൂടെ അനായാസം മണാലിയിലേക്ക് കടക്കാം. ഞങ്ങൾ മണാലിയിലെത്തുമ്പോൾ പഞ്ചാബ്, ഹരിയാന, ഡൽഹി പ്രദേശത്തെയും മറ്റേതൊക്കെയോ ദേശങ്ങളിലെയും മുഴുവൻ ആളുകളും വേനലവധി ആഘോഷിക്കാൻ അവിടെ എത്തിയിരുന്നു. വാഹനങ്ങളും മനുഷ്യരും കൊണ്ട് വഴികളെല്ലാം തിങ്ങി നിറഞ്ഞിരിക്കുകയാണ്. ഞങ്ങളുടെ യാത്ര വീണ്ടും താഴോട്ട്. ഒടുവിൽ 'കുളു'വിൽ വിശ്രമിച്ചു.

'കുളു' മുതൽ റോഡ് വിശാലവും നല്ലതുമാണ്. ക്രമേണ നാം ഹിമാലയസാനുക്കളിൽ നിന്നും 'ലോവർ ഹിമാലയാസ്' എന്ന് വിളിക്കുന്ന മലമടക്കുകളും ഇറങ്ങി ദൈവങ്ങളുടെ താഴ്‌വരയായ ഹിമാചൽപ്രദേശിലെത്തുന്നു. കുളു മുതൽ കുറെ അധികം ദൂരം 'ബിയാസ്' നദി നമ്മോടൊപ്പമുണ്ട്. ബിയാസിനോടും വിട പറഞ്ഞു. ഇനി വീണ്ടും അഞ്ചു നദികളുടെ നാട്ടിൽ - പഞ്ചാബ് - കയറാം. ആദ്യം രൂപ്നഗർ. പിന്നെ ചണ്ഡീഗഡ്. അംബാലയും പാനിപ്പത്തും താണ്ടി സന്ധ്യയോടെ ഞങ്ങൾ ഡൽഹിയിലെത്തി.

ഡൽഹിയിൽ നിന്നും ജയ്പൂർ. ജയ്പൂരിൽ നിന്ന് അഹമ്മദാബാദ്. അഹമ്മദാബാദിൽ നിന്നും മുംബൈ, മുംബൈയിൽ നിന്നും ബെൽഗാവി. ബെൽഗാവിയിൽ നിന്നും മൈസൂർ. മൈസൂരിൽ നിന്നും കൊച്ചി. കൊച്ചിയിൽ സുഹൃത്ത് വിടർന്ന ചിരിയോടെ ഇറങ്ങി. ശരീരത്തിനും മനസ്സിനും ഒരു പോറൽ പോലും ഏൽക്കാതെ യാത്ര മുഴുമിപ്പിച്ചതിന്റെ ആഹ്ലാദം. അവസാനപാദം കൊച്ചിയിൽ നിന്നും തിരുവനന്തപുരം. ഞങ്ങൾ ഇരുവരും മാത്രം. കൂട്ടത്തിൽ വളരെക്കാലം സൂക്ഷിക്കാനുള്ള കുറെ അനുഭവങ്ങളും ഓർമ്മകളും. ഇടതടവില്ലാതെ ഇരുപത്തിയാറു ദിവസം. എണ്ണായിരത്തി നാനൂറ്റി അൻപതോളം കിലോമീറ്റർ. പന്ത്രണ്ടു സംസ്ഥാനങ്ങളും ഒരു കേന്ദ്രഭരണ പ്രദേശവും കടന്ന യാത്ര. താമ്രപർണി മുതൽ പമ്പ, പെരിയാർ ഭാരതപ്പുഴ, തുംഗഭദ്ര, ഗോദാവരി, കൃഷ്ണ, നർമ്മദ, സബർമതി, യമുന, സത്‌ലജ് എന്നിവയൊക്കെ ചേർന്ന് സിന്ധുനദി വരെ മുപ്പതിലേറെ പ്രധാന നദികൾ. സഹ്യാദ്രിയിൽ തുടങ്ങി, വിന്ധ്യനും സത്പുരയും ആരവല്ലിയും കടന്നു ഹിമാലയത്തിന്റെ ശൃംഗങ്ങൾ വരെയുള്ള പർവ്വതനിരകൾ. ഇവയെല്ലാം സമ്മാനിച്ച സമ്മിശ്ര വികാരങ്ങൾ മനസ്സിൽ നിന്നും മായാൻ കുറെ കാലങ്ങളെടുക്കും. ഈ യാത്രയുടെ ഉദ്ദേശ്യവും അത് തന്നെയായിരുന്നു.

*(അരുൺ വർമ്മ വിനേജ് സീനിയർ കെയറിന്റെ മാനേജിങ് ഡയറക്ടർ ആണ്. www.winage.in)*

●

**അഭിനന്ദനങ്ങൾ**




ഈ വർഷത്തെ പൂവച്ചൽ ഖാദർ ഫിലിം-ടെലിവിഷൻ മീഡിയ നൽകുന്ന മികച്ച ഗാനരചയിതാവിനുള്ള അവാർഡിന് **സന്തോഷ് വർമ്മ** അർഹനായി. ആനന്ദ് ശ്രീബാല, ചിത്തിനി, ഇടിയൻ ചന്തു എന്നീ ചിത്രങ്ങളിലെ ഗാനങ്ങൾക്കാണ് അവാർഡ്.

കഥ

# "സ്വരരാഗസുധാരസ.... ഓ മനസാ"



**ഹൈമവതി വർമ്മ**
ചേർത്തല

പരമഭക്തനും സാത്വികനുമായ ത്യാഗരാജ സ്വാമികൾ ശങ്കരാഭരണരാഗത്തിൽ, സംഗീതത്തിന്റെ മഹത്വത്തെപ്പറ്റി രചിച്ച പ്രശസ്തമായ കൃതി.

ഈ വരികളാണ് ഈ കഥയുടെ മൂല്യം. ഈ കഥയിലെ ബന്ധങ്ങളുടെ മൂല്യം

'ശ്യാം ബാബു' എന്നറിയപ്പെട്ട ശ്യാംസുന്ദർ മുഖർജിയുടെയും പുത്രവധു ചാരുവിന്റെയും പിതൃപുത്ര ബന്ധം - രണ്ടുവർഷത്തെ ദാമ്പത്യ ജീവിതത്തിനുശേഷം അകാലമൃത്യുവടഞ്ഞ സുഭാഷ് ചന്ദ്രന്റെയും ചാരുവിന്റെയും പ്രണയബന്ധം - തീർന്നില്ല.



രാജാസാറിന്റെയും ബാബു മോഷായിയുടെയും സൗഹൃദം - അവസാനം യദുവിന്റെയും ചാരുവിന്റെയും ദൈവികമായ ഒത്തൊരുമിക്കൽ...

എല്ലാത്തിനും മൂല്യം സംഗീതം തന്നെയായിരുന്നു.

സ്നേഹത്തിന്റെ സൗന്ദര്യം, അനുകമ്പയുടെ സ്പന്ദനം, സമർപ്പണത്തിന്റെ ഭാവന, ഭക്തിയുടെ പ്രവാഹം, പ്രണയത്തിന്റെ സൗരഭ്യം, ദയ, വാത്സല്യം തുടങ്ങിയ മനുഷ്യമനസ്സിന്റെ വികാരങ്ങൾ, വിവിധ വർണ്ണങ്ങളായി തിളങ്ങുമ്പോൾ അത് ജീവിതത്തിന്റെ സംഗീതമാകുന്നു.

രാജാസാർ പത്നി ശ്രീദേവിയോടും മകൾ ആറുവയസ്സുള്ള പാർവ്വതിയോടുംകൂടി, ജോലിയുടെ ഭാഗമായി ഡെപ്യൂട്ടേഷനിൽ ആണ് കൽക്കട്ടയിലേക്ക് എത്തിയത്. ഇലക്ട്രിക്കൽ എഞ്ചിനീയറായ രാജ, പോസ്റ്റ് & ടെലഗ്രാഫ് ഡിപ്പാർട്ടുമെന്റിലെ സീനിയർ ഓഫീസറാണ്. ഹരിശ്രീ കോവിലകത്തെ ശ്രീ ഹരിഗോപാൽ രാജ, എഞ്ചിനീയർ ആണെങ്കിലും അറിയപ്പെടുന്നത് രാജാസാർ എന്നാണ്. കാരണം കോളേജ് പഠനകാലത്ത് അവധിക്ക് നാട്ടിലെത്തിയാൽ അദ്ദേഹം ആ നാട്ടിൻ പുറത്തെ കുട്ടികളുടെ മാഷാണ്. കോവിലകം വക Raja's Memorial School ൽ വെക്കേഷൻ ക്ലാസ്സുകളെടുക്കും. സംവാദവും പ്രഭാഷണവും ചോദ്യോത്തരങ്ങളും കലർന്ന സജീവമായ കൂടിച്ചേരലുകൾ എന്നു പറയാം. പത്താംതരത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ് കൂടുതലും. ഇംഗ്ലീഷ് സാഹിത്യവും ഊർജ്ജതന്ത്രത്തിലെ കണ്ടുപിടിത്തങ്ങളുമൊക്കെയാണ് മാഷിന്റെ ഇഷ്ടപ്പെട്ട പ്രധാന വിഷയങ്ങൾ.

മുതിർന്നവർക്ക് അതിശയം. ഒരു ബന്ധവുമില്ലാത്ത രണ്ടു പഠനവിഷയങ്ങൾ. പക്ഷേ രാജാസാറിന്റെ ബുദ്ധിയിൽ നിന്നും ഹൃദയത്തിൽ നിന്നും ഒഴുകിയെത്തുന്ന ലളിതവും സരസവുമായ സരസ്വതീപ്രസാദത്തിലൂടെ ഷേക്സ്പിയറും, കീറ്റ്സും, സോമർസെറ്റ് മോമും ബാലമനസ്സിലേക്ക് കയറിക്കൂടും. കൂടാതെ എഡിസന്റെ വിദ്യുച്ഛക്തിയും ന്യൂട്ടന്റെയും ഐൻസ്റ്റൈന്റെയും പരിണാമ മൗലിക തിയറികളും ആറ്റംബോംബ് കണ്ടുപിടിച്ച ഓപ്പൻ ഹൈമറുടെ കുമ്പസാരവും എല്ലാം അവർ കേട്ടു മനസ്സിൽ ഉൾക്കൊണ്ടു. ആ കൂടിച്ചേരലുകൾ കുട്ടികൾക്ക് ആഹ്ലാദവും അറിവും ആത്മധൈര്യവും ലക്ഷ്യബോധവും നേടിക്കൊടുത്തു. ഉദാരപൂരിതപരാഗ

മനോഹരമായ ഗുരുശിഷ്യ ബന്ധവും നിഷ്കപട മായ ആരാധനയും സരളമധുരമായ സംഗീതമായി അവരുടെ ഹൃദയത്തിൽ തിരകളുയർത്തി.

അങ്ങനെയാണ് കോവിലകത്തെ ഇളയതമ്പു രാൻ രാജാസാറായത്. അവർ അദ്ദേഹത്തെ രാജാ സാർ എന്ന് വിളിച്ചു. ക്രമേണ, നാട്ടുകാർക്കും ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും സഹ പ്രവർത്തകർക്കും അദ്ദേഹം രാജാസാറായി മാറി. ദക്ഷിണ കൽക്കട്ടയിലെ ഡാക്കുറിയാ ലേക്കിനു സമീപം ഒരു രണ്ടുനില കെട്ടിടത്തിന്റെ മുകളി ലാണ് അദ്ദേഹത്തിന്റെ താമസം. മുന്നിലുള്ള റോഡിലൂടെ രണ്ടുമിനിട്ട് നടന്നാൽ ലേക്കിലും അടു ത്തുള്ള പാർക്കിലുമെത്താം. റോഡിന്റെ എതിർവ ശത്ത് രാജാസാറിന്റെ ഫ്ളാറ്റിനെ അഭിമുഖീകരിച്ച് ഒരു ചെറിയ കെട്ടിടമുണ്ട്. രണ്ടുനിലയാണ്. മുക ളിൽ ഒരു ഹാളും പൂമുഖവും ബാൽക്കണിയും മാത്രമേയുള്ളു. ദാദുമോഷായ് എന്നറിയപ്പെടുന്ന കേണൽ ശ്യാംസുന്ദർ മുഖോപാധ്യയാണ് ഗൃഹ നാഥൻ. ഏതാണ്ട് അറുപത്തിയഞ്ച് വയസ്സ് പ്രായം വരും. പക്ഷേ കാഴ്ചയിൽ ആജാനുബാഹുവും ആരോഗ്യവാനും. പട്ടാളച്ചിട്ടയുള്ള കർക്കശനെന്നു തോന്നും. പക്ഷേ അതല്ല സത്യം.

പാറൂട്ടിയാണ് തുടക്കം.

കൽക്കട്ടയിൽ വന്നിട്ട് ഒരാഴ്ച കഴിഞ്ഞു കാണും. സമയം വൈകിട്ട് നാലുമണി കഴിഞ്ഞു. ശ്രീദേവിയും പാറൂട്ടിയും റോഡിലേക്ക് ഇറങ്ങി. സരോവരത്തിലേക്കും പാർക്കിലേക്കുമുള്ള സായ ന്തന സവാരിയാണ്. പെട്ടെന്ന് എതിർവീട്ടിലെ ബാൽക്കണിയുടെ കൈവരിയിൽ പിടിച്ച് നിൽ ക്കുന്ന കേണലിനെ കണ്ടു.

കുട്ടി കൈയുയർത്തി വിളിച്ചു. "മുത്തശ്ശാ.."

കാഴ്ചയിൽ അദ്ദേഹത്തിന് കോവിലകത്തെ മുത്തശ്ശന്റെ സാമ്യമുണ്ട് എന്ന് തോന്നിയിട്ടാവും. ശ്രീദേവി തിരുത്തി. "പാറൂട്ടി, ദാദു എന്നു വിളി ക്കൂ."

പാറു ഉറക്കെ വിളിച്ചു. "ദാദൂ.. റ്റാറ്റാ" അവൾ കൈയുയർത്തി വീശി. കേണൽ താഴേക്ക് ഇറങ്ങി വന്നു. കുട്ടിയെ വാരിയെടുത്തു. "What is your name?" അദ്ദേഹം നെറ്റിയിൽ തലോടിക്കൊണ്ട് ചോദിച്ചു.

"ശ്രീപർവ്വതി ഗോപാൽ രാജാ. മമ്മീടെ പേര് ശ്രീദേവി രാജാ." കുഞ്ഞിന്റെ മറുപടി.

"പാറൂട്ടി' എന്നാണ് വിളിക്കുക." ശ്രീദേവി പറഞ്ഞു തിരുത്തി.

അദ്ദേഹം പൊട്ടിച്ചിരിച്ചുകൊണ്ട് കുട്ടിയോട് പറഞ്ഞു: "OK. പാറൂട്ടി, ശ്രീക്കുട്ടി. I am your grandfather ദാദൂ."

രണ്ടുപേരും കൈകോർത്ത് പിടിച്ച് മുന്നിൽ നട ക്കാൻ തുടങ്ങി. തൊട്ടുപിന്നാലെ ശ്രീദേവിയും.

അതൊരു തുടക്കമായിരുന്നു.

സരോവരത്തിലേക്കുള്ള അവരുടെ സായാഹ്ന സവാരി പതിവായി. ഇടയ്ക്കൊരുദിവസം പതി വുള്ള നടത്തത്തിനിടയിൽ ശ്യാംദാ ശ്രീദേവിയോട് ചോദിച്ചു. "പാറൂട്ടിക്ക് എത്ര വയസ്സായി?"

"ആറുവയസ്സ് കഴിഞ്ഞു. ഏഴാമത്തതിലേക്ക് കടക്കുകയാണ്."

"ഓ അപ്പോ late marriage ആണല്ലേ..?"

"ശ്രീദേവിക്ക് അൽപ്പം ജാള്യത തോന്നി. ഒപ്പം നിരാശയും. തന്റെ കറുത്ത തലമുടിക്കിടയിലുള്ള വെളുത്തുനരച്ച മുടിച്ചീളുകൾ കണ്ടിട്ടായിരിക്കും ദാദു അങ്ങനെ പറഞ്ഞത്. അതിൽ തെറ്റൊന്നുമില്ല.

അവൾ പറഞ്ഞു: "ദാദാ എനിക്ക് വയസ്സ് നാൽപ്പത്തിനാലായി. വിവാഹം കഴിഞ്ഞിട്ട് ഇരുപ ത്തിനാല് വർഷം. ഇരുപതാം വയസ്സിലാണ് രാജാ സാർ എന്റെ കൈ പിടിച്ചത്. നാലുവർഷത്തിനു ശേഷം എനിക്കൊരു പെൺകുഞ്ഞ് പിറന്നു."

ശ്രീദേവിയുടെ മനസ്സ് ആ പഴയകാലങ്ങളി ലേക്ക് പറന്നുപോയി.

"ഞങ്ങൾ ആ കുഞ്ഞിന് ശ്രീലക്ഷ്മി ഗോപാൽ എന്ന് പേരിട്ടു. താമരപ്പൂ വിരിഞ്ഞതുപോലെ അവൾ കണ്ണ് തുറന്നു; വളർന്നു. കൈകാലുകൾ ഇളക്കി. ആകെ ആറുമാസം. മുത്തശ്ശന്റെ മടിയിൽ കളിച്ചുകൊണ്ടിരുന്ന കുഞ്ഞ് പെട്ടന്നൊരു ദിവസം തളർന്നു വീണു. കുഞ്ഞിന്റെ ശരീരം മുഴുവൻ നീലനിറമായി. വാരിയെടുത്ത് ആശുപത്രിയിൽ കൊണ്ടുപോയി. അപ്പോഴേക്കും അവളുടെ ശ്വാസം നിന്നിരുന്നു. കാരണം കളിക്കിടെ ഒരു ചെമ്പര ത്തിപ്പൂ തൊണ്ടയിൽ ഒട്ടിപ്പിടിച്ച് ശ്വാസം നിന്നുപോ യതാണ്. മുത്തശ്ശന് കുറ്റബോധം തോന്നി. മൂന്നു ദിവസം അദ്ദേഹം കിടന്ന കിടപ്പിലായിരുന്നു. അതിനു ശേഷം പതിനാല് വർഷം കഴിഞ്ഞാണ് പാറൂട്ടി ജനിച്ചത്. ലക്ഷ്മി ഇന്ന് ജീവിച്ചിരുന്നെങ്കിൽ ഇരുപത് വയസ്സാകുമായിരുന്നു."

" 20 years...എന്റെ ചാരുവിന്റെ അതേ പ്രായം." ഒരു ഉൾവിളിയോടെയാണ് ശ്യാംബാബു അത് പറഞ്ഞത്.

പിന്നെ സംസാരമൊന്നുമുണ്ടായില്ല. അവർ നടത്തം തുടർന്നു.

അടുത്തൊരു ദിവസം.

പാർക്കിലെ ബഞ്ചിൽ ഇരിക്കുകയായിരുന്നു ദാദുവും ശ്രീദേവിയും. പാറൂട്ടി കൂട്ടുകാരുമായി പൂച്ചെടികൾക്കിടയിൽ കളിച്ചു രസിക്കുന്നു.

പെട്ടെന്ന് അവൾ ചോദിച്ചു.

"ശ്യാം ബാബു.. ചാരു ആരാണ്?"

കുറച്ചു ദിവസങ്ങളായി അവളുടെ മനസ്സിൽ കുടുങ്ങിക്കിടക്കുന്ന ചോദ്യം.

ബാബുവിന്റെ മുഖത്തെ പ്രസാദം മാഞ്ഞു. ശബ്ദം ഇടറി. "ചാരുലത എന്റെ പുത്രവധുവാണ്."

ശ്രീദേവിയുടെ മനസ്സിൽ വീണ്ടും ചില ചോദ്യങ്ങൾ ഉയർന്നു.

കൽക്കട്ടയിൽ താമസം തുടങ്ങിയതിന്റെ അടുത്ത ദിവസം. സന്ധ്യാസമയം. ശ്രീദേവി ശ്രദ്ധിച്ചു.

അതിമധുരമായ ഒരു ഗാനം എവിടെനിന്നോ ഒഴുകിവരുന്നു. "ജയ രാധാമാധവാ. ജയ ഗിരിധര ധാരി."

ISKCON ന്റെ ഭക്തിഗാനങ്ങളിൽ സുപ്രസിദ്ധമായ കീർത്തനം. നവരാത്രികാലമാണ്. ഏതെങ്കിലും പൂജാപന്തലിൽ നിന്നാവും. ശ്രീദേവി കോരിത്തരിച്ചു നിന്നു.

ഹൃദയത്തിന്റെ നിഗൂഢമായ ഉള്ളറയിൽ ഇഴുകിച്ചേരുന്ന മധുരമധുരമായ ശ്രുതിലയവും ശബ്ദമാധുര്യവും.

അടുത്ത ദിവസങ്ങളിലും അത് ആവർത്തിച്ചു.

ശ്രീദേവി ഫ്ളാറ്റിന്റെ ബാൽക്കണിയിൽ പല കോണിലും നിന്ന് ശ്രദ്ധിച്ചു. സാവധാനം പിടികിട്ടി. ആ പാട്ടിന്റെ പൂക്കൾ വിരിയുന്നത് ശ്യാംബാബുവിന്റെ പൂമുഖത്തുനിന്നാണ്.

സന്ധ്യയുടെ ഇരുട്ട് പടർന്നു തുടങ്ങിയിരുന്നു. ആരെയും കാണാൻ പറ്റുന്നില്ല. ഏതായാലും ശ്യാംബാബുവിനോട് ചോദിച്ചറിയാം എന്ന് സമാധാനിച്ച് അവൾ താഴേക്ക് ഇറങ്ങിപ്പോയി.

ഇപ്പോൾ അവൾക്ക് ഓർമ്മവന്നു.

അവൾ സാകൂതം ചോദിച്ചു.

"ഞാൻ വന്നതുമുതൽ ശ്രദ്ധിക്കുകയാണ്. എന്നും സന്ധ്യയ്ക്ക് ഭജനഗീതങ്ങൾ കേൾക്കുന്നുണ്ടല്ലോ. ബാബുവിന്റെ വീട്ടിൽ നിന്നാണോ? ആരെയും ഇതുവരെ കണ്ടിട്ടില്ല."

"ശരിയാണ്. ശ്രീദേവി പാട്ട് കേട്ടത് എന്റെ വീട്ടിൽ നിന്നാണ്. ചാരുവാണ് പാടിയത്. ചാരുലത."

ശ്രീദേവി അത്ഭുതത്തോടെ ചോദിച്ചു.

"ചാരുവിനെ ഇത്രനാളായിട്ട് പുറത്ത് കണ്ടിട്ടില്ലല്ലോ."

"അവൾ വീട്ടിനു പുറത്തേക്ക് വരികയില്ല. She is a widow. മരിച്ചുപോയ എന്റെ മകൻ സുഭാഷ്ചന്ദ്രന്റെ ഭാര്യ. വിധിയെന്ന് സ്വയം പഴിച്ച് ഏകാന്തവാസമാണ് അവളുടെ ജീവിതം."

"ചാരു എത്ര മനോഹരമായിട്ടാണ് പാടുന്നത്. ഭക്തിപ്രവാഹമാണ് ആ ഗാനങ്ങൾ. രാധാമാധവ ഗാനങ്ങൾ. ഇത്രയും വികാരഭരിതമായി, മധുരമധുരമായി, ഞാൻ ഇതുവരെ കേട്ടിട്ടില്ല. എനിക്ക് ആ കുട്ടിയെ കാണണം."

നിശ്ചയിച്ച് ഉറപ്പിച്ചാണ് ശ്രീദേവി അങ്ങനെ പറഞ്ഞത്.

അടുത്ത ദിവസം സന്ധ്യയ്ക്കുതന്നെ, മകളെയും രാജാസാറിനെയും കൂട്ടി അവൾ കേണലിന്റെ വീട്ടിലെത്തി. പൂമുഖത്തിന്റെ കൈവരിക്കടുത്ത് തൂണിൽ ചാരി നിലത്ത് ചമ്രംപടിഞ്ഞിരുന്ന് ഒരു സ്ത്രീരൂപം പാടുകയാണ്. ഇളം കാവി നിറത്തിലുള്ള സാരി, അതേ നിറത്തിൽ മുഴുക്കൈയുള്ള ബ്ലൗസ്. അതിസുന്ദരിയായിരുന്നു അവൾ. നീലിമയാർന്ന മേഘപടലത്തിലൂടെ ഉദിച്ചുയരുന്ന പൂർണ്ണചന്ദ്രനെപ്പോലെ, അഴിഞ്ഞുകിടന്ന കറുത്ത തലമുടിച്ചുരുളുകളിലൂടെ അവളുടെ മുഖം അവർ കണ്ടു. കണ്ണുകളടച്ച്, കൈപ്പത്തികൾ ചേർത്ത് താളംപിടിച്ച് അവൾ സ്വയം മറന്ന് പാടുകയാണ്. അവളെ ശല്യപ്പെടുത്താതെ കുറച്ചുസമയം നോക്കിനിന്നു. പിന്നെ നിശ്ശബ്ദരായി എല്ലാവരും പുറത്തേക്കു കടന്നു.

ശ്രീദേവിയോടൊപ്പം കേണലും അവരുടെ ഫ്ളാറ്റിലേക്ക് നടന്നു. അപ്പോഴാണ് അദ്ദേഹം ആ കഥ പറയുന്നത്.

"ഞാൻ ചാരുവിനെ കണ്ടത് ഗംഗാനദിയിലൂടെ കുടുംബസമേതം ഒരു ഉല്ലാസയാത്രയ്ക്കിടയി

ലാണ്. ഞങ്ങളുടെ ബോട്ടിൽ 'ഇസ്കോണിന്റെ' ഒരു ചെറിയ സംഘം ഒപ്പം ചേർന്നു. അവർ കൈകൾ കൊട്ടി, തലയാട്ടി, പരിസരം മറന്ന് ഭക്തി ഗാനങ്ങൾ പാടി.

"രാധാമാധവ - ജയ കുഞ്ജവിഹാരി......"

ആ സംഘത്തിലെ ഏറ്റവും ചെറിയ കുട്ടിയായിരുന്നു ചാരുലത.

എന്തിന് അധികം പറയുന്നു, ഞങ്ങളുടെ മൂന്നുപേരുടേയും ഹൃദയങ്ങളിലേക്ക് അവൾ കുടിയേറി. പ്രണയിനിയായും വാത്സല്യച്ചെപ്പായും വാനമ്പാടിയായും.

ആഴ്ചകൾ രണ്ട് കഴിഞ്ഞു.

സുഭാഷിന്റെയും ചാരുവിന്റെയും വിവാഹം നടന്നു. മകന്റെ അവധി അവസാനിച്ചു. അവൻ ജോലിസ്ഥലത്തേക്ക് മടങ്ങി. ഇൻഡ്യൻ എയർ ഫോഴ്സിൽ പൈലറ്റ് ആയിരുന്നു അവൻ."

ദാദുവിന്റെ വാക്കുകൾ നിന്നു; ബ്രേക്കിട്ടതുപോലെ. അദ്ദേഹത്തിന്റെ ശ്വാസോച്ഛ്വാസം പോലും നിലച്ചതായി തോന്നി. കണ്ണടച്ചുള്ള ഒരേ ഇരുപ്പ്.

രാജാസാർ അദ്ദേഹത്തെ തോളിൽ തട്ടി വിളിച്ചു.

''ദാദൂ.. എന്തെങ്കിലും വിഷമം തോന്നുന്നുണ്ടോ?"

ഉറക്കത്തിൽനിന്നും ഉണർന്നതുപോലെ അദ്ദേഹം മിഴിതുറന്നു. ഇടറിയ വാക്കുകൾ കൊഴിഞ്ഞു വീണു.

"കഥ തീർന്നില്ല. രണ്ടുവർഷക്കാലം പൂത്തുലഞ്ഞ പൂങ്കാവനംപോലെ മനോഹരമായിരുന്നു അവരുടെ ദാമ്പത്യജീവിതം. ഇടയ്ക്ക് ഒരിക്കൽ മാത്രം വീട്ടിൽ വന്നു. അന്ന് ഞങ്ങളെയും കൂട്ടി ദക്ഷിണേന്ത്യ മുഴുവൻ സഞ്ചരിച്ചു. കന്യാകുമാരി, ഉഡുപ്പി, തിരുപ്പതി.... തുടങ്ങിയ തീർത്ഥാടനകേന്ദ്രങ്ങളായിരുന്നു കൂടുതൽ.

അവസാനം പോകാൻ നേരത്ത് സുഭാഷ് പറഞ്ഞു: ''അടുത്തവരവിന് യാത്ര നീപ്പാൾ, വൈഷ്ണവിക്ഷേത്രം... തുടങ്ങിയവ ആകട്ടെ."

പക്ഷേ, അത് അവസാനത്തെ വരവായിരുന്നു എന്ന് ആരും വിചാരിച്ചില്ല.

ഞങ്ങളെ കൂട്ടാതെ അവന് നീപ്പാളിലേക്ക് ജോലിസംബന്ധായി ഒരു യാത്ര പോകേണ്ടിവന്നു. ഹിമാലയസാനുക്കളിലെ മഞ്ഞുമലകളിൽ എവിടെയോ വിമാനം തകർന്നുവീണു. അതിലുണ്ടായിരുന്ന മൂന്നുപേരും മരിച്ചു. ബാക്കിയൊന്നും കിട്ടിയില്ല. അവസാനം അവന്റെ യൂണിഫോമും മെഡലുകളും ഒക്കെ അടങ്ങിയ സ്യൂട്ട്കേസു മാത്രം മടങ്ങിവന്നു.

രണ്ടുമാസം ഗർഭവതിയായിരുന്ന ചാരു മോഹാലസ്യപ്പെട്ട് വീണു. വീഴ്ചയിൽ ഗർഭം അലസിപ്പോയി.

പിന്നെ അവൾ ചിരിച്ചിട്ടില്ല. സ്വന്തം വീട്ടിലേക്ക് അവൾ മടങ്ങിപ്പോയതുമില്ല. കഴിഞ്ഞ ഒരു വർഷമായി ഞങ്ങളോടൊപ്പം കഴിയുന്നു.

പിന്നെപ്പിന്നെ, പതുക്കെപ്പതുക്കെ, സന്ധ്യാവന്ദനസംഗീത രാസലഹരിയിൽ, അവൾ കീർത്തനങ്ങൾ പാടിത്തുടങ്ങി. ബാല്യകാലസ്മരണകൾ അവളുടെ ഉടഞ്ഞ് ഉലഞ്ഞ മനസ്സിന് ഊർജ്ജം കൊടുക്കുന്നു. അതാണ് നിങ്ങൾ കേട്ടത്.'' അദ്ദേഹം സംസാരം നിർത്തി. സാവധാനം പടികളിറങ്ങി ഇടറിയ ചുവടുകളോടെ നടന്നുപോയി.

മാസങ്ങൾ രണ്ടുമൂന്ന് കടന്നു.

അവിചാരിതമായി ഒരു ദിവസം ഉണർന്നപ്പോൾ, കോളിങ്ബെൽ ശബ്ദിക്കുന്നു.

രാജാസാർ വാതിൽ തുറന്നു.

"ചെറിയച്ഛാ" വന്ന ആൾ തോളിൽ തൂക്കിയിരുന്ന ബാഗ് താഴെവച്ചിട്ട് അദ്ദേഹത്തെ രണ്ടു കൈയും ചേർത്ത് ആലിംഗനം ചെയ്തു.

രണ്ടുമൂന്ന് നിമിഷങ്ങൾ. രണ്ടുപേരും സ്തബ്ധരായി നിന്നു. നടക്കുന്നത് എന്തെന്ന് അറിയാതെ പരസ്പരം നോക്കി. സ്വപ്നത്തിൽനിന്ന് ഉണർന്നതുപോലെ.

"യദു. എന്റെ വാസുവേട്ടന്റെ മകൻ." ഇളം കാറ്റിന്റെ കുളിർമ്മയോടെ ആ വാക്കുകൾ തെന്നിവീണു.

രാജാസാറും യദുവും ഡൈനിങ് ഹാളിൽ മേശയ്ക്കരികെ ഇരുന്നു. രണ്ടുപേരുടെയും ഇടയിലിരുന്ന പാറൂട്ടിക്ക് അത്ഭുതം.

ചൂടുള്ള ഫിൽറ്റർ കോഫിയുമായി ശ്രീദേവി എത്തി.

രാജാസാറിനെ ചൂണ്ടിക്കാണിച്ച് യദു പറഞ്ഞു:

"പാറൂട്ടിയുടെ അച്ഛൻ, എന്റെ ചെറിയച്ഛൻ. ഞാൻ കുഞ്ഞിന്റെ ചെറിയച്ഛൻ."

കവിത

# ആരണ്യ വിലാപം



അഖിലേഷ് വർമ്മ കെ.എൻ.
നീലേശ്വരം

മാന സ്പർശിയായ് ജ്വലിക്കുന്നീ ശാഖകൾ
സാന്ത്വനം പൂക്കുന്നു ഈ വിസ്മയങ്ങളിൽ
പറവയായ് അകലെ പറന്നു മറഞ്ഞുവോ
ഈ തിലകമായ് ആഴത്തിലേന്തിയ വേരുകൾ.

അസ്ഥിവാരം ഹനിക്കാനൊരു മർത്യനും
കൂനയായ് നിൽക്കുന്ന ഈ ഹർമ്യങ്ങളും
ഊർന്നിറങ്ങുന്നീ ധരണിയിൻ നൊമ്പരം
ആദ്രനല്ലാതെ ധ്വംസിച്ചു തീർക്കുന്നുവോ?

ചൈതന്യമാം സിരയടർത്തി മാറ്റിക്കൊണ്ട്
നൂപുര ദളത്തെ വിനാശിച്ചു കൊണ്ട്
മായാതെ മായിച്ചുവല്ലോ ഈ മാന്ത്രികനെ
അത്യുച്ച ഗാംഭീര്യമായൊരു ഈശനെ.

ദളങ്ങളാൽ സാന്ദ്രമായീയൊരു ഭുവനത്തെ
വ്രണങ്ങളാൽ പൊതിഞ്ഞ് ഞെരുക്കിച്ചതച്ചോ നീ?
ചടുലമായി നിന്നൊരീ കാനന നിലയത്തെ
തൻ ദംഷ്ട്രങ്ങളാൽ പിച്ചിച്ചീന്തുന്നോ മർത്യാ നീ?

ചാരുതയും സുകൃതവും കാൽക്കൽ വച്ചീടുന്ന
നയന സുഭഗമായൊരീ ദ്രുമത്തിൻ പർണ്ണങ്ങൾ
മാടി വിളിക്കുന്നു... മാടി വിളിക്കുന്നു... ഇതാ
മാടി വിളിക്കുന്നു ജഗദീശനെ. ●

---

കുട്ടിക്കാലത്തെ ഓർമ്മകളും തമാശകളും അവിടെ ആഹ്ലാദവും സന്തോഷവും ഉണർത്തി.

യദു സാവധാനം പറഞ്ഞുതുടങ്ങി:

"ചെറിയച്ഛന് അറിയാമല്ലോ. അച്ഛൻ മരിച്ചപ്പോൾ നാടുവിട്ടതാണ് ഞാൻ. ആഗ്രഹിച്ചതുപോലെ എയർഫോഴ്സിൽ ജോലികിട്ടി. ലോകം മുഴുവൻ പറന്നുപറന്ന് കണ്ടു. യുദ്ധമുഖങ്ങളും മരണവും ആർത്തനാദങ്ങളും കണ്ട് മനസ്സ് നൊമ്പരപ്പെട്ടു. അതിനിടെ ജീവിതവും സ്വപ്നങ്ങളും കുടുംബവും ഒക്കെ അകന്നുനിന്നു. അപ്പോൾ നിഴൽപോലെ എന്നോട് ചേർന്നുനിന്നത് അവൻ മാത്രമായിരുന്നു.

എന്റെ സുഹൃത്ത്.

ഒടുവിൽ എനിക്കുവേണ്ടി അവൻ തന്റെ ജീവൻ ബലികൊടുത്തു. വടക്കുകിഴക്കൻ ഹിമാലയസാനുക്കളിൽ കടന്നുകയറിയ ശത്രുക്കളെ നേരിടാൻ ഞങ്ങളുടെ ഒരു സംഘം പുറപ്പെട്ടു. അന്ന് പൈലറ്റായി പോകേണ്ടത് ഞാനായിരുന്നു. പക്ഷേ എനിക്കു പകരമായി അവസാനിമിഷം അവനാണ് പോയത്. ആ വിമാനം തകർന്നു. അതിലുണ്ടായിരുന്ന മൂന്നുപേരും മരിച്ചു. ഏതാണ്ട് ഒന്നരവർഷം മുമ്പാണ്. ഇന്ന്, ചെറിയച്ഛന്റെ മുമ്പിൽ ഞാൻ ജീവനോടെ ഇരിക്കുന്നത് അവന്റെ സന്മനസ്സിന്റെ ബലിദാനമാണ്."

ശ്രീദേവിയാണ് ഇടിമുഴക്കം പോലെ ചോദിച്ചത്.

"അദ്ദേഹത്തിന്റെ പേര് സുഭാഷ് എന്നാണോ?"


"അതെ. സുഭാഷ്ചന്ദ്രൻ. ബംഗാളിയാണ്." ആത്മാവിനോടെന്നപോലെയാണ് യദു പറഞ്ഞത്.

വിധാതാവിന്റെ വിധിനിർണ്ണയങ്ങൾ!

കഥയുടെ അവസാനഭാഗം.

ജീവിതമാകുന്ന ഗ്രന്ഥത്തിന്റെ അവസാന താളുകൾ ഒന്നൊന്നായി വിടർന്നു. യദുവും ചാരുലതയും ആ താളുകളിൽ നിറഞ്ഞു. ഒരു നിലവിളക്കിലെ ജ്വലിക്കുന്ന നെയ്ത്തിരികൾ പോലെ. കടപ്പാടും അനുകമ്പയും വാത്സല്യവും ആരാധനയും ദൈവാനുഗ്രഹവും ആ തിരികളിൽനിന്ന് പൊൻതരികൾ പോലെ ഉയർന്നു.

അദൃശ്യനായ പ്രപഞ്ചസ്രഷ്ടാവിന്റെ പ്രസാദം പോലെ അവരുടെ ജീവിതം രാഗസുധാരസ സംഗീതമായി ഒഴുകി. ●



# കാട്ടുങ്കൽ കോവിലകത്തെ പ്രകാശ് വർമ്മ ജോർജ് സാർ ആയതെങ്ങനെ?

**ആത്മജ വർമ്മ തമ്പുരാൻ**
മൊ. 9349509027

ബിസിനസ് പത്രമായ ഇക്കണോമിക് ടൈംസ് 2008-ൽ തിരഞ്ഞെടുത്ത രാജ്യത്തെ 10 പ്രമുഖ പരസ്യചിത്ര നിർമ്മാതാക്കളിൽ ഒന്നാം സ്ഥാനത്ത് എത്തിയ പ്രമുഖൻ? ഉത്തരം കിട്ടുന്നില്ലേ? ഒരു ക്ലൂ തരാം: ഇന്ത്യാ-പാക് അതിർത്തിയിലെ ഫുട്ബോൾ കളി, എവിടെപ്പോയാലും കൂടെക്കൂടുന്ന നായക്കുട്ടി (പഗ്)... പിടി കിട്ടിയല്ലേ.! നിങ്ങളുടെ ഉത്തരം - എയർടെൽ, ഹച്ച്, നിർവാണ പരസ്യക്കമ്പനി. എന്നാൽ ഇപ്പോൾ കൊച്ചുകുട്ടികൾ പോലും ഓർക്കുന്ന പേരായി അതു മാറി: 'തുടരും' സിനിമയിലെ ജോർജ് സാർ. പ്രകാശ് വർമ്മ.



വൈക്കം പൂത്തോട്ടയിലെ നക്ഷത്ര മനയിൽ വച്ച് കാണുമ്പോൾ ആദ്യം സംസാരിച്ചത് ഹച്ച് പരസ്യത്തെക്കുറിച്ചാണ്. ആ പരസ്യമാണ് ജീവിതത്തിൽ വഴിത്തിരിവായത്. തരംഗമായി മാറിയ ഹച്ചിനെക്കുറിച്ചു പറയുമ്പോൾ പ്രകാശിന്റെ കണ്ണുകളിൽ എന്തെന്നില്ലാത്ത തിളക്കം. "ഗോവയിലായിരുന്നു ചിത്രീകരണം. മുംബൈ, ഡൽഹി, ചെന്നൈ നഗരങ്ങളിൽ നിന്നായി 5 പഗുകളെ എത്തിച്ചിരുന്നു. ക്ഷമയുടെ നെല്ലിപ്പലക എന്നൊക്കെ പറയില്ലേ. അത്തരം അനുഭവം. പരസ്യത്തിൽ അഭിനയിച്ച പയ്യൻ ശരിയാകുമ്പോൾ പഗ് ഓഫ്. പഗ് ഒകെയാകുമ്പോൾ പയ്യൻ ഓഫ്. നായക്കുട്ടിയുടെ ഭാവം പകർത്താൻ പിഞ്ചു കുഞ്ഞുങ്ങളെ നിരീക്ഷിക്കുന്നതുപോലെ ക്യാമറ റോൾ ചെയ്ത് പിന്നാലെ നടന്നു."

ഹച്ച്, വോഡാഫോൺ ആയി മാറിയപ്പോഴും കമ്പനി പ്രകാശിനെത്തേടിയെത്തി. വോഡാഫോണിന്റെ ഹിറ്റായ പരസ്യത്തിലെ വിചിത്രജീവികൾ മനുഷ്യർ തന്നെയാണെന്നു എത്രപേർക്കറിയാം. ഐപിഎൽ ക്രിക്കറ്റിനിടയിലെ പരസ്യങ്ങളിലൂടെയാണ് സൂസൂ ഹിറ്റായത്. വെറും 20 സെക്കൻഡ് ദൈർഘ്യമുള്ള പരസ്യം പ്രകാശ് വർമ്മയുടെ മികവിനെ രാജ്യാന്തരതലങ്ങളിലെത്തിച്ചു.

ആ മികവിൽ ഷാരൂഖ്ഖാൻ, ഐശ്വര്യാറായ്, സച്ചിൻ തെണ്ടുൽക്കർ, സാനിയ മിർസ, രാഹുൽ ദ്രാവിഡ്, എ.ആർ. റഹ്മാൻ, നരേൻ കാർത്തികേയൻ... എന്നിങ്ങനെ എത്രയോ താരപ്രതിഭകൾ വന്നുപോയി. മൊറോക്കോ, ഓസ്ട്രേലിയ, ക്യൂബ, സിംഗപ്പൂർ, മലേഷ്യ, ദുബായ്, തായ്ലൻഡ്.. തുടങ്ങി ഒട്ടേറെ ലൊക്കേഷനുകൾ. മമ്മൂട്ടിയെ നായകനാക്കി ലിജോ ജോസ് പെല്ലിശ്ശേരി സംവിധാനം ചെയ്ത 'നൻപകൽ നേരത്ത് മയക്കം' എന്ന സിനിമയ്ക്ക് പ്രചോദനമായത് പ്രകാശിന്റെ 'ഗ്രീൻപ്ലൈ' പരസ്യചിത്രമായിരുന്നു.

- 'തുടരും' സിനിമയിലെ സിഐ ജോർജ് മാത്തൻ എന്ന ജോർജ് സാർ ആണ് എല്ലാവരുടെയും മനസ്സിൽ പച്ചകുത്തി നിൽക്കുന്നത്?

തിരക്കഥാകൃത്ത് കെ.ആർ. സുനിൽ വർഷങ്ങളായി സുഹൃത്താണ്. ഫോട്ടോഗ്രാഫറും ആർട്ടിസ്റ്റും കൂടിയാണ് സുനിൽ. സിനിമയിൽ സ്ഥിരം വില്ലൻ പാടില്ലെന്നും പരിചിതമല്ലാത്ത മുഖം വേണമെന്നുമായിരുന്നു അവരുടെ ആഗ്രഹം. ഒരു ഹിന്ദി നടനെ പരിഗണിച്ചു. തൃപ്തിയായില്ല. അങ്ങനെ ഒരിക്കൽ സുനിൽ എന്റെ ഫോട്ടോ എടുത്തു തരുൺ മൂർത്തിക്ക് അയച്ചു.

തരുൺ ഒകെ പറഞ്ഞു. കുടുംബത്തോട് ആലോചിച്ച ശേഷം ഞാനും ഒകെ പറഞ്ഞു. പക്ഷേ, കഥാപാത്രത്തിന്റെ മേക്കപ്പ് ഇട്ട് ഒരു സീൻ ചിത്രീകരിച്ച് കണ്ട ശേഷം മാത്രം തീരുമാനിച്ചാൽ മതിയെന്നും ഞാൻ പറഞ്ഞു. നെറ്റിയിൽ നിന്നും പിന്നോട്ട് കഷണ്ടി അൽപം കൂട്ടി. കട്ടിയുള്ള മീശവച്ചു. ബംഗളൂരുവിൽ ഒരു സീൻ ഷൂട്ട് ചെയ്തു. അത്, നിർമ്മാതാവ് എം. രഞ്ജിത്തിനും ലാലേട്ടനും അയച്ചു. അവർ രണ്ടുപേരും ഉടൻ തന്നെ പച്ച സിഗ്നൽ നൽകി.

● കുട്ടിക്കാലം മുതൽ നെയ്തുകൂട്ടിയ സ്വപ്ന മാണ് സിനിമ?

അതെ. പക്ഷേ, നടനാകാൻ അലഞ്ഞു നടന്നിട്ടില്ല. ആലപ്പുഴ എസ്ഡി കോളജിലെ പ്രൊഫസറായിരുന്നു അച്ഛൻ പരേതനായ രവീന്ദ്രനാഥ വർമ്മ (കാട്ടുങ്കൽ കോവിലകം), അമ്മ വത്സല വർമ്മ അരൂർ ട്രെയിനിങ് കോളേജ് റിട്ട. പ്രിൻസിപ്പലാണ്. ഉദ്യോഗസ്ഥനായി കാണാനായിരുന്നു അവരുടെ ആഗ്രഹം. എന്റെ രീതി വേറിട്ടതായിരുന്നു. ഒരു ഉദാഹരണം പറയാം. കുട്ടിക്കാലത്ത് ഇംഗ്ലീഷ് മാത്രം പറയണമെന്നു നിഷ്കർഷിച്ച സ്കൂളിൽ മലയാളം പറഞ്ഞ് ക്ലാസിനു പുറത്തു നിന്നയാളാണ് ഞാൻ. ചിത്രരചനയും താൽപ്പര്യമാണ്. അച്ഛൻ നന്നായി വരയ്ക്കുമായിരുന്നു.

● പരസ്യചിത്രങ്ങൾ എല്ലാം കഥപറയുന്ന രീതിയിലാണല്ലോ? ദൃശ്യസൗന്ദര്യത്തിനു പുറമേ കൊച്ചുകൊച്ചു കഥകളാണ് പരസ്യങ്ങൾ വഴി പ്രേക്ഷകരോടു സംസാരിക്കുന്നത്?.

മനുഷ്യബന്ധങ്ങളും വികാരങ്ങളും മനോഹരമായി കൂട്ടിയിണക്കാൻ കഴിയുന്നതിലാണ് വിജയം. ലളിതമായ ആവിഷ്കാര ശൈലിയാണ് മറ്റൊരു ആകർഷണം. ഇതൊക്കെയാവണം ചിത്രീകരണമെന്നു വിശ്വസിക്കാനാണ് ആഗ്രഹം. അതിൽ ഒരു പരിധിവരെ വിജയിച്ചിട്ടുണ്ടെന്നും കരുതുന്നു. കഥപറയുന്ന രീതി പണ്ടു മുതലേ എന്നിലുണ്ട്. മറ്റുള്ളവരോടു ചില കാര്യങ്ങൾ കുട്ടിക്കാലത്ത് തന്നെ ഞാൻ നന്നായി അവതരിപ്പിച്ചിരുന്നു. പലതും കൈയിൽ നിന്നിടുന്ന കസർത്തുകളാണ്. പക്ഷേ, കേൾക്കുന്നവർ ഏറെ കൗതുകത്തോടെ അത് വിശ്വസിക്കുമായിരുന്നു. അവിടെയാണ് എന്നിലെ കഥപറച്ചിലുകാരനെ ഞാൻ തിരിച്ചറിഞ്ഞത്.

● ഇതിനു മുൻപ് സിനിമയിൽ?

അച്ഛന്റെ സഹോദരനും നടനുമായിരുന്ന കെ.എൻ. ജഗന്നാഥ വർമ്മ, അദ്ദേഹത്തിന്റെ മകളുടെ ഭർത്താവും സംവിധായകനുമായ വിജി തമ്പി, സംവിധായകൻ ലോഹിതദാസ് എന്നിവരുടെ സഹായത്തോടെ സഹ സംവിധായകനായി പ്രവർത്തിച്ചു. സംവിധായകൻ വി.കെ. പ്രകാശിന്റെ 'പുനരധിവാസം' സിനിമയിൽ സഹസംവിധായകനായിരുന്നു. അദ്ദേഹത്തിന്റെ ട്രെൻഡ്സ് പരസ്യചിത്ര നിർമാണ കമ്പനിയിൽ ജോലി നോക്കുമ്പോഴാണ് 2001-ൽ ബംഗളൂരുവിൽ ഭാര്യ സ്നേഹ ഐപ്പുമായി ചേർന്നു നിർവാണ പരസ്യ കമ്പനി ആരംഭിച്ചത്. ●

## റിയാക്ട് ധനസഹായം

സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന തിരുവനന്തപുരം കുടപ്പനക്കുന്ന് സ്വദേശികളായ സജീവ് കുമാറിന്റേയും ആർ. രേണുകയുടേയും മകൾ രേവതിയുടെ വിവാഹ ചിലവുകൾക്കുള്ള റിയാക്ടിന്റെ ധനസഹായം സാമൂഹ്യ പ്രവർത്തകനായ മഹാദേവന്റെ സാന്നിദ്ധ്യത്തിൽ റിയാക്ട് സെക്രട്ടറി പി.കെ. രഘു വർമ്മ കുടുംബത്തിന് കൈമാറുന്നു.



യാത്രകൾ – 24



# രാജസ്ഥാൻ – 3

**കെ. ഹരികൃഷ്ണ വർമ്മ**
ചേർത്തല, മൊ. 9447484099

രാജസ്ഥാൻ യാത്രയുടെ നാലാം ദിവസമായ 2024 ഏപ്രിൽ 1-ന് രാവിലെ പ്രഭാതഭക്ഷണം കഴിഞ്ഞ് 8.45 ഓടെ ഞങ്ങൾ മെഹ്റാൻ ഗാഡ് ഫോർട്ടിലേക്ക് യാത്ര തിരിച്ചു. ജോധ്പൂരിലെ ഏറ്റവും ഗംഭീരവും സുന്ദരവുമായ കൊട്ടാര സമുച്ചയമാണിത്. സൂര്യകൊട്ടാരം എന്നാണിതിനർത്ഥം. 1459-ൽ പതിനഞ്ചാമത്തെ റാത്തോഡ് രാജാവായിരുന്ന റാവു ജോധായാണ് ഈ കൊട്ടാരം പണികഴിപ്പിച്ചത്. പതിനാലു നിലകൾക്കുമേൽ ഏകദേശം 410 അടി ഉയരമുള്ള ഈ കൊട്ടാരം പൂർണ്ണമായും പിങ്ക് നിറത്തിലുള്ള കരിങ്കല്ലിൽ നിർമ്മിച്ചതാണ്. പ്രധാന ഗോപുരത്തിൽ നിന്ന് അകത്തേക്കുള്ള വഴി കരിങ്കൽ വിരിച്ചതും രണ്ടു വശങ്ങളിലേയും ഉയർന്ന കരിങ്കൽഭിത്തികൾ ഒരു മീറ്റർ ഘനത്തിലുമാണ് നിർമ്മിച്ചിരിക്കുന്നത്. ഒരിക്കൽ കോട്ട ആക്രമിച്ച ഔറംഗസീബ് ചക്രവർത്തിയുടെ വെടിയുണ്ടകൾ ഈ ഭിത്തികളിൽ തട്ടിത്തെറിച്ചതിന്റെ അടയാളങ്ങൾ ഇപ്പോഴും കാണാം. നീണ്ട നടപ്പാതയിൽ അഞ്ചു വളവുകളുണ്ട്. ഓരോ വളവും കഴിയുമ്പോഴേ അടുത്ത വഴി കാണൂ. കൊട്ടാരത്തിലേക്കു കടന്നാൽ നാം കാണുന്നത് ഒരു അത്ഭുതലോകം തന്നെയാണ്. കൊത്തുപണികളുടെ മനോഹാരിത പോലെതന്നെ രാജകൊട്ടാരത്തിന്റെ പ്രതാപൈശ്വര്യങ്ങൾ വിളിച്ചോതുന്ന നിർമ്മിതി കൂടിയാണിത്. സിംഹാസനങ്ങളും ഡർബാർ ഹാളുകളും അന്തഃപുരങ്ങളും വിലയേറിയ വസ്ത്രങ്ങളും പലവിധ ആഭരണങ്ങളും വിവിധ രീതികളിലുള്ള പല്ലക്കുകളും വിവിധങ്ങളായ ആയുധശേഖരങ്ങളും യൂറോപ്പിൽ നിന്നും മറ്റും കൊണ്ടുവന്ന അത്യപൂർവ്വങ്ങളായ കണ്ണാടികളും എന്നുവേണ്ട നമ്മുടെ ഭാവനകൾക്കുമപ്പുറമാണ് അവിടത്തെ വിശേഷങ്ങൾ. ഓരോ നിലയും കയറി മുകളിലെത്തുന്നത് അറിയുകയേ ഇല്ല. പ്രശസ്തനായ റഡ്യാഡ് കിപ്ലിങ്ങ് ഇതിനെ വിശേഷിപ്പിച്ചത് 'രാക്ഷസനിർമ്മിതി' എന്നാണ്. ഈ കൊട്ടാരത്തിലെ ജലസംഭരണിയും ചുറ്റുമുള്ള കൃഷിയിടങ്ങളും എടുത്തു പറയേണ്ടതാണ്. ഒരു മല മുഴുവനായും ഇതിന്റെ നിർമ്മിതിക്കായി വിനിയോഗിച്ചിട്ടുണ്ട്.

കൊട്ടാരത്തിന്റെ അടുത്തുതന്നെയുള്ള ജസ്വന്ത് താഡാ എന്ന ശ്മശാനവും ഒരു കാഴ്ചയാണ്. 1889-ൽ ജോധ്പൂർ സംസ്ഥാനത്തെ മഹാരാജ സർദാർ സിംഗ് തന്റെ പിതാവ് മഹാരാജാ ജസ്വന്ത് സിംഗ് രണ്ടാമന്റെ സ്മരണയ്ക്കായി നിർമ്മിച്ചതാണിത്. മാർവാറിലെ രാജകുടുംബത്തിന്റെ ശ്മശാനഭൂമിയായി ഇതു പ്രവർത്തിക്കുന്നു. വാസ്തുവിദ്യയുടെ മേന്മ ഇവിടെയും ധാരാളമുണ്ട്. പല പ്രമുഖ രാജാക്കന്മാരുടെയും ശവകുടീരങ്ങൾ ഇവിടെയുണ്ട്. അവിടെ നിന്നു ഞങ്ങൾ നഗരമദ്ധ്യത്തിൽത്തന്നെയുള്ള ക്ലോക്ക് ടവർ കാണാൻ പോയി. ഇതും രാജഭരണത്തിന്റെ ഓർമ്മകൾ പുതുക്കാനുള്ളതാണ്. 1926 മുതൽ ഈ തെരുവിൽ പ്രവർത്തിക്കുന്ന ഒരു ബേക്കറി ഉണ്ടവിടെ. അവിടത്തെ ലസ്സി വളരെ പ്രസിദ്ധമാണ്. അതിന്റെ സ്വാദും ഞങ്ങൾ അനുഭവിച്ചറിഞ്ഞു.

ഇപ്പോഴത്തെ രാജാവിന്റെ കൊട്ടാരമായ ഉമേദ് പാലസ് ആയിരുന്നു അടുത്ത ലക്ഷ്യം. ലോകത്തിൽ ഏറ്റവും വലിയ സ്വകാര്യ വസതികളിൽ ഒന്നാണിത്. ഇപ്പോഴത്തെ രാജാവായ ഗജ്സിങ്ങിന്റെ മുത്തച്ഛൻ മഹാരാജാ ഉമൈദ് സിങ്ങിന്റെ പേരിലാണ് കൊട്ടാരത്തിന് ഈ പേരു കൈവന്നത്. കൊട്ടാരത്തിന്റെ ഒരു ഭാഗം ടാജിന്റെ നക്ഷത്ര ഹോട്ടലായി പ്രവർത്തിക്കുന്നു. 347 മുറികളുള്ള ഈ കൊട്ടാരത്തിന്റെ ബാക്കി ഭാഗം ജോധ്പൂർ രാജകുടുംബത്തിന്റെ കൈവശത്തിൽ തന്നെ

യാണ്. അതിവിപുലമായ ഒരു മ്യൂസിയം അവിടെയും പ്രവർത്തിക്കുന്നുണ്ട്. വിന്റേജ് കാറുകളുടെ വലിയൊരു ശേഖരം കൊട്ടാരത്തിന്റെ വകയായി അവിടെ ഒരുക്കിയിട്ടുണ്ട്. ഉച്ചകഴിഞ്ഞ് രണ്ടു മണിയോടെ ജോധ്പൂരിൽ നിന്നും ജയ്സാൽമേറിലേക്കുള്ള നീണ്ട യാത്ര ആരംഭിച്ചു. ഗോതമ്പ്, കടല, കടുക് തുടങ്ങിയവയുടെ വിശാലമായ കൃഷിയിടങ്ങളും ആട്, പശു തുടങ്ങിയ വളർത്തുമൃഗങ്ങളുടെ സഞ്ചയവും ഉടനീളം കാണാം. ഇതിനോടൊപ്പം തന്നെ വിശാലമായ താർ മരുഭൂമിയുടെ ആസുര സൗന്ദര്യവും ഇടയ്ക്കിടെയുള്ള മരുപ്പച്ചകളും... വൈകിട്ട് ഏഴു മണിയോടെ ജയ്സാൽമേറിൽ ഡിയോകി നിവാസ് ഹോട്ടലിൽ എത്തിച്ചേർന്നു. ഹോട്ടൽമുറികൾ എല്ലാ സൗകര്യങ്ങളും ഉള്ളവയായിരുന്നു. ഒക്ടോബർ-നവംബർ മാസങ്ങളിൽ ഈ മുറികളുടെ വാടക പതിനായിരത്തോളമെത്തും എന്നാണ് ഗൈഡ് പറഞ്ഞത്. ഒരുവിധം എല്ലാ സ്ഥലങ്ങളിലും ഏതെങ്കിലും മലയാളം ചാനൽ കിട്ടും എന്നത് ഞങ്ങൾക്ക് ഒരത്ഭുതം തന്നെയായിരുന്നു. അത്താഴം കഴിച്ചു നേരത്തെ ഉറങ്ങി.

രാജസ്ഥാൻ യാത്രയുടെ അഞ്ചാം ദിവസമായ 2024 ഏപ്രിൽ 2 രാവിലെ പ്രഭാതഭക്ഷണത്തിനു ശേഷം 8 മണിയോടെ ഞങ്ങളുടെ വാഹനം ജയ്സാൽമെറിൽ നിന്നും പാകിസ്ഥാൻ അതിർത്തിയിലേക്കുള്ള കുതിപ്പ് ആരംഭിച്ചു. കുറച്ചു ചെല്ലുമ്പോൾത്തന്നെ താർ മരുഭൂമി ആരംഭിക്കുകയാണ്. നിരത്തിൽ ഉടനീളം മരീചികകൾ കാണാം. ഇരുവശവും മണൽക്കാടാണു കാണുന്നത്. വലിയ കുന്നുകളും ജലം ആവശ്യമില്ലാത്ത ചില കുറിയ വൃക്ഷങ്ങളും ഇടയ്ക്കിടെ ചില മരുപ്പച്ചകളും അവിടൊക്കെ മനുഷ്യരോടൊപ്പം ഒട്ടകം ഉൾപ്പെടെയുള്ള വളർത്തുമൃഗങ്ങളും ചെറിയ കൃഷിസ്ഥലങ്ങളും എല്ലാം ചേർന്ന് ഒരു പ്രത്യേക അനുഭവം. നിരത്ത് പൊതുവേ വിജനമെന്നു പറയാം. കുന്നുകളുടെ ഉയരംപോലെതന്നെ അതിശയകരമാണ് അതിനിടയിൽ ഇടയ്ക്കിടെ പ്രത്യക്ഷപ്പെടുന്ന ചുഴലിക്കാറ്റും. ഇടയ്ക്കിടെ ചെറുതും വലുതുമായ പട്ടാള ക്യാമ്പുകളും കാണാം. നിരത്തിൽ അധികവും സേനയുടെ വലുതും ചെറുതുമായ വാഹനങ്ങളാണു കാണുന്നത്. ഏകദേശം 10.30 ഓടെ താനോട് മാതാ ക്ഷേത്രഗോപുരത്തിങ്കൽ എത്തിച്ചേർന്നു. ജയ്സാൽമേർ ജില്ലയിലെ ഈ ക്ഷേത്രം ഭാരതത്തിന്റെ പടിഞ്ഞാറെ അതിർത്തിയിൽ പാകിസ്ഥാന്റെ വളരെ അടുത്തായി സ്ഥിതിചെയ്യുന്നു. ഗാധി ദേവിയുടെ പുത്രിയായ ആവദ് ദേവിയെയാണ് താനോട് മാതാ എന്ന പേരിൽ ഇവിടെ ആരാധിക്കുന്നത്. 1971-ലെ ഇന്ത്യ-പാകിസ്ഥാൻ യുദ്ധത്തിൽ നിർണ്ണായക യുദ്ധം നടന്ന ലോൺഗേവാലാ ഈ ഗ്രാമത്തിനു വളരെ അടുത്താണ്. ക്ഷേത്രത്തിന്റെ നിർമ്മാണവും പ്രതിഷ്ഠയും നടന്നത് എ.ഡി. 828-ൽ ഭാട്ടി രജപുത്ര രാജാവായിരുന്ന താണു റാവുവിന്റെ കാലഘട്ടത്തിലാണ്. 1965-ലെ ഇന്ത്യ-പാക്ക് യുദ്ധസമയത്ത് പാകിസ്ഥാൻ 300-ൽ അധികം ബോംബുകൾ ഈ ക്ഷേത്രത്തിനു നേരേ പ്രയോഗിച്ചെങ്കിലും അവയെല്ലാം ഒന്നുകിൽ ഉന്നം തെറ്റിപോവുകയോ പൊട്ടാതിരിക്കുകയോ ആണുണ്ടായത്. യുദ്ധാനന്തരം ക്ഷേത്രത്തിന്റെ നിയന്ത്രണം ബി.എസ്.എഫ് ഏറ്റെടുക്കുകയും സ്ഥിതി ഇപ്പോഴും തുടരുകയും ചെയ്യുന്നു. ക്ഷേത്രദർശനത്തിനുശേഷം വീണ്ടും അതിർത്തിയിലേക്കുള്ള യാത്ര ആരംഭിച്ചു. ഉച്ചയ്ക്ക് 12 മണിയോടെ 1971-ലെ യുദ്ധം നടന്ന ലോൺഗേവാലയിൽ എത്തിച്ചേർന്നു. അവിടത്തെ യുദ്ധസ്മാരകം കാണേണ്ട കാഴ്ചയാണ്. അനവധി ആയുധങ്ങളും ടാങ്കുകളും വിമാനങ്ങളും പ്രദർശിപ്പിച്ചിട്ടുള്ളതു കൂടാതെ യുദ്ധത്തിൽ വീരമൃത്യു വരിച്ച ധീരജവാന്മാരുടെ രൂപങ്ങൾ ഉൾപ്പെടെ പല കാഴ്ചകളുമുണ്ട്. സൈന്യത്തിന്റെ ട്രെഞ്ചിനുള്ളിലൂടെ ഒരു ചെറിയ യാത്രയും യുദ്ധസംബന്ധിയായ ടെലിഫിലിം പ്രദർശനവുമുണ്ട്. എല്ലാം കണ്ടു കഴിഞ്ഞ് സൈന്യത്തിന്റെ നിയന്ത്രണത്തിലുള്ള ബോർഡർ കഫേയിൽ നിന്ന് ഉച്ചഭക്ഷണവും കഴിച്ചതിനുശേഷമാണ് ഞങ്ങൾ മരുഭൂമിയുടെ വ്യത്യസ്ത ഭാവങ്ങൾ അനുഭവിച്ചറിയാൻ അതിനുള്ളിലേക്കു പുറപ്പെട്ടത്. ജയ്സാൽമേറിൽ നിന്നും ഒരു അർദ്ധവൃത്താകൃതിയിൽ സഞ്ചരിച്ചാണ് നമ്മൾ ലോൺഗേവാലായിൽ എത്തുന്നത്. അവിടെ നിന്ന് മറ്റേ അർദ്ധവൃത്തം പൂർത്തിയാക്കി നാം വീണ്ടും ജയ്സാൽമേറിൽ എത്തിച്ചേരുന്നു എന്നതാണ് ഏകദേശ കണക്ക്. ലോൺഗേവാലയിൽ നിന്നു മണൽക്കാട്ടിലൂടെ രണ്ടു മണിക്കൂറോളം യാത്ര ചെയ്ത് ഒരു സ്ഥലത്തെത്തുന്നു. അവിടെ സഞ്ചാരികൾക്കായി ടെന്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ടെന്റിനുള്ളിൽ കട്ടിൽ, കസേര, ടീപ്പോയ്, ഫാൻ തുടങ്ങിയ ആർഭാടങ്ങളുമുണ്ട്. ബാത്ത് റൂമും വളരെ വൃത്തിയുള്ളതാണെന്നു പ്രത്യേകം പറയട്ടെ. വൈകിട്ട് അഞ്ചുമണി

യോടെ അതിഥികളെ ജീപ്പിൽ മരുഭൂമിയിലേക്കു കൊണ്ടുപോകും. അവിടെ ഒട്ടകസവാരി ഉൾപ്പടെ പല വിനോദങ്ങളുമുണ്ട്. ഇരുട്ട് പരക്കുന്നതോടെ പാട്ടും നൃത്തങ്ങളും മറ്റും ആരംഭിക്കും. ബുഫേ അത്താഴത്തിനുശേഷം നമ്മെ ടെന്റിൽ തിരികെ എത്തിക്കും. രാത്രി അവിടെ താമസിച്ച് പ്രഭാതത്തിൽ യാത്ര തുടരാം. ടെന്റിൽ താമസിക്കുന്നതിനോട് മായയും മകൾ അമ്മുവും അത്ര തൃപ്തി കാണിച്ചില്ല എന്നതിനാൽ ഞങ്ങൾ അന്നു തന്നെ ജയ്സാൽമേറിൽ ഞങ്ങളുടെ പഴയ ഹോട്ടലിലേക്കു തിരികെ പോയി.

ഏപ്രിൽ 3-നു രാവിലെ 9 മണിയോടെ ജയ്സാൽമേർ കോട്ടയിലേക്കു തിരിച്ചു. ജയ്സാൽമേർ കോട്ടയെ വർണ്ണിക്കുന്നതിനു പരിമിതികളുണ്ട്. ലോകത്തിലേക്കും ഏറ്റവും വലിയ കോട്ടകളിൽ ഒന്നാണ് ജയ്സാൽമേർ കോട്ട. രജപുത്ര രാജാവായിരുന്ന റാവൽ ജയ്സാൽ 1156-ൽ പണികഴിപ്പിച്ചതാണിത്. താർ മരുഭൂമിയിലെ ത്രികൂട എന്ന കുന്നിനുമുകളിൽ മഞ്ഞനിറമുള്ള മണൽക്കല്ലുകൾ കൊണ്ടാണ് ഈ അതിഗംഭീരമായ കോട്ട പണിതുയർത്തിയിരിക്കുന്നത്. മഞ്ഞക്കല്ലുകളാൽ നിർമ്മിച്ചതിനാൽ പകൽസമയത്ത് ഇരുണ്ട് സിംഹത്തിന്റെ നിറമാർന്ന കോട്ട അസ്തമയസൂര്യന്റെ രശ്മികളേറ്റ് സ്വർണ്ണനിറമാകുന്നു. ജൈസാൽമേർ നഗരത്തിലെ ഏകദേശം നാലിൽ ഒരു ഭാഗം ജനങ്ങളും ഈ കോട്ടയ്ക്കുള്ളിൽ ജീവിക്കുന്നതിനാൽ 'ജീവനുള്ള കോട്ട' എന്നും ഇതിനെ വിളിക്കുന്നുണ്ട്. പതിമൂന്നാം നൂറ്റാണ്ടിൽ അലാവുദ്ദീൻ ഖിൽജിയുടെ ആക്രമണമുണ്ടാവുകയും അന്നത്തെ രാജാവായിരുന്ന റാവൽ സൈറ്റ് സിങ്ങ് പരാജയപ്പെടുകയും ചെയ്തു. തുടർന്ന് അന്തഃപുരസ്ത്രീകൾ ആത്മാഹുതി ചെയ്യുകയും പുരുഷന്മാർ യുദ്ധത്തിൽ വീരമൃത്യു വരിക്കുകയും ചെയ്തു. അങ്ങനെ കുറേക്കാലം കോട്ട സുൽത്താന്മാരുടെ കൈവശത്തിലായി. പിന്നീടു പതിനെട്ടാം നൂറ്റാണ്ടുവരെ കോട്ട മുഗൾഭരണത്തിൻ കീഴിലായിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഈസ്റ്റ് ഇന്ത്യാ കമ്പനിയുമായി സഖ്യം ചേർന്ന് മുൽരാജ് എന്ന രജപുത്ര രാജാവ് അധികാരം തിരിച്ചു പിടിച്ചു. ബ്രിട്ടിഷ് ഭരണകാലത്ത് ജയ്സാൽമേർ വലിയൊരു വാണിജ്യകേന്ദ്രമായി വളർന്നു. സ്വാതന്ത്ര്യത്തിനു ശേഷം പാകിസ്ഥാൻ വേർപെട്ടപ്പോൾ ഗതാഗത തടസ്സമുണ്ടാവുകയും അങ്ങനെ ജയ്സാൽമേറിന്റെ വ്യാപാരമേഖല തളരുകയും ചെയ്തു. പിന്നീട് വിനോദസഞ്ചാര കേന്ദ്രം എന്ന നിലയിൽ ഈ നഗരം കുതിച്ചുയർന്നു. ആയിരത്തി അഞ്ഞൂറടി നീളവും എഴുനൂറ്റി അൻപതടി വീതിയുമുള്ള കോട്ടയുടെ ഉയരം 250 അടിയാണ്. ആക്രമണങ്ങളെ നേരിടാനുള്ള സജ്ജീകരണങ്ങൾ അടങ്ങിയതാണ് ഇതിന്റെ നിർമ്മിതി. തൊണ്ണൂറ്റി ഒൻപത് കൊത്തളങ്ങളുള്ള ഈ കോട്ടയുടെ മുകൾഭാഗത്ത് പീരങ്കി ഉൾപ്പടെ ആയുധങ്ങൾ ഉറപ്പിക്കാനുള്ള സംവിധാനങ്ങളുമുണ്ട്. ജൈനക്ഷേത്രങ്ങൾ കൂടാതെ സാംഭവനാഥ ക്ഷേത്രം, ലക്ഷ്മിനാഥ് ക്ഷേത്രം തുടങ്ങിയ ആരാധനാലയങ്ങളും ജയ്സാൽമേർ കോട്ടയ്ക്കുള്ളിലുണ്ട്. നാലായിരത്തിലധികം കുടുംബങ്ങൾ ഇതിനുള്ളിൽ പാർക്കുന്നതു കൂടാതെ ധാരാളം വ്യാപാര സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. അഗ്രഹാരങ്ങൾക്കു സമാനമായ ഹവേലികൾ ധാരാളമായി കോട്ടക്കുള്ളിലുണ്ട്. വ്യാസ് ഹവേലി, നൽ ഹവേലി തുടങ്ങിയവ വളരെ പ്രസിദ്ധമാണ്. ഇവിടത്തെ ശ്രീനാഥ് കൊട്ടാരത്തിലാണ് ഒരു കാലത്ത് ജയ്സാൽമേറിലെ പ്രധാനമന്ത്രി താമസിച്ചിരുന്നത്. ഇവിടത്തെ ജലനിർഗ്ഗമന സംവിധാനം വളരെ പ്രശസ്തമാണ്. വിഭജനകാലത്ത് പാക്കിസ്ഥാനിലേക്കു പോകാൻ ഈ അതിർത്തി പ്രദേശത്തെ ജനങ്ങൾക്ക് അവസരമുണ്ടായപ്പോൾ അന്നത്തെ രാജാവ് എല്ലാവർക്കും കോട്ടയിൽ താമസ സൗകര്യം കൊടുത്തു.


പിന്നീട് ഞങ്ങൾ ഗാഡിസർ തടാകത്തിലേക്കു പുറപ്പെട്ടു. ജയ്സാൽമേർ നഗരത്തിന്റെ തെക്കുഭാഗത്തു സ്ഥിതിചെയ്യുന്ന കൃത്രിമ തടാകമാണ് ഗാഡിസർ തടാകം. ജയ്സാൽമേറിന്റെ സ്ഥാപകനായ റാവൽ ജയ്സാൽ ആണ് ഈ തടാകവും നിർമ്മിച്ചത്. അക്കാലത്ത് ജയ്സാൽമേർ മേഖലയിലെ ശുദ്ധജല വിതരണം പൂർണ്ണമായും ഈ തടാകത്തിൽ നിന്നായിരുന്നു. പിന്നീട് ഗാഡ്സി സിംഗ് ഈ തടാകം പുനർനിർമ്മിച്ചു. അങ്ങനെയാണിത് ഗാഡ്സിയർ തടാകമായി മാറിയത്. ധാരാളം വിനോദസഞ്ചാരികൾ നിത്യേന ഇവിടെ എത്താറുണ്ട്. അനവധി ഹിന്ദു ദേവീദേവന്മാരുടെ ആരാധനാലയങ്ങളും തടാകത്തിനോടു ചേർന്നുണ്ട്. വൈകിട്ട് 5 മണിയോടെ ഞങ്ങൾ ഹോട്ടലിൽ നിന്നും റെയിൽവേ സ്റ്റേഷനിലെത്തി. ഏഴു മണിക്കുള്ള ദില്ലി വണ്ടിയിൽ ദില്ലിയിലേക്കു യാത്ര തിരിച്ചു.

*(തുടരും)*

പുസ്തകജാലകം



# ഒരു ഭിഷഗ്വരന്റെ ഓർമ്മക്കുറിപ്പുകൾ





**213–B**
**ഹേമാംബിക നഗർ റെയിൽവേ കോളനി**
**ഡോ. പി.സി. സുധീരൻ**
**പേജ്: 408 വില : 480 രൂപ**

ഡോ. പി.സി. സുധീരൻ എഴുതിയ '213-B ഹേമാംബികാ നഗർ റെയിൽവേ കോളനി' എന്ന പുസ്തകം വായിച്ചു. ലേഖകന്റെ എഴുവയസ്സു മുതൽ ഇരുപത്തിയെട്ടു വയസ്സുവരെയുള്ള കാലത്തെ ഓർമ്മക്കുറിപ്പുകളാണ് ഈ പുസ്തകത്തിൽ. ഗ്രീൻ ബുക്സാണ് പ്രസാധനം ചെയ്തിരിക്കുന്നത്. നാലു ഭാഗങ്ങളായിട്ടാണ് അവതരണം. ആദ്യ രണ്ടു ഭാഗങ്ങളിലും അദ്ദേഹം അച്ഛനുമമ്മയും സഹോദരിയും സഹോദരനുമൊത്തു താമസിച്ചിരുന്ന റെയിൽവേ കോളനിയാണ് പശ്ചാത്തലം. ഒന്നാം ഭാഗം 'റെയിൽവേ സ്കൂൾ മുതൽ എൻഎസ്എസ് സ്കൂൾവരെ' എന്ന തലവാചകം സൂചിപ്പിക്കുന്നതുപോലെ തന്നെ സ്കൂളുമായി ബന്ധപ്പെട്ട അനുഭവങ്ങളാണ്. കോളനിവാഴ്ച എന്ന രണ്ടാം ഭാഗം റെയിൽവേ കോളനിയെക്കുറിച്ചുള്ള ഓർമ്മകളാണ്. കേരളത്തിന് പുറത്തേയ്ക്ക് യാത്ര ചെയ്യുന്നവർക്ക് സുപരിചിതമായ പാലക്കാട് ജങ്ഷൻ പരിസരവും, അതായത് പാലക്കാടിനടുത്തുള്ള സഹ്യപർവ്വതത്തിന്റെ മടിയിൽ തലവച്ചുറങ്ങുന്ന ഒലവക്കോട് എന്ന പ്രദേശം, ആണ് ഒന്നും രണ്ടും ഭാഗത്തിന്റെ പശ്ചാത്തലം. ഇവയിലെ ബാല്യത്തിലെ കളികളും കൗതുകങ്ങളും വികൃതികളും ഗൃഹാതുരത്വമുണർത്തുന്നു. ആ പ്രദേശത്തെ മലകളും കുന്നുകളും വയലുകളും മറ്റും വർണ്ണിക്കുന്നത് കവിതപോലെ മനോഹരമായിരിക്കുന്നു. വടക്കൻ വൈദ്യപഠനം എന്ന മൂന്നാം ഭാഗം എംബിബിഎസ് പഠിച്ച കാശ്മീരിന്റെ പശ്ചാത്തലത്തിൽ ആണ്. ഒരു ഗ്രാമപ്രദേശത്തുനിന്ന് അന്യദേശത്തെത്തുമ്പോൾ അനുഭവിക്കുന്ന പരിചയക്കേടും ബുദ്ധിമുട്ടുകളും അറിയാത്ത പലരിൽ നിന്നും ലഭിക്കുന്ന സഹായങ്ങളും പാഠങ്ങളും ജീവിതരീതിയുമായി ഇഴുകിച്ചേരലും 'ഭൂമിയിലെ സ്വർഗ്ഗം' എന്ന് വിശേഷിപ്പിക്കപ്പെടുന്ന ആ ഭൂപ്രകൃതിയുടെ വർണ്ണനകളും എല്ലാം ആ ഭാഗത്തെ രസകരമാക്കുന്നു. ദില്ലി ദിനങ്ങൾ എന്ന നാലാം ഭാഗം ഭാരതത്തിന്റെ തലസ്ഥാന നഗരത്തിലേക്കുള്ള ചുവടുമാറ്റവും അവിടെ ബിരുദാനന്തരബിരുദത്തിനുള്ള ശ്രമവും കാണാം. വിജയകരമായ മടക്കയാത്രയ്ക്കുള്ള തയ്യാറെടുപ്പോടെ പുസ്തകം കഴിയുന്നു. അനായാസം ഒഴുകുന്ന രചനാശൈലിയാണ് ഈ പുസ്തകത്തിൽ ഉടനീളം കാണുന്നത്. എഴുത്തിൽ പാലിച്ചിരിക്കുന്ന കൈയടക്കംമൂലം മിക്കവാറും എല്ലാ അദ്ധ്യായവും തനതായ കുറിപ്പായി, ചെറുകഥപോലെ, വായിച്ചുപോകാം. ഇടയ്ക്കിടയ്ക്ക് കാണുന്ന സ്വതസ്സിദ്ധവും നിർമ്മലവുമായ നർമ്മവും വായന രസകരമായ അനുഭവമാക്കി മാറ്റുന്നു. പരാജയത്തിൽ തളരാത്ത പ്രതീക്ഷയുടെയും പരിശ്രമത്തിന്റെയും അനുകമ്പയുടെയും ഗുരുത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും വിജയത്തിന്റെയും പ്രകാശം വായന ഹൃദ്യമാക്കുന്നു. ഉയരങ്ങൾ താണ്ടുമ്പോഴും ജീവിതത്തിരക്കിൽപ്പെട്ടു പായുമ്പോഴും കണ്ട ദേശങ്ങൾ, ഭൂപ്രകൃതി, അയൽപക്കക്കാർ, അദ്ധ്യാപകർ, സുഹൃത്തുക്കൾ, നാട്ടുകാർ, അവർ പകർന്ന അറിവും കഥകളും എല്ലാം മറക്കാതെ സൂക്ഷിച്ചു വച്ചു എന്നത് അത്ഭുതപ്പെടുത്തുന്നു. ബാല്യത്തിന് മടിത്തട്ടൊരുക്കിയ സഹ്യപർവ്വതത്തെപ്പോലെ, വളരാൻ പടികളൊരുക്കിയ കാശ്മീര ഹിമാലയത്തെപ്പോലെ മാനം മുട്ടെ ഉയർന്നുനിൽക്കുമ്പോൾ ഭൂമിയിൽ കാലൂന്നി നിൽക്കുന്ന മനസ്സിനെ വിനയപൂർവ്വം നമസ്കരിച്ച് എന്റെ വാക്കുകൾ ചുരുക്കുന്നു.

**വിനോദ് വർമ്മ**
ചെന്നൈ, മൊ. 9840031531

## ബാലവേദി / വളരുന്ന പ്രതിഭകൾ



# ARTIFICIAL INTELLIGENCE

**Arnav Varma**
Machine Learning Engineer at Gather AI

Artificial Intelligence is a multi-disciplinary subject that combines concepts from computer science, psychology, mathematics, and statistics to mimic humans or rather, tasks that require human-intelligence, and to make predictions based on known data.

Artificial Intelligence is now ubiquitous in our lives. For e.g.

1. Voice assistants like Siri and Alexa.
2. Recommendation systems such as for movies and series on OTTs or for shopping items on sites such as Amazon and Flipkart
3. Self-driving cars
4. Detecting financial fraud, spam, harmful intent, and fact-check on social media (e.g. Grok).
5. Robotics
6. Language translation and latest "multi-purpose" AI such as ChatGPT, Gemini, Sonnet etc.
7. Image enhancements in smartphones and editing apps, and analysing image categories in collections such as Google Photos.
8. Drones - for warfare including defence systems such as the Iron Dome, as well as automation
9. Pricing models and other predictive models in finance.

**Places to study AI in India**

1. IITs - IITB, IITD, IITM, IITK, ITKGP, IITR, IITG, IIT-Jodhpur, Hyderabad, Gandhinagar, BHU.
2. IISc
3. IIIT-Hyd, IIIT-D, IIIT-B
4. IISERs
5. BITS Pilani

(While some of these places might offer undergraduates in AI or Data Science, it is ideal to get a degree in Computer Science, Electronics, or Mathematics and do projects related to computer science to have a deeper understanding of concepts.)

**Job Scope**

As one might guess from the AI applications discussed above, all big tech companies as well as various start ups and medium-sized firms (both India and abroad) hire people to work on AI for their recommendation systems, image analysis products, chatbots, translators, self-driving cars, and financial models.

However, it is also common for some companies to ask for a masters degree or an undergraduate degree from a highly-ranked university when hiring for such roles.

●

കഥ



# The Blind Beggar

**Madhav S. Pandala**
Class V, Bhavans Vidya Mandir
Ernakulam

Once upon a time there lived a blind beggar named Jack. He begged every day, but he always got only some dollars. He would keep it safe in paper cup. One day a man named Vivek stole his money and threatened him for following him, and then only he would give the money back. So Jack followed Vivek (with a stick, so that it would support him) until they reached a dense forest. Vivek left him there and came back, but on his way he stumbled upon a rock and fell on a heap of thorns, making him blind. Coming back to Jack, he slept on the back of the bushes. When he woke up he heard noises. Scared, he stayed there and listened. It was animals' sounds. A wolf, a leopard, a bear and a lion were talking. The lion asked the wolf, "Why did you call us in a meeting?" the wolf said, "I have the biggest secret, he continued, "when I was blind I went near a river flowing near us half a mile away". The lion said,"Okay, let's keep this secret", he said. "Meeting dismissed". Lion said again. Jack who was pleased to hear this walked half a mile away. He found the river, dipped his face. He got his eyesight, and he was very happy. He lived in a house and lived a happy life. One day a man came and knocked on Jack's door. Jack opened the door, and saw a man who was blind. The blind beggar said "Please give me some money". He recognised Vivek immediately. He told all about the river. Vivek thanked him and left. He reached the river, when he again stumbled upon a rock and fell into the river and drowned. After the news of Vivek's death, Jack lived happily ever after. ●



## വനിതാ വിഭാഗം ഭാരവാഹികൾ [കുറ്റിലഞ്ഞി]



സതി രാജേന്ദ്ര രാജ
(പ്രസിഡന്റ്)




ജയശ്രീ രാമവർമ്മ
(സെക്രട്ടറി)



സുനിത ദിനേശ്
(ട്രഷറർ)



# കലാപ്രതിഭ





ഗൗതം ഡി. വർമ്മ

വളരെ ചെറുപ്പം മുതൽതന്നെ കല, സാഹിത്യം മുതലായ രംഗങ്ങളിൽ പ്രാഗൽഭ്യം തെളിയിച്ചുവരുന്ന ധാരാളം കുട്ടികൾ നമ്മുടെ സമുദായത്തിലുണ്ട്. ഇതിൽ കലാവിരുതിൽ മികവു തെളിയിച്ചു വരുന്ന ഒരു പ്രതിഭയാണ് **ഗൗതം ഡി. വർമ്മ**. താമരശ്ശേരി അൽഫോൺസാ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പ്ലസ് 2 വിന് പഠിക്കുന്നു. ഹിന്ദുദൈവങ്ങളുടെ രൂപങ്ങൾ ടെറാകോട്ട ക്ലേ ഉപയോഗിച്ചും പെയിന്റ് ചെയ്തും നെറ്റിപ്പട്ടം, തിടമ്പ് എന്നിവ പല തരത്തിലുള്ള ആർട്സ് & ക്രാഫ്റ്റ് മെറ്റീരിയൽസ്, ഇമിറ്റേഷൻ ആഭരണങ്ങൾ എന്നിവ ഉപയോഗിച്ചും നിർമ്മിക്കുന്നു. മാതാവ് ചാഴൂർ കോവിലകം സരിതാവർമ്മ. പിതാവ് തിരുത്തൂർ നടുവിൽമഠം (തൃശൂർ) ദിനേശ് കെ. വർമ്മ. കോഴിക്കോട് ബാലുശ്ശേരിയിലാണ് താമസം.










# അഭിനന്ദനങ്ങൾ




കോഴിക്കോട് NIT യിൽ നിന്ന് BTech മെക്കാനിക്കൽ എഞ്ചിനീയറിങ്ങിൽ 94% മാർക്കോടെ ഉന്നത വിജയം കരസ്ഥമാക്കിയ **എം. കൃഷ്ണപ്രസാദ് വർമ്മ**. തിരുവാണിയൂർ 'നിർമ്മാല്യ' ത്തിൽ മുരളി ജി. വർമ്മയുടെയും രാധിക ജി. വർമ്മയുടെയും മകനും അഞ്ചേരി വടുക്കൂട്ടു മഠത്തിൽ അനിയൻ തിരുപ്പാടിന്റെയും വൈക്കത്ത് തങ്ക നമ്പിഷ്ടാതിരിയുടെയും കൊച്ചു മകനുമാണ്.



ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും A+ നേടിയ **ഗോവർദ്ധൻ ഉണ്ണി**. സംസ്ഥാന കലോത്സവത്തിൽ തുടർച്ചയായി മൂന്നു വർഷം ചാക്യാർ കൂത്തിന് എ ഗ്രേഡ് നേടിയിട്ടുണ്ട്. കൊരട്ടി സ്വരൂപം ഉണ്ണിക്കൃഷ്ണന്റെയും രശ്മിയുടെയും മകനും മോഹൻ കുമാറിന്റെയും നെല്ലായ പുത്തൻ കോവിലകം ശോഭയുടെയും ചെറുമകനുമാണ്.




ഈ വർഷത്തെ സിബിഎസ്ഇ +2 പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ **സ്നേഹിത് എസ്. വർമ്മ**. പയ്യന്നൂർ മണിയൻ റോഡ് ടി. എം. സുരേന്ദ്രനാഥിന്റെയും രമ്യ യു. പണ്ടാലയുടെയും മകനാണ്.



ഈ വർഷത്തെ സിബിഎസ്ഇ പത്താം ക്ലാസ് പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ **ആദിത്യ**. കരിവെള്ളൂർ മതിരക്കോട് 'പ്രസാദ' ത്തിൽ ടി.എം. പ്രസിനയുടെയും രൂപേഷ് കുമാറിന്റെയും മകനാണ്.



ഈ വർഷത്തെ ഡിഗ്രി പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ **ജി.കെ. വിസ്മയ**. കരിവെള്ളൂർ യൂണിറ്റ് അംഗങ്ങളായ ഇ.എം ഗോവിന്ദന്റെയും സുധാമണി കണ്ടക്കൈയുടെയും മകളാണ്.



ഈ വർഷത്തെ പത്താം ക്ലാസ് സിബിഎസ്ഇ പരീക്ഷയിൽ ഉയർന്ന മാർക്കു നേടി വിജയിച്ച **ലക്ഷ്മി വർമ്മ**. കുറ്റിലഞ്ഞി സഭയിലെ രജിത് വർമ്മയുടെയും ദിവ്യ വർമ്മയുടെയും മകളാണ്.




ഇക്കഴിഞ്ഞ എസ് എസ് എൽ സി സ്റ്റേറ്റ് സിലബസ് പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ **നിവേദ് വർമ്മ**. കുറ്റിലഞ്ഞി സഭാംഗങ്ങളായ രാമവർമ്മയുടെയും ജയശ്രീയുടെയും മകനാണ്.




ഇക്കഴിഞ്ഞ എസ് എസ് എൽ സി സ്റ്റേറ്റ് സിലബസ് പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ **അദ്രിജ വർമ്മ**. കുറ്റിലഞ്ഞി സഭാംഗങ്ങളായ അനൂപ് വർമ്മയുടെയും സൂര്യയുടെയും മകളാണ്.



ഈ വർഷത്തെ പത്താം ക്ലാസ് സി ബി എസ് ഇ പരീക്ഷയിൽ ഉയർന്ന മാർക്കു നേടി വിജയം കൈവരിച്ച **സിദ്ധാർഥ് വെങ്കടേഷ്**. കുറ്റിലഞ്ഞി ക്ഷത്രിയ ക്ഷേമ സഭയിലെ അംഗങ്ങളായ വെങ്കടേഷ്-ശാന്തി ദമ്പതികളുടെ മകനാണ്.



ഈ വർഷത്തെ പ്ലസ് 2 സ്റ്റേറ്റ് സിലബസ് കൊമേഴ്സ് വിഭാഗത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ **ദേവസൂര്യ വർമ്മ**. കുറ്റിലഞ്ഞി മെമ്പർ മാരായ പ്രദീപ് വർമ്മയുടെയും ശ്രീലജ വർമ്മയുടെയും മകനാണ്.



ഈ വർഷത്തെ പ്ലസ് 2 ഐഎസ്സി പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ **അർജുൻ സുരേഷ് വർമ്മ**. കുറ്റിലഞ്ഞി സഭാ മെമ്പർമാരായ സുരേഷ് വർമ്മയുടെയും സുപ്രിയയുടെയും മകനാണ്.



സസ്യശാസ്ത്രത്തിൽ ഉന്നത നിലയിൽ ബിരുദം കരസ്ഥമാക്കിയ **കൃഷ്ണ കെ വർമ്മ**. കുറ്റിലഞ്ഞി ക്ഷത്രിയ ക്ഷേമ സഭയിലെ കിഷോർ വർമ്മയുടെയും സിന്ധുവിന്റെയും മകളാണ്.



Bachelor of Computer Applications (BCA) പ്രശസ്ത നിലയിൽ പാസ്സായ **കൈലാസ്. എസ്. വർമ്മ**. കുറ്റിലഞ്ഞി യൂണിറ്റ് മെമ്പർമാരായ സന്തോഷ് വർമ്മയുടെയും ധന്യയുടെയും മകനാണ്.



ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ **കാഞ്ചന കെ. വർമ്മ**. പന്തളം നാലുകെട്ടു കൊട്ടാരത്തിൽ (സാകേതം) കെ.ആർ. കേരള വർമ്മയുടേയും പള്ളത്തു കൊട്ടാരത്തിൽ സീതാലക്ഷ്മി വർമ്മയുടേയും മകളാണ്.



ഇൻഡസ്ട്രിയൽ കെമിസ്ട്രിയിൽ ബിഎസ്സി ബിരുദം നേടിയ **അശ്വിനി വർമ്മ.** കുറ്റിലഞ്ഞി യൂണിറ്റ് മെമ്പർമാരായ പ്രദീപ് വർമ്മയുടെയും ശ്രീലജ വർമ്മയുടെയും മകളാണ്.



നവി മുംബൈ SIES ഗ്രാജുവേറ്റ് സ്കൂൾ ഓഫ് ടെക്നോളജിയിൽ നിന്ന് ഇലക്ട്രോണിക്സ് ആൻഡ് ടെലികമ്മ്യൂണിക്കേഷൻസിൽ ബി.ടെക്. കരസ്ഥമാക്കിയ **അദ്വൈത് രാജീവ് വർമ്മ**. കുറ്റിലഞ്ഞി സഭയിലെ രാജീവ് വർമ്മയുടെയും പ്രസീദ വർമ്മയുടെയും മകനാണ്.



പ്ലസ് 2 പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ നേടി (95%) മികച്ച വിജയം കരസ്ഥമാക്കിയ **അഖിലേഷ് വർമ്മ കെ.എൻ.** നീലേശ്വരം യൂണിറ്റ് പ്രസിഡന്റ് വടക്കേ കോവിലകം വി.സി. കൃഷ്ണ വർമ്മ രാജയുടെയും ദുർഗ്ഗ കെ.എൻ ന്റെയും മകനാണ്.

## ഉദ്യോഗലബ്ധി



തൃപ്പൂണിത്തുറ ആർ എൽ വി ഗവ. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ അധ്യാപികയായി പിഎസ്സി വഴി നിയമനം ലഭിച്ച **ഡോ. അപർണ്ണ പ്രദീപ് എസ്.കെ.** ക്ഷത്രിയ ക്ഷേമസഭ ശ്രീകണ്ഠാപുരം യൂണിറ്റ് അംഗവും കരിവെള്ളൂരിലെ ഇ.എം. പ്രദീപ് കുമാറിന്റെയും കാവുമ്പായിയിലെ എസ്.കെ. വത്സലയുടെയും മകളുമാണ്.

# യൂണിറ്റ് വാർത്തകൾ - വിശേഷങ്ങൾ

## തിരുവനന്തപുരം

തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയുടെ ഭരണസമിതി യോഗവും സഭയുടെ വനിതാ വിഭാഗത്തിന്റെ ഭരണസമിതി യോഗവും എല്ലാ മാസങ്ങളിലും കൂടുകയും കണക്കും പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു പാസ്സാക്കുകയും ചെയ്യുന്നു. കൂടുതൽ സഭാ പ്രവർത്തനങ്ങൾക്കുവേണ്ടി ചർച്ചകൾ നടന്നുവരുന്നു. ഈ കാലയളവിൽ വിട്ടു പിരിഞ്ഞ സഭാ മെമ്പർമാരായ റ്റി.ആർ. രാമവർമ്മ, വൈശാഖ് എന്നിവരുടെ വിയോഗത്തിൽ സഭ അനുശോചനം രേഖപ്പെടുത്തി. കൂടാതെ സഭാ മെമ്പർമാരുടെ അടുത്ത ബന്ധുക്കളായ പി.പി. കൃഷ്ണപിള്ള, സോനി വർമ്മ, സി.യു.ആർ. വർമ്മ, ഉദയവർമ്മ, ഹരീന്ദ്ര വർമ്മ, ആർ. കേരളവർമ്മ, സുശീലാബായി തമ്പുരാട്ടി, സുരേന്ദ്രവർമ്മ രാജ, സോമവർമ്മ എന്നിവരുടെ നിര്യാണത്തിലും അനുശോചനം രേഖപ്പെടുത്തി.

ഒ.എൻ.വി. പുരസ്കാര ജേതാവ് പ്രഭാവർമ്മ, സ്വാതി തിരുനാൾ സംഗീതസഭയുടെ 2025-ലെ കലാശ്രേഷ്ഠ് പുരസ്കാരം നേടിയ പ്രൊഫ. എസ്. ഈശ്വരവർമ്മ, വയലാർ രാമവർമ്മ സാംസ്കാരികവേദി ഗാനപുരസ്കാരം നേടിയ പ്രൊഫ. കുമാര കേരളവർമ്മ, ഫ്രഞ്ച് ഗവൺമെന്റിന്റെ ഷെവലിയർ പുരസ്കാരം നേടിയ പൂയം തിരുനാൾ ഗൗരി പാർവ്വതി ബായി, ASMMA സംഘടിപ്പിച്ച മത്സരത്തിൽ കവറിങ് സോങ്ങിന് സ്പെഷ്യൽ ജൂറി അവാർഡ് നേടിയ ഡോ. പല്ലവി വർമ്മ, കേരള ശാസ്ത്രഗതി മാസികയുടെ പത്രാധിപരായി നിയമിതനായ ഡോ. ആർ. അജയകുമാർ വർമ്മ എന്നിവരെ സഭ അനുമോദിച്ചു. വനിതാ വിഭാഗത്തിന്റെ വിവിധ ബിസിനസ്സുകളിൽ നിന്നും കിട്ടിയ ലാഭവിഹിതത്തിൽ നിന്ന് 11,500 രൂപ സഭാ ട്രഷറർക്ക് വനിതാ വിഭാഗം പ്രസിഡന്റ് രമണീ വർമ്മ ഭരണസമിതി യോഗത്തിൽ നൽകുകയുണ്ടായി.

കേന്ദ്രസഭയുടെയും തിരുവനന്തപുരം സഭയുടെയും റിയാക്റ്റിന്റെയും 'ക്ഷാത്രസ്പന്ദന'ത്തിന്റെയും കൂടിയുള്ള ഓഫീസ് പ്രവർത്തിക്കുന്ന സുന്ദരവിലാസം കൊട്ടാരം ഓഫീസിന്റെ അറ്റകുറ്റപ്പണികൾ സഭ നടത്തുകയും ഏകദേശം 40,000 രൂപ ചിലവുവന്ന തുകയിൽ 15,000 രൂപ തിരുവനന്തപുരം സഭയുടെ വിഹിതം ട്രഷറർ പ്രസിഡന്റിന് കൈമാറി.

### പൈങ്കുനി ഉത്സവം

ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തോടനുബന്ധിച്ച് 2025 ഏപ്രിൽ 10-ാം തീയതി നടന്ന പള്ളിവേട്ടയിലും 11-ാം തീയതിയിലെ ആറാട്ട് ഘോഷയാത്രയിലും തിരുവനന്തപുരം ക്ഷത്രിയ ക്ഷേമ സഭയിലെ അംഗങ്ങൾ ഉത്സാഹപൂർവ്വം അകമ്പടി സേവിച്ചു. ഉത്സവത്തോടനുബന്ധിച്ച് ഏപ്രിൽ 6-ാം തീയതി കിഴക്കേനടയിൽ നടത്തിയ തിരുവാതിരകളിയിൽ കൃഷ്ണ ജയകുമാറിന്റെ നേതൃത്വത്തിൽ യൂണിറ്റിലെ വനിതാംഗങ്ങൾ പങ്കെടുത്തു.

2025-ലെ പ്ലസ് ടു പരീക്ഷയിൽ വിജയിച്ച സാകേത് വർമ്മ, ആര്യ എസ്.എസ്. വർമ്മ എന്നിവരെയും പത്താതരം പരീക്ഷയിൽ ഉന്നതമാർക്കോടെ വിജയിച്ച രുഗ്മിണി വർമ്മ, ഭദ്ര എസ്. നമ്പൂതിരി, തനുശ്രീ വർമ്മ, നന്ദിത വർമ്മ, വൈഷ്ണവി ആർ. വർമ്മ, നവനീത് വർമ്മ, ശ്രീരാജ് വർമ്മ, തേജസ് വർമ്മ, കൃഷ്ണദേവ്



സമ്മാനാർഹരായ കുട്ടികൾ

വർമ്മ, ഭദ്ര എസ്. വർമ്മ എന്നിവരെ സഭയുടെ സർട്ടിഫിക്കറ്റും ഉപഹാരങ്ങളും നൽകി അനുമോദിച്ചു. മുതിർന്ന അംഗവും റിട്ട. അദ്ധ്യാപകനുമായ പ്രൊഫ. രഘുനാഥ വർമ്മ ആശംസകൾ നേർന്നു. അദ്ദേഹത്തിന്റെ ചെറിയ ഉപഹാരം എല്ലാ വിജയികൾക്കും തദവസരത്തിൽ നൽകി. യുവജന വിഭാഗത്തിൽ നിന്നും അരുണിമാ വർമ്മ, നവനീത വർമ്മ എന്നിവർ ഭാവിയിൽ പഠനകാര്യങ്ങൾ എങ്ങനെയെല്ലാമാണ് വേണ്ടതെന്ന് ഉപദേശിച്ചു സംസാരിച്ചു. തുടർന്ന് നെയ്യാറ്റിൻകര നൂറുൽ ഇസ്ലാം കോളേജിലെ ഹ്യൂമൻ ഫിസിയോളജി പ്രൊഫസറും നമ്മുടെ സഭാംഗവുമായ പ്രൊഫ. സനാ വർമ്മ കുട്ടികൾക്കായി മോട്ടിവേഷൻ ക്ലാസ് നടത്തി. ചടങ്ങിൽ പ്രസിഡന്റ് കിഷോർകുമാർ വർമ്മ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ജയചന്ദ്ര വർമ്മ സ്വാഗതം ആശംസിച്ചു. ജോ.സെക്രട്ടറി കൃഷ്ണകുമാരി കുട്ടികളെ സദസ്സിനു പരിചയപ്പെടുത്തി. വനിതാവിഭാഗം സെക്രട്ടറി ശ്രീകല വർമ്മ കൃതജ്ഞത രേഖപ്പെടുത്തി.

മഹാനായ ചിത്രകാരൻ രാജാ രവിവർമ്മയുടെ 177-ാം ജന്മദിനാഘോഷം 2025 ഏപ്രിൽ 29-ന് കിളിമാനൂർ കൊട്ടാരത്തിൽ നടന്നു. പാലസ് പ്രസിഡന്റ് കെ. ദിവാകരവർമ്മയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പാലസ് ട്രസ്റ്റ് ജന. സെക്രട്ടറി രാമവർമ്മ തമ്പുരാൻ സ്വാഗതം പറഞ്ഞു. എസ്. അംബിക എം.എൽ.എ ഉദ്ഘാടനം നിർവ്വഹിച്ചു. ചടങ്ങിൽ പ്രമുഖ ചിത്രകാരന്മാരെ ആദരിച്ചു. പരേതയായ ആർട്ടിസ്റ്റ് മാലതി തമ്പുരാട്ടി വരച്ച രാജാ രവിവർമ്മയുടെ ചിത്രം അനാച്ഛാദനം ചെയ്തു. സമൂഹ ചിത്രരചനാ ക്ലാസ്സും സംഘടിപ്പിച്ചു. രാജാ രവിവർമ്മയെക്കുറിച്ച് മായാവർമ്മ രചിച്ച് രാമവർമ്മ തമ്പുരാൻ സംഗീതം നിർവ്വഹിച്ച 'പ്രണാമം' എന്ന വീഡിയോ സംഗീത ആൽബം ചടങ്ങിൽ പ്രദർശിപ്പിച്ചു.

തിരുവനന്തപുരം ക്ഷത്രിയ ക്ഷേമ സഭയിലെ മുതിർന്ന അംഗങ്ങളുടെ കൂട്ടായ്മയായ 'സ്നേഹ സൗഹൃദ'ത്തിന്റെ യോഗത്തിൽ മുതിർന്ന അംഗങ്ങൾ അനുഷ്ഠിക്കേണ്ട വ്യായാമ മുറകളും ആരോഗ്യ പരിപാലനവും എന്ന വിഷയത്തെ ആസ്പദമാക്കി പഠനക്ലാസ് സംഘടിപ്പിക്കുകയുണ്ടായി. 2025 ജൂൺ 22-ാം തീയതി ഞായറാഴ്ച രംഗവിലാസം ഹാളിൽ നടന്ന പരിപാടിയിൽ



യോഗാദ്ധ്യാപികയും കുടപ്പനക്കുന്ന് ത്രിഫല ആയുർവേദ ആൻഡ് യോഗ സെന്ററിലെ അദ്ധ്യാപികയുമായ ഡോ. അനില ആർ.എസ്. യോഗയുടെ ഗുണങ്ങളെക്കുറിച്ച് പ്രസംഗിക്കുകയും മുതിർന്ന അംഗങ്ങൾക്ക് വീട്ടിലിരുന്നുതന്നെ നിത്യേന ചെയ്യാവുന്ന യോഗചര്യകൾ അഭ്യസിപ്പിക്കുകയും ചെയ്തു. പോഷകമൂല്യങ്ങൾക്ക് പ്രാധാന്യം നൽകിയുള്ള ആഹാരക്രമത്തെയും ആരോഗ്യ പരിപാലനത്തെയും കുറിച്ച് പ്രസ്തുത ആശുപത്രിയിലെ ഡോ. അഞ്ജന എസ്. പ്രസംഗിച്ചു. ക്ലാസുകളെടുത്തവർക്ക് മുതിർന്ന അംഗം ടി.എൻ. ആദിത്യവർമ്മ സഭയുടെ ഉപഹാരം നൽകി. സഭാ പ്രസിഡന്റ് ആർ. കിഷോർകുമാർ വർമ്മ, സെക്രട്ടറി പി.കെ. ജയചന്ദ്ര വർമ്മ എന്നിവരും സംസാരിച്ചു. തുടർന്ന് 'അദ്ധ്യാപനരംഗത്തെ മൂല്യശോഷണം' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ചർച്ചയ്ക്ക് റിട്ട. അദ്ധ്യാപകനും സഭയുടെ മുൻ പ്രസിഡന്റുമായ കെ. രാഘവ വർമ്മ തുടക്കമിട്ടു. മാറുന്ന അദ്ധ്യാപന രീതികളെയും വിദ്യാഭ്യാസ സമ്പ്രദായത്തിലെ മാറ്റങ്ങളെയും അനുബന്ധ വിഷയങ്ങളെയും കുറിച്ച് പ്രതിപാദിച്ച ചർച്ച ഒരു മണിക്കൂർ നീണ്ടുനിന്നു. അംഗങ്ങൾ ഉത്സാഹത്തോടെ ചർച്ചയിൽ പങ്കെടുത്തു. ഭാഗ്യ നറുക്കെടുപ്പിലൂടെ 3 പുരുഷന്മാർക്കും 3 സ്ത്രീകൾക്കും സമ്മാനം നൽകുകയുണ്ടായി. ഉച്ചഭക്ഷണത്തോടെ സ്നേഹസൗഹൃദത്തിന്റെ സംഗമം പര്യവസാനിച്ചു.

## തൃശൂർ

മെയ് 25-ന് വൈകിട്ട് 3.30 മണി മുതൽ സഭയുടെ ആഭിമുഖ്യത്തിൽ ചെമ്പുക്കാവ് എഞ്ചിനിയേഴ്സ് ഹാളിൽ വച്ച് 'വയോജന പരിപാലനം' എന്ന വിഷയത്തെ ആസ്പദമാക്കി എം. പരമേശ്വരൻ പ്രഭാഷണം നടത്തി. ദൃശ്യ-ശ്രവ്യസംവിധാന സഹായത്തോടെയായിരുന്നു പ്രഭാഷണം. സുമിത്ര വർമ്മ ആലപിച്ച കൃഷ്ണസ്തുതിയോടെ യോഗം ആരംഭിച്ചു. സെക്രട്ടറി ശങ്കർ വർമ്മ




സ്വാഗതം നേർന്നു. പി.സി. സുധീരൻ പ്രഭാഷണ വിഷയത്തെയും പി. രവിവർമ്മ പ്രഭാഷകനെയും പരിചയപ്പെടുത്തി. വാർദ്ധക്യത്തിലെ ഓരോ ലക്ഷണങ്ങളും ജീവിതത്തെ എങ്ങനെ പ്രതികൂലമായി സ്വാധീനിക്കുന്നുവെന്ന് കാര്യകാരണസഹിതം അദ്ദേഹം വിവരിച്ചു. തുടർന്ന് വ്യായാമത്തിന്റെ ഉപയോഗങ്ങളും സാമാന്യ പ്രയോഗങ്ങളും വിവരിച്ചു. മറ്റു പ്രശ്നങ്ങളായ ഉറക്കം, ഓർമ്മക്കുറവ്, മറവി, ഡിമെൻഷ്യ എന്നിവയെക്കുറിച്ച് ഉദാഹരണ സഹിതം വിവരിച്ചു. ശാരീരിക ശുചിത്വം നിലനിർത്തേണ്ടതിന്റെ ആവശ്യകത വിസ്തരിച്ച് പറഞ്ഞു. വാർദ്ധക്യത്തിൽ അധിക സാദ്ധ്യതയുള്ള വീഴ്ചകളും ആഘാതങ്ങളും ഒഴിവാക്കുവാനുള്ള തയ്യാറെടുപ്പുകളെക്കുറിച്ച് വിവരിച്ചു. ഒടിവുചതവുകൾ മുതൽ തലയ്ക്കുണ്ടാകുന്ന ക്ഷതം വരെ ഈ പ്രായത്തിൽ വീഴ്ച മൂലം സംഭവിക്കാം. ഇത് ഒഴിവാക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം എടുത്തു പറഞ്ഞു. വൃദ്ധരെ പരിചരിക്കുന്നവർക്ക് വേണ്ടതായ ചില അറിവുകളും വിവരിച്ചു. ബെഡ് സോർ വരാതെ നോക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നൽകി. വാർദ്ധക്യകാലത്ത് സ്വസ്ഥത കൈവരിക്കാനും പ്രദാനം ചെയ്യുവാനും എന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്ന് വിവരിക്കുന്ന പ്രഭാഷണം സദസ്യർക്ക് അത്യന്തം ഉപയോഗപ്രദമായി. പ്രഭാഷണശേഷം വിവിധങ്ങളായ സ്ഥിതിഗതികളെപ്പറ്റി ക്രിയാത്മകമായ സംവാദങ്ങളും ചർച്ചകളും നടന്നു.

ട്രഷറർ ദിലീപ് വർമ്മ നന്ദിപ്രകടനം നടത്തി. യോഗത്തിൽ വളരെ പ്രതികൂലമായ കാലാവസ്ഥയെ അവഗണിച്ചും 37 പേർ പങ്കെടുത്തു എന്നത് പ്രസ്തുത വിഷയത്തിന്റെ പ്രാധാന്യത്തെയും മെമ്പർമാർക്കുള്ള താൽപ്പര്യത്തെയും ഉത്സുകതയെയും കാണിക്കുന്നതായി സംഘാടകർക്ക് അനുഭവപ്പെട്ടു. യോഗത്തിൽ പങ്കെടുത്തവർക്ക് ലഘു ഭക്ഷണവും ഏർപ്പാടു ചെയ്തിരുന്നു.

തൃശ്ശൂർ ക്ഷത്രിയ ക്ഷേമ സഭയുടെ പുതിയ വനിതാ വിഭാഗം ഭാരവാഹികളെ തിരഞ്ഞെടുത്തു. ഡോ. ബിന്ദു കെ.കെ. (പ്രസിഡന്റ്), സന്ധ്യാ വർമ്മ (വൈസ് പ്രസിഡന്റ്), ദീപ പ്രസാദ് (സെക്രട്ടറി), സജിത. ആർ (ജോ. സെക്രട്ടറി), പ്രേമലത. എസ് (ട്രഷറർ).

*കമ്മിറ്റി അംഗങ്ങൾ:* തമ്പാൻ സുധ കേരളവർമ്മ, നിർമ്മല വർമ്മ. ടി, സുധ വർമ്മ, ലളിത മോഹൻ, സുമിത്ര. ടി

## പന്തളം

മെയ് 16-ന് വടക്കേ കൊട്ടാരത്തിൽ, യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയും വനിതാ വിഭാഗവും സംയുക്തമായി യോഗം ചേരുകയുണ്ടായി. ഈശ്വര പ്രാർത്ഥനയോടെ തുടങ്ങിയ യോഗത്തിൽ പതിനഞ്ചോളം അംഗങ്ങൾ പങ്കെടുത്തു. പ്രാരംഭമായി നടന്ന അനുശോചന യോഗത്തിൽ പന്തളം കൊട്ടാരം കുടുംബാംഗങ്ങളായ കൈപ്പുഴ ലക്ഷ്മീവിലാസം കൊട്ടാരത്തിൽ അംബത്തമ്പുരാട്ടിയുടേയും പന്തളം വടക്കേമുറി പുത്തൻ കോയിക്കൽ ആർ. കേരള വർമ്മ (കൊച്ചു കേരളവർമ്മ) യുടേയും വിയോഗത്തിൽ ആദരാഞ്ജലിയർപ്പിച്ചു. സജീവമായ പല ചർച്ചകൾക്കും വഴിതുറന്ന മീറ്റിംഗ്, പെൻഷൻ കുടിശ്ശികയുടെ വിശദവിവരങ്ങൾ ചർച്ച ചെയ്തു. വടക്കേ കൊട്ടാരം കമ്മറ്റി ഹാളിലേക്ക് 10 കസേര കൂടി സഭ വാങ്ങുകയുണ്ടായി.



മാവേലിക്കരയിൽ നടന്ന ജി. രവീന്ദ്ര വർമ്മ ജന്മശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് പന്തളം ക്ഷത്രിയ സഭയെ പ്രതിനിധീകരിച്ച് ശാഖാ പ്രസിഡന്റ് രാഘവവർമ്മ രാജാ ആശംസയർപ്പിച്ചു സംസാരിച്ചു. വനിതാ വിഭാഗം നൂതന സംരംഭങ്ങൾ തുടങ്ങുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. അതിന്റെ പ്രാരംഭ സംരംഭം എന്ന നിലയിൽ 'കളിയടയ്ക്ക' ഉണ്ടാക്കി വിതരണം നടത്തി. ഇതിലേക്കായുള്ള ഫണ്ട് സ്വരൂപിക്കുന്നതിനായുള്ള 100 രൂപ ചലഞ്ചിൽ ഒട്ടുമിക്ക വനിതാ അംഗങ്ങളും പങ്കാളികളായി. ജൂൺ 14 ശനിയാഴ്ച ചെങ്കൽ, ആഴിമല ക്ഷേത്രദർശനം നടത്തി. 18 പേരോളം യാത്രയിൽ പങ്കെടുത്തു. പന്തളം കൊട്ടാരംവക ശിവക്ഷേത്രത്തിലെ പ്രതിഷ്ഠാദിന പൂജകൾ ജൂലായ് 2, ബുധനാഴ്ച സമുചിതമായി ആചരിച്ചു. കുടുംബാംഗങ്ങളോടൊപ്പം ക്ഷത്രിയസഭാംഗങ്ങളും പൂജയിൽ പങ്കെടുത്തു.



## കരപ്പുറം

2025 ഏപ്രിൽ 6 ഞായറാഴ്ച കരപ്പുറം ക്ഷത്രിയ സഭയുടെ കുടക്കീഴിൽ വേമ്പനാട്ട് കായലിലൂടെ ഒരു പുരവഞ്ചി യാത്ര നടത്തി. ഇരുപത്തിയേഴു കുടുംബാംഗങ്ങൾ ഉത്സാഹപൂർവ്വം പങ്കെടുത്ത യാത്ര രാവിലെ പത്തു മണിക്ക് തണ്ണീർമുക്കത്തു നിന്ന് ആരംഭിച്ചു. പല വിനോദങ്ങളിൽ ഏർപ്പെട്ട കുടുംബാംഗങ്ങൾ അവരവരുടെ കഴിവുകൾ പലതും പ്രദർശിപ്പിച്ചു. ഉച്ചഭക്ഷണം കഴിഞ്ഞ് എല്ലാവരും ചേർന്ന് തമ്പോലകളി ഉണ്ടായിരുന്നു. വൈകിട്ട് അഞ്ചുമണിയോടെ യാത്ര തണ്ണീർമുക്കത്ത് അവസാനിച്ചു.

വൈക്കം ശ്രീ മഹാദേവക്ഷേത്രത്തിൽ 12 വർഷത്തിലൊരിക്കൽ നടക്കുന്ന വടക്കുപുറത്തു പാട്ടിനോടനുബന്ധിച്ച് ഏപ്രിൽ പത്തിന് വൈക്കം യൂണിറ്റിന്റെ നേതൃത്വത്തിൽ ക്ഷത്രിയ ക്ഷേമ സഭ വനിതാവേദിയുടെ കുടക്കീഴിൽ നടന്ന താലപ്പൊലിയിൽ കരപ്പുറം ക്ഷത്രിയ സഭയുടെ ഇരുപത്തിയെട്ട് അംഗങ്ങൾ പങ്കെടുത്തു. വനിതാ പങ്കാളിത്തം കൊണ്ടും വൈക്കം ശാഖയുടെ ശ്ലാഘനീയമായ ഒരുക്കങ്ങൾ കൊണ്ടും താലപ്പൊലി വൻ വിജയമായി മാറി എന്നത് പ്രത്യേകം സൂചിപ്പിക്കുന്നു.

2025 ഏപ്രിൽ 18-ന് ക്ഷത്രിയ ക്ഷേമ സഭ യുവജനവേദിയുടെ നേതൃത്വത്തിൽ ഇരിങ്ങാലക്കുടയിൽ നടന്ന ക്രിക്കറ്റ് മത്സരത്തിൽ കരപ്പുറം ക്ഷത്രിയ സഭയുടെ യുവജനവേദി ആവേശപൂർവ്വം പങ്കെടുത്തു. ഈ മത്സരത്തിൽ ഏറ്റവും നല്ല വിക്കറ്റ് കീപ്പറായി ഹരീഷ് വർമ്മയേയും ഏറ്റവും നല്ല ഫീൽഡറായി സുമിത് വർമ്മയേയും തെരഞ്ഞെടുത്തു.

2025 മെയ് 10-ന് ചേർത്തല വേട്ടയ്ക്കൊരുമകൻ ക്ഷേത്രത്തിൽ നടന്ന പാട്ടുത്സവത്തിൽ കരപ്പുറം ക്ഷത്രിയ സഭാംഗങ്ങൾ ഭക്ത്യാദരപൂർവ്വം ആദ്യവസാനം പങ്കെടുത്തു.

2025 ജൂൺ 14-ന് നടന്ന നിർവ്വാഹക സമിതി യോഗം കരപ്പുറം ക്ഷത്രിയ സഭയുടെ എഴുപത്തിരണ്ടാം വാർഷിക സമ്മേളനം 2025 ജൂലൈ 13 ഞായറാഴ്ച നടത്താൻ തീരുമാനിച്ചു.

## വെള്ളാരപ്പിള്ളി

സഭയുടെ ഒരു കമ്മിറ്റി 2025 ജൂൺ 22-ന് കൂടുകയുണ്ടായി. അതിൽ താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു:

കേന്ദ്രസഭയുടെ നിർദ്ദേശപ്രകാരം പൊളിറ്റിക്കൽ പെൻഷൻ കിട്ടുന്നവരിൽ നിന്ന് കേന്ദ്ര സഭയ്ക്ക് കുറഞ്ഞത് 10000 രൂപ എന്ന നിരക്കിൽ സംഭരിക്കുക; കിട്ടുന്ന മുറയ്ക്ക് കേന്ദ്ര സഭയെ ഏൽപ്പിക്കുക.

സഭയുടെ ഓണാഘോഷം സെപ്റ്റംബർ 7 ഞായർ രാവിലെ പൂക്കളത്തോടെ വൈകിട്ട് വരെ കലാകായിക പരിപാടികളും ഓണസദ്യയും ഓണപ്പാട്ടും എല്ലാമായി ആഘോഷിക്കും.

ജൂലൈ 22-ന് വെള്ളാരപ്പിള്ളി യൂത്ത് വിങ് പ്രായഭേദമില്ലാതെ ചെസ്സ്, കാരംസ് മത്സരങ്ങൾ നടത്തുന്ന വിവരം അറിയിച്ചു.

KKSY Cricket league ന്റെ മൂന്നാമത്തെ സീസണിൽ വെള്ളാരപ്പിള്ളി സ്പാർട്ടൻസ് റണ്ണേഴ്സ് അപ്പ് ആയി.



ഈ ടൂർണമെന്റിൽ വെള്ളാരപ്പിള്ളിയുടെ വിഷ്ണു പ്രസാദ്. കെ 'മാൻ ഓഫ് ദി സീരീസ്' ആയി തിരഞ്ഞെടുക്കപ്പെട്ടു. കൂടാതെ വെള്ളാരപ്പിള്ളിക്ക് 3 മാൻ ഓഫ് ദി മാച്ച് അവാർഡുകളും ലഭിച്ചു.

വെള്ളാരപ്പിള്ളി ക്ഷത്രിയ സഭയിലെ ഏറ്റവും മുതിർന്ന വനിത വടക്കേ കോവിലകത്ത് രാധ



തമ്പുരാന്റെ 96-ാം പിറന്നാൾ സമുചിതമായി ആഘോഷിച്ചു. വനിതാവേദി അവരെ ആദരിച്ചു.

## വൈക്കം

വൈക്കം ശ്രീ മഹാദേവക്ഷേത്രത്തിൽ 12 വർഷത്തിലൊരിക്കൽ നടന്നുവരാറുള്ള വടക്കുപുറത്തു പാട്ടിനോടനുബന്ധിച്ച് ഉപസഭകളിലെ താൽപ്പര്യമുള്ള ദേവീഭക്തരെ സംഘടിപ്പിച്ച് വനിതാവിഭാഗം സംഘടിപ്പിച്ച താലപ്പൊലി പ്രൗഢഗംഭീരമായി നടന്നു. ജൂൺ 29-ന് സഭയുടെ



പൊതുയോഗം നടന്നു. എസ്.എസ്.എൽ.സിക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്കുള്ള ഈ വർഷത്തെ തങ്കക്കുട്ടിത്തമ്പാട്ടി കേരളവർമ്മ തിരുമുല്പാട് സ്മാരക ഫലകവും ക്യാഷ് അവാർഡും ഗായത്രി വർമ്മയ്ക്കുവേണ്ടി മുത്തശ്ശി നിർമ്മലാ വർമ്മയ്ക്ക് യഥാക്രമം അംബികാവർമ്മ, ഹരിവർമ്മ എന്നിവർ കൈമാറി. കൂടാതെ വൈക്കം യൂണിറ്റിന്റെ വകയായി ക്യാഷ് അവാർഡ് സെക്രട്ടറി പ്രേമചന്ദ്ര വർമ്മ നൽകി. യോഗത്തിൽ 41 അംഗങ്ങൾ പങ്കെടുത്തു.



റിയാക്ടിലേക്കായി രവിവർമ്മ (സൗപർണ്ണിക, കല്ലറ) 5,000 രൂപയുടെ ചെക്ക് സഭാ ഭാരവാഹികളെ ഏൽപ്പിച്ചു.

## കുറ്റിലഞ്ഞി

ഏപ്രിൽ 13-ാം തീയതി പ്രസിഡന്റ് കൃഷ്ണവർമ്മയുടെ വസതിയിൽ നടന്ന വിഷുസംഗമം സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായിട്ടുള്ള യൂണിറ്റിന്റെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ വൻ വിജയമായിരുന്നു. യൂണിറ്റംഗങ്ങൾക്ക് രക്ഷാധികാരി വിഷുക്കൈനീട്ടം നൽകുകയും സംസ്ഥാന സമ്മേളന വിജയം ആഘോഷിക്കുകയും ചെയ്തു. സഭാംഗങ്ങൾ ഒന്നിച്ച് ലഹരി വിമുക്ത പ്രതിജ്ഞയെടുക്കുകയും ചെയ്തു.

ഏപ്രിൽ മാസം നടന്ന സംസ്ഥാന യൂത്ത് വിങ്ങിന്റെ ക്രിക്കറ്റ് ടൂർണമെന്റിൽ പങ്കെടുക്കുവാൻ യൂണിറ്റിന് സാധിച്ചു. യൂണിറ്റിലെ യൂത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ നടന്ന ക്രിക്കറ്റ് മത്സരത്തിൽ പങ്കെടുക്കുവാൻ സാധിച്ചതിൽ വളരെ അഭിമാനമുണ്ട്.

എല്ലാ മാസവും നടത്തുന്ന കുടുംബ സംഗമത്തിൽ കുടുംബാംഗങ്ങളെല്ലാം പങ്കെടുക്കുന്നുണ്ട് എന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കി എല്ലാ മാസവും ഓരോരോ കുടുംബങ്ങളിൽ വച്ച് കുടുംബ





സൗഹൃദ സമ്മേളനങ്ങൾ നടത്തുവാനും അതിലൂടെ സഭയിലെ അംഗങ്ങളുടെ പരസ്പര സഹകരണവും വിശ്വാസവും ഊട്ടി ഉറപ്പിക്കുവാനും യൂണിറ്റിന് സാധിക്കുന്നുണ്ട്.

യൂണിറ്റിലെ കുടുംബാംഗങ്ങളുടെ കുട്ടികൾ എസ്എസ്എൽസി, പ്ലസ് ടു, ഡിഗ്രി തുടങ്ങിയ വിദ്യാഭ്യാസ മേഖലകളിൽ വിജയം വരിച്ച വിവരം സസന്തോഷം അറിയിച്ചുകൊള്ളുന്നു.

കോയമ്പത്തൂർ ഇഷാ സെന്ററിലും മലമ്പുഴ ഡാമിലും വിനോദ തീർത്ഥയാത്ര നടത്തുവാൻ ഈ കാലയളവിൽ സഭയ്ക്ക് സാധിച്ചു.

കുറ്റിലഞ്ഞി സഭയുടെ നേതൃത്വത്തിൽ നടത്തുന്ന ചിട്ടിയിൽ 24 കുടുംബാംഗങ്ങൾ പങ്കെടുക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നതോടൊപ്പം കുടുംബാംഗങ്ങളുടെ സാമ്പത്തിക ഭദ്രതയ്ക്കുവേണ്ടി നടത്തുന്ന ഓണഫണ്ട് വൻ വിജയമായി എന്നും അറിയിക്കുന്നു.

കർക്കിടക മാസത്തിൽ നടന്നുവരുന്ന നാലമ്പല ദർശനത്തിനോടൊപ്പം മറ്റു തീർത്ഥാടനങ്ങളും നടത്തുന്നത് സഭയുടെ പരിഗണനയിലുണ്ട്. യൂണിറ്റ് വനിത കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയ വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.

## വനിതാ കമ്മിറ്റി റിപ്പോർട്ട്

കുറ്റിലഞ്ഞി സഭ ഏപ്രിൽ 13-ാം തീയതി യൂണിറ്റ് പ്രസിഡന്റ് കൃഷ്ണവർമ്മയുടെ വസതിയിൽ നടന്ന കുടുംബ സംഗമത്തിൽ പത്തംഗ വനിതാ കമ്മിറ്റി രൂപീകരിച്ചു.

സതി വർമ്മരാജ (പ്രസിഡന്റ്), ശ്രീദേവി വർമ്മ (വൈസ് പ്രസിഡന്റ്), ജയശ്രീ രാമവർമ്മൻ (സെക്രട്ടറി), ശ്രീലജാ വർമ്മ (ജോയിന്റ് സെക്രട്ടറി), സുനിത ദിനേശ് (ട്രഷറർ), ലളിതാംബിക വർമ്മ, ഹൈമവതി തമ്പുരാട്ടി, സുലോചന തമ്പുരാട്ടി (കമ്മിറ്റി മെമ്പർമാർ), സംസ്ഥാന വനിത ട്രഷറർ സുപ്രിയ സുരേഷ്, ധന്യ സന്തോഷ് (സംസ്ഥാന സമിതി അംഗങ്ങൾ) എന്നിവരെ തിരഞ്ഞെടുത്തു.

സഭയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് വനിതാ കുടുംബാംഗങ്ങൾ വളരെയധികം സഹകരിക്കുന്നുണ്ട് ഇനിയും ഒന്നുകൂടി മെച്ചപ്പെട്ട രീതിയിൽ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ശ്രമിക്കുന്നു.

കഴിഞ്ഞ ഏപ്രിൽ 10-ാം തീയതി വൈക്കം യൂണിറ്റ് നേതൃത്വം നൽകിയ വടക്കുപുറത്ത് പാട്ട് ഘോഷയാത്രയിൽ 25 വനിതാ കുടുംബാംഗങ്ങൾ പങ്കെടുത്തു എന്നതും വളരെ സന്തോഷമുള്ള കാര്യമാണ്. ഇനിയും സംസ്ഥാന വ്യാപകമായി നടത്തുന്ന പൊങ്കാല, വടക്കുപുറത്ത് പാട്ട്, മറ്റ് ആഘോഷങ്ങൾ എന്നിവയിൽ കുറ്റിലഞ്ഞി യൂണിറ്റ് പങ്കെടുക്കുമെന്ന് ഉറപ്പുനൽകുന്നു.

'ഓണത്തിന് ഒരു കുട്ടപ്പൂവ്' എന്ന ആശയത്തോടുകൂടി ചെണ്ടുമല്ലിപ്പൂവ് പരിപാലനത്തിന് വനിതാ കുടുംബാംഗങ്ങൾ തുടക്കം കുറിച്ചു. ഓണത്തിനോടനുബന്ധിച്ച് ഉപ്പേരി, ശർക്കര വരട്ടി തുടങ്ങിയവ വനിതാ സഭയുടെ നേതൃത്വത്തിൽ ഉണ്ടാക്കുവാനും വിതരണം ചെയ്യുവാനും തീരുമാനിച്ചു.

എല്ലാ മാസവും നടത്തുന്ന കുടുംബയോഗത്തിൽ വനിതാ വിഭാഗത്തിന്റെ നേതൃത്വത്തിൽ ലളിതാസഹസ്രനാമപാരായണം ചെയ്യുന്നതിനും തീരുമാനിച്ചു.

യൂത്ത് കമ്മിറ്റി അതിന്റെ കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിൽ വളരെ ഭംഗിയായി യൂത്തിന്റെ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എന്നാലും ഈ വരുന്ന ജൂലൈയിലെ കുടുംബ സംഗമത്തിൽ പ്രാദേശികാടിസ്ഥാനത്തിൽ ഒരു യൂത്ത് കമ്മിറ്റി രൂപീകരിക്കുവാനും സമീപത്തുള്ള മറ്റു യൂണിറ്റുകളുമായി ബന്ധപ്പെട്ട മത്സരങ്ങളും മറ്റു പരിപാടികളും നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

ജൂലൈ 20-ന് വെള്ളാരപ്പിള്ളി യൂത്ത് സഭയുടെ നേതൃത്വത്തിൽ നടക്കുന്ന ഇൻഡോർ ഗെയിംസിൽ യൂണിറ്റ് പങ്കെടുക്കുവാനുള്ള താൽപ്പര്യം അറിയിച്ചിട്ടുണ്ട്.

## പിലാത്തറ

ഈ കഴിഞ്ഞ മാസങ്ങളിൽ രണ്ട് എക്സിക്യൂട്ടീവ് യോഗങ്ങൾ നടന്നു. അതിൽ പ്രധാനമായും ഓണാഘോഷം, കുടുംബസംഗമം എന്നിവ ചർച്ചയായി. ഈ വരുന്ന സെപ്റ്റംബർ 7 ഞായറാഴ്ച ഓണാഘോഷം വിപുലമായി ആഘോഷിക്കാൻ തീരുമാനിച്ചു.

നമ്മുടെ സഭയ്ക്ക് സാന്നിദ്ധ്യം കൊണ്ട് ചൂടും വെളിച്ചവുമേകിയ കേശവതീരം ആയുർവേദ ആശുപത്രിയുടെ മാനേജിംഗ് ഡയറക്ടറായിരുന്ന വെദിരമന വിഷ്ണു നമ്പൂതിരിയുടെ അകാല വിയോഗം സഭയ്ക്ക് തീരാനഷ്ടമായി. അദ്ദേഹത്തിന് സഭ അനുശോചനം രേഖപ്പെടുത്തി.

2025-ലെ മെമ്പർഷിപ്പ് വാർഷിക വരിസംഖ്യ, 'ക്ഷാത്രസ്പന്ദനം' ത്രൈമാസിക, പ്രവർത്തന ഫണ്ട് തുടങ്ങിയവയുടെ പുതുക്കൽ പ്രവർത്തനം നടന്നുവരുന്നു.

ഓഗസ്റ്റ് 3-ന് തിരുവനന്തപുരത്ത് നടക്കുന്ന കേന്ദ്ര സഭയുടെ മീറ്റിംഗിൽ ഒരാളെ പങ്കെടുപ്പിക്കുവാൻ തീരുമാനിച്ചു.

## കോട്ടയം

ലഫ്. കേണൽ ജി.വി. രാജയുടെ പ്രതിമ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം അവിട്ടം തിരുനാൾ മെമ്മോറിയൽ ലൈബ്രറി ഭാരവാഹികൾ അനുവദിച്ചതായി അറിയിച്ചതിനെ തുടർന്ന് മെയ് 25-ന് പൂഞ്ഞാർ കൊട്ടാരം നാലുകെട്ടിൽ കോട്ടയം യൂണിറ്റിന്റെ ഒരു സ്പെഷ്യൽ കമ്മിറ്റി മീറ്റിംഗ് ചേർന്ന് ഫണ്ട് അനുവദിക്കുന്നതിനായി പൂഞ്ഞാർ എംഎൽഎയ്ക്ക് കത്ത് കൊടുക്കുവാൻ തീരുമാനിച്ചു. യോഗത്തിൽ പ്രസിഡന്റ്, സെക്രട്ടറി, രക്ഷാധികാരി, വൈസ് പ്രസിഡന്റ്, കൂടാതെ പൂഞ്ഞാറിൽ നിന്നുള്ള കമ്മിറ്റി അംഗം മഹേഷ് വർമ്മ, അശോക് വർമ്മ രാജ തുടങ്ങിയവർ പങ്കെടുത്തു. വനിതാ അംഗങ്ങൾക്ക് തിരുവാതിര പ്രാക്ടീസ് ചെയ്യുന്നതിന് കോട്ടയം നഗരത്തിൽ ഒരു ഹാൾ കണ്ടെത്തി. രാമേശ്വരം, നാലമ്പലം തീർത്ഥയാത്രകൾ നടത്തുന്നതിനെപ്പറ്റി തീരുമാനമെടുത്തു.



### വനിതാ വിഭാഗം

വ്യാഴവട്ടത്തിൽ ഒരിക്കൽ മാത്രം നടക്കുന്ന വൈക്കം മഹാദേവ ക്ഷേത്രത്തിലെ വടക്കുപുറത്തുപാട്ട് ഉത്സവത്തിൽ, ഏപ്രിൽ പത്തിന് നടത്തിയ ക്ഷത്രിയ വനിതകളുടെ താലപ്പൊലിയിൽ കോട്ടയത്തു നിന്ന് 18 പേർ പങ്കെടുത്തു. വൈശാഖ മാസത്തിൽ (27.04.25-27.05.25) നാരായണീയ പാരായണവും കീർത്തനാലാപനവുമായി ആചരിച്ചു. വിലാസിനി രാജൻ, ചന്ദ്രിക വർമ്മ, അഞ്ജലി അനീഷ്, പ്രിയ കണ്ണൻ, ശ്രീലക്ഷ്മി വർമ്മ, ശൈലജ മധുകുമാർ, മല്ലിക റാണി എന്നിവ



രാണ് വായനയിൽ പങ്കെടുത്തത്. സംസ്ഥാന കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ജൂൺ 15-ന് സമ്മേളനം നടത്തി പത്തംഗ ഭരണസമിതിയെ തിരഞ്ഞെടുത്തു. അംബികവർമ്മ (പ്രസിഡന്റ്), മല്ലിക റാണി (സെക്രട്ടറി), സരിതവർമ്മ (വൈസ് പ്രസിഡന്റ്), ശ്രീലക്ഷ്മി വർമ്മ (ജോയിന്റ് സെക്രട്ടറി), ബിന്ദു വർമ്മ (ട്രഷറർ), ഗീത വർമ്മ, പ്രിയ കണ്ണൻ, സന്ധ്യ വർമ്മ, ബീന വർമ്മ, ഗിരിജ വർമ്മ (കമ്മിറ്റി അംഗങ്ങൾ) എന്നിവരാണ് പുതിയ ഭാരവാഹികൾ. ജൂൺ 19 വായനദിനത്തോടനുബന്ധിച്ച് ഒരു റിവ്യു എഴുതൽ നടത്തി, ഇഷ്ടപ്പെട്ട പുസ്തകത്തിന്റെ ഒരു അവലോകനം. മല്ലിക റാണി (മുട്ടത്തു വർക്കിയുടെ 'ഒരുകുടയും കുഞ്ഞുപെങ്ങളും'), പ്രിയ കണ്ണൻ (അഖിൽ ധർമ്മജന്റെ 'റാം c/o ആനന്ദി'), ശ്രീജയ വർമ്മ (ആർ. രാജശ്രീയുടെ 'ആത്രേയകം') എന്നീ നോവലുകളുടെ റിവ്യു എഴുതി ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തു. അങ്ങനെ വളരെ നല്ല കൂട്ടായ്മയായി വനിത വിഭാഗം പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നു.

## തിരുവല്ല

കഴിഞ്ഞ റിപ്പോർട്ട് കാലാവധിക്കു ശേഷം രണ്ടു കമ്മിറ്റി മീറ്റിംഗുകൾ നടന്നു. മാസംതോറും നൽകി വരുന്ന പത്തുപേരുടെ പെൻഷൻ തൻമാസം മുതൽ ബാങ്കിൽ നിന്നും Standing Instruction നൽകി അയപ്പിക്കുവാൻ തീരുമാനിച്ചു. മാവേലിക്കര മണ്ണൂർ മഠത്തിലെ ലേഖാ വർമ്മയ്ക്ക് ചികിത്സാസഹായത്തിനായി സമാഹരിച്ചതിൽ മുമ്പു നൽകിയ തുകയ്ക്കു പുറമേ ബാങ്കിൽ ഉണ്ടായിരുന്ന തുക കൂടി പ്രസിഡന്റ് പി.ആർ. വർമ്മ, പി.കെ. ശ്രീകുമാർ, എം.കെ. സൂര്യകുമാർ വർമ്മ എന്നിവർ ചേർന്ന് താമസസ്ഥലത്ത് പോയി നൽകി.

ചികിത്സാ സഹായത്തിനായി സുമതി കോവിലമ്മയ്ക്ക് 10,000 രൂപ നൽകി. മുൻ കേന്ദ്ര മന്ത്രി രവീന്ദ്ര വർമ്മയുടെ ജന്മശതാബ്ദി ആഘോഷച്ചടങ്ങിൽ സംസ്ഥാന അദ്ധ്യക്ഷ ഡോ. എം. ലളിതാംബിക, കേന്ദ്രസഭാ ട്രഷറർ സൂര്യകുമാർ വർമ്മ, തിരുവല്ല സഭാ ഭരണസമിതി അംഗങ്ങളായ മഹേഷ് വർമ്മ, വിജയകുമാർ വർമ്മ, രാധികാ വർമ്മ, രാമവർമ്മ തമ്പുരാൻ, ഹൃഷികേശ് വർമ്മ, പി.കെ. ജയകുമാർ വർമ്മ എന്നിവർ പങ്കെടുത്തു. ഇതേ ചടങ്ങിൽ അദ്ദേഹത്തോടുള്ള ആദരസൂചകമായി തിരുവല്ല യൂണിറ്റിന്റെ ഒരു ആശംസാ ഫ്ളക്സ് സ്ഥാപിക്കുകയുണ്ടായി.



തിരുവല്ല ക്ഷത്രിയ ക്ഷേമസഭയുടെ മുൻ ഭാരവാഹിയും ദീർഘദർശിയും മികച്ച സംഘാടകനുമായിരുന്ന ടി.ആർ. രാമവർമ്മരാജയുടെ ഛായാചിത്രം സഭാഹാളിൽ അനാച്ഛാദനം ചെയ്തു. തദവസരത്തിൽ പി.ആർ. വർമ്മ (പ്രസിഡന്റ്), സജീവ് കെ. വർമ്മ (സെക്രട്ടറി), കേന്ദ്ര സഭാ ട്രഷറർ സൂര്യകുമാർ വർമ്മ, പി.കെ. ജയകുമാർ വർമ്മ, മഹേഷ് വർമ്മ, ശ്രീകുമാർ കർത്താ, മോഹനവർമ്മ എന്നിവർ സന്നിഹിതരായിരുന്നു.



റിപ്പോർട്ട് കാലയളവിൽ അന്തരിച്ച ഹരീന്ദ്ര വർമ്മ (ഹരിതം, ചാലാപ്പള്ളി, എഴുമറ്റൂർ), സുമതി കോവിലമ്മ (കടപ്ര), ദിലീപ് വർമ്മ (എണ്ണയ്ക്കാട് കൊട്ടാരം) എന്നിവരുടെ സംസ്കാരച്ചടങ്ങുകളിൽ സഭാഭാരവാഹികൾ പങ്കെടുക്കുകയും അനുശോചനം രേഖപ്പെടുത്തി ആദരസൂചകമായി മൃതദേഹത്തിൽ പട്ടു സമർപ്പിക്കുകയും ചെയ്തു.

### വനിതാ വിഭാഗം

ക്ഷത്രിയ ക്ഷേമ സഭ തിരുവല്ല യൂണിറ്റ് ജൂലൈ 6-ന് സഭാ പ്രസിഡന്റിന്റെ അധ്യക്ഷതയിൽ വനിതാവിഭാഗം മീറ്റിംഗ് കൂടുകയും, അതിൽ വനിതാ വിഭാഗത്തിന്റെ 10 അംഗ ഭരണസമിതിയെ തിരഞ്ഞെടുക്കുകയും ചെയ്തു. ശ്രീജാവർമ്മ (പ്രസിഡന്റ്), രേഖാവർമ്മ (വൈസ് പ്രസിഡന്റ്), രാജശ്രീ വർമ്മ (സെക്രട്ടറി), രാധികാ വർമ്മ (ജോയിന്റ് സെക്രട്ടറി), താരാവർമ്മ (ട്രഷറർ) എന്നിവരെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായി



തിരഞ്ഞെടുത്തു. കൂടാതെ, പ്രിയാ വർമ്മ, സ്നേഹ റാണി, സിന്ധുവർമ്മ, പ്രവീണാ വർമ്മ, പുഷ്പ ലത എന്നിവർ കമ്മിറ്റി അംഗങ്ങളായും കമലമ്മ ത്തമ്പുരാട്ടി രക്ഷാധികാരിയായും അഡ്വ. ഉമാ വർമ്മ നിയമോപദേശകയായും ചുമതലയേറ്റു. മീറ്റിംഗിൽ രാം മോഹൻ വർമ്മ, ലേഖാ വർമ്മ എന്നിവരെ ആദരിക്കുകയും വനിതകളിലും കുഞ്ഞുങ്ങളിലും കൃഷിയിൽ താൽപ്പര്യം വളർ ത്തിയെടുക്കുന്നതിന്റെ ഭാഗമായി പച്ചക്കറിത്തൈ കൾ വിതരണം ചെയ്യുകയുമുണ്ടായി. ക്ഷത്രിയ ക്ഷേമസഭ തിരുവല്ല യൂണിറ്റ് പ്രസിഡന്റ്, സെക്ര ട്ടറി, കൂടാതെ കമ്മിറ്റി അംഗങ്ങളുടെ സാന്നി ധ്യവും മീറ്റിംഗിൽ ഉടനീളമുണ്ടായിരുന്നു. വനിത കളുടെ പങ്കാളിത്തം കൊണ്ടും ക്രിയാത്മകമായ സഹകരണം കൊണ്ടും നല്ല ഫലവത്തായ ഒരു മീറ്റിംഗായി മാറിയെന്ന് പറയാതെവയ്യ.

## കരിവെള്ളൂർ

ഭരണസമിതി യോഗം 2025 ജൂൺ 7 ശനിയാഴ്ച വൈകുന്നേരം 3 മണിക്ക് യൂണിറ്റ് പ്രസിഡന്റ് പി.എം. സുബ്രഹ്മണ്യന്റെ ഓണക്കുന്നിലുള്ള വസതിയിൽ നടന്നു. യോഗത്തിൽ യൂണിറ്റ് വനിതാ വിഭാഗം സെക്രട്ടറി ഡോ. എം.എം. കവിത സ്വാഗതം പറഞ്ഞു. യൂണിറ്റ് പ്രസിഡന്റ് പി.എം. സുബ്രഹ്മണ്യൻ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യൂണിറ്റിലെ മുതിർന്ന അംഗവും കവിയും റിട്ട. അദ്ധ്യാപകനുമായ എം.എം. നാരായണൻ ഉണി ത്തിരിയുടെയും മുൻ യൂണിറ്റ് പ്രസിഡന്റും മുതിർന്ന അംഗവും അദ്ധ്യാപകനുമായ എൻ.കെ. നാരു ഉണിത്തിരിയുടെ സഹധർമ്മിണി ടി.എം. സത്യഭാമ യുടെയും ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുകയും പരേതാത്മാക്കൾക്ക് നിത്യ ശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് സെക്രട്ടറി ടി.എം. ശ്രീകുമാർ പ്രവർത്തന റിപ്പോർട്ടും ട്രഷറർ എൻ.കെ.കെ. ഉണിത്തിരി വരവ് ചിലവ് കണക്കും അവതരിപ്പിച്ച് സംസാരിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ എൻ.കെ. പരമേശ്വരൻ, ഇ.എം. കൃഷ്ണകുമാർ, കെ. ചന്ദ്രകാന്തൻ, എൻ.പി. ഉണ്ണികൃഷ്ണൻ, സി.കെ. മധു, സി.കെ. രാഘവൻ എന്നിവർ പങ്കെടുത്തു സംസാരിച്ചു. തുടർന്ന് 2025-ൽ എസ്എസ്എൽസി, പ്ലസ് ടു, ഡിഗ്രി, യു എസ് എസ്, സംസ്കൃതം സ്കോളർ ഷിപ്പ് എന്നിവ ലഭിക്കുന്നതിനുള്ള കുട്ടികളുടെ ലിസ്റ്റിന് അംഗീകാരം നൽകി. ഇവരെ ജൂലൈ 13-ന് യൂണിറ്റ് പ്രസിഡന്റ് പി.എം. സുബ്രഹ്മണ്യന്റെ വസതിയിൽ വച്ച് അനുമോദിക്കാനും ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും വിതരണം ചെയ്യു വാനും തീരുമാനിച്ചു. എൻ.കെ.കെ. ഉണിത്തിരി നന്ദി പറഞ്ഞു. യോഗം അഞ്ചുമണിക്ക് അവസാ നിച്ചു. ●

## വനിതാ വിഭാഗം ഭാരവാഹികൾ [തിരുവല്ല]



**ശ്രീജ വർമ്മ**
(പ്രസിഡന്റ്) 9947057564



**രാജശ്രീ വർമ്മ**
(സെക്രട്ടറി) 8086350629



**താരാ വർമ്മ**
(ട്രഷറർ) 9496127087

# ശ്രദ്ധാഞ്ജലി

## കോഴിക്കോട് സാമൂതിരി രാജ



കോഴിക്കോട് സാമൂതിരി രാജാ **കെ.സി. രാമചന്ദ്രൻ രാജ (93)** തീപ്പെട്ടു. സാമൂതിരി സ്വരൂപത്തിലെ കിഴക്കേ കോവിലകം ശാഖയിലെ അംഗമാണ്. Metal Box ൽ കമേഴ്സ്യൽ മാനേജരായും ബോംബെയിലെ ജാംലാൽ ബജാജ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ അദ്ധ്യാപകനായും സേവനമനുഷ്ഠിച്ചു. ബോംബെയിലെ ഗാർവരെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ എഡ്യൂക്കേഷൻ & ഡെവലപ്മെന്റിന്റെ സ്ഥാപക ഡയറക്ടർ, SP ജയിൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ ഡയറക്ടർ, ഗുജറാത്തിലെ വാപി യൂണിവേഴ്സിറ്റിയിലെ ഭരണ കൗൺസിൽ അംഗം എന്നീ പദവികൾ വഹിച്ചു. ഭാര്യ: കോട്ടയ്ക്കൽ പരപ്പിൽ കുടുംബാംഗം ഇന്ദിര രാജ. മക്കൾ: നാരായൺമേനോൻ (US), കല്യാണി ആർ. മേനോൻ (ബാംഗ്ലൂർ). മരുമക്കൾ: മിന്നി മേനോൻ (US), രവി മേനോൻ (ബാംഗ്ലൂർ).

## കടത്തനാട് വലിയ രാജ



കടത്തനാട് പോർളാതിരി രാജ വംശത്തിലെ വലിയരാജ **രാജൻ തമ്പുരാൻ (ഇ.കെ. കൃഷ്ണ വർമ്മ രാജ – 85)** അന്തരിച്ചു.

കടത്തനാട് രാജസ്വരൂപത്തിന്റെ പതിമൂന്ന് ക്ഷേത്രങ്ങളുടെ പാരമ്പര്യ ട്രസ്റ്റിയാണ്. അച്ഛൻ: ചേലക്കര കീഴേടത്ത് മനയിൽ ശങ്കരനാരായണൻ നമ്പൂതിരി. അമ്മ: മദ്രാസ് അസംബ്ലി എം.എൽ.എ. ആയിരുന്ന ഇ.കെ. ശങ്കരവർമ്മ രാജയുടെ മരുമകൾ ഇ.കെ. പാർവ്വതി തമ്പുരാട്ടി. ഭാര്യ: പരേതയായ മുതുവടത്ത് ജാനകി കെട്ടിലമ്മ. സഹോദരങ്ങൾ: കടത്തനാട് ഇളയ രാജാവ് ഇ.കെ. ശങ്കരവർമ്മ രാജ, പരേതയായ ഇ.കെ. തങ്കമണി തമ്പുരാട്ടി. മക്കൾ: രജനി. എം, രമേഷ്. എം. മരുമകൻ: ശിവശങ്കരൻ എൻ.വി.

## കിളിമാനൂർ വലിയ തമ്പുരാട്ടി



കിളിമാനൂർ കൊട്ടാരം വലിയ തമ്പുരാട്ടി **ചതയം നാൾ സുശീല ബായി തമ്പുരാട്ടി (95)** അന്തരിച്ചു. തിരുവല്ല നെടുമ്പ്രത്ത് കൊട്ടാരത്തിൽ പരേതനായ കേരളവർമ്മ രാജയുടെ പത്നിയാണ്. മക്കൾ: സുധാകര വർമ്മ, ജയചന്ദ്ര വർമ്മ, പരേതനായ സുധീരവർമ്മ, ജയശ്രീ വർമ്മ, സുരേഷ് വർമ്മ, ഉണ്ണികൃഷ്ണ വർമ്മ, സുജാത വർമ്മ. മരുമക്കൾ. രാധിക വർമ്മ, രമാ വർമ്മ, മൃദുല വർമ്മ, വിജയ വർമ്മ, രോഹിണി വർമ്മ, ഗിരിജ വർമ്മ, പരേതനായ സുഖേഷ് വർമ്മ.

### എം.എം. നാരായണൻ മാസ്റ്റർ



കരിവെള്ളൂർ തെക്കെ മണക്കാട് എം.എം. ഹൗസിലെ എം.എം. നാരായണൻ മാസ്റ്റർ (എം.എം.എൻ. കരിവെള്ളൂർ – 90) നിര്യാതനായി. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ദീർഘകാലം അധ്യാപകനായും പ്രധാനാധ്യാപകനായും സേവനമനുഷ്ഠിച്ചു. തെക്കെ മണക്കാട് സ. എ.വി. സ്മാരക വായനശാല പ്രസിഡന്റ്, പുരോഗമന കലാ സാഹിത്യസംഘം സെക്രട്ടറി, സിപിഎം തെക്കെ മണക്കാട് ബ്രാഞ്ച് സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചു. കഥ, കവിത, നോവൽ, ആത്മകഥ എന്നീ സാഹിത്യ ശാഖകളിലായി എട്ടോളം സാഹിത്യ സൃഷ്ടികൾ രചിച്ചിട്ടുണ്ട്.

ഭാര്യ: നൂഞ്ഞിയിൽ മഠത്തിൽ ഗൗരി പിള്ളയാർതിരിയമ്മ. മക്കൾ: എൻ.എം. ദേവതോഷ്, എൻ.എം. പവിത്രചന്ദ്രൻ, എൻ.എം. ശ്രീരേഖ, എൻ.എം. ഹേമലത, എൻ.എം. വിജയകുമാർ. മരുമക്കൾ: സി. ഉഷാ നന്ദിനി, കെ.ഇ. ബിന്ദു, കെ. അക്ഷയൻ, എസ്.കെ. നളിനാഷൻ, ഡോ. കെ.ബി. സ്മിത.

### വിജയൻ



പൂക്കോട്ട് മഠത്തിൽ തങ്കം രാമവർമ്മയുടെയും ചൊവ്വര മഠത്തിൽ രാമവർമ്മയുടെയും മകൻ വിജയൻ (73) അന്തരിച്ചു. ഭാര്യ: ശ്രീദേവി വിജയൻ (ഗ്രാമത്തിൽ കൊട്ടാരം). മകൾ: സ്മിതവർമ്മ. മരുമകൻ: വിവേക് വർമ്മ.

### ജതിൻ വിജയ് വർമ്മ




കുറ്റിലഞ്ഞി ക്ഷത്രിയ ക്ഷേമസഭയുടെ ട്രഷറർ വിജയ് വർമ്മയുടെ മകൻ ജതിൻ വിജയ് വർമ്മ (36) സിംഗപ്പൂരിൽ അന്തരിച്ചു. അമ്മ: കുമാരി (കോഴിക്കോട് മാങ്കാവ് കുടുംബാംഗം). ഭാര്യ: അനു. മകൻ: അദ്വിക്.

### ലളിതാംബിക തമ്പുരാട്ടി



വൈക്കം വടക്കുംകൂർ കുടുംബാംഗം ലളിതാംബിക തമ്പുരാട്ടി (88) അന്തരിച്ചു. ഭർത്താവ്: സാമൂതിരി കുടുംബാംഗം തിരുവണ്ണൂർ കോവിലകത്ത് പരേതനായ പി.കെ.സി. രാജ. മക്കൾ: കെ.സി. സതീദേവി, കെ.സി. രതീദേവി (കോഴിക്കോട് സെൻട്രൽ ദേവസ്വം). മരുമകൻ: കൃഷ്ണദാസ്. പി (ബിസിനസ്, കോഴിക്കോട്)

### ജി. ഹരീന്ദ്രനാഥ വർമ്മ




എണ്ണയ്ക്കാട് ഗ്രാമത്തിൽ കൊട്ടാരത്തിലെ ജി. ഹരീന്ദ്രനാഥ വർമ്മ (68) അന്തരിച്ചു. റിട്ട. സ്കൂൾ അദ്ധ്യാപകനാണ്. ഭാര്യ: എഴുമറ്റൂർ ചാലാപ്പള്ളിയിൽ കടമ്മാട് കോയിക്കൽ അനിത വർമ്മ. മകൾ: ഹിത വർമ്മ. മരുമകൻ: മനു.

### ആർ. കേരളവർമ്മരാജ



പന്തളം പുത്തൻ കോയിക്കൽ ആർ. കേരളവർമ്മ രാജ (86) അന്തരിച്ചു. ഭാര്യ: തിരുത്തൂർ നടുവിൽ മഠത്തിൽ രാജേശ്വരി വർമ്മ. മകൻ: ദിനേശ് വർമ്മ (കേരള മെഡിക്കൽ സർവീസസ്സ് കോർപ്പറേഷൻ, തിരുവനന്തപുരം). മരുമകൾ: സരിത വർമ്മ.

### മുള്ളത്ത് ഭാസ്കരൻ വെള്ളോടി



മുള്ളത്ത് ഭാസ്കരൻ വെള്ളോടി (101) നിര്യാതനായി. ഭാര്യ: പരേതയായ കാളിതൊടി സാവിത്രി കോൽപ്പാട്. മകൾ: ദേവി. മരുമകൻ: കൃഷ്ണദാസ് മുള്ളത്ത്.

### സുപ്രഭാഭായി വർമ്മ

കിളിമാനൂർ കോവിലകം കുടുംബാംഗം സുപ്രഭാഭായി വർമ്മ (69) ബംഗളൂരുവിൽ



അന്തരിച്ചു. ബംഗളൂരു രാമമൂർത്തി നഗർ സെയ്ന്റ് ആൻസ് കോളേജ് ഇംഗ്ലീഷ് വിഭാഗം മുൻ മേധാവിയാണ്. പരേതരായ കിളിമാനൂർ കോവിലകത്തെ ചന്ദ്രപ്രഭാ തമ്പുരാട്ടിയുടെയും ആറന്മുള കൊട്ടാരത്തിലെ വർമ്മരാജ (ആർമി മുൻ മേജർ) യുടെയും മകളാണ്. ഭർത്താവ്: കങ്ങഴ പന്തനാലിൽ മാത്യു പി. തോമസ്. മക്കൾ: ദിവ്യ, മേഘ. മരുമക്കൾ: സുബിൻ, ജിജു ബാലൻ.

## രത്നകുമാരി തമ്പുരാൻ



കൊച്ചി രാജകുടുംബാംഗം പാലസ് നം: 4-ൽ രത്നകുമാരി തമ്പുരാൻ (83) അന്തരിച്ചു. തിരുവല്ല പാലിയേക്കര കൊട്ടാരത്തിൽ പരേതനായ ടി.ആർ. രാജരാജ വർമ്മയുടെ പത്നിയാണ്. മക്കൾ: സവിത, സരിത, സൗമിനി. മരുമക്കൾ: രഘുനാഥ്, സതീഷ്, സുബ്രഹ്മണ്യൻ.

## കുട്ടിയനുജത്തി തമ്പുരാട്ടി



സാമൂതിരി സ്വരൂപം മാങ്കാവ് പടിഞ്ഞാറെ കോവിലകത്ത് കുട്ടിയനുജത്തി തമ്പുരാട്ടി (മഹാദേവി തമ്പുരാട്ടി – 86) അന്തരിച്ചു. മക്കൾ: പി.സി. നന്ദകുമാർ രാജ, പി.സി. രാധിക രാജ, പി.സി. കൃഷ്ണകുമാർ രാജ. മരുമക്കൾ: കിരൺ, ദേവൻ വർമ്മ, മാലിനി.

## ടി.എം. സത്യഭാമ



കരിവെള്ളൂർ കാമാക്ഷി ക്ഷേത്രത്തിന് സമീപം തെക്കെ മഠത്തിൽ പരേതനായ എൻ.കെ. നാരു ഉണിത്തിരി മാസ്റ്ററുടെ സഹധർമ്മിണി ടി.എം. സത്യഭാമ (79) നിര്യാതയായി. മക്കൾ: രാജേന്ദ്രൻ (നൈജീരിയ), സുരേന്ദ്രനാഥ് (പയ്യന്നൂർ), സദാനന്ദൻ (അബുദാബി). മരുമക്കൾ: ബീന രാജേന്ദ്രൻ (നൈജീരിയ), രമ്യ യു. പണ്ടാല (പരിയാരം മെഡിക്കൽ കോളേജ്), സന്ധ്യാ ബേബി (സബ് രജിസ്ട്രാർ ഓഫീസ്, പഴയങ്ങാടി).

## സി.ആർ. സുരേന്ദ്രവർമ്മ രാജ




മാവേലിക്കര ചെറുകോൽ കൊട്ടാരാംഗം മാങ്കാവ് അതുല്യ രാജാ അപ്പാർട്ട്മെന്റ്സിൽ സി.ആർ. സുരേന്ദ്രവർമ്മ രാജ (68) അന്തരിച്ചു. കരസേനയിൽ റിട്ട. സുബേദാർ മേജറാണ്. ഭാര്യ: മാങ്കാവ് സാമൂതിരി പടിഞ്ഞാറേ കോവിലകത്ത് പി.സി. ജയകുമാരി തമ്പുരാട്ടി. മകൾ: പൃഥ എസ്. രാജ (കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ് ഇംഗ്ലീഷ് വിഭാഗം അസി. പ്രൊഫസർ). മരുമകൻ: വരുൺ സതീഷ് (ന്യൂസിലന്റ്).

## ദിലീപ്കുമാർ വർമ്മ



തിരുവല്ല പാലിയക്കര കിഴക്കേ കൊട്ടാരത്തിൽ ദിലീപ്കുമാർ വർമ്മ (77) അന്തരിച്ചു. ഇൻഗെർസോൾ റാൻഡ്, കിർലോസ്കർ കമ്പനികളിൽ ഉദ്യോഗസ്ഥനായിരുന്നിട്ടുണ്ട്. ഭാര്യ: എണ്ണയ്ക്കാട് കൊട്ടാരം 'ശ്രീമന്ദിര'ത്തിൽ സതി വർമ്മ. മക്കൾ: കാർത്തിക് വർമ്മ, ഐശ്വര്യ വർമ്മ. മരുമക്കൾ: വീണാ വർമ്മ, പ്രബിൻ വർമ്മ.

## സി.യു.ആർ. വർമ്മ



ആറന്മുള മല്ലപ്പുഴശ്ശേരി മങ്ങാട്ട് കൊട്ടാരത്തിൽ സി.യു.ആർ. വർമ്മ (ശ്രീകുമാർ – 81) അന്തരിച്ചു. ദുബായിൽ ഷിപ്പിംഗ് കമ്പനിയിൽ ഉദ്യോഗസ്ഥമായിരുന്നു. ഭാര്യ: സൗദാമിനി വർമ്മ (വൃന്ദാവനം, മാവേലിക്കര). മക്കൾ: ബിന്ദു രാജേന്ദ്രൻ, സീമ വർമ്മ (ഓസ്ട്രേലിയ). മരുമക്കൾ. രാജേന്ദ്രൻ, സത്യജിത്ത് ശിവ (ഓസ്ട്രേലിയ). ●

# വൈവാഹികം

## വരനെ ആവശ്യമുണ്ട്

### BOX No. 2531

| | | | |
|---|---|---|---|
| ച | ഗു മ | - | - |
| - | ഗ്രഹനില | | സ |
| ല കു ശി മാ | | | - |
| - | ര ബു | ശു | - |

| | | | |
|---|---|---|---|
| ര ശു | ഗു ശി | - | - |
| - | നവാംശം | | കു ച |
| - | | | ല മാ |
| - | ബു | സ | മ |

ജന്മശിഷ്ടം: 1 വർഷം 9 മാസം 28 ദിവസം വ്യാഴൻ

Kshatriya girl, 25 yrs (16-12-1999), Poorooruttathi star, 163 cms, ME. (Design Engineering) from BITS Pilani. Working in Bengaluru. Alliance invited from Kshatriya boys preferably working in Bengaluru (Age 30 yrs or below preferably).

Contact : **9567137067, 9747767067**

### BOX No. 2532

| | | | |
|---|---|---|---|
| മ ശി | - | കു ബു ശു | ര |
| - | ഗ്രഹനില | | ല |
| - | | | മാ |
| ഗു | - | ച | സ |

| | | | |
|---|---|---|---|
| ച | - | കു | ശു സ |
| - | നവാംശം | | മാ |
| ര | | | ബു |
| ശി | - | മ | ല ഗു |

Kshathriya girl 29 yrs (27.06.1996) Chothi star, 157 cm, B.Tech working in an IT Company, Bangalore. Seeks alliance from equally qualified boys from Kshathriya community.

ജന്മശിഷ്ടം: 4 വർഷം 5 മാസം 15 ദിവസം രാഹു ദശ

Contact : **6282166762**

### BOX No. 2533

| | | | |
|---|---|---|---|
| - | മ | - | - |
| ഗു ശി | ഗ്രഹനില | | ച |
| ശു | | | സ |
| ല ര ബു | - | - | കു മാ |

| | | | |
|---|---|---|---|
| - | ബു മ സ മാ | - | ല ഗു |
| ശു | നവാംശം | | ച |
| - | | | കു |
| - | - | ശി | ര |

Kshatriya Girl, 26 yrs (1999), Punartham Star, 154 cms, Canadian citizen. Currently working as a Data Analyst at Corporations Canada. Looking for alliance from professionally qualified boys preferably from Kshatriya or allied caste, between 28 -31years either already living in Canada or open to relocating there.

ശിഷ്ടദശ: 3 വർഷം 1 മാസം 28 ദിവസം വ്യാഴൻ

Contact No: **8148329550**

### BOX No. 2534

| | | | |
|---|---|---|---|
| മ ശി | മാ | - | - |
| ല | ഗ്രഹനില | | - |
| ഗു | | | ച |
| ര ബു | ശു | - | കു സ |

| | | | |
|---|---|---|---|
| സ ല | - | - | മാ |
| കു ശു | നവാംശം | | - |
| ഗു | | | ര |
| - | ച | ഗു | മ ശി |

Kshatriya girl, 28 years (31-12-1996), Pooram Star, M.Tech from N.I.T. Calicut, working as Lecturer in a Govt. College, seeks alliance from Engineers (M.Tech/ B.Tech) aged up to 31 years, working in MNCs, Govt. organizations, or abroad.

ജന്മശിഷ്ടദശ: 7 മാസം 17 ദിവസം ശുക്രൻ

Contact : **7034536329**

# വധുവിനെ ആവശ്യമുണ്ട്

## BOX No. 2535

| | | | |
|---|---|---|---|
| കു | ച | ബു ശു | ല ര ഗു |
| | ഗ്രഹനില | | ശി |
| മ സ | | | മാ |
| | | | |

| | | | |
|---|---|---|---|
| | ഗു | സ | |
| | നവാംശം | | ബു |
| കു ഭൃ മ | | | |
| ല മാ | ര ച<br>ശി | | |

ശിഷ്ടദശ: 0 വർഷം, 10 മാസം, 11 ദിവസം ശുക്രദശ

Kshatriya boy, 35 yrs (20 Jun 1990) hailing from Cochin Royal Family, Bharani star, 165 cm., B. Tech. (Electronics & Communication Engg). Freelance Software Engineer, Entrepreneur, running an NGO, Co-founder of Dakshin Vrindavan Gaushala (dakshin-vrindavan.org). Seeks suitable alliance from parents of Kshatriya community.

Contact: **9447072138, 9995052138**

## BOX No. 2536

| | | | |
|---|---|---|---|
| മ ശി<br>മാ | ബു<br>കു | ര | ശു |
| - | ഗ്രഹനില | | - |
| - | | | - |
| ഗു<br>ല | - | ച | സ |

| | | | |
|---|---|---|---|
| മാ | - | ര<br>ല | - |
| ച | നവാംശം | | സ |
| ശി | | | - |
| കു | ബു | ശു ഗു<br>മ | - |

ശിഷ്ടദശ: 6 വർഷം 2 മാസം 1 ദിവസം രാഹു

Samantha Kshatriya boy, 29 yrs (30 May 1996) hailing from Samoothiri Family, Chothi star, 172 cm, Working as Senior Automation Engineer in Difacto Robotics and Automation,Pune.

Seeks suitable alliance from parents of Kshatriya community (Vegetarian)

Contact: **9995892762, 9142507495**

## BOX No. 2537

| | | | |
|---|---|---|---|
| മ<br>ശി | ര<br>ബു | ല പ<br>ഭൃ | മാ |
| - | ഗ്രഹനില | | - |
| ഗു | | | കു |
| - | - | - | സ |

| | | | |
|---|---|---|---|
| - | - | ബു | - |
| ഭൃ | നവാംശം | | ശി |
| സ<br>മ | | | ച<br>ഗു |
| - | ര<br>കു | മാ | ല |

ശിഷ്ടദശ: 6 വർഷം 11 മാസം 28 ദിവസം കുജൻ

Kshatriya boy settled at Mumbai, 28 yrs (09 May 1997) 5’6”, Makayiram star, BSc Hospitality, Graduate currently working as Associate in SBI (State Bank of India) at Andheri Mumbai. Proposals are invited from qualified Kshatriya girls.

Contact: **9987299602, 9987299601**

## BOX No. 2538

| | | | |
|---|---|---|---|
| മ | ശി | ര ബു<br>ഭൃ | - |
| - | ഗ്രഹനില | | - |
| മാ | | | കു |
| - | ല ച<br>ഗു | സ | - |

| | | | |
|---|---|---|---|
| ല<br>ഭൃ | - | - | ബു<br>ശി |
| - | നവാംശം | | മ<br>മാ |
| - | | | ര ച<br>കു |
| സ | ഗു | - | - |

Kshatriya boy aged 30 yrs (11-6-1995; 28 Edavam 1170), Star Anizham, height 185 cms (6’ 1”), Graduate in Political Science, Diploma in Logistics and Commercial Shipping Management. Working with Globlink West Star Shipping LLC, Dubai.

ശിഷ്ടദശ: 18 വർഷം, 10 മാസം, 17 ദിവസം 15 നാഴിക ശനി ദശ

Contact: **9447374166**

BOX No. 2539

| | | | |
|---|---|---|---|
| കു ല | ബു ശു | ര | കേ |
| മാ | ഗ്രഹനില | | |
| ശ | | | ഗു |
| സ | | ച | |

| | | | |
|---|---|---|---|
| | ച | | സ |
| | നവാംശം | | ഗു |
| ല ര | | | ശ ബു |
| കേ | കു ശു | | |

ശിഷ്ടദശ: 13 വർഷം, 1 മാസം, 26 ദിവസം ഗുരുദശ

Kshatriya boy 32 years, hailing from Cochin Royal Family, Visakhom star, 165 cm., Chartered Accountant by profession. Working in Ernakulam. Seeks suitable alliance from parents of girls from Kshatriya/Nambudiri community. The parent preferably be eligible to wear the sacred thread - പൂണൂൽ).

**Contact: 9446127721**

# ജി.വി. രാജയ്ക്ക് ജന്മനാട്ടിൽ സ്മാരകം

### കോട്ടയം യൂണിറ്റിന്റെ ശ്രേഷ്ഠ ദൗത്യം

**ജി.**വി. രാജ. ക്ഷത്രിയ കുടുംബങ്ങളിൽ ആഴത്തിൽ സ്പർശിച്ച നാമധേയം. കേരള സ്പോർട്സ് കൗൺസിലിന്റെ സ്ഥാപക പ്രസിഡന്റ് ലഫ്. കേണൽ. പി.ആർ. ഗോദവർമ്മ രാജ (ഒക്ടോബർ 13, 1908 – ഏപ്രിൽ 30, 1971). കേരളത്തിന്റെ കായികചരിത്രത്തിലെ സുപ്രധാന വ്യക്തിത്വമായ അദ്ദേഹം കേരളത്തിലെ വിനോദസഞ്ചാരത്തിന്റെ പിതാവായും കണക്കാക്കപ്പെടുന്നു. ഇദ്ദേഹത്തിന്റെ ജന്മദിനമായ ഒക്ടോബർ 13, കേരള സർക്കാർ 'സംസ്ഥാന കായിക ദിനം' ആയി ആചരിക്കുന്നു.



ഈ ശ്രേഷ്ഠ വ്യക്തിത്വത്തിനു ജന്മനാടായ പൂഞ്ഞാറിൽ ഉചിതമായ സ്മാരകം നിർമ്മിക്കാൻ ക്ഷത്രിയ ക്ഷേമസഭ കോട്ടയം യൂണിറ്റ് നേതൃത്വം നൽകുന്നു. പ്രാഥമിക യോഗങ്ങൾ നടന്നു. കടലാസ് ജോലികൾ പുരോഗമിക്കുകയാണ്. പൂഞ്ഞാറിൽ ഒരു പ്രതിമയും പാർക്കും നിലവിലുള്ള കായിക അക്കാദമിയുടെ എല്ലാ വിധത്തിലുമുള്ള നവീകരണവുമാണ് ലക്ഷ്യമിടുന്നത്. ബഹു. എംഎൽഎ സെബാസ്റ്റ്യൻ കുളത്തുങ്കലിന്റെ പൂർണ്ണ സഹകരണത്തോടെയും സഹായത്തോടെയുമാണ് പദ്ധതി പൂർത്തിയാക്കുന്നത്. മറ്റ് ജന പ്രതിനിധികളുടെയും ക്ഷത്രിയ കുടുംബങ്ങളുടെയും ജി.വി. രാജയെ സ്നേഹിക്കുന്നവരുടെയും ഉപദേശങ്ങളും സഹായവും ലക്ഷ്യം പൂർത്തിയാക്കാൻ അനിവാര്യമാണെന്നു പ്രസിഡന്റ് ആത്മജവർമ്മ തമ്പുരാൻ ചൂണ്ടിക്കാട്ടി. ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന സമ്മേളനത്തിൽ ഇതു സംബന്ധിച്ച് പൂഞ്ഞാറിൽ നിന്നു പ്രമേയം അവതരിപ്പിച്ചിരുന്നു.

പൂഞ്ഞാർ അവിട്ടം തിരുനാൾ മെമ്മോറിയൽ ലൈബ്രറി ഭാരവാഹികൾ സഹകരിക്കുന്നതിനു സന്നദ്ധത അറിയിച്ചിട്ടുണ്ട്. ലൈബ്രറി ജനറൽ സെക്രട്ടറിയും സഭാംഗവുമായ അശോകവർമ്മ രാജായുടെ സാന്നിദ്ധ്യത്തിൽ യോഗവും ചേർന്നിരുന്നു. സഭയുടെ സംസ്ഥാന സമ്മേളനത്തിൽ അദ്ദേഹമാണ് പ്രമേയം അവതരിപ്പിച്ചത്.

യൂണിറ്റ് രക്ഷാധികാരി യു. അജിത്ത് വർമ്മ, സെക്രട്ടറി രാംജി വർമ്മ, ദീപേഷ് വർമ്മ, മഹേഷ് വർമ്മ, വനിതാ വിഭാഗം ഭാരവാഹികളായ അംബിക വർമ്മ, മല്ലിക റാണി, സരിത വർമ്മ തുടങ്ങിയവരും ആലോചനാ യോഗങ്ങളിൽ പങ്കെടുത്തു.

# ബാഷ്പാഞ്ജലി

കിളിമാനൂർ കൊട്ടാരത്തിലെ വലിയ
തമ്പുരാട്ടിയും തിരുവല്ല നെടുമ്പ്രത്ത്
കൊട്ടാരത്തിൽ ദിവംഗതനായ
കേരളവർമ്മ രാജായുടെ സഹധർമ്മിണിയുമായ

## സുശീലാഭായി തമ്പുരാട്ടി (95)

**(ജനനം: 1929. മരണം: 2 ജൂൺ 2025)**


ആത്മാവിന് നിത്യശാന്തി
നേർന്നുകൊണ്ട്
മക്കളും മരുമക്കളും
കൊച്ചുമക്കളും
നാലാം തലമുറയും
പ്രാർത്ഥിക്കുന്നു

| മക്കൾ | മരുമക്കൾ |
|---|---|
| സുധാകര വർമ്മ | രാധികാ വർമ്മ |
| ജയചന്ദ്ര വർമ്മ | രമ ജെ. വർമ്മ |
| സുധീര വർമ്മ (Late) | മൃദുല വർമ്മ |
| ജയശ്രീ വർമ്മ | വിജയ വർമ്മ |
| സുരേഷ് വർമ്മ | രോഹിണി വർമ്മ |
| ഉണ്ണികൃഷ്ണ വർമ്മ | ഗിരിജാ വർമ്മ |
| സുജാത വർമ്മ | സുഖേഷ് വർമ്മ (Late) |



KSHATRASPANDANAM
Quarterly News Magazine of Kshatriya Kshema Sabha
RNI Reg. No. KERMAL/2014/60925

July 2025
Annual Subscription ₹ 200




Printed & Published by V.K. Madhukumar Varma, General Secretary, on behalf of Kshatriya Kshema Sabha, Sundaravilasam Palace, Thiruvananthapuram - 695023. Mob: 9847017105, Editor : Dr. M. Lalithambika
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Phone 0471 - 2471174
Website : www.kshathrajalakam.org